# ഇസ്രായേൽ ചരിത്രവും
## ബൈബിളിലെ ചരിത്രവിവരണങ്ങളും

ഡോ. ആന്റണി തറേക്കടവിൽ

# ഇസ്രായേൽ ചരിത്രവും ബൈബിളിലെ ചരിത്രവിവരണങ്ങളും

**Title:** History and Historiography in the Old Testament
**Published by:** The Director, Alpha Institute, Archdiocese of Tellicherry
Sandesa Bhavan, Tellicherry, 670101, Kannur, Kerala
Ph: 0490 - 2344727, 2343707, + 91 8086312826
**Published on:** 25th January 2019

**Author :** Rev. Dr. Antony Tharekkadavil

**Editorial Board:** Mar Joseph Pamplany
Rev. Fr. Joseph Kakkaramattathil
Rev. Dr. Philip Kaviyil
Rev. Dr. Bincy Mathew SH

**Office Assistance:** Bro. Praveen George
Mrs. Jeshitha Vijesh
**Design & Layout:** Mr. Midhun Thomas
**Printing:** Vimala Offset Press, Thalassery
**Copy Right:** © All rights reserved. No part of this publication may be reproduced, stored in or introduced into a retrieval system, or transmitted, in any form, or by any means, electronic, mechanical, photocopying, recording or otherwise without the prior written permission of the publisher

# ഉള്ളടക്കം

**ഭാഗം I**

നിയമാവർത്തനവും നിയമാവർത്തനചരിത്രവും

1. നിയമാവർത്തനചരിത്രം
2. ജോഷ്വാ
3. ന്യായാധിപന്മാർ
4. 1 സാമുവൽ
5. 2 സാമുവൽ
6. 1- 2 രാജാക്കന്മാർ
7. വിഭക്തരാജ്യത്തിന്റെ ചരിത്രം
8. വിഭക്തരാജ്യത്തിന്റെ ചരിത്രത്തിലെ പ്രധാന ദൈവശാസ്ത്ര ദർശനങ്ങൾ

**ഭാഗം II**

വിപ്രവാസവും ദിനവൃത്താന്തചരിത്രവും

1. ദിനവൃത്താന്തചരിത്രം
2. ദിനവൃത്താന്തചരിത്രത്തിന്റെ ദൈവശാസ്ത്രം
3. എസ്രാ
4. നെഹമിയ
5. യവനകാലഘട്ടത്തിലെ പ്രധാന പ്രബോധനരീതി
6. തോബിത്
7. യൂദിത്ത്
8. എസ്തേർ
9. റൂത്ത്
10. യഹൂദരുടെ സ്വാതന്ത്രസമരചരിത്രം

# ആമുഖം: പഞ്ചഗ്രന്ഥവിവരണം

പഞ്ചഗ്രന്ഥം ഒരു ചരിത്രപുസ്തകം എന്നതിനെക്കാൾ ഒരു ദൈവശാസ്ത്ര ഗ്രന്ഥമാണ്. ഇസ്രായേൽ ദൈവജനമായി നിലനില്ക്കുന്നതിനുവേണ്ടി അവർ പാലിക്കേണ്ട ദൈവിക നിയമങ്ങളെക്കുറിച്ചും ദൈവത്തിന്റെ വക്താക്കളായ പ്രവാചകന്മാരെക്കുറിച്ചും ദൈവത്തിനർപ്പിക്കേണ്ട ആരാധനാവിധികളെക്കുറിച്ചുമെല്ലാം ഉന്നതമായതും ചരിത്രത്തിലെ ദൈവാനുഭവത്തിലധിഷ്ഠിതവുമായ ദൈവശാസ്ത്രദർശനങ്ങൾ നല്കുന്ന ഗ്രന്ഥമാണത്. പഞ്ചഗ്രന്ഥത്തിലുടനീളം ഇസ്രായേലിന്റെ ചരിത്രത്തിലെ സംഭവങ്ങളും അനുഭവങ്ങളും വ്യക്തികളും മറ്റും പ്രതിഫലിക്കുന്നതിനാൽ ഇസ്രായേലിന്റെ ചരിത്രത്തെക്കുറിച്ചും പഞ്ചഗ്രന്ഥം എഴുതപ്പെടുന്നതിനുമുമ്പു വിരചിതമായ ബൈബിൾഗ്രന്ഥങ്ങളിലെ ചരിത്രത്തെക്കുറിച്ചുമുള്ള അറിവ് ആ ഗ്രന്ഥം മനസ്സിലാക്കുന്നതിനു വളരെ സഹായകമാണ്.

പഞ്ചഗ്രന്ഥവിവരണമനുസരിച്ചു ദൈവജനമായ ഇസ്രായേലിന്റെ ചരിത്രം ആരംഭിക്കുന്നത് അബ്രാഹത്തിന്റെ വിളിയോടെയാണ്. ഇന്നത്തെ ഇറാക്കിലുള്ള 'ഊർ' (ടെൽ എൽ മുഖയ്യാർ) എന്ന സ്ഥലത്തുനിന്ന് അബ്രാഹത്തിന്റെ പിതാവായ തേറാഹ് ഹാരാനിലേക്കു പുറപ്പെട്ടു (ഉൽ 11:27-32). തേറാഹിന്റെ മരണശേഷം ദൈവം അബ്രാഹത്തെ വിളിക്കുകയും മനുഷ്യകുലത്തെ മുഴുവൻ രക്ഷിക്കുവാനുള്ള തന്റെ പദ്ധതി അദ്ദേഹത്തെ അറിയിക്കുകയും ചെയ്തു (ഉൽപ 12:1-3). ദൈവകല്പനപ്രകാരം അബ്രാഹം അവിടെനിന്നു പുറപ്പെടുകയും കാനാൻകാരുടെ ദേശത്തു വന്നു വാസമുറപ്പിക്കുകയും ചെയ്തു. അവിടെയൊരു കഠിനക്ഷാമമുണ്ടായപ്പോൾ അബ്രാഹം ഈജിപ്തിലേക്കു പോകുകയും വീണ്ടും തിരിച്ചു കാനാനിലെത്തുകയും ചെയ്തു (ഉൽപ 12-25).

അബ്രാഹത്തിന് ഇസഹാക്കും ഇസഹാക്കിനു യാക്കോബ്, ഏസാവ് എന്നീ മക്കളും ജനിച്ചു. ദൈവിക പദ്ധതിയുടെ പിന്തുടർച്ചക്കാരനായി ഇളയവനായ യാക്കോബാണു തിരഞ്ഞെടുക്കപ്പെട്ടത് (ഉൽപ 27-36). യാക്കോബിനു പന്ത്രണ്ടു മക്കളുണ്ടായിരുന്നു. ഈ പന്ത്രണ്ടു മക്കളിൽനിന്നാണ് ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങൾ ജന്മമെടുത്തത്. അനേകം മക്കളുണ്ടായിരുന്നുവെങ്കിലും തന്റെ വാർദ്ധക്യത്തിൽ തന്റെ പ്രിയ പത്നിയായ റാഹേലിൽനിന്നു ജനിച്ച ജോസഫിനോടു യാക്കോബിനു കൂടുതൽ സ്നേഹമുണ്ടായിരുന്നു. ഇത് അവന്റെ സഹോദരന്മാരിൽ അസൂയ ജനിപ്പിച്ചു (ഉൽപ 37). അവർ ജോസഫിനെ അടിമയായി വിറ്റുകളയുകയും അവൻ മരിച്ചുപോയി എന്നു പിതാവിനെ

ധരിപ്പിക്കുകയും ചെയ്തു (ഉൽപ 37:31-32). അടിമയായി ഈജിപ്തി ലെത്തിയ ജോസഫ് ദൈവകൃപയുടെ ഫലമായി ആ രാജ്യത്തിന്റെ അധിപനായിത്തീർന്നു (ഉൽപ 41:37-45).

ഇക്കാലത്തു യാക്കോബിന്റെ ദേശത്തു വലിയൊരു ക്ഷാമമുണ്ടാ കുകയും യാക്കോബും കുടുംബവും ഈജിപ്തിൽ ജോസഫിന്റെ അടു ത്തേക്കു പോകുകയും ചെയ്തു. അവിടെ 430 വർഷക്കാലം അവർ ജീവിക്കുകയും ഒരു ജനതയായി വളരുകയും ചെയ്തു. ഇതാണ് ഉൽപത്തിഗ്രന്ഥത്തിലെ ചരിത്രം.

സമൂഹത്തിൽ ഉയർന്ന നിലവാരത്തിലെത്തിച്ചേർന്ന ഇസ്രാ യേൽക്കാരോട് ഈജിപ്തുകാർക്ക് അസൂയതോന്നി. തത്ഫലമായി രാഷ്ട്രീയ അധികാരമുപയോഗിച്ച് അവർ യാക്കോബിന്റെ മക്കളെ പീഡിപ്പിച്ചു തുടങ്ങി. അടിമകളായിത്തീർന്ന അവരുടെ നിലവിളി ദൈവം കേട്ടു (പുറ 2:23-25). ലേവി ഗോത്രക്കാരനായ മോശയെയും അവന്റെ സഹോദരൻ അഹറോനെയും വിളിച്ച് ഇസ്രായേലിനെ മോചി പ്പിക്കുവാനുള്ള ദൗത്യം ദൈവം അവരെ ഏൽപ്പിച്ചു. അവർ ജനത്തെ മോചിപ്പിക്കുകയും രണ്ടു മാസം മരുഭൂമിയിലൂടെ നയിച്ച് മൂന്നാം മാസം അവരെ സീനാമലയിലെത്തിക്കുകയും അവിടെവച്ചു ദൈവവുമായി ഉടമ്പടി ഉറപ്പിക്കുകയും ചെയ്തു. ഉടമ്പടിയുടെ ഭാഗമായി ജനം ദൈവം കൊടുത്ത പ്രമാണങ്ങൾ അനുസരിക്കാൻ ബാധ്യസ്ഥരായിത്തീർന്നു. ദൈവം തന്റെ ഉത്തരവാദിത്വം നിർവ്വഹിച്ചത് ജനത്തോടൊത്തു വസി ച്ചുകൊണ്ടാണ്. നിത്യനും സർവ്വശക്തനും വിശുദ്ധനുമായ ദൈവത്തിനു വസിക്കുവാൻ ഒരു വിശുദ്ധ കൂടാരം നിർമ്മിക്കാൻ ദൈവം മോശ യോട് ആവശ്യപ്പെട്ടു. ദൈവം നിർദേശിച്ച രീതിയിൽ മോശ അതു നിർമ്മിച്ചു. അപ്പോൾ സ്വർഗ്ഗസ്ഥനായ ദൈവം ഭൂമിയിലിറങ്ങി ജന ത്തോടൊത്തു വസിച്ചു തുടങ്ങി (പുറ 25-40). ഈ ചരിത്രമാണു പുറ പ്പാടു പുസ്തകം വിവരിക്കുന്നത്.

സീനായ്മലയിൽനിന്നു യാത്രചെയ്തു ജനം നാൽപതു വർഷ ങ്ങൾക്കുശേഷം കാനാൻ ദേശത്തിന്റെ അതിർത്തിയിൽ എത്തി ച്ചേർന്നു. കാനാൻ ദേശത്തു പ്രവേശിക്കുന്നതിനുമുമ്പു മോശ മരിച്ചു. ബൈബിൾ അവതരിപ്പിക്കുന്ന പരമ്പരാഗതചരിത്രം അനുസരിച്ചു ദൈവം സീനായ് മലയിൽവച്ചു മോശക്കു പത്തു പ്രമാണങ്ങൾ എഴു തിയ രണ്ടു ഫലകങ്ങൾ നൽകുകയുണ്ടായി. പിന്നീടു വിശുദ്ധകൂടാരം നിർമ്മിക്കപ്പെടുകയും (പുറ 25-40) ഇസ്രായേലിന്റെ നാൽപതു വർഷത്തെ മരുഭൂമിയാത്രയുടെ അവസരത്തിൽ ഈ കൂടാരത്തിൽവച്ചു ദൈവം മോശയോടു പലപ്പോഴും സംസാരിക്കുകയും ചെയ്തു. ഇസ്രാ യേൽ ദൈവജനമായിരിക്കുവാൻ അനുഷ്ഠിക്കേണ്ട നിയമങ്ങളായിരുന്നു





ദൈവം ഈ അവസരങ്ങളിൽ മോശയ്ക്കു നൽകിയ വചനങ്ങളുടെ ഉള്ളടക്കം. ഈ നിയമങ്ങളെല്ലാം മോശ അപ്പോഴപ്പോൾ ജനത്തിനു പറ ഞ്ഞുകൊടുത്തിരുന്നു. ദൈവികനിയമങ്ങൾ വിവരിച്ചുകൊണ്ടുള്ള മോശ യുടെ പ്രസംഗങ്ങൾ 40 വർഷത്തെ യാത്രയിലുടനീളം കാണാം (സംഖ്യ).

മരുഭൂമിയാത്രയുടെ അവസാനം വാഗ്ദത്തദേശത്തിന്റെ അതിർത്തിയിലെത്തിയപ്പോൾ അവിടെ പ്രവേശിക്കാൻ ദൈവം മോശയെ അനുവദിച്ചില്ല. മോശ ജനത്തോടു യാത്ര പറഞ്ഞു പിരിയ ണമെന്നും ജോർദാനക്കരെവച്ച് അവൻ മരിക്കുമെന്നും ദൈവം കൽപി ച്ചിരുന്നു. അതുകൊണ്ടു തന്റെ മരണത്തിനുമുമ്പായി താനതുവരെയും ദൈവത്തിൽനിന്നു കേട്ട നിയമങ്ങളെല്ലാം ഒരിക്കൽക്കൂടി ജനത്തോടു മൊവാബു സമതലത്തിൽവച്ചു പറഞ്ഞുകൊടുക്കുന്ന വിടവാങ്ങൽ പ്രസംഗമാണ് നിയമാവർത്തനം.

മോശയുടെ മരണശേഷം ജോഷ്വായുടെ നേതൃത്വത്തിൽ ഇസ്രാ യേൽ ജനം ജോർദ്ദാൻ കടന്നു കാനാൻ ദേശം കൈയടക്കുകയും (ജോഷ്വാ 2:14) ജോഷ്വാ ദേശം ഇസ്രായേൽ ഗോത്രങ്ങൾക്കായി ഭാഗി ച്ചുകൊടുക്കുകയും ചെയ്തു (ജോഷ്വാ 13-22). ചതുർഗ്രന്ഥ ചരിത്രം (Tetrateuch) നിയമാവർത്തന ചരിത്രം, ദിനവൃത്താന്തചരിത്രം

പ്രവാചകഗ്രന്ഥങ്ങളെയും ജ്ഞാനഗ്രന്ഥങ്ങളെയും മാറ്റി നിർത്തി യാൽ, പ്രപഞ്ചസൃഷ്ടിയും അബ്രാഹത്തിന്റെ വിളിയും മുതൽ പുതിയ നിയമ കാലഘട്ടത്തിനു തൊട്ടുമുമ്പുള്ള മക്കബായ വിപ്ലവംവരെ ഇസ്രാ യേൽ ചരിത്രത്തിൽ സംഭവിച്ച കാര്യങ്ങളാണു പഴയനിയമം വിവരി ക്കുന്നതെന്നു പറയാം. ഈ ചരിത്രവിവരണത്തെ ശാസ്ത്രീയമായും ദൈവശാസ്ത്രപരമായും ചരിത്രപരമായും നാലു ഭാഗങ്ങളായി തിരി ക്കാൻ കഴിയും: 1) പ്രപഞ്ചസൃഷ്ടിമുതൽ പിതാക്കന്മാരുടെ ചരിത്രവും കാനാൻ ദേശത്തിന്റെ അതിർത്തിവരെയുള്ള ഇസ്രായേലിന്റെ വിമോ ചന യാത്രയും വിവരിക്കുന്ന ചതുർഗ്രന്ഥ ചരിത്രം (Tetrateuch). അതാ യത് ഉൽപ-സംഖ്യ വിവരണങ്ങൾ. 2) മോശയുടെ മരണശേഷം ജോഷ്വ യുടെ നേതൃത്വത്തിൽ ജനം കാനാൻദേശം കൈവശമാക്കി അവിടെ ജീവിതമാരംഭിച്ചതു (ബി.സി. 1250) മുതൽ ബി.സി. 587-ൽ ജനം ആ ദേശത്തുനിന്നു പുറത്താക്കപ്പെടുന്നതുവരെയുള്ള ചരിത്രം വിവരിക്കുന്ന നിയമാവർത്തന ചരിത്രം (ജോഷ്വാ - 2രാജാ). ഈ ചരിത്രത്തിനു ദൈവശാസ്ത്രപരമായ ദർശനം നല്കിക്കൊണ്ട് അതിനു നല്കപ്പെട്ട അവതാരികയാണ് നിയമാവർത്തന ഗ്രന്ഥം. പഞ്ചഗ്രന്ഥത്തിലെ പ്രധാന കഥാപാത്രമായ മോശയുടെ അന്ത്യപ്രഭാഷണമായ നിയമാവർത്തനം ഈ രണ്ടു ഭാഗങ്ങളെയും (ചതുർഗ്രന്ഥം - നിയമാവർത്തന ചരിത്രം) ഒരുമിച്ചു ചേർക്കുന്നു.

3) പഞ്ചഗ്രന്ഥത്തിലും നിയമാവർത്തന ചരിത്രത്തിലും ഇതുവരെ പറഞ്ഞ കാര്യങ്ങൾ മാറിയ കാലഘട്ടത്തിനനുസരിച്ചു പുനരാഖ്യാനം ചെയ്തു ചരിത്രം വിവരിക്കുന്ന ദിനവൃത്താന്ത ഗ്രന്ഥകാരൻ. ചരിത്രത്തെ ഇപ്രകാരം പുനരാഖ്യാനം ചെയ്തതിനുശേഷം അദ്ദേഹം വിപ്രവാസത്തിനുശേഷമുള്ള യൂദായുടെ ചരിത്രം എസ്രാ-നെഹമിയ എന്നീ ഗ്രന്ഥങ്ങളിൽ വിവരിക്കുന്നുണ്ട്. നിയമാവർത്തന ദൈവശാസ്ത്രത്തിൽനിന്നു വ്യത്യസ്തമായതും എന്നാൽ ഒരേ ദൈവശാസ്ത്ര ദർശനം ഉൾക്കൊള്ളുന്നതുമായ ദിനവൃത്താന്തം, എസ്രാ, നെഹമിയ എന്നീ ഗ്രന്ഥങ്ങളെയാണ് ദിനവൃത്താന്ത ചരിത്രം എന്നുവിളിക്കുന്നത് (1ദിന-നെഹ). 4) പേർഷ്യൻ - ഗ്രീക്ക് കാലഘട്ടത്തിലെ ചരിത്രം. വിപ്രവാസശേഷം യഹൂദമതം ജന്മമെടുത്തു കഴിഞ്ഞപ്പോൾ ആദ്യം പേർഷ്യൻ കാലഘട്ടത്തിലും പിന്നീടു ഗ്രീക്കു കാലഘട്ടത്തിലും വിശ്വാസജീവിതം വെല്ലുവിളികളെ നേരിടേണ്ടി വന്നപ്പോൾ അതിനെ അവർ എങ്ങനെ നേരിട്ടുവെന്നാണു കഥാരീതിയിലുള്ള ചില ഗ്രന്ഥങ്ങളും മക്കബായ ഗ്രന്ഥങ്ങളും വിവരിക്കുന്നത്.



# ഭാഗം - I

# നിയമാവർത്തനവും നിയമാവർത്തനചരിത്രവും

# 01

## നിയമാവർത്തന ചരിത്രം

**നി**യമാവർത്തനഗ്രന്ഥത്തിന്റെ ഏറ്റവും പ്രധാനപ്പെട്ടതും പുരാതനവുമായ അദ്ധ്യായങ്ങളാണു നിയ 12-26. ഈ ഭാഗം നിയമാവർത്തന ഗ്രന്ഥത്തിനെന്നു മാത്രമല്ല പഞ്ചഗ്രന്ഥത്തിനു മുഴുവനുമെന്നതുപോലെ നിയമ-പ്രവാചകഗ്രന്ഥങ്ങൾക്കും (ഉൽപ- 2രാജാ) ദൈവശാസ്ത്ര അടിത്തറ നല്കുന്നു. ഉൽപത്തി മുതൽ സംഖ്യയുടെ ഗ്രന്ഥം വരെയുള്ള പൗരാണിക ചരിത്രത്തിലെ വിവരണങ്ങൾ നല്കുന്ന ദർശനങ്ങളല്ല നിയമഗ്രന്ഥത്തിന്റെ കർത്താവു നല്കുന്നത്. മോശയ്ക്കുശേഷം വളരെക്കാലം കഴിഞ്ഞ് മോശയുടെ കാലത്തേയ്ക്കു തിരിഞ്ഞു നോക്കുന്ന ഒരു ഗ്രന്ഥകർത്താവാണു നിയമാവർത്തന നിയമസംഹിത നല്കുന്നത് (നിയ 12-26). ദൈവകല്പനകൾ അനുസരിക്കേണ്ടതെങ്ങനെയെന്നു വിശദീകരിക്കുകയാണ് അദ്ദേഹത്തിന്റെ ലക്ഷ്യം.

പഞ്ചഗ്രന്ഥത്തിൽ, നിയമാവർത്തനഗ്രന്ഥത്തിൽ മാത്രമാണു നിയമഗ്രന്ഥം എന്ന പേരു ചേർത്തിരിക്കുന്നത് (17:19 -20; 28:58; 29:19; 31:11-12). നിയമാവർത്തനത്തെ മുഴുവനുംകൂടി നിയമം എന്നു വിളിക്കാം.

തുടർന്ന് ഈ ഉപയോഗം മുൻകാല പ്രവാചകന്മാരിലും (ജോഷ്വ-2രാജ) കാണുന്നുണ്ട് (ജോഷ്വാ 8:31; 23:6; 2രാജാ 14:6). മോശയുടെ നിയമ ഗ്രന്ഥം എന്നാണു പഞ്ചഗ്രന്ഥത്തെ വിശേഷിപ്പിക്കുന്നത് എങ്കിലും നിയമാവർത്തനത്തിലോ നിയമാവർത്തനചരിത്രത്തിലോ (ജോഷ്വാ-2 രാജാ) ആണ് മോശയുടെ നിയമഗ്രന്ഥം എന്ന പ്രയോഗം ആദ്യമായി നാം കാണുന്നത്. ഗ്രന്ഥത്തിന്റെ ലക്ഷ്യമെന്തെന്നു ഗ്രന്ഥത്തിന്റെ ആരംഭത്തിൽ പറഞ്ഞിട്ടുണ്ട്: "ജോർദാൻെറ അക്കരെ മൊവാബു ദേശത്തുവച്ചു മോശ നിയമം വിശദീകരിക്കുവാൻ തുടങ്ങി" (1:5).

ഈ ഗ്രന്ഥത്തെക്കുറിച്ച് "ഈ നിയമഗ്രന്ഥം" എന്നു ഗ്രന്ഥകർത്താവ് ആവർത്തിച്ചു പറയുന്നുണ്ട് (29:21; 30:10; 31:26). മോശയാണു ഗ്രന്ഥകർത്താവ് എന്നു പ്രഖ്യാപിക്കുന്ന പഞ്ചഗ്രന്ഥത്തിലെ ഏകഗ്രന്ഥം നിയമാവർത്തനമാണ് (നിയ 31:9). ഇസ്രായേലിന്റെ ചരിത്രത്തിൽ ഇതായിരിക്കണം ആദ്യമായി വിശുദ്ധമായി കരുതപ്പെട്ട ഗ്രന്ഥം (2രാജാ 23:1-3).

## നിയമഗ്രന്ഥം കണ്ടെടുത്ത ചരിത്രം

നിയമഗ്രന്ഥം കണ്ടെടുത്തതെങ്ങനെയെന്നും അതു ലഭ്യമായപ്പോൾ ജോസിയാ രാജാവിന്റെ പ്രതികരണമെന്തായിരുന്നുവെന്നും രാജാക്കന്മാരുടെ രണ്ടാം പുസ്തകം വ്യക്തമായി വിവരിക്കുന്നുണ്ട് (2രാജാ 22-23). ദേവാലയത്തിൽ സംഭരിക്കപ്പെട്ടിരുന്ന വസ്തുവകകൾ ജോസിയാ രാജാവിന്റെ കാലത്ത് അവർ പരിശോധിച്ചപ്പോൾ അവയ്ക്കിടയിൽനിന്ന് അവർക്ക് ഒരു ഗ്രന്ഥം ലഭ്യമായി. അതു വായിച്ച പുരോഹിതനോ രാജാവിനോ അതെന്താണെന്നു മനസ്സിലായില്ല. വിശ്വാസ കാര്യങ്ങളിൽ തീക്ഷ്ണമതികളായ അവർക്ക് അപരിചിതമായ ഒരു ഗ്രന്ഥമായിരുന്നു അതെന്നാണ് അതിന്റെ അർത്ഥം. അതുകൊണ്ട് ആ ഗ്രന്ഥത്തിലെ ഉള്ളടക്കമെന്താണെന്നറിയാൻ ഗ്രന്ഥവുമായി രാജാവു തന്റെ ആളുകളെ ഹുൽദാ പ്രവാചികയുടെ അടുത്തേയ്ക്കയച്ചു. ഗ്രന്ഥം പരിശോധിച്ച പ്രവാചിക അതു കർത്താവിന്റെ നിയമമാണെന്നു മറുപടി നൽകുകയും ചെയ്തു.

കൊട്ടാരത്തിൽ കൊണ്ടുവന്ന ഗ്രന്ഥം വായിച്ചു കേട്ടപ്പോൾ രാജാവ് അനുതപിക്കുകയും ആ ഗ്രന്ഥത്തിൽ നിർദ്ദേശിച്ചിരുന്നതനുസരിച്ചു ദേശത്തു വലിയ ഒരു മതനവീകരണം നടത്തുകയും ചെയ്തു. ജറുസലേമിലൊഴികെ വാഗ്ദത്തദേശത്തുണ്ടായിരുന്ന എല്ലാ വിശുദ്ധസ്ഥലങ്ങളിലെ ആരാധനാലയങ്ങളും രാജാവു നശിപ്പിച്ചു. ജറുസലെം ദേവാലയത്തിലും ഇസ്രായേലിലെ പൂജാഗിരികളിലുമുണ്ടായിരുന്ന അന്യദേവന്മാരുടെ എല്ലാ വിഗ്രഹങ്ങളും അദ്ദേഹം തച്ചുടച്ചു. അങ്ങനെ അദ്ദേഹം ദേശത്തു മുഴുവനും ദൃശ്യമായിരുന്ന വിഗ്രഹാരാധന ഉൻമൂലനം ചെയ്തു.





## നിയമഗ്രന്ഥവും ഏകദൈവവിശ്വാസവും

ജോസിയ ചെയ്ത ഈ കാര്യങ്ങൾ 2രാജാ 23 ൽ വിവരിക്കുന്നതിനാൽ ഇങ്ങനെ ചെയ്യണമെന്നു കല്പിക്കുന്ന വചനഭാഗമെവിടെ എന്നന്വേഷിച്ച പണ്ഡിതന്മാർ നിയമാവർത്തനം 12-26 ലാണ് ചെന്നെത്തിയത്. അങ്ങനെയെങ്കിൽ വാഗ്ദത്തദേശത്തു പ്രവേശിക്കുമ്പോൾ അവിടെ ചെയ്യണമെന്ന് മോശ നിയ 12-26 ൽ കല്പിച്ചിരിക്കുന്നതായി വിവരിക്കുന്ന കാര്യങ്ങളാണു ജോസിയാ ചെയ്തത്. ഈ ഗ്രന്ഥവും ഇതിലെ നിർദ്ദേശങ്ങളും അന്നുവരെയുള്ള രാജാക്കന്മാർക്കും ജനത്തിനും അപരിചിതമായിരുന്നതിനാൽ ആയിരിക്കണം ദൈവത്തോടു വിശ്വസ്തനായ ജോസിയായ്ക്കും പുരോഹിതർക്കും ആ ഗ്രന്ഥം ആദ്യം കണ്ടപ്പോൾ മനസ്സിലാകാതെ പോയത്. അതുകൊണ്ടാണു പണ്ഡിതന്മാർ നിയ 12-26 നെ പഞ്ചഗ്രന്ഥത്തിലെ ആദ്യഗ്രന്ഥമായി കണക്കാക്കുന്നത്.

ഈ ഗ്രന്ഥത്തിന്റെ കേന്ദ്ര ആശയം ഏകദൈവ വിശ്വാസമാണ്. ഇസ്രായേലിന്റെ അനുദിന പ്രാർത്ഥനയായി മാറിയ "ഷമാ ഇസ്രായേലിൽ" ഈ യാഥാർത്ഥ്യം വ്യക്തമായിക്കാണാം: "ഇസ്രായേലേ, കേൾക്കുക: നമ്മുടെ ദൈവമായ കർത്താവ് ഒരേ ഒരു കർത്താവാണ്" (6:4). ആ സത്യദൈവത്തിനു രൂപമില്ല: "അപ്പോൾ അഗ്നിയുടെ മധ്യത്തിൽനിന്നു കർത്താവു നിങ്ങളോടു സംസാരിച്ചു. നിങ്ങൾ ശബ്ദം കേട്ടു - ശബ്ദം മാത്രം; രൂപംകണ്ടില്ല" (4:12, 15-24). അതുകൊണ്ടു വിഗ്രഹങ്ങളുണ്ടാക്കരുത്.

ദൈവം ഏകനാണെന്ന ദൈവശാസ്ത്ര വീക്ഷണത്തിന്റെ പ്രായോഗിക പ്രതിഫലനമായിരുന്നു ഏകദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലിനു ഭൂമിയിൽ ഒരു ദേവാലയമേ പാടുള്ളൂ എന്ന ചിന്ത. തത്ഫലമായി ഇസ്രായേലിലെ എല്ലാ പരമ്പരാഗത ആരാധനാസ്ഥലങ്ങളും തകർക്കപ്പെടുകയും ദൈവം തെരഞ്ഞെടുത്തു എന്നു പറയുന്ന ജെറുസലെമിലെ ആലയത്തിൽ മാത്രമായി കർത്താവിനുള്ള ആരാധന പരിമിതപ്പെടുത്തുകയും ചെയ്തു (നിയ 12:1-7). ജോസിയ നശിപ്പിച്ച ആരാധനാലയങ്ങളുടെ കൂട്ടത്തിൽ യാക്കോബ് ദൈവത്തെക്കണ്ടുമുട്ടിയ ബേത്തേലും, ഏലിയ ബലിയർപ്പിച്ച കർമ്മലമലയിലെ ബലിപീഠവും ജോഷ്വാ ജനത്തെക്കൊണ്ട് ഉടമ്പടി ചെയ്യിച്ച ഷെക്കെമും എല്ലാം ഉൾക്കൊള്ളുന്നതിനാലാണ് ഇക്കാലഘട്ടങ്ങൾക്കെല്ലാം ശേഷം ജന്മമെടുത്തതായിരിക്കണം ഈ നിയമഗ്രന്ഥം എന്നു പണ്ഡിതന്മാർ കരുതുന്നത്.

എന്നാൽ ഏകദൈവ വിശ്വാസവും ഏകദൈവത്തിന് ഏക ആരാധനാസ്ഥലമെന്ന ആശയവും ഉൽപത്തിയുടെ ആദ്യ അധ്യായം മുതൽ പ്രതിഫലിക്കുന്നുണ്ട്. നിയമാവർത്തന ദൈവശാസ്ത്രജ്ഞന്മാരാണ്

ഉൽപത്തി മുതലുള്ള പിതാക്കന്മാരുടെ ചരിത്രം ക്രോഡീകരിച്ചത് എന്നിതു വ്യക്തമാക്കുന്നു. അത്തരത്തിലുള്ള ഒരു ദൈവശാസ്ത്ര ചിന്ത വികാസം പ്രാപിച്ചതു ഹെസക്കിയാ-ജോസിയാ രാജാക്കന്മാരുടെ കാലത്താണ്. അന്നുവരെ ഇസ്രായേലിൽ അനേകം ബലിപീഠങ്ങളും അവിടെയെല്ലാം "ശരിയായ" ആരാധനയും നടന്നുപോന്നിരുന്നു (ഉദാ. ഏലിയാ ബലിയർപ്പിച്ച കർമ്മലമലയിലെ ബലിപീഠം (1രാജ 18:32) യാക്കോബു ബലിയർപ്പിച്ച ബേത്തേൽ (ഉൽപ 28:17), സോളമൻ ബലിയർപ്പിച്ച ഗിബയോൺ (1രാജാ 3:4).

നിയമാവർത്തനത്തിനു മുമ്പുള്ള നാലു ഗ്രന്ഥങ്ങളിലും "തോറ" എന്ന ഹെബ്രായവാക്ക് ഉപയോഗിക്കുന്നുണ്ടെങ്കിലും അപ്പോഴെല്ലാം അതിന്റെ അർത്ഥം ഉപദേശം എന്നുമാത്രമാണ് (ലേവ്യ 6:2; 7:1, 11, 18; 12:7; 13:9; 14:2; 32, 54; സംഖ്യ 5:29; 6:13, 21; കാണുക ഉൽപ 26:5; പുറ 16:28; 18:20; ലേവ്യ 26:46). തോറ എന്ന വാക്കിനു ഉപദേശം എന്നതിൽനിന്നു വ്യത്യസ്തമായി നിയമഗ്രന്ഥം എന്ന അർത്ഥം ലഭിച്ചത് ജോസിയായുടെ കാലത്താണ്. തോറ എന്നു വിളിക്കപ്പെട്ടിരുന്ന നിയമാവർത്തനത്തോടു ചേർക്കപ്പെട്ടപ്പോഴാണു മറ്റു നാലുഗ്രന്ഥങ്ങൾക്കും (ഉൽപ-സംഖ്യ) "നിയമം" എന്ന പേരു കൈവന്നത് എന്നനുമാനിക്കുന്നതിൽ തെറ്റില്ല. ജോസിയയുടെ കാലത്തെ നിയമഗ്രന്ഥത്തിന്റെ കണ്ടെത്തൽ ഇസ്രായേൽ ചരിത്രത്തിലെ അതിപ്രധാനമായ ഒരു സംഭവമായിരുന്നു.

നിയമഗ്രന്ഥത്തിന്റെ (നിയ 12-26) ആഗമനം (ജോസിയയുടെ കാലം) ഇസ്രായേലിന്റെ മതചരിത്രത്തിൽ വിപ്ലവകരമായ പല മാറ്റങ്ങളും വരുത്തി (നിയ 12:1-14; 12:21, 27; 14:22-26; 15:19-22; 16:1-9; 16:11, 13-17, 21-22 മുതലായവ). തൽഫലമായി ജറെമിയായും എസക്കിയേലും രണ്ടാം ഏശയ്യായും മറ്റു നിയമാവർത്തന ദൈവശാസ്ത്രജ്ഞന്മാരും ഉപാധികളില്ലാത്ത ഏകദൈവവിശ്വാസം പ്രഘോഷിച്ചു. കർത്താവു മാത്രമാണ് ഏക ദൈവം എന്നവർ പഠിപ്പിച്ചു തുടങ്ങി (നിയ 4:39; 32:39; ഏശ 43:10-13; 45:19-25; ജറെ 25:6; 35:5; 10:11; 19:13; 16:19-20; 44:1-7; 8:14; 9:13-14; 23:15; എസെ 8:1-18; 14:4-11; 20:1-30 മുതലായവ).

ഇസ്രായേലിന്റെ ആദ്യകാല ചരിത്രം പരിശോധിച്ചാൽ അന്യജനതകളുടെ ദേവന്മാരെക്കുറിച്ച് അവർ കാര്യമായ ചിന്തകൾ ഉള്ളവരായിരുന്നില്ല എന്നു കാണാം. ഇസ്രായേലിന് ഒരു ദൈവം മാത്രമേ ഉണ്ടാകാവൂ എന്ന ചിന്ത മാത്രമേ അവർക്കുണ്ടായിരുന്നുള്ളു. ന്യായാധിപന്മാരുടെ കാലത്തും (''അങ്ങനെ ഇസ്രായേലിൻെറ ദൈവമായ കർത്താവുതന്നെ തൻെറ ജനമായ ഇസ്രായേലിൻെറ മുമ്പിൽനിന്ന്





അമ്മോര്യരെ തുരത്തിയിരിക്കെ നീ അവ കൈവശമാക്കാൻ പോകുന്നുവോ? നിൻെറ ദൈവമായ കെമോഷ് നിനക്കു തരുന്നതു നീ കൈവശം വയ്ക്കുന്നില്ലേ? ഞങ്ങളുടെ ദൈവമായ കർത്താവ് ഞങ്ങൾക്ക് ഒഴിപ്പിച്ചു തരുന്നതൊക്കെ ഞങ്ങൾ കൈവശമാക്കും"; ന്യായ 11:23-24) രാജവാഴ്ചയുടെ കാലത്തുമെല്ലാം ("എല്ലാ ജനതകളും തങ്ങളുടെ ദൈവത്തിൻെറ നാമത്തിൽ ചരിക്കുന്നു. നാം നമ്മുടെ ദൈവമായ കർത്താവിൻെറ നാമത്തിൽ എന്നെന്നും വ്യാപരിക്കും"; മിക്ക 4:5) ഇതായിരുന്നു അവരുടെ പൊതുധാരണ. എന്നാൽ വിപ്രവാസത്തിനുമുമ്പ് (ബി.സി. 587) ഹോസിയ പ്രവാചകനിൽ ആരംഭിക്കുകയും പിന്നീടു ഹെസക്കിയ, ജോസിയ രാജാക്കന്മാരുടെ കാലത്തു ശക്തിപ്രാപിക്കുകയും ചെയ്ത ഒരു ദൈവശാസ്ത്ര വീക്ഷണമായിരുന്നു ലോകത്താകമാനം ഒരു ദൈവമേ ഉള്ളുവെന്നതും അത് ഇസ്രായേലിന്റെ ദൈവമായ കർത്താവാണെന്നതും: ''നീ ഈജിപ്തുദേശത്തായിരുന്ന നാൾമുതൽ നിൻെറ ദൈവമായ കർത്താവു ഞാനാണ്. എന്നെയല്ലാതെ മറ്റൊരു ദൈവത്തെ നീ അറിയുന്നില്ല. ഞാനല്ലാതെ മറ്റൊരു രക്ഷകനില്ല" (ഹോസി 13:4).

ലോകത്ത് ഒരു ദൈവമേ ഉള്ളുവെങ്കിൽ ആ ദൈവത്തിനു ഭൂമിയിൽ വസിക്കാൻ ഒരാലയം മതി. വിപ്ലവകരമായ ഈ ദൈവശാസ്ത്രമാണ് ജോസിയായുടെ കാലത്തു ദേവാലയത്തിൽനിന്നു കണ്ടെടുത്ത നിയമാവർത്തന നിയമ സംഹിതയിലുണ്ടായിരുന്നത്. തത്ഫലമായി കർത്താവിനുള്ള ആരാധന ജറൂസലെം ദേവാലയത്തിൽ മാത്രം കേന്ദ്രീകൃതമായി. നൂറ്റാണ്ടുകളായി നിയമപരമായി കരുതപ്പെട്ടിരുന്ന ആരാധനാ സ്ഥലങ്ങളും ആരാധനാരീതികളും ഇതോടെ നിയമവിരുദ്ധമായി കരുതപ്പെട്ടു (നിയ 12-13). നിയമാവർത്തന ദൈവശാസ്ത്രജ്ഞരുടെ ഈ നീക്കമാണ് ഇസ്രായേലിനെ ഏകദൈവവിശ്വാസം ഉദ്ഘോഷിക്കുന്ന യഹൂദമതമാക്കി വിപ്രവാസകാലശേഷം രൂപാന്തരപ്പെടുത്തിയത് (Monolatry to Monotheism). ലോകത്ത് അനേകം ദൈവങ്ങളുണ്ടെന്നും എന്നാൽ ഇസ്രായേലിന് ഒരു ദൈവം മാത്രമേയുള്ളുവെന്നുമാണ് അന്നുവരെ അവർ വിശ്വസിച്ചിരുന്നത്.

## അടിസ്ഥാന ദൈവശാസ്ത്ര വീക്ഷണം

നിയമാവർത്തകന്റെ ചിന്തയുടെ അടിസ്ഥാനപരമായ ഒരു വെളിപ്പെടുത്തൽ നിയ 4:32-40 ൽ കാണാം: "കഴിഞ്ഞകാലത്തെപ്പറ്റി, ദൈവം മനുഷ്യനെ ഭൂമുഖത്തു സൃഷ്ടിച്ചതുമുതലുള്ള കാലത്തെപ്പറ്റി, ആകാശത്തിൻെറ ഒരറ്റംമുതൽ മറ്റേയറ്റംവരെ ചോദിക്കുക; ഇതുപോലൊരു മഹാസംഭവം എന്നെങ്കിലും ഉണ്ടായിട്ടുണ്ടോ?

ഇതുപോലൊന്നു കേട്ടിട്ടുണ്ടോ? ഏതെങ്കിലും ജനത എന്നെങ്കിലും അഗ്നിയുടെ മധ്യത്തിൽനിന്നു സംസാരിക്കുന്ന ദൈവത്തിൻെറ ശബ്ദം നിങ്ങൾ കേട്ടതുപോലെ കേൾക്കുകയും പിന്നെ ജീവിച്ചിരിക്കുകയും ചെയ്തിട്ടുണ്ടോ? നിങ്ങളുടെ ദൈവമായ കർത്താവ് ഈജിപ്തിൽവച്ചു നിങ്ങൾ കാൺകെ നിങ്ങൾക്കുവേണ്ടി ചെയ്തതുപോലെ മഹാമാരികൾ, അടയാളങ്ങൾ, അദ്ഭുതങ്ങൾ, യുദ്ധങ്ങൾ, കരബലം, ശക്തിപ്രകടനം, ഭയാനക പ്രവൃത്തികൾ എന്നിവയാൽ തനിക്കായി ഒരു ജനതയെ മറ്റൊരു ജനതയുടെ മധ്യത്തിൽനിന്നു തിരഞ്ഞെടുക്കാൻ ഏതെങ്കിലും ദൈവം എന്നെങ്കിലും ഉദ്യമിച്ചിട്ടുണ്ടോ? കർത്താവാണു ദൈവമെന്നും അവിടുന്നല്ലാതെ മറ്റൊരു ദൈവമില്ലെന്നും നിങ്ങൾ അറിയാൻ വേണ്ടിയാണ് ഇവയെല്ലാം നിങ്ങളുടെ മുൻപിൽ കാണിച്ചത്. നിങ്ങളെ പഠിപ്പിക്കാൻ ആകാശത്തുനിന്നു തൻെറ സ്വരം നിങ്ങളെ കേൾപ്പിച്ചു. ഭൂമിയിൽ തൻെറ മഹത്തായ അഗ്നി കാണിച്ചു. അഗ്നിയുടെ മധ്യത്തിൽനിന്ന് അവിടുത്തെ വാക്കുകൾ നിങ്ങൾ കേട്ടു.

അവിടുന്നു നിങ്ങളുടെ പിതാക്കൻമാരെ സ്നേഹിച്ചതുകൊണ്ട് അവർക്കുശേഷം അവരുടെ സന്താനങ്ങളെ തിരഞ്ഞെടുത്തു; അവിടുന്നു തൻെറ മഹാശക്തിയും സാന്നിധ്യവും പ്രകടമാക്കിക്കൊണ്ട് നിങ്ങളെ ഈജിപ്തിൽനിന്നു കൊണ്ടുവരുകയും ചെയ്തു. നിങ്ങളെക്കാൾ വലിയവരും ശക്തരുമായ ജനതകളെ നിങ്ങളുടെ മുൻപിൽനിന്നു നീക്കിക്കളയാനും നിങ്ങളെ കൊണ്ടുവന്ന് ഇന്നത്തെതുപോലെ അവരുടെ ദേശം നിങ്ങൾക്ക് അവകാശമായി തരാനും വേണ്ടിയായിരുന്നു അത്. മുകളിൽ സ്വർഗത്തിലും താഴെ ഭൂമിയിലും കർത്താവല്ലാതെ മറ്റൊരു ദൈവമില്ലെന്നു ഗ്രഹിച്ച് അതു ഹൃദയത്തിൽ ഉറപ്പിക്കുവിൻ. ആകയാൽ, നിങ്ങൾക്കും നിങ്ങളുടെ സന്തതികൾക്കും നൻമയുണ്ടാകാനും ദൈവമായ കർത്താവു നിങ്ങൾക്കു ശാശ്വതമായി തരുന്ന ദേശത്തു ദീർഘകാലം വസിക്കാനുംവേണ്ടി കർത്താവിൻെറ ചട്ടങ്ങളും പ്രമാണങ്ങളും പാലിക്കുവിൻ എന്നു ഞാൻ നിങ്ങളോടു കൽപിക്കുന്നു" (നിയ 4:32-40).

ജനത്തെ ഈജിപ്തിൽനിന്നു മോചിപ്പിച്ചുകൊണ്ട് ഏകദൈവമായ കർത്താവു തന്റെ ശക്തി തെളിയിക്കുകയായിരുന്നു. ഈജിപ്തിൽനിന്നുള്ള മോചനവും മരുഭൂമിയിലൂടെ നയിച്ചതും ജനത്തിനു വാഗ്ദത്തദേശം നൽകിയതും മറ്റൊരു ദൈവമില്ല എന്നു ജനം തിരിച്ചറിയുന്നതിനുവേണ്ടിയായിരുന്നു: "മുകളിൽ സ്വർഗത്തിലും താഴെ ഭൂമിയിലും കർത്താവല്ലാതെ മറ്റൊരു ദൈവമില്ലെന്നു ഗ്രഹിച്ച് അതു ഹൃദയത്തിൽ ഉറപ്പിക്കുവിൻ" (4:39). മറ്റു ജനങ്ങൾക്കും ദേശങ്ങൾക്കും സൂര്യനെയും ചന്ദ്രനെയുംപോലെ ആരാധിക്കാനുള്ള വസ്തുക്കൾ നൽകിയതും





കർത്താവു തന്നെയാണ് (2:9, 19; 4:19; 29:26; 32:8). ഇതു കർത്താവിന്റെ സാർവ്വത്രിക അധികാരമാണു കാണിക്കുന്നത്: "നിങ്ങൾ ആകാശത്തിലേക്കു കണ്ണുകൾ ഉയർത്തി സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും - എല്ലാ ആകാശഗോളങ്ങളെയും - കണ്ട് ആകൃഷ്ടരായി അവയെ ആരാധിക്കുകയും സേവിക്കുകയും ചെയ്യാതിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചുകൊള്ളുവിൻ. അവ ആകാശത്തിൻെറ കീഴിലുള്ള എല്ലാ ജനതകൾക്കുംവേണ്ടി നിങ്ങളുടെ ദൈവമായ കർത്താവു നൽകിയിരിക്കുന്നവയാണ്" (4:19). ഇസ്രായേൽ അന്യദൈവങ്ങളെ ആരാധിച്ചാൽ സർവ്വാധികാരിയായ കർത്താവു മഴ തടഞ്ഞു വയ്ക്കുകയും ഇസ്രായേലിനെ ശിക്ഷിക്കുകയും ചെയ്യും (11:13-17). കർത്താവു മാത്രമാണ് ഏകദൈവമെന്ന് ഉടമ്പടിയുടെ ജനമായ അവർ എപ്പോഴും അനുസ്മരിക്കണം (6:4). കർത്താവാണ് ഏകദൈവമെന്ന നിയമാവർത്തന തത്വമാണു യഹൂദമതത്തിന്റെ അടിസ്ഥാനം. ഈ തത്വമാണു നിയമാവർത്തനഗ്രന്ഥം പലവിധത്തിൽ പഠിപ്പിക്കുന്നത്.

## ഏകദൈവവിശ്വാസം

നിയമാവർത്തന ഗ്രന്ഥത്തിലെ അടിസ്ഥാന ദൈവശാസ്ത്ര വീക്ഷണം ഏകദൈവവിശ്വാസമാണ്. മറ്റ് ആശയങ്ങൾ ഈ അടിസ്ഥാന വീക്ഷണത്തോടു ചേർന്നു നില്ക്കുന്നവ മാത്രമാണ് (28:14). എല്ലാത്തരത്തിലുമുള്ള വിഗ്രഹാരാധന നിരോധിച്ചുകൊണ്ടാണു ദൈവം ഈ ഗ്രന്ഥത്തിൽ തന്റെ നിയമങ്ങൾ നല്കുന്നത് (4:15-40; 5:7-10; 6:4-9, 14-15; 7:16; 9:12; 11:18; 12:29-31; 23:17). ദേവന്മാരെന്നറിയപ്പെടുന്നതു ദൈവങ്ങളല്ല. വിഗ്രഹങ്ങളാണു ലോകത്തിലെ ഏറ്റവും മ്ലേഛമായ വസ്തു (7:25-26; 9:21; 11:16; 13:12-16). ദൈവം ഏകനായതിനാലാണ് അവിടുത്തെ നിയമങ്ങൾ അനുസരിക്കുകയെന്നതു മനുഷ്യന് അനിവാര്യമാകുന്നത് (32:36-39). ദൈവത്തിന്റെ ഏകത്വത്തെക്കുറിച്ചുള്ള ഈ സന്ദേശം കേൾക്കുകയോ അനുസരിക്കുകയോ ചെയ്യാത്തവർ ഉടമ്പടിയുടെ സമൂഹത്തിൽനിന്നു നിർമ്മാർജ്ജനം ചെയ്യപ്പെടണം (13:6-11; 17:1-5).

ഏകദൈവവിശ്വാസം ജന്മമെടുത്തതിന്റെ ഫലമായി ഏകദൈവത്തിന്റെ പുരോഹിതൻ നീതിയുടെമേൽ വിധിതീർക്കാൻ കഴിവുള്ള ഏറ്റവും പ്രധാന വ്യക്തിയായി മാറി (17:8-10). നിയമാവർത്തന ദൈവശാസ്ത്രജ്ഞർ ഇസ്രായേലിലെ രാജാക്കന്മാർക്കും ഒരു പെരുമാറ്റച്ചട്ടം ഏർപ്പെടുത്തി (17:14-20). ഇസ്രായേലിലെ പ്രവാചകവൃത്തിക്കു മുകളിലും അവർ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. പ്രവാചകരുടെ സത്യസന്ധത അളക്കുവാനുള്ള അളവുകോലായി ഏകദൈവവിശ്വാസം കണക്കാക്കുകയും അവർ നടത്തിയ പ്രവചനങ്ങളുടെ പൂർത്തീകരണം ഓരോ പ്രവാചകന്റെയും വിശ്വാസ്യതയുടെ അളവുകോലായി കരുതു

കയും ചെയ്തു (18:2; 13:1-5; 18:20-22). ഏകദൈവ വിശ്വാസ പ്രഖ്യാപന ത്തിന്റെ ഫലമായി ദേവന്മാർക്കുള്ള ബലിയർപ്പണം, മന്ത്രവാദം, പ്രശ്നംവയ്ക്കൽ, ലക്ഷണം പറച്ചിൽ, ആഭിചാരം, വെളിച്ചപ്പാട്, ക്ഷുദ്ര ക്കാരൻ, മൃതസന്ദേശവിദ്യ എന്നിവയെല്ലാം ഇസ്രായേലിൽ നിഷിദ്ധ മായി (18:9-13). ഏകദൈവത്തെ അംഗീകരിക്കാത്ത എല്ലാ രാജ്യങ്ങ ളെയും നശിപ്പിക്കണമെന്ന ചിന്ത ജന്മമെടുത്തു (20:17-18; 29:16-18). മൃതസന്ദേശവിദ്യ അഭ്യസിച്ചിരുന്ന ജനതകളുടെ മധ്യേ ജീവിച്ചിരുന്ന ഇസ്രായേലിൽ മരണവുമായി ബന്ധപ്പെട്ട എല്ലാ ശേഷക്രിയകളും ആരാധനാവിധികളും നിഷിദ്ധമാക്കപ്പെട്ടു (26:14).

ദൈവകല്പനകൾ സത്യസന്ധമായി പാലിക്കുന്നില്ലെങ്കിൽ അവർ ഏറ്റവും വലിയ തിന്മയായ വിഗ്രഹാരാധനയ്ക്കായി കൈവിടപ്പെടുമെന്ന് ഇസ്രായേലിനു ദൈവം മുന്നറിയിപ്പു നല്കി (8:19; 28:15-37; 29:24-26). ഇസ്രായേൽ ജനത്തെ വിഗ്രഹാരാധനയെന്ന തെറ്റിനെക്കുറിച്ച് അവ ബോധമുള്ളവരാക്കാൻ ഒരു ഗാനമെഴുതി ദൈവം അതു മോശയെ പഠി പ്പിച്ചു; ഈ ഗാനം ഇസ്രായേൽ ജനത്തെ പഠിപ്പിക്കാൻ ദൈവം മോശ യോടു കല്പിച്ചു (31:14-19; 32:12, 16-17, 21, 37, 39). ദൈവത്തിനുള്ള ഇസ്രായേലിന്റെ ആരാധന മുഴുവൻ ജറൂസലെമിൽ കേന്ദ്രീകരിച്ചു കഴി ഞ്ഞപ്പോൾ ജറൂസലെം ദേവാലയത്തിലെ പ്രധാന ആകർഷണവസ്തു അവിടെ സ്ഥാപിച്ചിരുന്ന ദൈവികനിയമമായി മാറി (31:9-13). ഈ ഏക ദൈവചിന്തയുടെ അടിസ്ഥാന തത്വങ്ങളാണു നിയ 12-26ൽ കാണുന്നത്.

## നിയമാവർത്തനവും നിയമാവർത്തനചരിത്രവും

നിയമാവർത്തന നിയമസംഹിതയിലെ ദൈവശാസ്ത്ര ദർശനങ്ങളെ അടിസ്ഥാനമാക്കി ഇസ്രായേലിന്റെ കാനാൻ ദേശവാസത്തിന്റെ ചരിത്രം വിവരിക്കുന്ന വി. ഗ്രന്ഥകാരനാണു നിയമാവർത്തനചരിത്രകാരൻ (ജോഷ്വാ-2രാജാ). അതായത് നിയമാവർത്തന നിയമസംഹിതയും അതനുസരിച്ചുള്ള ചരിത്രവിശകലനവുമാണു നാം നിയമാവർത്തനംമു തൽ 2രാജാക്കന്മാർവരെയുള്ള ഗ്രന്ഥങ്ങളിൽ കാണുന്നത്. ഇസ്രായേൽ കാനാൻദേശത്തു പ്രവേശിച്ചതുമുതൽ (ജോഷ്വാ, ബി.സി. 587) അവി ടെനിന്നു നാടുകടത്തപ്പെടുന്നതുവരെയുള്ള (2രാജാ 25) ചരിത്രവിവ രണമാണു നിയമാവർത്തനചരിത്രം. നിയമാവർത്തന നിയമസംഹി തയ്ക്കുള്ള (നിയ 12-26) അവതാരികയും (നിയ 1-11) ഉപസംഹാ രവും (നിയ 27-34) പിന്നീടു കൂട്ടിച്ചേർക്കപ്പെട്ടതാണ്. നിയമാവർത്തന ദൈവശാസ്ത്രദർശനങ്ങളനുസരിച്ചു നേതാക്കന്മാരെ നല്ലതോ ചീത്തയോ എന്നു വിലയിരുത്തിക്കൊണ്ടാണു ജോഷ്വാ-2രാജാ ഗ്രന്ഥ ങ്ങൾ വാഗ്ദത്തദേശത്തെ ചരിത്രം വിവരിക്കുന്നത്. പിന്നീടു നിയമാ വർത്തന നിയമസംഹിതയിലെ ദൈവശാസ്ത്ര ദർശനങ്ങൾ ഉൽപ





ത്തിയിലെ വിവരണങ്ങളെയും പുറപ്പാടു വിവരണങ്ങളെയും മരുഭൂമി യാത്രാവിവരണങ്ങളെയും സ്വാധീനിക്കുകയുണ്ടായി.

ശക്തമായ ധാർമ്മിക സ്വരം, പ്രസംഗശൈലി, നേതാവിനോടു പറ യപ്പെടുന്ന വചനത്തിന്റെ പ്രാധാന്യം ഏകദൈവവിശ്വാസ പ്രഘോ ഷണം എന്നിവയെല്ലാം നിയമാവർത്തന ചരിത്രത്തിന്റെ പ്രത്യേകത കളാണ്. പഴയകാല പാരമ്പര്യങ്ങളെ വിശദീകരിക്കുമ്പോൾ ഈ പൊതു ശൈലി അടിസ്ഥാനപ്പെടുത്തിയാണു ഗ്രന്ഥകാരന്മാർ സംസാരിക്കു ന്നത്. വിവരങ്ങളുടെ ശ്രദ്ധേയമായ ഘട്ടങ്ങളിൽ ഏകദൈവ വിശ്വാസ ത്തിലധിഷ്ഠിതമായതും കേൾവിക്കാരെ പ്രോത്സാഹിപ്പിക്കാനുപകരി ക്കുന്നതുമായ അഭിപ്രായപ്രകടനങ്ങളും സംഭവങ്ങളെക്കുറിച്ചുള്ള വില യിരുത്തലുകളും നടത്താനും ഗ്രന്ഥകാരൻ ശ്രദ്ധിക്കാറുണ്ട്.

നിയമാവർത്തകന്റെ രചനാശൈലിയുടെ ഒരു പ്രത്യേകത വിവര ണത്തിന്റെ പ്രധാന ഘട്ടങ്ങളിൽ പ്രധാന കഥാപാത്രത്തിന്റെ അധര ങ്ങളിലൂടെ ഒരു പ്രസംഗം അവതരിപ്പിക്കുക എന്നതാണ്. നിയമാ വർത്തന ഗ്രന്ഥംതന്നെ മോശയുടെ പ്രസംഗമാണല്ലോ. ജോഷ്വായുടെ ഗ്രന്ഥമാരംഭിക്കുന്നതു കർത്താവിന്റെ ഒരു പ്രസംഗത്തോടെയാണെന്നു പറയാം: നിയമമനുസരിച്ചാൽ വിജയവും അവഗണിച്ചാൽ പരാജയവു മായിരിക്കുമെന്നു ദൈവം മുന്നറിയിപ്പു നല്കി. ദേശം കൈയടക്കിക്ക ഴിഞ്ഞപ്പോൾ അതിന്റെ വിഭജനത്തെക്കുറിച്ചും ദൈവം ജോഷ്വായോടു സംസാരിച്ചു (ജോഷ്വാ 13). നിയമമനുസരിച്ചുകൊണ്ടു ജനം വാഗ്ദത്ത ദേശത്തു ജീവിക്കേണ്ടതിനെക്കുറിച്ചുള്ള ജോഷ്വായുടെ പ്രസംഗത്തോ ടെയും ഉടമ്പടിയോടെയുമാണു ഗ്രന്ഥം അവസാനിക്കുന്നത് (23-24). ഈ പ്രസംഗങ്ങളിലൂടെയും വചനങ്ങളിലൂടെയും ഇസ്രായേലിൽ അറിയപ്പെട്ടിരുന്ന പഴയകാല പാരമ്പര്യങ്ങൾക്കു നിയമാവർത്തകൻ അർത്ഥം നല്കുകയായിരുന്നു.

നിയമാവർത്തന വിവരണ ശൈലിയിൽനിന്നു വ്യത്യസ്തമായി അതേ ചരിത്രം മറ്റു ചില ദൈവശാസ്ത്ര ദർശനങ്ങളനുസരിച്ചു വില യിരുത്തി വിവരിക്കുന്ന ഗ്രന്ഥകാരനാണു ദിനവൃത്താന്തഗ്രന്ഥകാരൻ. അദ്ദേഹത്തെക്കുറിച്ച് ആ ചരിത്രം വിവരിക്കുമ്പോൾ പറയാം. നിയമാവർത്തന ചരിത്രഗ്രന്ഥങ്ങളെക്കുറിച്ചാണു താഴെ വിവരി ക്കുന്നത്.

## 2. ജോഷ്വാ

ബൈബിളിലെ ആറാമത്തെ ഗ്രന്ഥമായ ജോഷ്വാ പഞ്ചഗ്രന്ഥങ്ങളുടെ തുടർച്ചയാണ്. ഉത്പത്തിപ്പുസ്തകത്തിൽ ദൈവം അബ്രാഹത്തിന്റെയും യാക്കോബിന്റെയും പിൻഗാമികൾക്കു കാനാൻദേശം വാഗ്ദാനമായി നല്കി (ഉത്പ 15). അവിടെയാണ് ദൈവവും ഇസ്രായേലും തമ്മിലുള്ള ബന്ധത്തിന്റെ ചരിത്രം ആരംഭിക്കുന്നത്. ഈജിപ്തിലെ അടിമത്തത്തിൽനിന്നും മോശയിലൂടെ ഇസ്രായേൽ ജനത്തെ മോചിപ്പിച്ചു നാല്പതു വർഷത്തെ മരുഭൂമിയാത്രയ്ക്കുശേഷം ദൈവം അവരെ കാനാൻദേശത്തിന്റെ അതിർത്തിവരെ കൊണ്ടുവന്നു. കാനാൻദേശത്തു പ്രവേശിക്കുവാൻ അനുവദിക്കാതിരുന്നതിനാൽ കാനാൻദേശം ദൂരെനിന്നു കാണുന്നതിനു മാത്രമേ മോശയ്ക്കു സാധിച്ചുള്ളൂ. തുടർന്ന് മോശയുടെ ദൗത്യം തുടരുവാനും പൂർത്തിയാക്കുവാനുമായി ദൈവം നിയോഗിച്ചത് ജോഷ്വായെയാണ്. ജോഷ്വായുടെ നേതൃത്വത്തിൽ ഇസ്രായേൽ ജനം ജോർദാൻ കടന്നു കാനാൻദേശം കീഴടക്കുന്നതും അതു ഗോത്രങ്ങൾക്കായി വിഭജിച്ചുനല്കുന്നതും ഉടമ്പടി നവീകരിക്കുന്നതുമാണ് ഈ പുസ്തകത്തിൽ വിവരിക്കുന്നത്.

ഒരു ചരിത്രത്തിന്റെ അന്ത്യത്തെയും മറ്റൊന്നിന്റെ ആരംഭത്തെയുംകുറിച്ച് ജോഷ്വായുടെ പുസ്തകം വിവരിക്കുന്നു. ഇസ്രായേൽജനം കാനാൻദേശം നേടിയെടുക്കുന്നതിലൂടെ ഈജിപ്തിൽനിന്നുള്ള പുറപ്പാടിന്റെയും മരുഭൂമിയാത്രയുടെയും ലക്ഷ്യം നിറവേറുന്നതിനാൽ ഇതൊരന്ത്യത്തെയും, കാനാൻദേശത്തു സ്ഥിരതാമസമാക്കിയതിനെക്കുറിച്ച് വിവരിക്കുന്നതിനാൽ ഇതൊരാരംഭത്തെയും സൂചിപ്പിക്കുന്നു. അതിനാൽ ചിലർ ജോഷ്വായുടെ ഗ്രന്ഥം ഷഡ്ഗ്രന്ഥങ്ങളിൽ (ഉത്പ-ജോഷ്വാ) അവസാനത്തെതായും മറ്റുചിലർ ചരിത്രഗ്രന്ഥങ്ങളിൽ (ജോഷ്വാ- 2രാജാ) ആദ്യത്തെതായും കരുതുന്നു.

വാഗ്ദാനങ്ങൾ പാലിക്കുന്നതിലുള്ള ദൈവത്തിന്റെ വിശ്വസ്തത തുറന്നു കാണിക്കുക എന്നതാണ് ജോഷ്വായുടെ ഗ്രന്ഥം എഴുതപ്പെട്ടതിന്റെ പ്രധാനലക്ഷ്യം. കാരണം, തലമുറകൾക്കുമുമ്പ് അവിടുന്നു വാഗ്ദാനം ചെയ്തിരുന്ന തേനും പാലും ഒഴുകുന്ന കാനാൻദേശം ഇസ്രായേൽ ജനം ജോഷ്വായുടെ നേതൃത്വത്തിൽ നേടിയെടുക്കുമ്പോൾ വാഗ്ദാനങ്ങളിൽ വിശ്വസ്തനായ ദൈവത്തെയാണു ചരിത്രത്തിൽ ദർശിക്കുവാൻ കഴിയുക (ഉത്പ 15:18; ജോഷ്വാ 1:2; 21:41; 23:14). കാരണം ബലഹീനരായ അവരുടെ കൂടെനിന്നു യുദ്ധം ചെയ്ത് അതു നേടിയെടുക്കാൻ അവരെ സഹായിച്ചതു ദൈവമാണ്.

ജോഷ്വായുടെ പുസ്തകത്തിനു രണ്ടു ഭാഗങ്ങളുണ്ട്: ആദ്യഭാഗത്ത് കാനാൻദേശം കീഴടക്കുന്നതിനെക്കുറിച്ചും (1-12) രണ്ടാം ഭാഗത്ത് കീഴടക്കിയ ദേശങ്ങൾ വിഭജിച്ചു നല്കുന്നതിനോടൊപ്പം (13-22) ഉടമ്പടി ഉറപ്പിക്കുന്നതിനെക്കുറിച്ചും വിവരിക്കുന്നു. ആദ്യ അഞ്ച് അദ്ധ്യായങ്ങളിൽ കാനാൻ കീഴടക്കാൻ നടത്തിയ ഒരുക്കങ്ങളെക്കുറിച്ചാണു പ്രതിപാദിക്കുന്നത്. ഈ ഒരുക്കങ്ങളുടെ ആരംഭത്തിലും (1:1-9) അവസാനത്തിലും (5:13-15) കർത്താവു നല്കുന്ന നിർദ്ദേശങ്ങൾ കാണാം. അവർ നടത്തിയ പോരാട്ടങ്ങളും വിജയങ്ങളും കർത്താവാണ് അവരെ നയിച്ചിരുന്നത് എന്നതിനുള്ള സൂചനയാണ്. ആദ്യഭാഗത്ത് ജോഷ്വായെ കർത്താവു ശക്തിപ്പെടുത്തുന്നു (1:9). അതോടൊപ്പംതന്നെ, മോശയുടെ നിയമങ്ങളോടു വിശ്വസ്തത പുലർത്താനും ആവശ്യപ്പെടുന്നു (1:7). ദൈവത്തിന്റെ അദ്ഭുതകരമായ ഇടപെടൽമൂലം ഇസ്രായേൽജനം ചെങ്കടൽ കടന്നതിനെ അനുസ്മരിപ്പിക്കുംവിധം അവർ കടന്നപ്പോൾ ജോർദാൻ നദിയിലെ വെള്ളം മതിൽക്കെട്ടുപോലെ നിന്നു (3:16). കാനാൻദേശത്തു പ്രവേശിച്ച ഉടനേ അവിടെ അവർ പെസഹാ ആചരണം നടത്തി (5:10).

തുടർന്ന്, ഇസ്രായേൽജനം കാനാൻദേശം കീഴടക്കാൻ ആരംഭിച്ചു. ജെറീക്കോ വളരെ അദ്ഭുതകരമായാണ് അവർ കീഴടക്കിയത് (6:1-27). ജോഷ്വായുടെ നേതൃത്വത്തിൽ ഇസ്രായേൽ ജനം നടത്തിയ യുദ്ധങ്ങളുടെ വിവരണങ്ങൾ എന്നതിനെക്കാൾ കർത്താവു നല്കിയ വിജയങ്ങളുടെ പ്രകീർത്തനങ്ങളായിട്ടാണ് ഇവ ഗ്രന്ഥകാരൻ വിവരിക്കുന്നത്. കർത്താവിനോടു വിശ്വസ്തത പുലർത്തിയപ്പോൾ വിജയം നല്കിയ കർത്താവ് അവിശ്വസ്തത കാണിച്ചപ്പോൾ ശിക്ഷയായി പരാജയങ്ങളും അവർക്കു നല്കുന്നതായി കാണാം. ആയ് പട്ടണം കീഴടക്കാനുള്ള ശ്രമത്തിൽ അവർ പരാജയപ്പെടുന്നത് ഇതിനൊരുദാഹരണമാണ് (7:1-12). ദൈവത്തോടു ചേർന്നു നിന്നുള്ള യുദ്ധത്തിൽ ഇസ്രായേൽ അത്ഭുതകരമായ വിജയം വരിക്കുന്നതു കണ്ടപ്പോൾ കാനാനിലെ ദേശവാസികൾ വിഭ്രാന്തരായി. തങ്ങൾ നിശ്ചയമായും പരാജയപ്പെടുമെന്നുറപ്പാക്കിയ ഗിബയോൺകാർ ചതിവിൽ ജോഷ്വായുമായി ഉടമ്പടി ചെയ്തു തങ്ങളുടെ ജീവൻ രക്ഷിച്ചു (ജോഷ്വാ 9). നശിപ്പിക്കണമെന്നു ദൈവം കല്പിച്ച കാനാൻ ദേശവാസികളിൽപ്പെട്ടവരാണെങ്കിലും അവരുമായി ദൈവനാമത്തിൽ ഉടമ്പടി ചെയ്തുപോയതിനാൽ പിന്നീട് അവരെ നശിപ്പിക്കാൻ ഇസ്രായേലിനു കഴിഞ്ഞില്ല (9:18).

തുടർന്ന് ആദ്യം ദേശത്തിന്റെ തെക്കോട്ടും പിന്നെ വടക്കോട്ടും നടത്തിയ രണ്ടു യുദ്ധപര്യടനങ്ങളിലൂടെ ജോഷ്വാ കാനാൻദേശം മുഴുവൻ കീഴടക്കി. ജറുസലെം രാജാവായ അദോനിസേദെക്കിന്റെ നേതൃത്വത്തിൽ അഞ്ചു രാജാക്കന്മാർ ഒത്തുകൂടി ഇസ്രായേല്യരെ ആക്രമിച്ചപ്പോഴും കർത്താവിന്റെ കരം അവരുടെ കൂടെ ഉണ്ടായിരുന്നതിനാൽ തങ്ങൾക്കെ

തിരേ യുദ്ധം ചെയ്തവരെ തോല്പിക്കാൻ ഇസ്രായേല്യർക്കു കഴിഞ്ഞു (10:1-43; 11:1-23). അങ്ങനെ ദേശത്തിന്റെ തെക്കുഭാഗം ജോഷ്വാ കീഴട ക്കി. കർത്താവിനോടുള്ള ജോഷ്വായുടെ തീക്ഷ്ണമായ പ്രാർത്ഥനയ്ക്കു സൂര്യനെ നിശ്ചലമാക്കിക്കൊണ്ട് കർത്താവ് ഉത്തരമരുളി.

ഇസ്രായേലിന്റെ ആഗമനം കണ്ടു ഭയന്ന വടക്കൻ രാജാക്കന്മാർ ഗലീലിയിലെ ഹസോർ രാജാവായ യാബിന്റെ നേതൃത്വത്തിൽ ഇസ്രാ യേലിനെ എതിർത്തെങ്കിലും ദൈവം അവരെ പരാജയപ്പെടുത്തി (11:1-23). അങ്ങനെ ദേശം മുഴുവൻ ഇസ്രായേലിന്റെ അധീനതയിലായി. അതിനു ശേഷം ജോഷ്വാ കീഴടക്കിയ രാജ്യങ്ങളുടെ ഒരു പട്ടിക 12-ാം അധ്യായം നല്കുന്നുണ്ട്. അങ്ങനെ ദേശവിഭജനത്തിനുള്ള വേദി ഒരുങ്ങി.

ഇസ്രായേലിലെ 9 ഗോത്രങ്ങൾക്കും ഒരു അർദ്ധഗോത്രത്തിനുമാ യി ജോഷ്വാ കാനാൻദേശം വിഭജിച്ചുകൊടുക്കുന്നതും ഉടമ്പടി ചെയ്യു ന്നതുമാണു 13-22 അധ്യായങ്ങൾ വിവരിക്കുന്നത്. തങ്ങൾ ഇനിയും കീഴടക്കാനുള്ള പ്രദേശങ്ങളേക്കുറിച്ചും ഇവിടെ സൂചിപ്പിക്കുന്നുണ്ട് (13:1-7). ലേവിയുടെ പിൻഗാമികൾക്കു സ്വത്തൊന്നും നീക്കിവച്ചില്ല. അവർ പുരോഹിതഗോത്രമായതുകൊണ്ടു ദൈവംതന്നെയാണ് അവ രുടെ അവകാശം (13:33; 14:14). ആകെ 9 ഗോത്രത്തിനും ഒരു അർദ്ധ ഗോത്രത്തിനുമാണു ജോഷ്വാ കാനാൻദേശം വിഭജിച്ചുനല്കുന്നത്. റൂബന്റെയും ഗാദിന്റെയും ഗോത്രങ്ങൾക്കും, മനാസ്സെയുടെ അർദ്ധ ഗോത്രത്തിനും ജോർദ്ദാനു മറുകരയിൽ മോശതന്നെ അവകാശം നല്കി യിരുന്നു (13:15-33; 14:3; 18:7). യൂദാ ഗോത്രത്തിനും ജോസഫിന്റെ പുത്രന്മാരായ മനാസ്സെയുടെയും എഫ്രായിമിന്റെയും ഗോത്രങ്ങൾക്ക് അവകാശം ലഭിച്ചു (16-17). ബാക്കിയുണ്ടായിരുന്ന 7 ഗോത്രങ്ങൾക്കു ജോഷ്വാ നറുക്കിട്ടാണു ദേശം വീതിച്ചു കൊടുക്കുന്നത്. അവ ബഞ്ച മിൻ, ശിമയോൻ, സെബുലൂൻ, ഇസാക്കാർ, ആഷേർ, നഫ്താലി, ദാൻ എന്നിയവയാണ് (18:1-19:51).

അബദ്ധവശാൽ ആരെയെങ്കിലും കൊല്ലാൻ ഇടയായവർക്കു പ്രതി കാരകനിൽനിന്നും ഓടിയൊളിക്കാനുള്ള അഭയനഗരങ്ങളെക്കുറിച്ചും ഗ്രന്ഥം നിർദ്ദേശങ്ങൾ നൽകുന്നുണ്ട് (20:1-9).

ഈ ഗ്രന്ഥത്തിന്റെ അവസാനഭാഗത്ത് ജോഷ്വാ ദൈവവും ദൈവ ത്തിന്റെ ജനവും തമ്മിലുള്ള ഉടമ്പടി ഉറപ്പിച്ചു (23-24). അന്യദേവന്മാ രെയെല്ലാം ഉപേക്ഷിക്കാമെന്നും കർത്താവിനെമാത്രം ദൈവമായി ആരാ ധിക്കാമെന്നും ജനം വാക്കുകൊടുത്തു ചെയ്ത ഒരു നിയമാവർത്തന ഉടമ്പടിയായിരുന്നു അത് (24:14-18). ദൈവം താൻ വാഗ്ദാനം ചെയ്തി രുന്നതുപോലെ കാനാൻദേശം കീഴടക്കുന്നതിൽ അദ്ഭുതകരമായ





വിജയം നല്കി ഇസ്രായേൽജനത്തോടു വിശ്വസ്തത പുലർത്തി.ഇനി അവിടുത്തെ തിരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേൽക്കാർ തിരിച്ചും ദൈവത്തെ ആത്മാർത്ഥമായി സ്നേഹിക്കാനും അവിടുത്തെ കൽപന കളോടു വിശ്വസ്തത പുലർത്തി അവിടുത്തെ സ്വന്തം ജനമായിരിക്കാനും കടപ്പെട്ടവരാണ്. അതിനാൽ ഷെക്കെമിൽ വച്ച് അവർ ദൈവത്തിന്റെ പ്രിയജനമായിരുന്നുകൊള്ളാമെന്ന് ഉടമ്പടി ചെയ്തു (24:1-28).

കാനാൻദേശം നേടിയെടുക്കാനായി ഇസ്രായേൽക്കാരെ ശക്തിപ്പെ ടുത്തിയ ദൈവം അത്ഭുതകരമാംവിധം അത് അവർക്കു നല്കി. ഒന്നുമ ല്ലാതിരുന്ന ഇസ്രായേൽജനം ഏകദൈവത്തോടു വിശ്വസ്തത പുലർത്തി യപ്പോൾ ദൈവം അവർക്കായി അദ്ഭുതങ്ങൾ പ്രവർത്തിച്ചു. അവർ ജോർദാൻനദി കടന്നപ്പോൾ വെള്ളം നിശ്ചലമാക്കിയും (3:16) അമോ ര്യരെ കീഴടക്കുമ്പോൾ കന്മഴ വർഷിച്ചും (10:11) താൻ സർവ്വശക്തനാ ണെന്ന് അവിടുന്നു വെളിപ്പെടുത്തി. ഇസ്രായേൽജനം തങ്ങളെത്തന്ന ദൈവത്തിനു ഭരമേൽപ്പിച്ചതിനാൽ അവിടുന്ന് അവർക്കുവേണ്ടി യുദ്ധം ചെയ്തു. എത്ര ബലഹീനരായാലും ദൈവം കൂടെയുള്ളപ്പോൾ ആരെയും ഭയപ്പെടേണ്ടതില്ല എന്നതാണ് ഈ ഗ്രന്ഥം നല്കുന്ന സന്ദേശം.

ശക്തനും ധീരനുമായിരിക്കണമെന്നും ഭയപ്പെടുകയോ പരിഭ്രമി ക്കയോ ചെയ്യരുതെന്നും നിന്നോടു ഞാൻ കല്പിച്ചിട്ടില്ലയോ? നിന്റെ ദൈവമായ കർത്താവ് നീ പോകുന്നിടത്തെല്ലാം നിന്നോടുകൂടെ ഉണ്ടാ യിരിക്കും(1:9). സർവ്വശക്തനായ ദൈവത്തിന്റെ സ്നേഹവും പരി പാലനയുമെല്ലാം ഈ വചനത്തിലൂടെ പ്രകടമാണ്.

അക്കാരണത്താൽത്തന്നെ തങ്ങൾക്കുണ്ടായ വിജയങ്ങളെ യാഥാർത്ഥ്യത്തിൽ കൂടുതൽ മഹത്വീകരിച്ചു കാണിക്കാൻ വി. ഗ്രന്ഥ കാരൻ പരിശ്രമിക്കുന്നുണ്ട്. വാസ്തവത്തിൽ ജോഷ്വാ കീഴടക്കിയതി നെക്കാൾ വളരെയധികം സ്ഥലം അദ്ദേഹം ജനത്തിനു പങ്കുവച്ചുനല്കു ന്നുണ്ട്. ദൈവം ജോഷ്വാവഴി തങ്ങൾക്കു നല്കിയ ആ ദേശങ്ങൾ നാട്ടുകാരിൽനിന്നു സ്വന്തമാക്കി അതിൽ ജീവിക്കുക എന്നതായിരുന്നു ഗോത്രങ്ങളുടെ ദൗത്യം. ശക്തമായ മതിലുകളുള്ള പട്ടണങ്ങളും സൈന്യങ്ങളുമുണ്ടായിരുന്നതിനാൽ കാനാനിലെ പല പ്രദേശങ്ങളും കീഴടക്കാൻ ഗോത്രങ്ങൾക്കു കഴിഞ്ഞില്ലെന്നതും വ്യക്തമാണ്.

## ജോഷ്വായെന്ന വ്യക്തി

ഇസ്രായേലിന്റെ മരുഭൂമിയാത്രയുടെ അവസരത്തിൽ ജോഷ്വാ മോശ യുടെ സഹായിയായിരുന്നു (പുറ 2:13; ജോഷ്വാ 1:1). തുടർന്ന് അദ്ദേഹം നേതാവായി ജനത്തെ വാഗ്ദത്ത ദേശത്തേക്കു നയിക്കുകയും അവർക്കു ദേശം അവകാശമായി നല്കുകയും ചെയ്തു. (ജോഷ്വാ

19:49–50). അദ്ദേഹം എഫ്രായിം ഗോത്രക്കാരനായിരുന്നിരിക്കണം (ജോഷ്വാ 24:30; 1 ദിന 7:27). ഹൊഷെയാ എന്ന അദ്ദേഹത്തിന്റെ പേര് ജോഷ്വാ എന്നാക്കി മാറ്റിയതു മോശയാണ് (സംഖ്യ 13:16). യാഹ്‌വെ രക്ഷിക്കുന്നു എന്നുതന്നെയാണു രണ്ടുപേരുകളും അർത്ഥമാക്കുന്നത്.

മോശയുടെ നിർദ്ദേശമനുസരിച്ച് അമലേക്യർക്കെതിരേ യുദ്ധം ചെയ്യുന്ന നായകനായാണു ജോഷ്വാ ആദ്യം പ്രത്യക്ഷപ്പെടുന്നത് (പുറ 17:9–13). തുടർന്ന് അദ്ദേഹം സീനായ്മലയിലേക്കു മോശയെ അനുഗമിച്ചു (പുറ 24:13; 32:15–18). സാക്ഷ്യകൂടാരത്തിനടുത്തു ശുശ്രൂഷ ചെയ്തു (പുറ 33:11; അപ്പ 7:44–45). കാനാൻദേശം ഒറ്റുനോക്കാൻ പോയവരിൽ ജോഷ്വായുമുണ്ടായിരുന്നു (സംഖ്യ 13–14). തന്റെ മരണ സമയമായപ്പോൾ മോശ ജോഷ്വായെ തന്റെ പിൻഗാമിയായി നിയമിച്ചു (സംഖ്യ 27:12–23; നിയ 3:23–28). ജോഷ്വാ ഈ ദൗത്യം ഏറ്റെടുക്കുകയും അതു പൂർത്തിയാക്കുകയും ചെയ്തു. അതിന്റെ അന്ത്യത്തിൽ യാഹ്‌വെയുമായുള്ള അതിപ്രധാനമായതും ചരിത്രപരവുമായ ഒരു ഉടമ്പടിയിലേക്ക് ജനത്തെ അദ്ദേഹം നയിച്ചു.

ജോഷ്വാ മോശക്കു ചേർന്ന പിൻഗാമിയായിരുന്നു. മോശയോടൊപ്പമെന്നപോലെ ദൈവസാന്നിധ്യം ജോഷ്വായോടൊപ്പവുമുണ്ടായിരുന്നു (ജോഷ്വാ 1:5; 3:7; 4:14). മോശ ജനത്തെ ഞാങ്ങണക്കടൽ (ചെങ്കടൽ) കടത്തിയതുപോലെതന്നെ ജോഷ്വാ അവരെ ജോർദാൻ കടത്തി (ജോഷ്വാ 4:23). ജോർദാനക്കരെ മോശ രണ്ടര ഗോത്രങ്ങൾക്കു ഭൂമി അവകാശമായി നല്കിയതുപോലെ വാഗ്ദത്തദേശത്ത് ഒമ്പതര ഗോത്രങ്ങൾക്കു ജോഷ്വായും ഭൂമി അവകാശമായി നല്കി (ജോഷ്വാ 13:8–13; 14:1–19:51). മോശയെപ്പോലെതന്നെ ജോഷ്വായും ദൈവവും ഇസ്രായേലും തമ്മിലുള്ള ഉടമ്പടിയുടെ മദ്ധ്യസ്ഥനായി (പുറ 20–24; ജോഷ്വാ 24:29); മോശയെയും ജോഷ്വായെയും "കർത്താവിന്റെ ദൂതൻ" എന്നാണു വചനം വിശേഷിപ്പിക്കുന്നത് (ജോഷ്വാ 1:1; 8:31).

എന്നാൽ വചനപാരമ്പര്യത്തിൽ ജോഷ്വാ മോശയോളം വലിയവനല്ല. ചില വചനഭാഗങ്ങളനുസരിച്ച് ജോഷ്വാ മോശയ്ക്കു കീഴിലാണെന്നു മാത്രമല്ല (സംഖ്യ 11:26–29; 27:20–21) ജോഷ്വായുടെതിനെക്കാൾ കൂടുതൽ കർമ്മങ്ങൾ മോശ ചെയ്തുതീർത്തു (പുറ 7:11; 14:21–31; 15:22–25; 17:1–7; സംഖ്യ 20:2–13) ജോഷ്വാ ജനത്തിനുവേണ്ടി ദൈവസന്നിധിയിൽ മാദ്ധ്യസ്ഥ്യം വഹിക്കുന്നുണ്ടെങ്കിലും (7:6–9) മോശയുടെ മാദ്ധ്യസ്ഥ്യത്തിനടുത്തെത്തുന്നില്ല (പുറ 32:11–14; സംഖ്യ 11:12; 12:13; 14:13–19; 21:7). കർത്താവിനുവേണ്ടി മോശ സംസാരിച്ച കാര്യങ്ങൾ ജോഷ്വാ





സംസാരിച്ചതിനെക്കാൾ വളരെ അധികമാണ്. മോശ പഠിപ്പിച്ച നിയമങ്ങൾ അനുസരിക്കേണ്ടവനായിരുന്നു ജോഷ്വാ (ജോഷ്വാ 1:7–8, 13; 4:10; 8:30–35; 11:12–15; 22:2; 23:6). പുതിയ നിയമത്തിൽ മോശയെക്കുറിച്ച് എൺപതോളം പരാമർശങ്ങളുണ്ട്, എന്നാൽ ജോഷ്വായെക്കുറിച്ചു മൂന്നെണ്ണം മാത്രമാണുള്ളത് (ലൂക്ക 3:29; അപ്പ 7:45; ഹെബ്രാ 4:8).

## ഉന്മൂലനനിയമം (ഹേരെം)

ജോഷ്വായുടെ ഗ്രന്ഥത്തിൽ വളരെയേറെ ക്രൂരതകളെക്കുറിച്ചു വിവരിച്ചിട്ടുണ്ട്. ദൈവജനമായ ഇസ്രായേൽ ഏതെങ്കിലും ഒരു രാജ്യത്തെ യുദ്ധത്തിൽ കീഴ്പ്പെടുത്തിയാൽ അവിടെയുള്ള മനുഷ്യരെയും മൃഗങ്ങളെയുമെല്ലാം നിശ്ശേഷം നശിപ്പിക്കണമെന്നതായിരുന്നു നിയമം (ജോഷ്വ 2:34; 3:6; 6:18–24; 7:1, 11–13, 15, 24–25; കാണുക ലേവ്യ 27:28–29; സംഖ്യ 21:2; 18:4; നിയ 7:1–4, 26; 1സാമു 15:3, 8–11; 2രാജാ 19:11; 1ദിന 4:11). എന്തുകൊണ്ടാണ് ഇങ്ങനെ ചെയ്യണമെന്നു പറഞ്ഞിരുന്നത് എന്നതിനു രണ്ടു വ്യാഖ്യാനങ്ങളുണ്ട്: 1. അതു ദൈവത്തോടുള്ള ഭക്തിയുടെ പ്രകടനമായിരുന്നു. ഈജിപ്തിൽനിന്ന് ഇറങ്ങിയ ഇസ്രായേൽ ജനം ചരിത്രപരമായി വളരെ ചെറിയ ഒരു കൂട്ടമായിരുന്നു. ഈജിപ്തുകാരുടെ ദിനവൃത്താന്തങ്ങളിലൊന്നും അടിമകളുടെ ഒരു വലിയ ഗ്രൂപ്പ് അവിടം വിട്ടുപോയതായി പറയുന്നില്ല. ബലഹീനരായ ആ ജനം കാനാനിലെത്തി. അവിടെയുണ്ടായിരുന്ന നാട്ടുകാരെ ആ ദേശത്തുനിന്നു തുരത്തുകയോ നശിപ്പിക്കുകയോ ചെയ്തു. സാവധാനം അവർ ശക്തമായ ഒരു ജനമായിത്തീർന്നു. യാതൊരു ശക്തിയുമില്ലാതിരുന്ന തങ്ങൾക്കു ലഭിച്ച വിജയമൊക്കെയും ദൈവത്തിനു തന്റെ ജനത്തോടുള്ള കരുതലിന്റെ അടയാളമായി അവർ കണ്ടു.

സാധാരണയായി രാജാക്കന്മാർ വസന്തകാലത്ത് അന്യനാടുകളിലേയ്ക്കു യുദ്ധത്തിനു പോയിരുന്നു (2സാമു 11:1). യുദ്ധത്തിൽ പിടിച്ചെടുക്കുന്ന മനുഷ്യരും മൃഗങ്ങളും കൊള്ളവസ്തുക്കളുമായിരുന്നു ആ വർഷത്തെ രാജ്യത്തിന്റെ പ്രധാനപ്പെട്ട ഒരു വരുമാനമായി അവർ കണ്ടിരുന്നത്. അശക്തരായ തങ്ങൾ ശക്തരും നാട്ടുകാരുമായ കാനാൻകാർക്കെതിരേ യുദ്ധം ചെയ്തപ്പോൾ ദൈവത്തിന്റെ പ്രത്യേകമായ പരിപാലനയുടെ ഫലമായാണു തങ്ങൾ വിജയിച്ചത് എന്ന് ഇസ്രായേൽ വിശ്വസിച്ചു. ഇങ്ങനെ ദൈവിക ശക്തിയുടെ ഫലമായി തങ്ങൾ നേടുന്നതെല്ലാം ദൈവത്തിനുതന്നെ സമർപ്പിക്കുന്നതിന്റെ പ്രതീകമായിരുന്നു എല്ലാവരെയും വധിക്കാനുള്ള കൽപന. ദൈവസഹായത്താൽ നേടിയ വിജയത്തിൽനിന്നു ഭൗമിക ലാഭം കൊയ്യാൻ അവർ ആഗ്രഹിച്ചില്ല എന്നതിന്റെ അടയാളമായിരുന്നു *ഹേരെം.* ഇന്നത്തെ

ധാർമ്മികനിയമങ്ങളല്ല പഴയകാല ജനങ്ങളെ നയിച്ചിരുന്നത്. അതുകൊണ്ടുതന്നെ ഇന്നത്തെ ധാർമ്മിക മാനദണ്ഡമനുസരിച്ച് അവരെ വിധിക്കാനും കഴിയില്ല.

2. അതു നിയമാവർത്തകന്റെ ഏകദൈവ വിശ്വാസചിന്തയിൽനിന്നു വന്ന ഒരു പ്രായോഗിക ദൈവശാസ്ത്രമായിരുന്നു. അന്യ രാജ്യക്കാർ സ്വാഭാവികമായും അന്യദേവന്മാരെയാണ് ആരാധിച്ചിരുന്നത്. അവരുമായി ഇടകലർന്നു ജീവിച്ചാൽ സാവധാനം ആ ജനങ്ങൾ വിശ്വാസികളെ ആ ദേവന്മാരിലേക്കു നയിക്കുകയും അങ്ങനെ സത്യദൈവം അവഗണിക്കപ്പെടുകയും ചെയ്യും. ഇസ്രായേലിന്റെ ചരിത്രത്തിലെ മറക്കാനാവാത്ത അനുഭവമായിരുന്നു ഇത്. ഇസ്രായേലിലെ ഏറ്റവും വലിയ ജ്ഞാനിയായ സോളമൻപോലും ഈ തെറ്റിൽ നിപതിച്ചിട്ടുണ്ട്. അതുകൊണ്ടു സത്യവിശ്വാസം കാത്തുസൂക്ഷിക്കണമെങ്കിൽ മിശ്രവിവാഹത്തിൽനിന്ന് അകന്നിരിക്കേണ്ടതുണ്ട് എന്നു നിയമാവർത്തകൻ പഠിപ്പിച്ചു. മിശ്രവിവാഹത്തിനുള്ള സാധ്യത ഒഴിവാക്കാനുള്ള ഒരു പരിശ്രമമാണു ദേശവാസികളുടെ ഉന്മൂലനത്തിനുള്ള നിയമത്തിൽ കാണുന്നത്. നിയമാവർത്തകന്റെ ചിന്തയനുസരിച്ചു വിഗ്രഹാരാധനയാണ് ഏറ്റവും വലിയ പാപം.

## ജോഷ്വായുടെ ഗ്രന്ഥവും ദേശം കൈവശമാക്കലും

മധ്യപൂർവ്വദേശത്തെ പ്രധാന സാമ്രാജ്യശക്തികളായിരുന്ന ഈജിപ്ത്തുകാരും ഹിത്യരും മെസൊപ്പൊട്ടേമിയക്കാരും ബലഹീനരായിരുന്ന കാലഘട്ടത്തിലാണ് ജോഷ്വായുടെ ഗ്രന്ഥം വിവരിക്കുന്ന കാര്യങ്ങൾ സംഭവിച്ചത്. മെസൊപ്പൊട്ടേമിയായിലെ വൻ ശക്തിയായിരുന്ന അസ്സീറിയ അന്നു ശക്തമായിരുന്നില്ല. ബി.സി. 1295-ൽ ഹിത്യർ ഈജിപ്തിനെതിരേ പൊരുതിയ കാദേഷു യുദ്ധത്തിന്റെ ഫലമായി ഈ രണ്ടു രാജ്യങ്ങളുടെയും ശക്തി ക്ഷയിച്ചിരുന്നു. കൂടാതെ ക്രീറ്റിൽനിന്നും ഗ്രീസിലും തുർക്കിയിലും നിന്നുമായി കപ്പലിൽ വന്ന സമുദ്രജനതയെ (Sea People) എതിർത്തു തോൽപ്പിച്ച ഈജിപ്ത് അന്നു കൂടുതൽ ബലഹീനമായിരുന്നു. ഈജിപ്തിനെ ലക്ഷ്യമാക്കി വന്ന ഹപീറു എന്ന ഈ ജനവിഭാഗം പരാജയപ്പെട്ടപ്പോൾ അവർ ഈജിപ്തിനോടു ചേർന്നു കിടക്കുന്ന സ്ഥലമായ പലസ്തീനായിലെ തെക്കൻ തീരപ്രദേശത്തു പ്രവേശിച്ച് അവിടെയുള്ള ദേശവാസികളെ തുരത്തിയശേഷം കടലിനു സമീപമായി അഞ്ചു നഗരങ്ങൾ പടുത്തുയർത്തി വാസമാരംഭിച്ചു. ഇവരാണു പിന്നീട് ഫിലിസ്ത്യർ എന്നറിയപ്പെട്ടത്. എക്രോൺ, അഷ്ദോദ്, അഷ്കെലോൺ, ഗാത്ത്, ഗാസ എന്നിവയായിരുന്നു ഈ ഫിലിസ്ത്യ നഗരങ്ങൾ.





ആരംഭകാലത്ത് ദേശത്തിന്റെ ഭരണകർത്താക്കളായിരുന്നില്ലെങ്കിലും അവർക്കു ദേശവാസികളുടെമേൽ വലിയ സ്വാധീനമുണ്ടായിരുന്നു. മാത്രമല്ല അവർക്കു മാത്രമേ അക്കാലത്ത് ഇരുമ്പു നിർമ്മിക്കാനും അതു പയോഗിക്കാനും അറിയാമായിരുന്നുള്ളു. അതുകൊണ്ടുതന്നെ അവരുടെ ആയുധങ്ങൾ ദേശവാസികളുടെ പിച്ചള ആയുധങ്ങളുടെ മേൽ ആധിപത്യം പുലർത്തി (1സാമു 13:19-22). പിന്നീടു വന്ന കാലഘട്ടത്തിൽ ഈ ഫിലിസ്ത്യർ ഇസ്രായേലിന്റെ പ്രധാന ശത്രുക്കളായി മാറി (ഉദാ. ഗോലിയാത്ത്). എന്നാൽ പ്രാരംഭകാലത്ത് അങ്ങനെയായിരുന്നില്ല. ഫിലിസ്ത്യർ ദേശവാസികളെ ബലഹീനമാക്കിയിരുന്നതിനാൽ അവരിൽ നിന്നും ദേശം പിടിച്ചെടുക്കുക ഇസ്രായേലിന് എളുപ്പമായിരുന്നു. കൂടാതെ കാനാന്യർ ബലഹീനരായിരുന്ന ദേശത്തിന്റെ കിഴക്കു ഭാഗത്തുകൂടിയാണ് ജോഷ്വാ പ്രവേശിച്ചതും കീഴടക്കൽ ആരംഭിച്ചതും.

## പിടിച്ചെടുത്തതോ വാസമാരംഭിച്ചതോ?

ജോഷ്വായുടെ ഗ്രന്ഥം വിവരിക്കുന്നതനുസരിച്ച് ഇസ്രായേൽ ഗോത്രങ്ങളെല്ലാം ഒന്നുചേർന്നു ജോർദാൻ കടന്നു പാലസ്തീന കീഴ്പ്പെടുത്തി അവിടെ വാസമാരംഭിക്കുകയായിരുന്നു. എന്നാൽ ഭൂഗർഭ ഗവേഷണങ്ങളും ചരിത്രരേഖകളും ബൈബിളിലെതന്നെ മറ്റു ചില വചനഭാഗങ്ങളും വിശകലന വിഷയമാക്കുമ്പോൾ അത്രയും ലളിതമായ ഒരു പ്രക്രിയ ആയിരുന്നില്ല ദേശം കൈവശമാക്കൽ എന്നു കാണാനാകും. കാരണം, ഒന്നാമതായി, ജോഷ്വാ ഉടമ്പടി ചെയ്യുന്ന സമയത്ത് ആ ജനത്തിനു പഴയ ഒരുടമ്പടിയെക്കുറിച്ചു ബോധ്യങ്ങളൊന്നുമില്ലെന്നു വിവരണത്തിൽനിന്നു വ്യക്തമാണ് (ജോഷ്വാ 24:14-16). ജോഷ്വായുടെ ഈ ഉടമ്പടി ഏകദൈവവിശ്വാസം സ്വീകരിക്കാനുള്ള ഒരു ക്ഷണമായിരുന്നു. രണ്ടാമതായി, ബൈബിളിലെ വിവരണങ്ങൾ തന്നെ വായിച്ചാൽ ഇസ്രായേല്യർ എല്ലാവരും ജോഷ്വായുടെ നേതൃത്വത്തിലല്ല കാനാനിൽ പ്രവേശിച്ചത് എന്നു കാണാം. ഒരു വിഭാഗം ജറീക്കോയിലൂടെ പ്രവേശിക്കാതെ വടക്കോട്ടു നീങ്ങി ഗോളാൻ കീഴടക്കി. (ജോഷ്വാ 21:27; സംഖ്യ 32:31-33). ചിലർ വാഗ്ദത്ത ദേശത്തിന്റെ തെക്കുഭാഗത്തു കൂടി കടന്നു ദേശത്തു താമസമാക്കിയെന്നാണു ഗ്രഹിക്കാൻ കഴിയുന്നത് (നിയ 3:8-11; സംഖ്യ 21:13; 14:39-45). ഇക്കാരണങ്ങളാലും മറ്റു പല ശാസ്ത്രീയ കാരണങ്ങളാലുമാണ് ഇസ്രായേൽക്കാരെല്ലാവരും ജോഷ്വായുടെ നേതൃത്വത്തിൽ ദേശത്തിന്റെ കിഴക്കു ഭാഗത്തുകൂടി പ്രവേശിച്ചവരല്ലെന്നു പണ്ഡിതന്മാർ കരുതുന്നത്. മാത്രമല്ല ബൈബിൾ വിവരിക്കുന്നതനുസരിച്ച് 30 ലക്ഷത്തോളം ആളുകൾ മരുഭൂമിയിൽ 40 വർഷക്കാലം വസിച്ചുവെന്ന വിവരണവും അഗ്രാഹ്യമാണ്. അവർ

കാനാൻ ദേശത്തു പ്രവേശിച്ചതുമുതൽ മന്ന നിലച്ചു, തുടർന്ന് അവർ ദേശത്തെ വിളയും ഭക്ഷിച്ചുവെന്ന വിവരണവും യുക്തിരഹിതമാണ് (5:12).

ഇസ്രായേൽ കാനാൻ ദേശത്തു പ്രവേശിച്ചതെങ്ങനെയെന്ന് അവ്യക്തമായ ഈ പശ്ചാത്തലത്തിൽ, ഇസ്രായേൽ എങ്ങനെയായിരുന്നിരിക്കാം ദേശം കൈവശമാക്കിയത് എന്നതിനെക്കുറിച്ചു പണ്ഡിതന്മാർ അനേകം ശാസ്ത്രീയ അനുമാനങ്ങൾ നടത്തി. അത്തരത്തിലുള്ള ഒരു ഡസനിലേറെ അനുമാനങ്ങൾ സാധാരണ പഠനഗ്രന്ഥങ്ങളിൽ കണ്ടെത്താനാകും. അവയിൽ വളരെ കൂടുതൽ അംഗീകരിക്കപ്പെട്ടിരിക്കുന്ന ചിലതു താഴെ ചേർക്കുന്നു.

ആൽബ്രെഹ്റ്റ് ആൾട്ട്, മാർട്ടിൻ നോത്ത്, യോഹന്നാൻ അഹറോണി തുടങ്ങിയ പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ ഇസ്രായേൽ ഒരു യുദ്ധം കൂടാതെയാണു ദേശത്തു പ്രവേശിച്ചത്. ഇസ്രായേലിലെ എല്ലാ വിഭാഗങ്ങളും ഒരുമിച്ചു ദേശത്തു പ്രവേശിച്ചതുമില്ല. ചില വിഭാഗങ്ങൾ ജോഷ്വായോടൊപ്പം ജോർദാൻ കടന്നു ദേശത്തു പ്രവേശിച്ചപ്പോൾ മറ്റുചിലവ ദേശത്തിന്റെ തെക്കുഭാഗത്തുകൂടി ബേർഷേവാ, ഹെബ്രോൺ എന്നീ പ്രദേശങ്ങളിലേക്കു പ്രവേശിക്കുകയായിരുന്നു. ഇസ്രായേലിലെ ചില വിഭാഗങ്ങൾ ഒരിക്കലും ഈജിപ്തിൽ അടിമത്വത്തിലായിരിക്കുകയോ ദേശത്തിനു പുറത്തു പോവുകയോ ചെയ്തിട്ടില്ല. അവർ ദേശക്കാർ തന്നെയായിരുന്നു. ദേശത്തു വന്നുചേർന്നവരോടു കൂടിച്ചേർന്നവരാണവർ. അങ്ങനെയുള്ളവരുടെ പട്ടണങ്ങളാണ് ആദ്യം ഇസ്രായേലിന്റെ അധീനതയിൽ വന്നത്. അതുകൊണ്ടുതന്നെ അതവർക്കു കീഴടക്കേണ്ടി വന്നതുമില്ല. ഉദാ. ഷെക്കെം പോലുള്ള പുരാതന പട്ടണങ്ങൾ ഇസ്രായേൽ യുദ്ധത്തിലൂടെ കീഴ്പ്പെടുത്തിയതായി പറയുന്നില്ല. മതപരമായ മാനസാന്തരമോ വന്നവരുടെ സാമൂഹ്യശക്തിയോ അന്നു ദേശത്തുണ്ടായിരുന്ന പ്രമാണികളുടെയും ധനികരുടെയും അധീശത്വത്തോടുള്ള എതിർപ്പോ അങ്ങനെ എന്തെങ്കിലുമാകാം അന്നാട്ടുകാർ വന്നുചേർന്നവരോടു കൂട്ടുചേരാൻ കാരണമായത്.

പ്രബലമായ മറ്റൊരനുമാനമനുസരിച്ച് പുരാതന പട്ടണങ്ങളിലുണ്ടായിരുന്ന പ്രമാണിമാരുടെയും മറ്റും നിയന്ത്രണത്തിൽ പാലസ്തീനായിലെ ഗ്രാമവാസികൾ അസ്വസ്ഥരായതിന്റെ ഫലമായി അനേകം കൊള്ളസംഘങ്ങളും അരാജകത്വവും ഉടലെടുത്തിരുന്ന ഒരു സമൂഹത്തിലേക്കാണു ജോഷ്വായുടെ നേതൃത്വത്തിലുള്ള ഒരു കൂട്ടം കടന്നുവന്നത്. ദരിദ്രരും കർഷകരും അടിച്ചമർത്തപ്പെട്ടവരുമായിരുന്ന ഗ്രാമവാസികൾ ജോഷ്വായുടെയും കൂട്ടരുടെയും വിമോചകനായ ദൈവത്തിൽ ആകൃഷ്ടരാവുകയും അവരോടുചേർന്ന് അധികാരവർഗ്ഗത്തിനെതിരേ പടവെട്ടുകയും ചെയ്തിരിക്കാം. തന്റെ ജനത്തെ മോചിപ്പിക്കാനായി ഇസ്രായേലിന്റെ ദൈവം ഈജിപ്തിൽ ചെയ്തത് ഇവിടെയും ആവർത്തിക്കുമെന്ന വിശ്വാസമായിരുന്നിരിക്കാം അവരെ ഈ പ്രവൃത്തിക്കു പ്രേരിപ്പിച്ചത്. അങ്ങനെ ദേശത്തെ അരാജകത്വത്തിന്റെ ഫലമായി അസ്വസ്ഥരായിരുന്നവർ അങ്ങോട്ടു കടന്നുവന്ന ജോഷ്വായുടെ കൂടെച്ചേർന്നതിന്റെ ഫലമായാണ് ഇസ്രായേൽ ജനിച്ചത് എന്നു ജോർജ്ജ് മെൻഡൻഹാൾ, നോർമ്മൻ ഗോട്ട്വാൾഡ് മുതലായ പണ്ഡിതന്മാർ കരുതുന്നു. അതായത് ജോഷ്വായുടെ നേതൃത്വത്തിൽ കടന്നുവന്ന ഒരു ചെറിയ വിഭാഗം ആളുകളും ദേശത്തുണ്ടായിരുന്ന വലിയ ഒരു വിഭാഗവും ചേർന്നു രൂപീകൃതമായതാണ് ഇസ്രായേൽ. ഈ രൂപീകരണത്തിന്റെ ഉടമ്പടിയാണു ജോഷ്വാ 24-ൽ നടക്കുന്നത്.

യാഥാർത്ഥ്യം ഇതെല്ലാം കൂടിച്ചേർന്നതാകാനാണു സാധ്യത. ജോഷ്വായുടെ നേതൃത്വത്തിൽ വന്ന ഒരു ചെറിയ വിഭാഗം, മറ്റ് ആളുകളുടെ നേതൃത്വത്തിൽ ദേശത്തിന്റെ തെക്കുഭാഗത്തുകൂടിയും വടക്കുഭാഗത്തുകൂടിയും വന്നവർ, ദേശത്തെ അധികാരവർഗ്ഗത്തോടു മറുതലിച്ചു ജോഷ്വായോടു കൂടിയവർ എന്നിവരെല്ലാം കൂടി ജോഷ്വായുടെ ഉടമ്പടിയിലൂടെ ഒരു ജനമായി മാറിയതായിരിക്കണം ഇസ്രായേൽ. ന്യായാധിപന്മാരുടെ ഗ്രന്ഥത്തിലെ വിവരണമനുസരിച്ചു കാനാൻ ദേശത്തെ പ്രധാന പട്ടണങ്ങളായ മെഗിദ്ദോ, ബേത്ത്ഷെയാൻ, താനാക്, ഗേസെർ, ദോർ എന്നിവ ജോഷ്വാ കൈയ്യടക്കിയിരുന്നില്ല. ഷെക്കെം പോലെയുള്ള ചില പട്ടണങ്ങൾ അവർ പിടിച്ചടക്കാതെതന്നെ സ്വന്തമാവുകയും ചെയ്തു. കൂടാതെ ജോഷ്വാ 10:36 അനുസരിച്ച് ഹെബ്രോൺ കീഴ്പ്പെടുത്തിയതു ജോഷ്വായാണ് എന്നാൽ ന്യായ 1:10 അനുസരിച്ച് അതു പിന്നീടു യൂദാക്കാരാണു കീഴ്പ്പെടുത്തിയത്. ജോഷ്വാ 10:38 അനുസരിച്ചു ദെബീർ കീഴടക്കിയതു ജോഷ്വായാണ്. എന്നാൽ ജോഷ്വാ 15:13-19 വിവരിക്കുന്നതനുസരിച്ച് അതു കീഴ്പ്പെടുത്തിയത് ഒത്നിയേലാണ്. ന്യായ 4, ജോഷ്വാ 11 മുതലായ ഭാഗങ്ങൾ വിവരിക്കുന്ന കാര്യങ്ങൾ പരസ്പരം ചേർന്നുപോകുന്നില്ല. അതായത്, വളരെ ലളിതമായ തത്വങ്ങൾകൊണ്ടു വിശദീകരിക്കാൻ കഴിയുന്നതല്ല വാഗ്ദത്തനാടിന്റെ കൈയ്യേറ്റ ചരിത്രം.

## 3. ന്യായാധിപന്മാർ

നീതിയും ന്യായവും നടത്തുന്ന വ്യക്തികളായിട്ടല്ല ഈ ഗ്രന്ഥത്തിൽ ന്യായാധിപന്മാർ അറിയപ്പെടുക. മറിച്ച് രാജവാഴ്ചയ്ക്കുമുമ്പ് ഇസ്രായേൽ വ്യത്യസ്ത സ്വതന്ത്രഗോത്രങ്ങളായി ജീവിച്ചിരുന്ന കാലത്തു (ബി.സി. 1250 -1050) ശത്രുക്കളായിരുന്ന കാനാന്യരിൽനിന്ന് അവരെ രക്ഷിക്കാൻ ദൈവത്താൽ വിളിക്കപ്പെട്ട യുദ്ധവീരന്മാരായിരുന്നു അവർ.

ഇസ്രായേൽജനം കാനാൻദേശത്ത് എത്തിയശേഷം ഗോത്രങ്ങളായി വ്യത്യസ്ത സ്ഥലങ്ങളിൽ താമസിച്ചു തുടങ്ങി. പിന്നീട് ഏകദേശം 200 വർഷങ്ങൾക്കുശേഷമാണ് ഈ ഗോത്രങ്ങൾ ഏകീകരിക്കപ്പെട്ടതും രാജഭരണം ആരംഭിച്ചതും. ഇതിനിടയിലുള്ള കാലഘട്ടത്തെ ന്യായാധിപന്മാരുടെ കാലഘട്ടം എന്നു വിളിക്കുന്നു. പൊതുഭരണസംവിധാനം ഇല്ലാതിരുന്ന അക്കാലത്തു ഗോത്രങ്ങൾ ഒറ്റക്കോ കൂട്ടമായോ ശത്രുക്കളെ നേരിടേണ്ടി വന്നപ്പോൾ അവരെ നയിച്ച യുദ്ധവീരന്മാരാണു ന്യായാധിപന്മാർ. ജോഷ്വായുടെ ഗ്രന്ഥത്തിൽ വിവരിച്ചതിന്റെ തുടർച്ചയാണു ന്യായാധിപന്മാർ വിവരിക്കുന്നത്.

വാഗ്ദത്തഭൂമിയിൽ വാസമുറപ്പിച്ച ജനം ആ ഭൂമിയിൽ പിടിച്ചുനിൽക്കുന്നതിനും കൂടുതൽ ദേശങ്ങൾ കൈവശപ്പെടുത്തുന്നതിനുംവേണ്ടി നടത്തിയ പോരാട്ടങ്ങളുടെ ചരിത്രമാണ് ന്യായാധിപന്മാരുടെ ഗ്രന്ഥത്തിൽ വിവരിക്കുന്നത്. ജോഷ്വായുടെ മരണംമുതൽ സാമുവൽ പ്രവാചകനുമുമ്പു ന്യായാധിപനായിരുന്ന സാംസൻവരെയുള്ള കാലത്തെ വ്യത്യസ്ത ഗോത്രങ്ങളുടെ സ്വതന്ത്രചരിത്രമാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. പന്ത്രണ്ടു ന്യായാധിപന്മാരെക്കുറിച്ചുള്ള വിവരണങ്ങൾ ഇവിടെ ദർശിക്കാം.

ജോഷ്വായുടെ ഗ്രന്ഥത്തിൽ നാം സംശയിച്ചതുപോലെ ദേശം മുഴുവൻ ഇസ്രായേൽ കീഴടക്കിക്കഴിഞ്ഞില്ല എന്ന് ഒന്നാം അദ്ധ്യായം വ്യക്തമാക്കുന്നു. മറിച്ച് കാനാൻ ദേശത്തു പ്രവേശിച്ച ഇസ്രായേൽ അനേക നാളുകൾ ദേശവാസികളുടെ ഇടയിൽ വസിക്കുകയാണു ചെയ്തത് (3:1-6). ഗ്രന്ഥത്തിന്റെ ആരംഭത്തിൽത്തന്നെ വളരെ നീണ്ട ഒരവതാരികയിലൂടെ ഗ്രന്ഥം വിവരിക്കുന്ന കാര്യങ്ങൾ നടന്ന കാലത്തെ ചരിത്ര പശ്ചാത്തലത്തെക്കുറിച്ച് ഗ്രന്ഥകർത്താവു നമ്മെ ഉദ്ബോധിപ്പിക്കുന്നുണ്ട് (1:1-2:5). കഴിഞ്ഞ ഗ്രന്ഥത്തിൽ വിവരിച്ച ജോഷ്വായുടെ മരണവും സംസ്കാരവും ഇവിടെ ആവർത്തിക്കുകയും ചെയ്യുന്നു (ജോഷ്വാ 24:28-31).

ന്യായാ 2:11-23 വിവരിക്കുന്നത് അക്കാലഘട്ടത്തിലെ ജനത്തിന്റെ പൊതുസ്വഭാവമാണ്. അതുകൊണ്ടുതന്നെ ഓരോ ന്യായാധിപന്റെയും





കഥയുടെ ആരംഭത്തിൽ ഗ്രന്ഥകർത്താവ് ഒരു പ്രത്യേക പ്രസ്താവന നടത്താറുണ്ട്: "ഇസ്രായേൽ കർത്താവിന്റെ ദൃഷ്ടികളിൽ തിന്മ പ്രവർത്തിച്ചു" (2:11; 3:7; 4:11; 6:1; 10:6; 13:1). അവർ നിലവിളിച്ചപ്പോഴെല്ലാം ദൈവത്തിന് അവരോട് അനുകമ്പ തോന്നുകയും ഒരു ന്യായാധിപനെ അയച്ച് അവരെ അവിടുന്നു രക്ഷിക്കുകയും ചെയ്തു. സ്വതന്ത്രമായ ജനം വീണ്ടും പാപം ചെയ്തപ്പോൾ ദൈവം വീണ്ടും അവരെ പീഡകർക്ക് ഏൽപ്പിച്ചുകൊടുത്തു. ഇപ്രകാരം തുടർച്ചയായി ദൈവത്തിനെതിരേ പാപം ചെയ്തതിനാൽ ദൈവം അവരുടെ ശത്രുക്കളെയെല്ലാം ഒരുമിച്ചു നീക്കം ചെയ്തില്ല (2:16-23).

ദേശത്തു ദൈവം ശേഷിപ്പിച്ച ജനതകളുടെ ഒരു പട്ടിക 3:1-6 നല്കുന്നുണ്ട് (ഫിലിസ്ത്യരുടെ അഞ്ചു പ്രഭുക്കൻമാർ, കാനാന്യർ, സിദോന്യർ, ബാൽഹെർമ്മോൻമലമുതൽ ഹമാത്തിൻെറ പ്രവേശന കവാടം വരെയുള്ള ലബനോൻമലയിൽ താമസിച്ചിരുന്ന ഹിവ്യർ). എന്തുകൊണ്ടാണ് അവരെ ബാക്കിയാക്കിയതെന്നും വിവരിക്കുന്നു: അതായത്, ഭാവിയിലെ തലമുറകൾക്കു യുദ്ധത്തിന്റെ നേരിട്ടുള്ള പരിചയം ലഭിക്കാനും അവർ ദൈവത്തോടു വിശ്വസ്തരായിരിക്കുമോ എന്നു അവരെ പരീക്ഷിക്കാനുമാണത് (3:1-4). എന്നാൽ വിജാതീയരുമായുള്ള ഈ സഹവാസം അവരെ മറ്റൊരു വലിയ തിന്മയായ മിശ്രവിവാഹത്തിലേക്കു നയിച്ചു (3:5-6).

### ഘടന

I. അധ്യാ. 1:1-36: ആമുഖം, വിജാതീയ ജനങ്ങളെ പരാജയപ്പെടുത്തുന്നതിന്റെ വിവരണങ്ങൾ.

II. അധ്യാ. 2:1-5: ദൈവദൂതന്റെ മുന്നറിയിപ്പ്.

III. അധ്യാ. 2:6-3:6 രണ്ടാം ആമുഖം, ഇസ്രായേൽജനം അന്യദേവന്മാരെ ആരാധിച്ചു പാപം ചെയ്യുന്നു

IV. അധ്യാ. 3:7-16:31 പന്ത്രണ്ടു ന്യായാധിപന്മാരെക്കുറിച്ചുള്ള വിവരണങ്ങളും അബിമേലെക്കിന്റെ ചരിത്രവും.

V. അധ്യാ. 17:1-21:25 അനുബന്ധം; ദാൻ-ബഞ്ചമിൻ ഗോത്രങ്ങളിലെ ചില പ്രത്യേക സംഭവങ്ങൾ.

പന്ത്രണ്ടു ന്യായാധിപന്മാരുടെ ചരിത്രം വിവരിക്കുന്നുണ്ടെങ്കിലും അവരിൽ ആറുപേരെക്കുറിച്ചു വളരെ ചെറിയ വിവരണങ്ങൾ മാത്രമേ ഗ്രന്ഥം നല്കുന്നുള്ളൂ. അതിനാൽ അവരെ ചെറിയ ന്യായാധിപന്മാർ എന്നു വേർതിരിക്കാറുണ്ട്; ഷാംഗാർ, തോല, ജായിർ, ഇബ്സാൻ, എലോൺ, അബ്ദോൺ എന്നിവരാണ് ചെറിയ ന്യായാധിപന്മാർ. ഒത്ത്നിയേൽ, ഏഹൂദ്, ബറാക്ക് (ദെബോറയോടൊപ്പം), ഗിദെയോൻ,

യഫ്ത്ത, സാംസൺ എന്നിവരാണു വലിയ ന്യായാധിപന്മാർ. സമൂഹത്തിന്റെ വലിയ പ്രതിസന്ധി ഘട്ടങ്ങളിൽ നേതൃത്വത്തിലേക്കു കടന്നു വന്നു സമൂഹത്തിനുവേണ്ടി പോരാടുകയും അവർക്കുവേണ്ടി യുദ്ധങ്ങളിലൂടെ വലിയ സമ്പത്തു നേടിക്കൊടുക്കുകയും ചെയ്തവരായിരുന്നു ന്യായാധിപന്മാർ.

## ഇസ്രായേലിലെ ന്യായാധിപന്മാർ

### *1) ഒത്ത്നിയേൽ (3:7-11)*

ഒത്ത്നിയേലിന്റെ എതിരാളി പീഡകനായ കുഷാൻ-റിഷത്തായിമാണ്. ഒത്ത്നിയേൽ എന്ന പേരിന്റെ അർത്ഥം ദൈവത്തിന്റെ സിംഹം/ശക്തി എന്നായിരിക്കാം. കെനാസിന്റെ പുത്രനായ ഒത്ത്നിയേലിന്റെ ജനനസ്ഥലം ഹെബ്രോണായിരുന്നു. കുഷാൻ-റിഷത്തായിമിന്റെ കോട്ട വിവരണത്തിൽ പറയുന്നതുപോലെ ആറാം നെഹറായിമാകാൻ സാധ്യതയില്ല (കാരണം അതു മെസൊപ്പൊട്ടേമിയ ആണ്). മറിച്ച് അർനോൺ ഹറിം (മലനിരയിലെ കോട്ട) ആയിരിക്കണം. ഇതു ഹീബ്രു പകർത്തിയെഴുതിയവർ വരുത്തിയ ഒരു തെറ്റാകാനാണു സാധ്യത. ജനം കർത്താവിനോടു നിലവിളിക്കുകയും കർത്താവ് അവർക്ക് ഒരു വിമോചകനെ അയയ്ക്കുകയും ചെയ്യുന്ന പൊതുവായ വിവരണരീതി ഈ കഥയിലും ദൃശ്യമാണ്. ന്യായപാലനം നടത്തുകയെന്നാൽ ജനത്തെ ശത്രുവിനെതിരേ യുദ്ധത്തിൽ നയിച്ചു വിജയം വരിക്കുക എന്നാണർത്ഥം. ഒത്ത്നിയേലിന്റെ പ്രവർത്തനഫലമായി നാട്ടിൽ 40 വർഷത്തെ സമാധാനമുണ്ടായി.

### *2) എഹൂദ് (3:12-30)*

ബഞ്ചമിൻകാരനും ഇടംകൈയ്യനുമായ എഹൂദാണ് രണ്ടാമത്തെ ന്യായാധിപൻ. എഹൂദ് എന്ന പേരിന്റെ അർത്ഥം ഒന്ന് അല്ലെങ്കിൽ ഐക്യം എന്നായിരിക്കാം. ഈ ഗോത്രത്തിൽ ഇടംകൈയന്മാരായ പല പ്രമുഖരുമുണ്ട് (20:16; 1ദിന 12:2). കൂടുതൽ പ്രഹരശേഷിയുള്ള യോദ്ധാക്കളെ വാർത്തെടുക്കുന്നതിന്റെ ഭാഗമായി ഇടതുകൈയുടെ ഉപയോഗം കൃത്രിമമായി പരിശീലിപ്പിച്ചിരുന്നിരിക്കാൻ സാധ്യതയുണ്ട്. കാലാൾപ്പടയിൽ ഇടതുകൈയ്യന്മാർക്കു വിജയ സാധ്യത കൂടുതലുണ്ടായിരുന്നു. കാരണം അവരിൽ നിന്നുള്ള ആക്രമണം തടയുക എതിരാളിക്കു ദുഷ്കരമായിരുന്നു. ഇസ്രായേൽ വിഗ്രഹാരാധന നടത്തിയതിന്റെ ഫലമായി ദൈവം അവരെ കൈവെടിഞ്ഞു. മൊവാബു രാജാവും ജനവും അവരെ 18 വർഷം പീഡിപ്പിച്ചു. അപ്പോൾ അവിടുന്നു ഗേരയുടെ പുത്രനായ എഹൂദിനെ അവരുടെ വിമോചകനായി നിയോഗിച്ചു.





മൊവാബു രാജാവിനുള്ള ഇസ്രായേലിന്റെ കാഴ്ചയുമായി എഹൂദ് രാജസന്നിധിയിൽ പോവുകയും രാജസന്നിധിയിൽനിന്ന് ആളുകളെയെല്ലാം പുറത്താക്കിയശേഷം ചതിയിലൂടെ രാജാവിനെ വധിക്കുകയും ചെയ്തു. എഹൂദ് രാജാവിനെ വധിക്കാനുപയോഗിച്ച ഒരു മുഴം നീളമുള്ള ഇരുമ്പുകത്തി അന്നു പ്രശസ്തമായിരുന്നു എന്നതിൽനിന്ന് ഇത് ഇരുമ്പുയുഗത്തിന്റെ ആരംഭമാണെന്നു മനസ്സിലാക്കാം. എഗ്ലോൻ പരാജയപ്പെടുകയും സൈന്യം ചിതറിപ്പോവുകയും ചെയ്തു. തുടർന്ന്, നാട്ടിൽ 80 വർഷത്തെ സമാധാനമുണ്ടായി.

### *3) ഷാംഗാർ (3:31)*

ഫിലിസ്ത്യരിൽനിന്ന് ഏകനായി ഇസ്രായേലിനെ വിമോചിപ്പിച്ച വ്യക്തിയാണു അനാത്തിന്റെ പുത്രനായ ഷാംഗാർ. ഷാംഗാർ എന്ന പേരിന്റെ അർത്ഥം വാൾ എന്നായിരിക്കാം. ചാട്ടകൊണ്ട് അദ്ദേഹം 600 ഫിലിസ്ത്യരെ വധിച്ചു. അനാത്ത് സാധാരണയായി കാനാൻകാരുടെ ഒരു ദേവതയുടെ പേരാണെങ്കിലും അതൊരു സ്ഥലത്തിന്റെ പേരുമായിരുന്നു.

### *4) ദെബോറയും ബറാക്കും (4:1-24)*

ദെബോറയെന്നാൽ “തേനീച്ച”യെന്നും ബറാക്ക് എന്നാൽ “മിന്നൽ” എന്നുമാണർത്ഥം. ഒരു ന്യായാധിപനോടൊപ്പം പ്രവാചികയും ലപ്പിദോത്തിന്റെ ഭാര്യയുമായ ദെബോറ ഒന്നുചേർന്നു നടത്തുന്ന ഒരു വിമോചന കർമ്മമാണ് ഇവിടെ വിവരിക്കപ്പെടുന്നത്. ഇസ്രായേൽ പാപം ചെയ്തു. ദൈവം അവരെ കാനാനിലെ ഹത്സോർ രാജാവായ യാബിന്റെ കരങ്ങളിലേൽപിച്ചു. യാബിൻ അവരെ 20 വർഷം കഠിനമായി പീഡിപ്പിച്ചു. അയാൾക്ക് ഇരുമ്പുപയോഗിച്ചു ദൃഢപ്പെടുത്തിയ 900 രഥങ്ങളുണ്ടായിരുന്നു. സിസെറാ ആയിരുന്നു അയാളുടെ സേനാധിപതി. ജനത്തിനിടയിലെ തർക്കങ്ങൾ നീക്കുന്നതിന് അക്കാലത്ത് അവർ പ്രവാചികയായ ദെബോറയെ സമീപിച്ചിരുന്നു. ഇത് ഒരു പഴയകാല നീതിന്യായ വ്യവസ്ഥയുടെ അടയാളമാണ്.

ദെബോറയുടെ നിർബന്ധപ്രകാരം ബറാക്ക് സെബുലൂൻ നഫ്ത്താലി ഗോത്രങ്ങളിൽ നിന്നും 10,000 പേരെ സിസെറായ്ക്കെതിരേ യുദ്ധത്തിനായി താബോർ മലയിൽ വിളിച്ചു കൂട്ടി. സിസെറായുടെ പട്ടാളം കിഷോൻ തോടിനടുത്തു താബോർ മലയുടെ താഴെ നിലയുറപ്പിച്ചു. യുദ്ധത്തിനു പുറപ്പെടാൻ ദെബോറ ബറാക്കിനോടു പറഞ്ഞെങ്കിലും അവൾ കൂടെയില്ലെങ്കിൽ പുറപ്പെടുകയില്ല എന്നു ബറാക്കു പറഞ്ഞു. അപ്പോൾ ദെബോറ പറയുന്ന “ഇന്നു കർത്താവു ശത്രുവിനെ ഒരു സ്ത്രീയുടെ കൈയിലേൽപ്പിക്കും” എന്ന വചനങ്ങൾ അവളുടെ പ്രവചനമാണ്. ദെബോറയുടെ വാക്കനുസരിച്ചു യുദ്ധമാരം

ഭിച്ചുകഴിഞ്ഞപ്പോൾ സിസെറായുടെ സൈന്യം ബറാക്കിനു മുന്നിൽ ചിതറിയോടി. സിസെറാ പലായനം ചെയ്തപ്പോൾ ബറാക്ക് അയാളെ പിന്തുടർന്നു.

തന്നോടു കൂടിയാണെന്നു സിസെറാ ചിന്തിച്ചിരുന്ന കേന്യരിൽ ഒരുവനായ ഹേബറിന്റെ ഭാര്യ അവനു തന്റെ കൂടാരത്തിൽ അഭയം നൽകി. അതിനുശേഷം അവൾ അവനെ ഒരു പുതപ്പിട്ടു മൂടി ഒളിപ്പിച്ചു. അവൻ കുടിക്കാൻ വെള്ളം ചോദിച്ചപ്പോൾ അവൾ അവനു പാൽ കുടിക്കാൻ കൊടുത്തു. തളർന്നുറങ്ങിയ സിസെറായുടെ ചെന്നിയിൽ അവൾ ഒരു മരയാണി അടിച്ചു കയറ്റി അവനെ വധിച്ചു. അങ്ങനെ ദെബോറയുടെ പ്രവചനം നിറവേറി (4:9). ബറാക്ക് എത്തിയപ്പോഴേക്കും എല്ലാം കഴിഞ്ഞിരുന്നു. അങ്ങനെ ഇസ്രായേലിൽ സമാധാനമുണ്ടായി. നാലാം അദ്ധ്യായത്തിൽ ഗദ്യ രൂപത്തിൽ വിവരിക്കുന്ന ഈ കഥതന്നെ അഞ്ചാമദ്ധ്യായത്തിൽ പദ്യരൂപത്തിൽ വിവരിച്ചിട്ടുണ്ട്.

***5) ഗിദയോൻ (6:1–8:35)***

ശത്രുക്കളിൽനിന്ന് ഇസ്രായേലിനെ ശക്തമായി വിമോചിപ്പിച്ചതിന്റെ ഫലമായി രാജാവായിത്തീരാൻവരെ സാധ്യത തെളിഞ്ഞ വ്യക്തിയാണു ഗിദയോൻ. ഇസ്രായേൽജനം കർത്താവിനുമുമ്പിൽ (ആ) തിന്മ ചെയ്തു (വിഗ്രഹാരാധന). അതിന്റെ ഫലമായി ദൈവം അവരെ ഏഴു വർഷത്തേക്കു മിദിയാൻകാർക്ക് ഏൽപിച്ചു കൊടുത്തു. ഓരോ വിളവെടുപ്പു കാലത്തും മിദിയാൻകാരും അമലേക്യരും പൗരസ്ത്യരും വന്ന് ഇസ്രായേലിനെ കൊള്ളയടിക്കുക പതിവായി. ഇണക്കിയെടുത്ത ഒട്ടകങ്ങളുമായി വന്നിരുന്ന ഇക്കൂട്ടർ ഇസ്രായേലിനെ കടുത്ത ദാരിദ്ര്യത്തിലേക്കു തള്ളിവിട്ടു. ജനം ദൈവത്തോടു നിലവിളിച്ചപ്പോൾ കർത്താവ് അവരെ വിഗ്രഹാരാധനയിൽനിന്നു പിന്തിരിപ്പിക്കുന്നതിനായി (പേരു പറഞ്ഞിട്ടില്ലാത്ത) ഒരു പ്രവാചകനെ അവരുടെ പക്കലേക്കയച്ചു.

ഗിദയോന്റെ ദൈവവിളി വളരെ ശ്രദ്ധേയമാണ്. മിദിയാൻകാർ കണ്ടു കൊള്ളയടിച്ചു കൊണ്ടുപോകാതിരിക്കാനായി മുന്തിരിച്ചക്കിൽ ഗോതമ്പു മെതിച്ചു കൊണ്ടിരിക്കുകയായിരുന്ന ഗിദയോനെ കർത്താവ്/കർത്താവിന്റെ ദൂതൻ സന്ദർശിച്ചു. താൻ സത്യമായും കർത്താവിന്റെ ദൂതനോടാണു സംസാരിച്ചുകൊണ്ടിരിക്കുന്നത് എന്നുറപ്പു വരുത്താൻ ഗിദയോൻ ഒരടയാളം ആവശ്യപ്പെടുകയും ദൂതൻ അഗ്നിയിറക്കി ബലി സ്വീകരിച്ചുകൊണ്ടു ഗിദയോനു തെളിവു നല്കുകയും ചെയ്തു. ദൈവത്തെക്കണ്ടാൽ മനുഷ്യൻ മരിക്കുമെന്ന ചിന്ത നിമിത്തം അപ്പോൾ ആകുലചിത്തനായ ഗിദയോനെ കർത്താവ് ആശ്വസിപ്പിച്ചു. കർത്താവിന്റെ





നിർദ്ദേശമനുസരിച്ച് തന്റെ സ്ഥലമായ ഓഫ്രയിൽ ഒരു ബലിപീഠം നിർമ്മിച്ച് ഗിദയോൻ ഒരു കാളയെ കർത്താവിനു ബലിയർപ്പിക്കുകയും ആ ബലിപീഠത്തിനു "സമാധാനത്തിന്റെ കർത്താവ്" (യാഹ്‌വെ) അല്ലെങ്കിൽ "ഐശ്വര്യത്തിന്റെ കർത്താവ്" എന്നു പേരുവിളിക്കുകയും ചെയ്തു (6:11–24).

വിശ്വാസത്യാഗിയായ തന്റെ പിതാവു ബാൽദേവനുവേണ്ടി നിർമ്മിച്ച ബലിപീഠവും അതിനോടു ചേർന്നുള്ള അഷേരപ്രതിഷ്ഠയും കർത്താവിന്റെ നിർദ്ദേശമനുസരിച്ചു ഗിദയോൻ നശിപ്പിച്ചു. രാത്രിയിൽ രഹസ്യമായി അഷേറാപ്രതിഷ്ഠ വെട്ടിക്കീറി ആ വിറകിന്മേൽ വച്ചു പിതാവിന്റെ കാളയെ ഗിദയോൻ കർത്താവിനു ബലിയർപ്പിച്ചു. വിഗ്രഹാരാധനയ്ക്കെതിരേ ഈവിധം പ്രവർത്തിച്ചു നവീകരണത്തിനു മുതിർന്നതിനാലായിരിക്കാം അദ്ദേഹത്തിനു ഗിദയോൻ (വെട്ടിനുറുക്കുന്നവൻ) എന്നു പേരുണ്ടായത്. ബാലിന്റെ ബലിപീഠവും അഷേറായും നശിപ്പിച്ചത് ഗിദയോനാണെന്നു മനസ്സിലാക്കിയ ദേശവാസികൾ അയാളെ വധിക്കാൻ ശ്രമിച്ചപ്പോൾ അയാളുടെ പിതാവ് അത് എതിർക്കുകയും ബാൽ ദൈവമാണെങ്കിൽ അവൻതന്നെ അവന്റെ കാര്യം നോക്കട്ടെ എന്നുപറയുകയും ചെയ്തു. അതിൽനിന്നായിരിക്കണം ഗിദയോനു ജറൂബാൽ എന്ന പേരു ലഭിച്ചത്. ഇതു ഗിദയോനുണ്ടായിരുന്ന മറ്റൊരു പേരിന്റെ വിശദീകരണമായിരിക്കണം (6:25–32). വിശ്വാസത്യാഗിയായ പിതാവിന്റെ മകനായിരുന്നിട്ടും മതനവീകരണത്തിനു ശ്രമിച്ച വ്യക്തിയാണു ഗിദയോൻ.

മിദിയാൻകാരും അമലേക്യരും പൗരസ്ത്യരും ഇസ്രായേലിനെതിരേ യുദ്ധത്തിനു വരുന്നതാണു തുടർന്നു വിവരിക്കുന്നത്. ദൈവികശക്തിയാൽ നിറഞ്ഞ ഗിദയോൻ (6:33–35) മനാസ്സെ, സെബുലൂൻ, നഫ്താലി, ആഷേർ ഗോത്രങ്ങളിൽനിന്ന് ആളുകളെ ഒരുമിച്ചു ചേർത്തു. എന്നാൽ യുദ്ധത്തിനു പുറപ്പെടാൻ ഗിദയോന് അപ്പോഴും ധൈര്യമുണ്ടായിരുന്നില്ല. അതിനാൽ ശത്രുവിനെ തന്റെ കരങ്ങളിൽ ഏൽപിക്കുമെന്നതിനു ഗിദയോൻ കർത്താവിനോട് അടയാളം ചോദിക്കുകയും മഞ്ഞും വസ്ത്രവും ചേർന്ന അടയാളം രണ്ടു പ്രാവശ്യം നല്കി കർത്താവു ഗിദയോനെ ധൈര്യപ്പെടുത്തുകയും ചെയ്തു.

മുപ്പത്തിരണ്ടായിരത്തോളം വരുന്ന തന്റെ സൈന്യത്തെ അപ്പോൾ ഗിദയോൻ സജ്ജമാക്കി. എന്നാൽ വിജയം തങ്ങളുടെ ശക്തികൊണ്ടു നേടിയതാണെന്ന് അവർ അഹങ്കരിക്കാതിരിക്കാൻ കർത്താവ് അവരുടെ എണ്ണം ആദ്യം 10000 ആയും പിന്നീട് ഏറ്റവും മടിയന്മാരായവരുടെ 300 ആയും കുറച്ചു (ദാഹിക്കുമ്പോൾപോലും വെള്ളം നക്കികുടിക്കുന്നവർ). കർത്താവിന്റെ ശക്തി കൂടെയുണ്ടെങ്കിലും ധൈര്യ

മാർജ്ജിക്കാതിരുന്ന ഗിദയോനെ ദൈവം വീണ്ടും ഒരുക്കുകയും മിദി യാൻകാരുടെ പരാജയത്തെക്കുറിച്ച് അവരെക്കൊണ്ടുതന്നെ പറയിക്കു കയും ചെയ്തു (7:9-14).

ബാക്കിവന്ന തന്റെ 300 പേരെ മൂന്നു ഗണങ്ങളായിത്തിരിച്ച് ഓരോ രുത്തരും ഒരു കൈയിൽ ഒരു കാഹളവും മറുകൈയിൽ വലിയ ഒരു പന്തവും പിടിച്ച് അവരുമായി രാത്രിയിൽ ഗിദയോൻ മിദിയാൻകാ രുടെ താവളം ആക്രമിച്ചു. ഭയന്നു വിറച്ച ശത്രുക്കൾ പരസ്പരം വെട്ടി മരിക്കാൻ കർത്താവ് ഇടവരുത്തി (7:16-22). നിയമാവർത്തന ഗ്രന്ഥകാ രന്റെ ഈ വിവരണമനുസരിച്ച് യുദ്ധം മുഴുവൻ ചെയ്തതും വിജയി ച്ചതും കർത്താവുതന്നെയാണ്.

മിദിയൻ പ്രഭുക്കന്മാരായ ഓറേബിനെയും സേഏവിനെയും സേബാ യെയും സൽമുന്നായെയും വധിക്കുന്നതും ഗിദയോന്റെ ജോർദ്ദാനു മറുകരെയുള്ള വിജയവുമാണു തുടർന്നു വിവരിക്കുന്നത്. വലിയ കൊള്ള നടത്താനും അവർക്കു കഴിഞ്ഞു.

ഗിദയോന്റെ വിജയത്തിൽ സന്തോഷിച്ച ജനം അയാളെയും സന്ത തികളെയും രാജാവാക്കാൻ ആഗ്രഹിച്ചുവെങ്കിലും ഗിദയോൻ അതി നനുവദിച്ചില്ല. എന്നാൽ കൊള്ളമുതലിൽ നിന്നുള്ള വിലപിടിച്ച കുണ്ഡലങ്ങൾ അവൻ ജനത്തിൽനിന്നു ശേഖരിച്ച് അതുകൊണ്ട് ഒരു ഏഫോദു നിർമ്മിച്ച് ഓഫ്രയിൽ സ്ഥാപിച്ചു. ഇസ്രായേൽക്കാർ പിന്നീട് അതിനെ ആരാധിച്ചു പാപം ചെയ്തു എന്നു വി. ഗ്രന്ഥകാരൻ പറയുന്നു (8:27).

ഗിദയോന്റെ കുടുംബത്തെക്കുറിച്ചുള്ള ചെറിയ ഒരു വിവരണത്തോ ടെയാണു കഥ അവസാനിക്കുന്നത്. അയാൾക്കു പല ഭാര്യമാരിൽ നിന്നായി 70 പുത്രന്മാരും ഷെക്കെമിലെ ഉപനാരിയിൽനിന്ന് അബി മേലെക്ക് എന്ന മറ്റൊരു പുത്രനുമുണ്ടായി. ഗിദയോൻ മരിച്ച് ഓഫ്ര യിൽ സംസ്കരിക്കപ്പെട്ടു. താമസിയാതെ ജനം ഗിദയോനെയും കർത്താവിനെയും മറക്കുകയും വിഗ്രഹാരാധനയിൽ നിപതിക്കുകയും ചെയ്തു.

### *അബിമേലെക്ക് (9:1-57)*

ദേശത്തെ ഭരണകാര്യങ്ങളും സാമൂഹ്യജീവിതവും നിശ്ചിതമായ ക്രമത്തിലല്ല അക്കാലത്തു നടന്നിരുന്നത് എന്നുകാണിക്കാനാണു നിയ മാവർത്തന ഗ്രന്ഥകാരൻ അബിമേലെക്കിന്റെ കഥ പറയുന്നത്. അദ്ദേഹത്തെ ഒരു ന്യായാധിപനായി കണക്കാക്കുന്നില്ല. ഗിദയോന്റെ 70 മക്കളിൽപ്പെടാത്തവനും അയാൾക്ക് അടിമയിൽ ജനിച്ച പുത്രനു മായ അബിമേലെക്ക് ദുഷ്ടമാർഗ്ഗത്തിലൂടെ അധികാരത്തിൽ വരുന്ന





തിനെക്കുറിച്ചാണു വിവരണം. അബിമേലെക്ക് എന്ന പേരിന്റെ അർത്ഥം "എന്റെ പിതാവു രാജാവാണ്" എന്നാണ്. ഈ പിതാവു ഗിദയോനോ, ദൈവമോ ആകാം. ദുഷ്ടമാർഗ്ഗത്തിലൂടെ അധികാരത്തിലേറുകയും അനീതി അഭ്യസിക്കുകയും ചതി ജീവിതത്തിന്റെ ഭാഗമാക്കുകയും ചെയ്ത അബിമേലെക്കു വിതച്ചതുതന്നെ കൊയ്തു. യുദ്ധാവസര ത്തിൽ അശ്രദ്ധമായി യുദ്ധം ചെയ്യുന്നതിനിടെ യോദ്ധാവുപോ ലുമല്ലാത്ത ഒരു സ്ത്രീ എറിഞ്ഞ തിരികല്ലു തലയിൽ വീണു അപമാ നിതനായി അയാൾ മരിച്ചു.

### *7) തോല (10:1-2)*

എഫ്രായിം മലമ്പ്രദേശത്തു ഷമീറിൽ ജീവിച്ചിരുന്ന ഇസ്സാക്കാർ ഗോത്രജനായ ദോദോയുടെ പുത്രൻ തോലയെ ഇസ്രായേലിനെ രക്ഷി ക്കാനായി ദൈവം നിയോഗിച്ചു (10:12). അദ്ദേഹം 23 വർഷം അവരെ നയിച്ചു. മരിച്ച് അവിടെത്തന്നെ അടക്കപ്പെടുകയും ചെയ്തു. തോല എന്ന പേരിന്റെ അർത്ഥം കൃമി (worm) എന്നാണ്.

### *8) ജായിർ (10:3-5)*

തോല ജോർദാനിക്കരെയാണെങ്കിൽ ജായിർ ജോർദാനക്കരെ ഗിലെയാദിലായിരുന്നു ന്യായപാലനം നടത്തിയത്. 22 വർഷം അദ്ദേഹം ന്യായപാലനം നടത്തി. അയാൾക്കു മുപ്പതു പുത്രന്മാരും അവരുടെ അധീനതയിൽ മുപ്പതു പട്ടണങ്ങളുമുണ്ടായിരുന്നു. ഇവ വളരെക്കാലം ജായിറിന്റെ ഗ്രാമങ്ങൾ എന്നാണറിയപ്പെട്ടിരുന്നത്. ജായിർ എന്ന പേരിന്റെ അർത്ഥം "ബോധവൽക്കരിക്കുന്നവൻ" എന്നാണ്.

### *9) ജഫ്ത്താ (10:6-12:5)*

ശക്തനായ സേനാധിപനായിരുന്ന ജഫ്ത്താ ശ്രേഷ്ഠന്മാരിലൊരു വനായ ഗിലയാദിന് ഒരു വേശ്യയിൽ ജനിച്ച പുത്രനായിരുന്നു. അതു കൊണ്ടുതന്നെ ഗിലയാദിന്റെ മറ്റു മക്കൾ അയാളെ വീട്ടിൽനിന്ന് ആട്ടി യോടിച്ചു. ജഫ്ത്തായാകട്ടെ തോവിൽ ഒരു നീചസംഘത്തിന്റെ തല വനായി തന്റെ വീര്യം തെളിയിച്ചുകൊണ്ടിരുന്നു. ജഫ്ത്താ എന്ന പേരിന്റെ അർത്ഥം ദൈവദാനം.

അന്യദേവന്മാരെ ആരാധിച്ചുകൊണ്ട് ഇസ്രായേൽ വീണ്ടും പാപം ചെയ്തതിന്റെ ഫലമായി കർത്താവ് അവരെ പരിത്യജിച്ചു. തൽഫല മായി ജോർദാനക്കരെ ഗിലയാദിൽ അമ്മോന്യരോടൊത്തു വസിച്ചി രുന്ന ഇസ്രായേല്യരെ അവർ 18 വർഷം ക്രൂരമായി ഞെരുക്കി. മാത്ര മല്ല അവർ ജോർദാൻ കടന്നു യൂദാ, ബെഞ്ചമിൻ എന്നീ ഗോത്രങ്ങ ളോടു യുദ്ധം ചെയ്യാൻ വരികയും ചെയ്തു. അപ്പോൾ അവർ കർത്താ വിനോടു വിളിച്ചപേക്ഷിക്കുകയും തങ്ങളുടെ പാപം ഏറ്റുപറയുകയും

അന്യദേവന്മാരെയെല്ലാം സമൂഹത്തിൽ നിന്നു നീക്കം ചെയ്തു സ്വയം വിശുദ്ധീകരിക്കുകയും ചെയ്തു (10:16). അപ്പോൾ അവരുടെ കഷ്ടത കണ്ട കർത്താവു രോഷാകുലനായി (10:16). യുദ്ധത്തിനൊരുങ്ങി വന്ന അമ്മോന്യർ ഗിലയാദിൽ താവളമടിച്ചു. ഇസ്രായേല്യർ ഒന്നു ചേർന്നു മിസ്പായിലും താവളമടിച്ചു. അപ്പോഴാണു ജഫ്ത്താ ന്യായാധിപനായി വരാനുള്ള വേദിയൊരുങ്ങിയത് (10:18).

അമ്മോന്യർ യുദ്ധത്തിനൊരുങ്ങിക്കഴിഞ്ഞപ്പോൾ ധീരയോദ്ധാവായ ജഫ്ത്തായെക്കൂടാതെ തങ്ങൾക്കു രക്ഷപ്പെടാനാവില്ലെന്നു ഗിലയോദിലെ ശ്രേഷ്ഠന്മാർക്കു മനസ്സിലായി. അതുകൊണ്ട് അവർ അവനെ ആളയച്ചു ക്ഷണിച്ചു. എന്നാൽ ജഫ്ത്താ അവരുമായി വാദിക്കുകയും മിസ്പായിലെ ഒരു ഉടമ്പടിയിലൂടെ കർത്താവിന്റെ മുമ്പിൽ അവരുടെ നേതാവായിത്തീരുകയും ചെയ്തു (11:4–11).

യുദ്ധമൊഴിവാക്കി സമാധാനം സ്ഥാപിക്കാനായി അമ്മോന്യരുടെ അടുത്തേയ്ക്ക് ഇസ്രായേലിന്റെ ദൈവമായ കർത്താവിന്റെ പേരിൽ ഒരു ദൂതനെ അയയ്ക്കുകയാണു തുടർന്നു ജഫ്ത്താ ചെയ്തത്. ഭൂമിയിലെ ഓരോ രാജ്യത്തിനും സ്വർഗ്ഗത്തിൽ അതിന്റെ അവകാശിയായി ഒരു ദൈവമുണ്ട് എന്ന ചിന്താഗതിയനുസരിച്ചാണു ജഫ്ത്താ കാര്യങ്ങൾ നീക്കുന്നത് (നിയ 32:8–9; മിക്ക 4:5). ദീർഘകാലമായി അമ്മോന്യരും മോവാബ്യരും ഇസ്രായേല്യരും തമ്മിൽ തർക്കമുള്ള ഒരു സ്ഥലമാണു ചർച്ചാവിഷയം. ദൂതന്മാർ വഴിയുള്ള രണ്ടു ചർച്ചകളും (11:12–28) ഫലം കാണാതായപ്പോൾ കർത്താവിന്റെ വിധിക്കായി സമർപ്പിച്ചുകൊണ്ടു ജഫ്ത്താ യുദ്ധത്തിനിറങ്ങി. അപ്പോൾ കർത്താവിന്റെ ശക്തി ജഫ്തായിൽ നിറഞ്ഞു (11:29). അവൻ അവിടുത്തേയ്ക്ക് ഒരു നേർച്ച നേർന്നു. യുദ്ധം ജയിച്ചു താൻ തിരിച്ചു വരികയാണെങ്കിൽ ആദ്യം തന്നെ എതിരേൽക്കാൻ വരുന്ന ആളെ കർത്താവിനു ദഹനബലിയായി അർപ്പിക്കും (11:30–31). ജഫ്ത്താ യുദ്ധത്തിൽ വിജയിക്കുകയും ചെയ്തു (11:32–33).

തിരിച്ചെത്തിയ ജഫ്ത്തായെ ആനന്ദത്തോടെ എതിരേൽക്കാൻ വന്നത് നേർച്ചയെക്കുറിച്ചൊന്നുമറിയാത്ത അയാളുടെ ഏക മകളായിരുന്നു. ജഫ്ത്തായുടെ ജീവിതം ദു:ഖപര്യവസായിയായിരുന്നുവെന്ന് ഇതു വ്യക്തമാക്കുന്നു. തന്റെ കന്യാത്വത്തെക്കുറിച്ചു വിലപിക്കാൻ രണ്ടു മാസക്കാലം സമയം ചോദിച്ച മകളുടെ അപേക്ഷ അംഗീകരിച്ച ജഫ്ത്താ അതിനുശേഷം തന്റെ നേർച്ച നിറവേറ്റുകതന്നെ ചെയ്തു. നിയമാവർത്തന ദൈവശാസ്ത്രജ്ഞന്മാരുടെ ആവിർഭാവത്തിനു മുമ്പ് ഇസ്രായേലിൽ നരബലിയുണ്ടായിരുന്നുവെന്ന് ഈ വചനഭാഗവും മറ്റു ചില വചനഭാഗങ്ങളും സാക്ഷ്യം വഹിക്കുന്നു (1രാജ 13:12; മിക്ക 6:6–7; ലേവ്യ 7:28–29; ജറെ 32:35; 2 രാജ 21:6).





ജഫ്ത്തായുടെ ജീവിതത്തിലെ ദാരുണ സംഭവങ്ങൾ ഇതുകൊണ്ടും അവസാനിച്ചില്ല. അമ്മോന്യരെ ജഫ്ത്താ പരാജയപ്പെടുത്തിക്കഴിഞ്ഞപ്പോൾ എന്തുകൊണ്ടാണു തങ്ങളെ യുദ്ധത്തിനു വിളിക്കാതിരുന്നത് എന്നുചോദിച്ചുകൊണ്ട് എഫ്രായിംകാർ ജഫ്ത്തായെയും മറ്റു ഗിലയാദുകാരെയും നിഗ്രഹിക്കാൻ പുറപ്പെട്ടു. അപ്പോൾ ജഫ്ത്താ ഗിലയാദുകാരെ ഒരുമിച്ചുകൂട്ടി എഫ്രായിമിനെ പരാജയപ്പെടുത്തി. മാത്രമല്ല എഫ്രായിംകാരിൽനിന്നു ജോർദാൻ കടവുകളും അവർ പിടിച്ചെടുത്തു. പിന്നീടുവന്ന നാളുകളിൽ അതിലെ കടന്നുപോകാൻ ശ്രമിച്ച എല്ലാ എഫ്രായിംകാരെയും അവർ വധിക്കുകയും ചെയ്തു. ജഫ്ത്താ ആറുവർഷം ന്യായപാലനം നടത്തിയശേഷം മരിച്ചു സ്വന്തം പട്ടണമായ ഗിലയാദിൽ സംസ്കരിക്കപ്പെട്ടു. രാജഭരണമാരംഭിക്കുന്നതിനു മുമ്പ് ഇസ്രായേൽ സമൂഹത്തിൽ പലപ്പോഴും നീതിന്യായ വ്യവസ്ഥകൾ ഇല്ലായിരുന്നുവെന്നും ഗോത്രങ്ങൾ തമ്മിൽ തുറന്ന യുദ്ധങ്ങളും പരസ്പര നശീകരണങ്ങളും സാധാരണയായിരുന്നുവെന്നും ജഫ്ത്തായെക്കുറിച്ചുള്ള വിവരണങ്ങൾ തെളിയിക്കുന്നു.

### *10) ഇബ്സാൻ (12:10)*

ബേത്ത്ലേഹെംകാരനായ അയാൾക്കു മുപ്പതുപുത്രന്മാരും കുലത്തിനു വെളിയിലേക്കു വിവാഹം കഴിച്ചയച്ച 30 പുത്രിമാരും കുലത്തിനു വെളിയിൽനിന്നു പുത്രന്മാർ സ്വീകരിച്ച 30 പുത്രിമാരും ഉണ്ടായിരുന്നു. 7 വർഷം ന്യായപാലനം നടത്തിയശേഷം അയാൾ മരിച്ചു ബേത്ത്ലേഹെമിൽ സംസ്ക്കരിക്കപ്പെട്ടു.

### *11) എലോൻ (12:11–12)*

സെബുലൂൻകാരനായ അയാൾ 10 വർഷം ന്യായപാലനം നടത്തി. അതിനുശേഷം മരിച്ചു സെബുലൂനിലെ അയ്യലോണിൽ സംസ്കരിക്കപ്പെട്ടു.

### *12) അബ്ദോൻ (12:13–15)*

അബ്ദോൻ പിറത്തോന്യനായ ഹില്ലേലിന്റെ മകനായിരുന്നു. 8 വർഷം ന്യായപാലനം നടത്തി. മരിച്ച് എഫ്രായിം ദേശത്തെ പിറത്തോനിൽ സംസ്കരിക്കപ്പെട്ടു. അയാൾക്ക് 40 പുത്രന്മാരും 30 പൗത്രന്മാരും ഉണ്ടായിരുന്നു. അവർക്കു സഞ്ചരിക്കാൻ എഴുപതു കഴുതകളും.

### *13) സാംസൻ (13:1–16:31)*

ദാൻ ഗോത്രക്കാരനും യൂദായുടെയും ഫിലിസ്ത്യരുടെയും അതിർത്തിയിലുള്ള ബേത്ത്ഷേമെഷിൽ ജീവിച്ചിരുന്നുവനുമാണ് സാംസൻ. ഈ പേരിന്റെ അർത്ഥം "കൊച്ചുസൂര്യൻ" എന്നാണ്. അജ

യുമായ ശക്തിയുള്ളതിനാലാകാം സാംസനെ ന്യായാധിപൻ എന്നു വിളിക്കുന്നത് (13:1–15:20). സാംസൻ 20 വർഷം ന്യായപാലനം നടത്തി എന്നാണു വിവരണം (15:20). ഇസ്രായേൽജനം വീണ്ടും വിഗ്രഹാരാധന നടത്തിയതിന്റെ ഫലമായി ദൈവം അവരെ 40 വർഷത്തേയ്ക്കു ഫിലിസ്ത്യരുടെ കൈകളിൽ ഏൽപ്പിച്ചു. ഈ അവസരത്തിലാണ് ദാൻ ഗോത്രക്കാരനായ മനോവയുടെ വന്ധ്യയായ ഭാര്യയെ കർത്താവിന്റെ ദൂതൻ സന്ദർശിക്കുന്നത്. അവൾ നാസീർവ്രതം ആരംഭിക്കണമെന്നും അതിന്റെ ഫലമായി അവൾക്ക് അത്ഭുതകരമായി ജനിക്കാനിരിക്കുന്ന ശിശു ഫിലിസ്ത്യരിൽനിന്ന് ഇസ്രായേലിനെ മോചിപ്പിക്കുമെന്നും ദൂതൻ അവളോടു പറഞ്ഞു. മനോവയുടെയും ഭാര്യയുടെയും പ്രാർത്ഥനയുടെ ഫലമായി ദൂതൻ വീണ്ടും പ്രത്യക്ഷപ്പെട്ട് ജനിക്കുന്ന പുത്രൻ ജീവിതകാലം മുഴുവൻ നാസീർവ്രതക്കാരനായിരിക്കണമെന്നറിയിച്ചു (സംഖ്യ 6:13–21).

ദൈവികപദ്ധതിയുടെ ഫലമായി കൃപനിറഞ്ഞ മാതാപിതാക്കളുടെ പുണ്യങ്ങളുടെ ഫലമായി ജനിച്ചതാണെങ്കിലും സാംസന്റെ ആസക്തികൾ അയാളെ പരാജിതനാക്കിത്തീർത്തു. ആദ്യമായി അവന്റെ കണ്ണുകളെ ആകർഷിച്ചത് ഒരു ഫിലിസ്ത്യ പെൺകുട്ടിയാണ്. തനിക്കുചേർന്ന ഇണ അവളാണെന്നു സ്വയം തീരുമാനിച്ചുറച്ച സാംസൻ അവളെ വിവാഹം കഴിക്കുന്നതിനുള്ള ചർച്ചകൾക്കായി തന്റെ മാതാപിതാക്കളെ നിർബന്ധപൂർവ്വം തിമ്നായിലേക്കു കൂട്ടിക്കൊണ്ടുപോയി. അക്കാലത്ത് ഓരോരുത്തരും തനിക്കിഷ്ടമുള്ളതെല്ലാം ചെയ്തിരുന്നുവെന്ന നിയമാവർത്തനഗ്രന്ഥകാരന്റെ പ്രസ്താവനയോടു ചേർന്നു പോകുന്നതാണു സാംസന്റെ ഈ പ്രവൃത്തിയും. പോകുന്ന വഴിയിൽവച്ച് ഒരു സിംഹത്തെ കണ്ടപ്പോൾ സാംസൻ അതിനെ ആയുധം കൂടാതെ കൊന്നുകളഞ്ഞു. സാംസൻ അതിശക്തനായിരുന്നുവെന്ന് ഇതു വെളിപ്പെടുത്തുന്നു. തുടർന്ന് അവൻ പോയി ആ പെൺകുട്ടിയെ ഭാര്യയായി സ്വീകരിച്ചു.

കുറച്ചു നാൾ കഴിഞ്ഞ് അവളെ തന്റെ വീട്ടിലേക്കു കൂട്ടിക്കൊണ്ടു പോകാൻ അവൻ ചെന്നു. പോകുന്ന വഴിയിൽ അവൻ ആ സിംഹത്തിന്റെ ഉടലിൽ തേൻകൂടു കണ്ടപ്പോൾ അതെടുത്തു ഭക്ഷിച്ചു. തേൻ ധൈര്യവും കണ്ണുകൾക്കു വെളിച്ചവും നല്കുമെന്ന പഴയകാല കാഴ്ചപ്പാട് ഈ വിവരണത്തിലുണ്ട് (1 സാമു 14:24–30). തിമ്നായിലെത്തിയപ്പോൾ അവൻ അവിടെ ഏഴു ദിവസം നീണ്ട ഒരു വിരുന്നൊരുക്കി. വിരുന്നിൽ അവനോടൊപ്പമുണ്ടായിരുന്ന 30 ഫിലിസ്ത്യരോട് അവൻ ഒരു കടംകഥ പറഞ്ഞു. വിരുന്നിന്റെ ഏഴു ദിവസത്തിനുള്ളിൽ ഉത്തരം പറഞ്ഞാൽ ഓരോരുത്തർക്കും ഓരോ ചണവസ്ത്രവും ഓരോ വിശേഷവസ്ത്രവും നല്കാമെന്നവൻ പറഞ്ഞു. പറഞ്ഞില്ലെങ്കിൽ





അവർ ഓരോരുത്തരും വസ്ത്രങ്ങൾ അവനു നല്കേണ്ടിയിരുന്നു. എന്നാൽ ഫിലിസ്ത്യർ അവന്റെ ഭാര്യയെ വശീകരിച്ച് സിംഹവും തേനുമായി ബന്ധപ്പെട്ട ആ കടംകഥയുടെ ഉത്തരം മന:സ്സിലാക്കുകയും അങ്ങനെ സാംസൻ വഞ്ചിതനാവുകയും ചെയ്തു. ക്രോധംപൂണ്ട സാംസൻ ഫിലിസ്ത്യ നഗരമായ അഷ്കെലോണിൽച്ചെന്ന് 30 ഫിലിസ്ത്യരെ കൊന്ന് അവരെ കൊള്ളയടിച്ച് തന്റെ വാക്കുപാലിച്ചു. അയാൾ കോപത്തോടെ തന്റെ പിതൃഭവനത്തിലേക്കു മടങ്ങി. തുടർന്ന്, അവന്റെ ഭാര്യ മണവാളത്തോഴന്റെ ഭാര്യയായിത്തീർന്നു.

കുറച്ചുനാൾ കഴിഞ്ഞു സാംസൻ തന്റെ ഭാര്യയെ സന്ദർശിക്കാൻ പോയപ്പോഴാണ് തന്റെ ഭാര്യ അന്യനു ഭാര്യയിത്തീർന്നു എന്ന വിവരം അയാൾ അറിയുന്നത്. ഇതിനു പ്രതികാരമായി സാംസൻ പോയി 300 കുറുനരികളെ പിടിച്ചു രണ്ടെണ്ണത്തെ വീതം വാലുകൾ കൂട്ടികെട്ടി അവയ്ക്കിടെ പന്തങ്ങൾ വച്ചു വയലുകളിലേക്കയച്ചു ഫിലിസ്ത്യരുടെ വയലെല്ലാം ചാമ്പലാക്കി. അപ്പോൾ ആ സ്ത്രീയെയും അവളുടെ പിതാവിനെയും വധിച്ചുകൊണ്ടു ഫിലിസ്ത്യർ പകരം വീട്ടി. അതിനുപകരമായി ഫിലിസ്ത്യരെ വധിച്ചശേഷം സാംസൻ ഏത്താം പാറയിൽ ഒളിച്ചു.

അപ്പോൾ ഫിലിസ്ത്യർ സാംസനെ ആവശ്യപ്പെട്ടു യൂദായിലെ ലേഹി പട്ടണം വളഞ്ഞു. യൂദാക്കാർ തന്നെ ഉപദ്രവിക്കാതിരിക്കുകയാണെങ്കിൽ ബന്ധനസ്ഥനാക്കി തന്നെ അവർക്കു കൈമാറിക്കൊള്ളാൻ സാംസൻ സമ്മതിച്ചു. അവർ പുതിയ രണ്ടു കയറുകൊണ്ട് അവനെ ബന്ധിച്ചു ഫിലിസ്ത്യർക്കു കൈമാറി. അപ്പോൾ ദൈവത്തിന്റെ ശക്തി അവനിൽ ആവസിക്കുകയും തത്ഫലമായി അവൻ ബന്ധനമോചിതനാവുകയും ചെയ്തു. അവൻ ചത്ത കഴുതയുടെ ഒരു താടിയെല്ലെടുത്ത് അതുകൊണ്ട് ആയിരം ഫിലിസ്ത്യരെ വധിച്ചു. അപ്പോൾ അവനു വലിയ ദാഹമുണ്ടായി. അവനായി ദൈവം ഒരു ഉറവ തുറന്നു.

വലിയ ശക്തനും ദൈവിളിയുമുള്ളവനുമായിരുന്നെങ്കിലും സ്വന്തം വികാരങ്ങൾക്ക് അടിമയായിരുന്നു സാംസൻ. സാംസൻ ഒരു വേശ്യയെ സന്ദർശിക്കുന്നതും (16:13) ദലീല എന്ന സ്ത്രീയുമായുള്ള അവന്റെ പ്രേമബന്ധവുമാണു പിന്നീടു വിവരിക്കപ്പെടുന്നത്. മുൻകാല അനുഭവങ്ങളിൽനിന്നു യാതൊന്നും പഠിക്കാതിരുന്ന സാംസൺ ഈ പ്രേമബന്ധത്തിലൂടെ തകർന്നില്ലാതായി. നാസീർവ്രതക്കാരുടെ മുടി മുറിക്കുകയെന്നതു വ്രതം അവസാനിച്ചു എന്നതിന്റെ അടയാളമായിരുന്നു. ഈ പ്രേമബന്ധത്തിന്റെ ഫലമായി ദൈവം നിയോഗിച്ച ഒരു നാസീർവ്രതക്കാരനായ ന്യായാധിപൻ ഇസ്രായേലിനു നഷ്ടമായി. എങ്കിലും സാംസന്റെ മുടി വളരുകയും അവൻ ഫിലിസ്ത്യരോടു പ്രതികാരം ചെയ്യുകയും ചെയ്തു. ജീവിതകാലമത്രയും അപഹാസ്യനായ

കഥാപാത്രമായാണു സാംസൻ പ്രത്യക്ഷപ്പെടുന്നതെങ്കിലും ശത്രുക്കളെ ഹനിച്ചുകൊണ്ട് അഭിമാനത്തോടെ അയാൾ മരിച്ചു.

## അക്കാലത്ത് ഇസ്രായേലിൽ രാജവാഴ്ച ഇല്ലായിരുന്നു

*മിക്കായുടെ പൂജാഗൃഹം*

ഇസ്രായേലിൽ രാജഭരണത്തിന്റെ ആരംഭത്തിനു മുമ്പുണ്ടായിരുന്ന കുഴഞ്ഞുമറിഞ്ഞ അവസ്ഥയെ വെളിപ്പെടുത്താനായി 17-21 അദ്ധ്യായങ്ങളിലൂടെ വി. ഗ്രന്ഥകാരൻ ചില കഥകൾ വിവരിക്കുകയാണ് (17:6; 21:25). രാജ്യത്തിന്റെ വടക്കുഭാഗത്തു താമസിച്ചിരുന്ന മിക്കായ എന്ന മനുഷ്യൻ തന്റെ അമ്മയുടെ 1100 വെള്ളിനാണയങ്ങൾ മോഷ്ടിച്ചത് ഒന്നാമത്തെ പാപം. അയാൾ മാനസാന്തരപ്പെട്ട് അതു തിരിച്ചു കൊടുത്തപ്പോൾ അതിൽ നിന്ന് 200 നാണയങ്ങളെടുത്ത് അവൾ തന്റെ മകനുവേണ്ടി ഒരു കൊത്തുവിഗ്രഹവും വാർപ്പുവിഗ്രഹവും നിർമ്മിച്ചു (ഏറ്റവും ഹീനമായ പാപം). അതോടൊപ്പം ഒരു എഫോദും വിഗ്രഹങ്ങളുമുണ്ടാക്കി. അവൻ തന്റെ പുത്രന്മാരിലൊരുവനെ അവിടെ പുരോഹിതനായി അവരോധിക്കുകയും ചെയ്തു (മറ്റൊരു പാപം). കാരണം ലേവ്യരായിരുന്നു പുരോഹിതരാകേണ്ടിയിരുന്നത്. എന്തുകൊണ്ടാണ് ഇങ്ങനെയൊക്കെ സംഭവിച്ചത് എന്നു ഗ്രന്ഥകാരൻ പറയുന്നു: "അന്ന് ഇസ്രായേലിൽ രാജവാഴ്ച ഇല്ലായിരുന്നു; ഓരോരുത്തരും യുക്തമെന്നു തോന്നുന്നതു പ്രവർത്തിച്ചു പോന്നു" (17:6). പിന്നീട്, യൂദായിൽനിന്ന് ഒരു ലേവ്യൻ അവിടെ എത്തിയപ്പോൾ അയാൾ അവനെ തന്റെ പുരോഹിതനായി നിയമിച്ചു. വാസ്തവത്തിൽ ഇസ്രായേലിലുണ്ടായിരുന്ന (ദാനിൽ) പേരുകേട്ട ഒരു ബലിപീഠത്തിനെതിരേയുള്ള നിയമാവർത്തന ഗ്രന്ഥകാരന്റെ അവലോകനമാണീ വിവരണം.

*ദാനിലേക്കുള്ള കുടിയേറ്റം*

18-ാം അദ്ധ്യായം ആരംഭിക്കുന്നത് അക്കാലത്ത് ഇസ്രായേലിൽ രാജാവില്ലായിരുന്നു എന്ന പ്രസ്താവനയോടെയാണ്. തീരദേശത്ത് അവകാശം ലഭിച്ച ദാൻകാർ അവിടെയുള്ള നാട്ടുകാരെ കീഴ്പ്പെടുത്താൻ കഴിയാത്തതുമൂലം തങ്ങൾക്കായി വേറെ വാസസ്ഥലമന്വേഷിക്കുന്ന കാലമായിരുന്നു അത്. അവരിൽനിന്നു ലായിഷ് ഒറ്റുനോക്കാൻ വന്നവർ മിക്കായുടെ ഭവനത്തിൽ വരികയും അവിടെ പുരോഹിതശുശ്രൂഷ ചെയ്തിരുന്ന ലേവ്യനെ കാണുകയും അവൻവഴി കർത്താവിനോട് ആരായുകയും ചെയ്തു. അതിനുശേഷം അവർ പോയി ദേശം ഒറ്റുനോക്കി. ശാന്തരായിക്കഴിഞ്ഞിരുന്ന ആ നാട്ടിലെ ജനങ്ങളെ കീഴടക്കുക എളുപ്പമാണെന്നു മന:സ്സിലാക്കിയ അവർ തിരികെ പോവുകയും ആളുകളുമായി തിരിച്ചു വരികയും ചെയ്തു. അവർ മിക്കായുടെ പുരോഹിതനായ ലേവ്യനെയും അയാളുടെ വിഗ്രഹങ്ങളും കടത്തിക്കൊണ്ടുപോയി. അവർ പോയി ലായിഷ് പിടിച്ചടക്കി അതിനു ദാൻ എന്നുപേരിട്ടു. അവിടെ ആ വിഗ്രഹങ്ങൾ സ്ഥാപിക്കുകയും അവിടെ പുരോഹിതനായി ആ ലേവ്യനെ നിയമിക്കുകയും ചെയ്തു. വിപ്രവാസകാലംവരെ മോശയുടെ പിൻതലമുറ അവിടെ പുരോഹിതവൃത്തി ചെയ്തു എന്നു വി. ഗ്രന്ഥകാരൻ വിവരിക്കുന്നു (18:30). മോശയുടെ പൗരോഹിത്യം അവകാശപ്പെട്ടിരുന്നതും ജറുസലെമിനു പുറത്തുണ്ടായിരുന്നതുമായ ഒരു ബലിപീഠത്തെക്കുറിച്ചുള്ള നിയമാവർത്തന ഗ്രന്ഥകാരന്റെ നിഷേധാത്മക കഥയാണിത്.

*ഗിബെയാക്കാരുടെ മ്ലേഛത (19:1-30)*

ഇസ്രായേലിൽ രാജവാഴ്ചയില്ലാതിരുന്ന കാലത്ത് ഓരോരുത്തരും തങ്ങൾക്കിഷ്ടമുള്ളതെല്ലാം ചെയ്തിരുന്നുവെന്നും ഒരു രാജാവുണ്ടാകേണ്ടത് അനിവാര്യമാണെന്നും കാണിക്കാനാണു ഗ്രന്ഥകർത്താവ് ഈ കഥയും വിവരിക്കുന്നത്. എഫ്രായിമിലെ ഒരു ലേവ്യൻ ബേത്ത്ലേഹെംകാരിയായ ഒരുവളെ ഉപനാരിയായി സ്വീകരിച്ചു. അവൾ അവനോടു പിണങ്ങി യൂദായിലെ പിതൃഭവനത്തിലേക്കുപോയി. അവളെ അനുനയിപ്പിച്ചുകൊണ്ടുവരാൻ പുറപ്പെട്ട ലേവ്യനെ ഏകദേശം ഒരാഴ്ചക്കാലത്തോളം അമ്മായിയപ്പൻ സൽക്കരിച്ചു. അഞ്ചാം ദിവസം വളരെ താമസിച്ച് അവർ യാത്ര പുറപ്പെട്ടു. അന്നേദിവസം ബഞ്ചമിൻ ഗോത്രക്കാരുടെ ഗിബെയാവരെ മാത്രം യാത്രചെയ്യാനേ അവർക്കു കഴിഞ്ഞുള്ളൂ. ആ രാത്രി ബഞ്ചമിനിൽ താമസമാക്കിയ മറ്റൊരു എഫ്രായിംകാരൻ അയാൾക്കും ഭാര്യയ്ക്കും അഭയമരുളി.

ആ രാത്രിയിൽ ആ നാട്ടിലെ ആഭാസന്മാർവന്ന് അതിഥിയായി വന്നിരിക്കുന്ന മനുഷ്യനെ തങ്ങൾക്കു സന്തോഷിക്കുന്നതിനായി ഇറക്കിവിടാൻ വീട്ടുടമസ്ഥനോടാവശ്യപ്പെട്ടു. ലോത്തിന്റെ കഥയ്ക്കു സമാനമായ കഥയാണിത് (ഉൽപ 19). ഗത്യന്തരമില്ലാതെ ആ ലേവ്യൻ തന്റെ ഉപനാരിയെ അവർക്കു വിട്ടുകൊടുത്തു. അടുത്ത പ്രഭാതത്തിൽ അവൾ ആ വീടിന്റെ വാതിൽപ്പടിക്കൽ മരിച്ചുകിടക്കുന്നത് അയാൾ കണ്ടു. തന്റെ ഉപനാരിയെ രക്ഷിക്കാൻ ഒന്നുംതന്നെ ചെയ്യാതിരുന്ന അയാൾ അവളുടെ മൃതശരീരം തന്റെ വീട്ടിലേക്കു കൊണ്ടുപോവുകയും അതു 12 കഷണങ്ങളാക്കി മുറിച്ച് ഇസ്രായേൽ ഗോത്രങ്ങളിലേക്കയച്ചു ബഞ്ചമിനോടു യുദ്ധം ചെയ്യാൻ അവരെ ക്ഷണിക്കുകയും ചെയ്തു. ഒരു കാളയെക്കൊന്നു കഷണങ്ങളാക്കി അയച്ചുകൊണ്ടു യുദ്ധത്തിനു ക്ഷണിക്കുന്ന രീതി ആദ്യകാലത്തു നിലവിലുണ്ടായിരുന്നു (1സാമു

11:7; 1രാജ 11:30-39). യുദ്ധത്തിനു സഹകരിച്ചില്ലെങ്കിൽ ഈ കാളയുടെതു പോലെയാകും നിങ്ങളുടെ വിധിയും എന്നുസാരം. വാസ്തവത്തിൽ തിന്മയെ തടുക്കുന്നതിനു തന്റെ ഭാഗത്തുനിന്നു ന്യായമായ ഒന്നുംതന്നെ ചെയ്യാതെ ജനത്തിനുമേൽ ന്യായാധിപനായി ആ ലേവ്യൻ സ്വയം അവരോധിച്ച് ദേശത്തു വിപ്ലവം സൃഷ്ടിക്കുകയായിരുന്നു.

ബഞ്ചമിനെതിരേയുള്ള യുദ്ധത്തിൽ എല്ലാ ഗോത്രങ്ങളും പങ്കുചേർന്നു (20:1). ഗോത്രങ്ങളുടെ കൂട്ടായ്മയിൽനിന്നു വേർപെട്ടുപോകാൻ ഒരു ഗോത്രം നടത്തിയ പരിശ്രമത്തെ പരാജയപ്പെടുത്തിയതിനെക്കുറിച്ചുള്ള ഒരു പുരാതന കഥയായിരിക്കാമിത്. ഈ കഥയിൽ ബേത്തേലിനെ മോശമായി ചിത്രീകരിച്ചിട്ടില്ലെന്നതു ശ്രദ്ധേയമാണ്. യുദ്ധാനന്തരം ബഞ്ചമിൻ ഗോത്രത്തിൽ ബാക്കിവന്നത് ഒളിച്ചിരുന്ന 600 പുരുഷന്മാർ മാത്രമാണ്. പിന്നീട് ഇസ്രയേൽ ബേത്തേലിൽ കർത്താവിന്റെ സന്നിധിയിൽ ഒന്നുചേർന്ന് തങ്ങളുടെ ഇടയിൽനിന്ന് ഒരു ഗോത്രം വംശനാശത്തിന്റെ വക്കിലെത്തിയതിനെക്കുറിച്ചു പരിതപിച്ചു. പുരുഷന്മാർ മാത്രമുള്ള ഈ ഗോത്രം നിലനിർത്താനായി തങ്ങളോടു സഹകരിക്കാത്ത യാബേഷ് ഗിലയാദിലുള്ളവരെ മറ്റൊരു വിപ്ലവത്തിലൂടെ വധിക്കാനും അങ്ങനെ ഈ പുരുഷന്മാർക്കു കന്യകമാരെ കണ്ടെത്താനും അവർ തീരുമാനിച്ചു. അങ്ങനെ 400 കന്യകമാരെ അവർ പിടിച്ചെടുത്തു ബഞ്ചമിൻ പുരുഷന്മാർക്കു നല്കി. ഇസ്രായേലിലെ കന്യകമാർ ഷീലോയിൽ കർത്താവിന്റെ സന്നിധിയിൽ തിരുനാളിനു പോകുമ്പോൾ അവരിൽനിന്ന് 200 പേരെ തട്ടിക്കൊണ്ടുപോയ്ക്കൊള്ളാൻ ശ്രേഷ്ഠന്മാർ ബാക്കിയുള്ള 200 പേർക്ക് അനുവാദം നല്കി; കാരണം, തങ്ങളുടെ ഗോത്രങ്ങളിൽനിന്നു ബഞ്ചമിനു കന്യകമാരെ നല്കുകയില്ലെന്ന് അവർ കർത്തൃസന്നിധിയിൽ പ്രതിജ്ഞ ചെയ്തിരുന്നു.

### *വിവരണങ്ങളുടെ ദൈവശാസ്ത്രഘടന*

പന്ത്രണ്ടു ന്യായാധിപന്മാരുടെ ചരിത്രം വിവരിക്കുന്ന ഈ ഗ്രന്ഥം ഒരു പ്രത്യേകരീതിയിലാണ് അവ അവതരിപ്പിച്ചിരിക്കുന്നത്. ഒരേ രീതിയിൽ ആറു ഭാഗങ്ങളുള്ള വിവരണശൈലിയാണ് ഇവിടെ കാണപ്പെടുന്നത്:

1. അന്യദേവന്മാരുടെ പുറകേപോയ ഇസ്രായേൽ ഈ ദേവന്മാരെ ആരാധിക്കുകയും ദൈവപ്രമാണം ലംഘിച്ചു പാപം ചെയ്യുകയും ചെയ്തു.
2. തത്ഫലമായി ദൈവം അവരെ ശത്രുക്കൾക്ക് ഏൽപ്പിച്ചു കൊടുത്തു.
3. ശത്രുക്കളാൽ കഠിനമായി പീഡിപ്പിക്കപ്പെട്ടപ്പോൾ അവർ ദൈവത്തോടു കരഞ്ഞപേക്ഷിച്ചു.





4. അപ്പോൾ ജനത്തോട് അനുകമ്പ തോന്നിയ ദൈവം ശക്തനും ധീരനുമായ ഒരു ന്യായാധിപനെ അവർക്കായി ഉയർത്തി.
5. ആ ന്യായാധിപൻ ജനത്തിന്റെ ശത്രുക്കൾക്കെതിരേ യുദ്ധം ചെയ്തു.
6. അങ്ങനെ ആ ന്യായാധിപന്റെ ജീവിതാന്ത്യംവരെ അവിടെ സമാധാനം സ്ഥാപിക്കപ്പെട്ടു.

വി. ഗ്രന്ഥകാരനവതരിപ്പിക്കുന്ന ഈ രൂപരേഖയുടെ ഒരു മാതൃക ആദ്യന്യായാധിപനായ ഒത്ത്നിയേലിൽ കാണാം: "തങ്ങളുടെ ദൈവമായ കർത്താവിനെ മറന്ന് ബാൽദേവൻമാരെയും അഷേരാപ്രതിഷ്ഠ കളെയും സേവിച്ചുകൊണ്ട് ഇസ്രായേൽ കർത്താവിൻെറ മുൻപാകെ തിൻമ പ്രവർത്തിച്ചു. അതിനാൽ, കർത്താവിൻെറ കോപം ഇസ്രായേലിനെതിരേ ജ്വലിച്ചു. അവിടുന്ന് അവരെ മെസൊപ്പൊട്ടാമിയാ രാജാവായ കുഷാൻ-റിഷാത്തായിമിൻെറ കൈകളിൽ ഏൽപിച്ചു. അവനെ അവർ എട്ടുവർഷം സേവിച്ചു. ഇസ്രായേൽജനം കർത്താവിനോടു നിലവിളിച്ചു. കാലെബിൻെറ ഇളയ സഹോദരനായ കെനാസിൻെറ പുത്രൻ ഒത്ത്നിയേലിനെ കർത്താവ് അവർക്കു വിമോചകനായി നിയമിക്കുകയും അവൻ അവരെ മോചിപ്പിക്കുകയും ചെയ്തു. കർത്താവിൻെറ ആത്മാവ് അവൻെറമേൽ വന്നു; അവൻ ഇസ്രായേലിൽ ന്യായവിധി നടത്തി. അവൻ യുദ്ധത്തിനു പുറപ്പെട്ടു; മെസൊപ്പൊട്ടാമിയാ രാജാവായ കുഷാൻ-റിഷാത്തായിമിനെ കർത്താവ് അവൻെറ കൈയിൽ ഏൽപിച്ചുകൊടുത്തു. ഒത്ത്നിയേൽ അവൻെറമേൽ ആധിപത്യം സ്ഥാപിച്ചു. അങ്ങനെ, ദേശത്തു നാൽപതുവർഷം ശാന്തി നിലനിന്നു. അതിനുശേഷം കെനാസിൻെറ മകനായ ഒത്ത്നിയേൽ മരിച്ചു" (3:7-11). എന്താണ് ഈ രീതിയിലുള്ള വിവരണം കൊണ്ടർത്ഥമാക്കുന്നത് എന്നു ഗ്രന്ഥകാരൻ ആരംഭത്തിൽ പറഞ്ഞിട്ടുണ്ട് (2:10-23). ദൈവം ജനത്തോടും താനയയ്ക്കുന്ന ന്യായാധിപനോടും വിശ്വസ്ത കാണിക്കുന്നവനാണെന്നും എന്നാൽ ജനം ദൈവത്തിന്റെ കാരുണ്യം പെട്ടെന്നു മറക്കുകയും തങ്ങളുടെ പിതാക്കന്മാരെക്കാൾ അധികമായി അവിടുത്തെ ഉപേക്ഷിച്ചു നിരന്തരം അന്യദേവന്മാരുടെ പിന്നാലെ പോയിരുന്നുവെന്നും ഗ്രന്ഥകാരൻ വിവരിക്കുന്നു.

പരസ്പരം മത്സരിക്കുകയും വഴക്കിടുകയും എന്നാൽ തമ്മിൽ ഐക്യം കണ്ടെത്താൻ പരിശ്രമിക്കുകയും അതേസമയം തങ്ങൾക്കു വസിക്കാൻ കാനാൻ ദേശത്ത് ഇടമന്വേഷിക്കുകയും ചെയ്യുന്ന 12 ഗോത്രങ്ങളുടെ ചിത്രമാണു ന്യായാധിപന്മാരുടെ ഗ്രന്ഥത്തിൽ ചുരുള

ഴിയുന്നത്. അക്കാലത്തു ദേശത്തു രാജാവില്ലാതിരുന്നു എന്നു കാണിക്കാനാണു ഗ്രന്ഥകാരൻ ഈ കഥയെല്ലാം വിവരിക്കുന്നത്.

ജോഷ്വായുടെ ഗ്രന്ഥത്തിൽ ഉപരിപ്ലവമായി കാണുന്നതുപോലെ ഒരൊറ്റ യുദ്ധത്തിലൂടെയായിരുന്നില്ല ഇസ്രായേൽദേശം സ്വന്തമാക്കിയതെന്നും ഇസ്രായേലിന്റെ ആരംഭകാലത്ത് ഗോത്രങ്ങൾ തമ്മിൽ ദൃഢമായ ബന്ധങ്ങൾ ഇല്ലായിരുന്നുവെന്നും ചില അവസരങ്ങളിൽ ഒന്നു മറ്റൊന്നിനെ ഇല്ലായ്മ ചെയ്യാൻ പരിശ്രമിച്ചിരുന്നുവെന്നും എന്നാൽ ഇവർ ഒരു സമൂഹമായിരുന്നുവെന്നുമുള്ള കാര്യങ്ങളാണു ന്യായാധിപന്മാരുടെ ഗ്രന്ഥം വിവരിക്കുന്നത്. ദേശത്തുള്ള ജനങ്ങളുമായും നാടോടികളുമായും ഏറ്റുമുട്ടേണ്ടിയിരുന്ന കാലവുമായിരുന്നു അത്. പലപ്പോഴും ഒരു ഗോത്രം മറ്റൊന്നിനെ സഹായിക്കാൻ സന്നദ്ധവുമായിരുന്നില്ല (5:23). അബിമേലെക്കിന്റെയും ബഞ്ചമിൻകാരുടെയും കഥകൾ കാണിക്കുന്നതുപോലെ പലപ്പോഴും ഗോത്രങ്ങൾ തമ്മിൽ തുറന്ന യുദ്ധങ്ങളും നടന്നിരുന്നു. ഇതിന്റെയെല്ലാം സംഗ്രഹമാണ് ഇടയ്ക്കിടെ ആവർത്തിക്കുന്ന വാക്യം: "അക്കാലത്ത് ഇസ്രായേലിൽ രാജാവില്ലായിരുന്നു. ഓരോരുത്തനും തനിക്കു യുക്തമെന്നു തോന്നിയതു ചെയ്തിരുന്നു" (21:25; 18:1; 19:1). ഇസ്രായേലിൽ രാജവാഴ്ച സ്ഥാപിക്കാനുള്ള ഒരു ന്യായീകരണമായി നാഥനില്ലാത്ത ഈ അവസ്ഥയെ ഗ്രന്ഥത്തിന്റെ ഈ ഭാഗത്ത് എഴുത്തുകാരൻ വിശദീകരിക്കുകയാണ്.

## പന്ത്രണ്ടു ഗോത്രങ്ങൾ

ന്യായാധിപന്മാരുടെ ഗ്രന്ഥത്തിൽക്കാണുന്ന ഗോത്രങ്ങളുടെ പെരുമാറ്റ രീതി ഇവയുടെ ആരംഭമെന്തായിരുന്നു എന്നതിനെക്കുറിച്ചു സംശയങ്ങൾ ഉണർത്തുന്നുണ്ട്. വചനപാരമ്പര്യമനുസരിച്ച് 12 ഗോത്രങ്ങളുടെ കൂട്ടായ്മയാണ് ഇസ്രായേൽ. ഉൽപത്തി ഗ്രന്ഥമനുസരിച്ചു യാക്കോബിന്റെ 12 മക്കളുടെ സന്താന പരമ്പരയാണീ ഗോത്രങ്ങൾ. എന്നാൽ, വി. ഗ്രന്ഥത്തിലെ പട്ടികകൾ നോക്കിയാൽ അവ തമ്മിൽ വ്യത്യാസങ്ങളുണ്ട്. പുറപ്പാടു ഗ്രന്ഥത്തിനുശേഷം ഈ ലിസ്റ്റുകളിൽ പൊതുവെ ജോസഫിന്റെ പേര് പ്രത്യക്ഷപ്പെടുന്നില്ലെന്നതാണ് ഒരു പ്രധാന പ്രത്യേകത. പകരമായി ജോസഫിന്റെ മക്കളായ എഫ്രായിമും മനാസ്സെയും അവിടെ സ്ഥാനം പിടിക്കും. ഒരു ഗോത്രത്തിന്റെ സ്ഥാനത്തു രണ്ടെണ്ണം ചേർക്കപ്പെടുമ്പോൾ എണ്ണം 12 നിലനിർത്താനായി ഒന്നുകിൽ ലേവിയെയോ അല്ലെങ്കിൽ ശിമയോനെയോ ഉപേക്ഷിക്കും. താഴെ വരുന്ന ലിസ്റ്റുകൾ കാണുക:





| **ഉൽപ 49:1–27** | **സംഖ്യ 1:5–15** | **നിയ 33:1–29** |
|---|---|---|
| റൂബൻ | റൂബൻ | റൂബൻ |
| ശിമയോൻ | ശിമയോൻ | ——— |
| ലേവി | ——— | യൂദാ |
| യൂദാ | യൂദാ | ലേവി |
| സെബുലൂൻ | ഇസ്സാക്കാർ | ബഞ്ചമിൻ |
| ഇസ്സാക്കാർ | സെബുലൂൻ | ജോസഫ് |
| ദാൻ | *എഫ്രായിം* | *എഫ്രായിം* |
| ഗാദ് | *മനാസ്സെ* | *മനാസ്സെ* |
| ആഷേർ | ബഞ്ചമിൻ | സെബുലൂൻ |
| നഫ്ത്താലി | ദാൻ | ഇസ്സാക്കാർ |
| ജോസഫ് | ആഷേർ | ഗാദ് |
| ബഞ്ചമിൻ | ഗാദ് | ദാൻ |
| | നഫ്ത്താലി | നഫ്ത്താലി |
| | | ആഷേർ |

ഉൽപ 29–30 വിവരണമനുസരിച്ച് ഈ 12 മക്കൾ യാക്കോബിനു നാലു സ്ത്രീകളിലായി ജനിച്ചവരാണ്. യാക്കോബിന്റെ ആദ്യ ഭാര്യ ലയയുടെ മക്കളാണു റൂബൻ, ശിമയോൻ, ലേവി, യൂദാ, ഇസ്സാക്കാർ സെബുലൂൻ എന്നിവർ. ലയയുടെ ദാസിയായ സിൽഫായുടെ മക്കളാണു ഗാദും ആഷേറും. യാക്കോബിന്റെ രണ്ടാമത്തെ ഭാര്യയായ റാഹേലിന്റെ മക്കളാണു ജോസഫും ബഞ്ചമിനും. റാഹേലിന്റെ ദാസിയായ ബിൽഹായുടെ മക്കളാണു ദാനും നഫ്ത്താലിയും. വാസ്തവത്തിൽ ഇവയെല്ലാം മധ്യപൂർവ്വദേശത്തെ സാധാരണ പേരുകളാണ്. മധ്യപൂർവ്വദേശത്തെ ചിന്തയനുസരിച്ചു മക്കൾ എന്നാൽ സമന്മാർ എന്നും അർത്ഥമുണ്ട്. അതായത്, അവർ സമന്മാരായ സഹോദരന്മാരാണ്. സഹോദരന്മാരെന്നുള്ളത് അക്കാലത്ത് സംഘം (സഹകരണ സംഘം) എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരുന്നിരിക്കണം. യാക്കോബും ഏസാവും ഒരേ പിതാവിന്റെ മക്കളായി/സഹോദരന്മാരായി കരുതപ്പെട്ടിരുന്നു. അതുപോലെ തന്നെ ഇസഹാക്കും ഇസ്മായേലും: കിഴക്കുഭാഗത്തുള്ള അറബു ജനങ്ങളുമായി ഇസ്രായേലിനുണ്ടായിരുന്ന ബന്ധമാണ് ഇതിലൂടെ സൂചിപ്പിക്കുന്നത്. യാക്കോബും ലാബാനും ചാർച്ചക്കാരായിരുന്നുവെന്നതും (ഉൽപ 30–31) ഈ അർത്ഥത്തിൽത്തന്നെയായിരിക്കണം (ഇസ്രായേലും-മെസൊപ്പൊട്ടേമിയായും). രണ്ടു ഭാര്യമാരുടെയും രണ്ടു ദാസിമാരുടെയും മക്കളെന്ന തിരിവ് 12 പേരുടെ സംഘം രൂപീകൃതമാകുന്നതിനു മുമ്പുള്ള ചെറിയ സംഘങ്ങളുടെ ആവിർഭാവമായിരിക്കാമെന്നു പണ്ഡിതന്മാർ കരുതുന്നു.

പല പ്രദേശങ്ങളിലെ പരീക്ഷണങ്ങൾക്കുശേഷമായിരുന്നിരിക്കണം 12 ഗോത്രങ്ങളുടെ ഐക്യം സഫലമായത്. ജോസഫിന്റെ സ്ഥാനത്ത് (ഉൽപ 47) എഫ്രായിം, മനാസ്സെ എന്നിവ കൂട്ടായ്മയിലേയ്ക്കു കട ന്നുവന്നത് ഈ ഗോത്രങ്ങൾ വളരെ ശക്തരായിത്തീർന്ന കാലത്താ യിരിക്കണം. അവ പിന്നീടു സംഘത്തിൽ ചേർന്നവരായിരിക്കാം. ശിമ യോൻ, ജോസഫ് എന്നിവ ഇല്ലാതാകുന്നതിന്റെ കാരണം ആ പട്ടികയുണ്ടായ കാലത്ത് ഈ ഗോത്രങ്ങൾ അപ്രത്യക്ഷമായതിനാലാ കാം. ലേവിഗോത്രം ഇസ്രായേലിൽ പുരോഹിതഗോത്രമായി രൂപാ ന്തരപ്പെട്ടതിന്റെ ഫലമായിട്ടായിരിക്കാം അതു മാറ്റി നിർത്തപ്പെട്ടത്. പലതായിരുന്നെങ്കിലും ന്യായാധിപന്മാരുടെ കാലഘട്ടത്തിനവസാനം ഗോത്രങ്ങൾ ഒരു സഖ്യമായിത്തീർന്നതിന്റെ ചരിത്രമാണു യാക്കോ ബിന്റെയും മക്കളുടെയും പുരാണകഥയിലൂടെ വി. ഗ്രന്ഥകാരൻ അവ തരിപ്പിച്ചത്. ഇത്തരത്തിലുള്ള ഒരു അനുമാനത്തെ ശരിവയ്ക്കുന്നതാ ണു ജോഷ്വായുടെ ഗ്രന്ഥത്തിനവസാനം സംഭവിക്കുന്ന ഉടമ്പടിയുടെ വിവരണം. ജോഷ്വാ ഉടമ്പടി ചെയ്യിച്ച ഗോത്രങ്ങൾക്ക് ഇസ്രായേലിന്റെ ദൈവമായ കർത്താവിനെക്കുറിച്ചു കാര്യമായ ധാരണകളുണ്ടായിരു ന്നെന്നു തോന്നുന്നില്ല (ജോഷ്വാ 24:14-24). മറ്റൊരുദാ.: ന്യായാധിപ ന്മാരുടെയും രാജാക്കന്മാരുടെയും കാലത്ത് ഇസ്രായേൽ പെസഹാ ആചരിച്ചിരുന്നില്ല എന്നാണ് അവസാന കാലഘട്ടത്തിലെ ജോസിയ രാജാവു പറഞ്ഞത് (2രാജാ 23:22-23).

ജോഷ്വായുടെ ഗ്രന്ഥത്തിൽ കാണുന്നതുപോലെ, പല ഗ്രൂപ്പുകൾ ജോഷ്വയുടെ ഉടമ്പടിയിലൂടെ ഒന്നായിത്തീർന്നു ജന്മമെടുത്തതാണു ചരിത്രപരമായ ഇസ്രായേൽ എന്നാണു പല പണ്ഡിതന്മാരും കരു തുന്നത്. വ്യത്യസ്തരായ ഈ ഗോത്രങ്ങൾക്ക് അവരുടെ പിതാക്കന്മാ രെക്കുറിച്ചുള്ള പാരമ്പര്യങ്ങൾ ഉണ്ടായിരുന്നു. പിന്നീടു വന്ന ഉൽപത്തി ഗ്രന്ഥകാരൻ അവരെ പിതാവ് (അബ്രാഹം) - പുത്രൻ (ഇസഹാക്ക്) - പൗത്രൻ (യാക്കോബ്) എന്നിങ്ങനെ വംശാവലി തയ്യാറാക്കി യോജി പ്പിച്ചതായിരിക്കണം. കാരണം ചില വചനങ്ങളനുസരിച്ച് അബ്രാഹ മാണ് ഇസ്രായേലിന്റെ പിതാവ്; മറ്റു ചിലവയനുസരിച്ച് യാക്കോബും. അബ്രാഹത്തിന്റെ ജീവിതത്തിൽ സംഭവിച്ചവതന്നെ ഇസഹാക്കിന്റെ ജീവിതത്തിലും സംഭവിക്കുന്നതു കാണാം.

### *ഗോത്രങ്ങളുടെ കൂട്ടായ്മ*

പിൽക്കാലത്തു ഗ്രീക്കു പട്ടണങ്ങളിൽ (രശ്യേ മെലേ) നിലവി ലുണ്ടായിരുന്ന രാജ്യസഖ്യത്തിനു സമാനമായ ഏതോ ഒരു സഖ്യമാ യിരുന്നിരിക്കണം ആരംഭകാലത്ത് ഇസ്രായേലിലും നിലവിലിരുന്ന തെന്നാണു പല പണ്ഡിതന്മാരും കരുതുന്നത്. കർത്താവിലുള്ള വിശ്വാ സമായിരുന്നു ഈ ഗോത്രങ്ങളെ ഒരുമിച്ചു ചേർത്ത പ്രധാന ഘടകം. ഓരോ പട്ടണത്തിലെയും പ്രതിനിധികൾ വർഷത്തിലൊരിക്കൽ പ്രധാ നപ്പെട്ട ഒരു ക്ഷേത്രത്തിൽ വരികയും ആ ദേവനോടും മറ്റു പട്ടണങ്ങ ളോടുമുള്ള ബന്ധം പുതുക്കുകയും ചെയ്യുന്ന രീതിയാണു ഗ്രീക്കു പട്ട ണങ്ങളിലുണ്ടായിരുന്നത്. ഈ അവസരത്തിൽ അവർക്കിടയിലുള്ള തർക്കങ്ങളും പരിഹരിക്കപ്പെടാറുണ്ടായിരുന്നു. ഗ്രീക്കിൽ ആംഫിക്ടി യോണി (മാുവശരര്യ്യീ) എന്നറിയപ്പെടുന്ന ഈ സഖ്യത്തിനു സമാന മായതെന്തെങ്കിലും ഇസ്രായേലിലുണ്ടായിരുന്നോ എന്നതിനു ബൈബി ളിൽ തെളിവുകളൊന്നുമില്ലെന്നതു ശ്രദ്ധേയമാണ്. കാരണം, ന്യായാ ധിപന്മാരുടെ ഗ്രന്ഥമനുസരിച്ചു പല ഗോത്രങ്ങളും പരസ്പരം സഹാ യിച്ചിരുന്നില്ല. എന്നാൽ, യാഹ്‌വെയിലുള്ള വിശ്വാസം ഇവരെ മറ്റു കാനാന്യരിൽ നിന്നു വ്യത്യസ്തരാക്കിയിരുന്നു; കർത്താവിനെ ആരാ ധിക്കുന്നതിനായി അവർക്ക് ഒരു പ്രത്യേക ആരാധനാ സ്ഥലമുണ്ടാ യിരുന്നു. അവിടെയാണു സാക്ഷ്യപേടകമുണ്ടായിരുന്നത്: ആദ്യം ഷെക്കെമിലും (ജോഷ്വാ 23-24) പിന്നെ ഷീലോയിലും (1സാമു 14).

## കാനാൻദേശവും ഇസ്രായേലും

സിറിയാക്കാരനായ നാമാനെ ഏലീഷാ പ്രവാചകൻ കർത്താവിന്റെ നാമത്തിൽ കുഷ്ഠവിമുക്തനാക്കിക്കഴിഞ്ഞപ്പോൾ ഇസ്രായേലിൽനിന്നു കുറച്ചു മണ്ണു കൊണ്ടുപോകാൻ നാമാൻ ഏലീഷായോട് അനുവാദം ചോദിച്ചു (2രാജാ 5). കാരണം, പഴയകാല വിശ്വാസമനുസരിച്ച് ഓരോ രാജ്യത്തിനും അവകാശിയായി സ്വർഗ്ഗത്തിൽ ഒരു ദേവനുണ്ട് (നിയ 32:8-8). ആ ദേവന്റെ മണ്ണിലിരുന്നു പ്രാർഥിച്ചാൽ മാത്രമേ ആ ദേവൻ കേൾക്കു കയുള്ളൂ. ഹെസക്കിയാ രാജാവിന്റെ കാലത്ത് അസ്സീറിയൻ ചക്രവർത്തി യുടെ സൈന്യാധിപനായ റെബ്ഷക്കെ ജറുസലെമിനെ ഉപരോധിച്ചു വെല്ലുവിളിച്ചപ്പോൾ അയാൾ പറഞ്ഞതു യൂദാ രാജാവു ദേശം കൈകാര്യം ചെയ്യുന്ന രീതി അവരുടെ ദൈവമായ കർത്താവിനു അനിഷ്ടകരമായതി നാൽ ദേശം ഒരു കൊള്ളമുതൽപോലെ കർത്താവ് അസ്സീറിയൻ ചക്ര വർത്തിക്കു കൈമാറിയെന്നാണ് (2രാജാ 18). ബാബിലോണിൽ വിപ്രവാ സത്തിലായ ജനം വിലപിച്ചത് "അന്യദേശത്തുവച്ചു ഞങ്ങൾ കർത്താ വിന്റെ ഗാനങ്ങൾ പാടുന്നതെങ്ങനെ" എന്നാണ് (സങ്കീ 137:4). അതായത്, അപ്പോൾ കർത്താവു കേൾക്കുകയില്ലല്ലോ എന്നർത്ഥം.

വാഗ്ദാനദേശം കർത്താവിന്റെ ദാനമായാണ് ഇസ്രായേൽ മനസ്സി ലാക്കിയിരുന്നത്. ജോഷ്വായുടെ നേതൃത്വത്തിലുള്ള സ്വന്തമാക്കലിനു മുമ്പു പിതാക്കന്മാർ വാഗ്ദത്തദേശത്തു പരദേശികളെപ്പോലെയാണു

വസിച്ചിരുന്നത്. ദേശം അവർക്കുള്ള വാഗ്ദാനമായിരുന്നു (ഉൽപ 15). പുറപ്പാടിന്റെ അന്ത്യത്തിൽ ജനം വാഗ്ദത്തദേശത്തിന്റെ അതിർത്തിയിലെത്തിയപ്പോൾ ദേശത്തിന്റെ പ്രത്യേകതയെന്താണെന്നു മോശ അവരെ അനുസ്മരിപ്പിച്ചു. ദേശം വിശുദ്ധവും അനുഗ്രഹീതവും ഫലപുഷ്ടവുമായ ദൈവദാനമാണ്. എന്നാൽ ഈ ദേശംതന്നെ കർത്താവിനെ ഉപേക്ഷിക്കാനും ഫലപുഷ്ടിയുടെയും ശക്തിയുടെയും ദേവനായി ദേശത്ത് അറിയപ്പെടുന്ന ബാലിനെ ആരാധിക്കാനുമായി അവർ പരീക്ഷിക്കപ്പെടാനുള്ള കാരണവുമാകാം. കർത്താവിനോടു വിധേയമായി പരിശുദ്ധമായി കൈകാര്യം ചെയ്യേണ്ട ഒരു കാര്യസ്ഥജോലിയാണു ദേശത്തിന്റെ അവകാശം. അത് ഉടമ്പടിയുടെ ദേശമാകയാൽ ഉടമ്പടിനിയമങ്ങളോടുള്ള അനുസരണവും ദേശത്തിന്മേലുള്ള അവകാശവും ഒന്നു ചേർന്നാണു നിലനില്ക്കുക. സാബത്തു വിശ്രമം, പാവപ്പെട്ടവരുടെ സംരക്ഷണം, വിധവകളുടെയും പരദേശികളുടെയും സംരക്ഷണം, നിയമാവർത്തനം 12-26 ലെ നിയമങ്ങളുടെ പൂർണമായ അനുസരണം എന്നിവയെല്ലാം ദേശത്തിന്മേലുള്ള അവകാശത്തോടൊപ്പം അവരിലേക്കു വന്നുചേരുന്ന ഉത്തരവാദിത്വങ്ങളാണെന്നു മോശ പറഞ്ഞു.

എന്നാൽ ദേശത്തു പ്രവേശിച്ച നിമിഷം മുതൽ ജനം ദേശദാതാവായ കർത്താവിനെ അവഗണിക്കുകയും അവിടുത്തെ ഒറ്റിക്കൊടുക്കുകയും ചെയ്തു. ന്യായാധിപന്മാരുടെ കാലത്തു ദേശത്തുള്ള ഉത്തരവാദിത്വങ്ങൾ മറന്നു ഗോത്രങ്ങൾ പരസ്പരം തകർക്കാൻ ശ്രമിച്ചുവെന്നു നിയമാവർത്തന ഗ്രന്ഥകാരന്മാർ അനുസ്മരിച്ചു. അക്കാലത്തെ ശോഭയില്ലാത്ത ദേശചരിത്രമാണ് “അക്കാലത്ത് ഇസ്രായേലിൽ രാജാവില്ലായിരുന്നു...” എന്ന് ആവർത്തിക്കപ്പെടുന്ന വചനം (ന്യായാ 21:25).

രാജഭരണമാരംഭിച്ചു കഴിഞ്ഞപ്പോഴും മനോഭാവങ്ങൾക്കു മാറ്റംവന്നില്ലെന്നു രാജാക്കന്മാരുടെ ഗ്രന്ഥത്തിൽ നിയമാവർത്തന ഗ്രന്ഥകാരനും പ്രവാചക ഗ്രന്ഥങ്ങളിൽ അതിന്റെ ഗ്രന്ഥകർത്താക്കളും അനുസ്മരിക്കുന്നുണ്ട്. മറ്റൊരു നവീകരണം നടക്കണമെങ്കിൽ ഇസ്രായേലിനു ദേശം നഷ്ടമാവുകയും അവർ വിപ്രവാസത്തിൽ പോവുകയും ചെയ്യണമെന്നു പ്രവാചകന്മാർ പ്രഘോഷിച്ചു തുടങ്ങി. ജനം വിശുദ്ധമായ ഒരു സമൂഹമായിത്തീരേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അവർ സംസാരിച്ചു. ദേശത്തിന്റെ പുനഃസ്ഥാപനമല്ല ജനത്തിന്റെ വിശുദ്ധീകരണമാണാവശ്യം. അതുകൊണ്ടുതന്നെ വിപ്രവാസകാലത്തു വിരചിതമായ ഗ്രന്ഥങ്ങൾ (ബി.സി. 587-539) വിദൂരഭാവിയിൽ സംഭവിക്കാനിരിക്കുന്ന ദേശത്തിന്റെ പുനഃസ്ഥാപനത്തെക്കാൾ ദൈവിക നിയമത്തിനും ഉടമ്പടിയുടെ ജനമെന്ന നിലയിലുള്ള സമൂഹത്തിനും കൂടുതൽ പ്രാധാന്യം നല്കി.





വാഗ്ദത്തദേശത്തു ജനത്തിനുണ്ടായ പരാജയം വിപ്രവാസകാലത്തെ ദൈവശാസ്ത്രജ്ഞന്മാരെ പാരമ്പര്യത്തിൽനിന്നു മാറ്റി ചിന്തിപ്പിച്ചു. കർത്താവിനോടുള്ള ഭക്തിയും അവിടുത്തോടുള്ള ബന്ധത്തിൽനിന്നുളവാകുന്ന നിയമത്തോടുള്ള ഉത്തരവാദിത്വവുമാണു കൂടുതൽ പ്രധാനപ്പെട്ടതെന്നവർ പഠിച്ചു. ഇതാണു ജനത്തെ നയിക്കാനുള്ള വഴികാട്ടിയായി നിയമഗ്രന്ഥം/പഞ്ചഗ്രന്ഥം (അതിന്റെ ആദ്യപതിപ്പ് അല്ലെങ്കിൽ അതിന്റെ നിയമാവർത്തന പതിപ്പ്) എഴുതപ്പെടാൻ കാരണമായത്. പിന്നീട് അതിനോടു പ്രവാചക ഗ്രന്ഥങ്ങളും മറ്റു ഗ്രന്ഥങ്ങളും ചേർത്ത് അവർ വായിച്ചു തുടങ്ങി. അങ്ങനെ അനിശ്ചിതമായ ദേശത്തെക്കാൾ സുനിശ്ചിതമായ നിയമം ഇസ്രായേലിന്റെ ഏറ്റവും പ്രധാന അവകാശമായി മാറി (ശിവലൃശമേിരല). അവർ വാഗ്ദത്ത ദേശത്തിന്റെ ജനം എന്നതിനെക്കാൾ വി. ഗ്രന്ഥത്തിന്റെ ജനമായിത്തീർന്നു. എങ്കിലും അപ്പോഴും നിയമവും ദേശവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള ചിന്തകൾ ജനഹൃദയങ്ങളിലുണ്ടായിരുന്നു. വിപ്രവാസശേഷവും ദേശം ഇസ്രായേലിനു പുനഃസ്ഥാപിച്ചു കിട്ടുമെന്ന ശക്തമായ പ്രത്യാശ നിലനിന്നിരുന്നു. സ്വന്തമായ ദേശത്തോടുകൂടിയ സ്വതന്ത്രമായ ഒരു ഇസ്രായേൽ രാജ്യമെന്ന അവരുടെ പ്രത്യാശ രണ്ടുവിഭാഗത്തിൽപ്പെടുത്താവുന്ന വ്യതിരിക്തങ്ങളായ മെസയാനിക്ക് (മിശിഹാ) ചിന്തകളിലേക്ക് അവരെ നയിച്ചു:

1. ദാവീദിനെപ്പോലെ ഒരു രാജ്യം സ്ഥാപിക്കുന്ന ഒരു രാഷ്ട്രീയ മിശിഹാ/രാജാവ് ഒരിക്കൽ വന്നെത്തുമെന്ന് ഒരു കൂട്ടർ പ്രതീക്ഷിച്ചു. അദ്ദേഹം മറ്റു രാജ്യങ്ങളെ തകർത്തു കളയും (രാഷ്ട്രീയമിശിഹാ).

2. ഈ യുഗം അവസാനിക്കുമെന്നും അതെത്തുടർന്ന് ഇസ്രായേൽ ശ്രേഷ്ഠസ്ഥാനത്തു നില്ക്കുന്ന ഒരു പുതിയ ലോകം ദൈവം സൃഷ്ടിക്കുമെന്നുമുള്ള വെളിപാടാണു മിശിഹാ.

പഞ്ചഗ്രന്ഥ വിവരണം അവസാനിക്കുമ്പോഴും ജനം ദേശം കരസ്ഥമാക്കിയിട്ടില്ലന്നതു വ്യക്തം. അതായത്, വിപ്രവാസകാലത്തും അതിനുശേഷവുമായി രൂപീകൃതമായ നിയമഗ്രന്ഥമനുസരിച്ച് ദേശമില്ലാതെ തന്നെ നിയമം അനുസരിക്കപ്പെടേണ്ടതാണ്. ദേശമില്ലാതെതന്നെ നിയമം വിലയുള്ളതാകയാലാണ് പാരമ്പര്യം പഞ്ചഗ്രന്ഥത്തെയും ദേശം സ്വന്തമായിരുന്ന കാലത്തെ ചരിത്രമുള്ള മറ്റു ഗ്രന്ഥങ്ങളെയും തമ്മിൽ വേർതിരിച്ച് നിയമം ആദ്യം നല്കിയിരിക്കുന്നത്. നിയമം അതിൽതന്നെ വിലയുള്ളതാകാൻ ദേശത്തിന്മേലുള്ള അവകാശം അനിവാര്യമല്ലെന്നു സാരം.

# 4. 1 സാമുവൽ

സാമുവലിന്റെയും രാജാക്കന്മാരുടെയും ഗ്രന്ഥങ്ങൾ വിവരിക്കുന്നത് ഇസ്രായേലിന്റെ ചരിത്രത്തിലെ അതിപ്രധാനമായ മാറ്റങ്ങൾക്കു സാക്ഷ്യം വഹിച്ച കാലത്തെക്കുറിച്ചാണ്: ചിതറിക്കിടന്ന ഗോത്രങ്ങൾ ഒന്നായിത്തീർന്ന കാലത്തെക്കുറിച്ച്. അവസാന ന്യായാധിപനായ സാമുവലിന്റെയും ആദ്യരാജാവായ സാവൂളിന്റെയും കാലം ഏറ്റവും പ്രശ്ന കലുഷിതമായിരുന്നു. ഫിലിസ്ത്യരിൽനിന്നും മറ്റ് അയൽ രാജ്യങ്ങളിൽനിന്നും തുടർച്ചയായി ശത്രുത നേരിടേണ്ടിവന്നപ്പോൾ ചിതറിക്കിടന്ന ഇസ്രായേൽ ഗോത്രങ്ങൾ ഒരു രാജാവിനു കീഴിൽ ഐക്യപ്പെടാൻ ആഗ്രഹിച്ചു. ബി.സി. 1050 കളിൽ ഇതു നടന്നിട്ടുണ്ടാകണം. തുടർന്നു ഫില്സ്ത്യർ സാവൂളിനെ പരാജയപ്പെടുത്തിയപ്പോൾ ബേത്ത് ലേഹെമിൽ നിന്നുള്ള ഇടയനായ ദാവീദ് സാവൂളിന്റെ സ്ഥാനത്തു രാജാവായി. തുടർന്ന് അദ്ദേഹം ജബൂസ്യരിൽനിന്നു ജറുസലെം പിടിച്ചടക്കുകയും അതു തന്റെ ഭരണ കേന്ദ്രമാക്കുകയും ചെയ്തു (ബി. സി. 1500). ദാവീദിനുശേഷം (ബി.സി. 965) അയാളുടെ പുത്രൻ സോളമൻ ഭരണമേറ്റു. ഈ സാമ്രാജ്യം ഏതാണ്ട് 930/920 വരെ നീണ്ടു നിന്നു. സോളമനുശേഷം രാജ്യം രണ്ടായി വിഭജിക്കപ്പെട്ടു (വടക്കൻ രാജ്യമായ ഇസ്രായേലും തെക്കൻ രാജ്യമായ യൂദായും). കൂടിച്ചേർന്ന 12 ഗോത്രങ്ങൾ തമ്മിലുള്ള ആശയപ്പൊരുത്തമില്ലായ്മയായിരിക്കണം ഈ വിഭജനത്തിനുള്ള അടിസ്ഥാന കാരണം. തുടർന്ന് ഈ രണ്ടു രാജ്യങ്ങളും സ്വതന്ത്രമായി വളർന്നുവന്നതിന്റെ ചരിത്രമാണ് സാമുവൽ-രാജാക്കന്മാർ ഗ്രന്ഥങ്ങളിൽ കാണുന്നത്.

## ഗ്രന്ഥഘടന

1സാമു 1-3: സാമുവലിന്റെ ബാല്യകാലവും വിളി-വിവരണവും

,, 4-6: വാഗ്ദാനപേടകം യുദ്ധത്തിനു പുറപ്പെടുന്നു.

,, 7-12: രാജാവിനെ വാഴിക്കാനുള്ള തീരുമാനം

,, 13-31: സാവൂളിന്റെ പരാജയവും ദാവീദിന്റെ വളർച്ചയും.

2സാമു 1-8: ഇസ്രായേലിന്റെമേലുള്ള ദാവീദിന്റെ ഭരണം.

,, 9-20: ദാവീദിന്റെ കൊട്ടാരചരിത്രം/പിൻതുടർച്ചാചരിത്രം.

,, 21- 24: ദാവീദിനെക്കുറിച്ചുള്ള മറ്റു കഥകൾ.

## സാമുവലിന്റെ ജീവിതം

കാര്യമായ ഐക്യമില്ലാതിരുന്ന ഒരു പറ്റം ഗോത്രങ്ങളുടെ നിലയിൽ നിന്നു ശക്തമായ ഒരു രാജ്യമായി ഇസ്രായേൽ വളർന്ന ചരിത്ര





മാണ് 1-2 സാമുവൽ വിവരിക്കുന്നത് എന്നു നാം സൂചിപ്പിച്ചു. ബി.സി. 11-ാം നൂറ്റാണ്ടിൽ സംഭവിച്ച ഈ മാറ്റങ്ങൾക്കു നേതൃത്വം വഹിച്ച ഏറ്റവും പ്രധാന വ്യക്തി മത-രാഷ്ട്രീയ നേതാവു മാത്രമല്ല പ്രവാചകനുമായിരുന്ന സാമുവലാണ്. സാമുവൽ എന്ന വാക്കിന്റെ അർത്ഥം “ദൈവം കേട്ടു” എന്നാണ്.

പ്രധാന തിരുനാളുകളിൽ ഇസ്രായേൽ ഗോത്രങ്ങൾക്കു വന്ന് ആരാധന നടത്തുന്നതിനായി അന്നു ഷീലോയിലുണ്ടായിരുന്ന വാഗ്ദാനപേടകത്തെ സംരക്ഷിച്ചിരുന്ന ഏലിയെന്ന പുരോഹിതന്റെ അടുത്താണ് നാം സാമുവലിനെ ആദ്യം കാണുന്നത്. അനേകവർഷത്തെ വന്ധ്യതയ്ക്കുശേഷം ദൈവം തനിക്കു കനിഞ്ഞു നല്കിയ പുത്രനായ സാമുവലിനെ ഹന്നായെന്ന അമ്മ ദേവാലയശുശ്രൂഷയ്ക്കായി ഷീലോയിൽ പുരോഹിതനായ ഏലിയുടെ അടുത്തുകൊണ്ടുവന്നു സമർപ്പിച്ചു. അവിടെവച്ചു ബാലനായ സാമുവൽ ദൈവത്തിന്റെ പ്രത്യേക വിളി സ്വീകരിക്കുകയും പ്രവാചകനും പുരോഹിതനുമായി രൂപാന്തരപ്പെടുകയും ചെയ്തു.

ഫിലിസ്ത്യരുമായുള്ള ഒരു നിർണായക യുദ്ധത്തിൽ വാഗ്ദാനപേടകം കൂടെക്കൊണ്ടുപോകാൻ ഏലി ഇസ്രായേലിനെ അനുവദിച്ചു. ഫിലിസ്ത്യർ ഇസ്രായേലിനെ പരാജയപ്പെടുത്തുകയും ഏലിയുടെ മക്കളെ വധിക്കുകയും വാഗ്ദാനപേടകം പിടിച്ചെടുക്കുയും ചെയ്തു. ദാരുണമായ ഈ വാർത്ത കേട്ട ഏലി മരിച്ചുവീണു. അപ്പോൾ സാമുവൽ നാട്ടിലെ ഏക നേതാവായി ഉയർന്നുവന്നു. അദ്ദേഹം ജനത്തിനുവേണ്ടി ബലിയർപ്പിക്കുകയും രാഷ്ട്രീയ തീരുമാനങ്ങൾ കൈക്കൊള്ളുകയും ജനത്തിനിടയിലെ തർക്കങ്ങൾക്കു വിധിപറയുകയും തന്റെ ദർശന ശക്തിയുപയോഗിച്ച് നഷ്ടപ്പെട്ട വസ്തുക്കൾ കണ്ടെത്താൻ അവരെ സഹായിക്കുകയും ചെയ്തു.

പൂർണ ഐക്യമില്ലാതിരുന്ന ഇസ്രായേൽ ഗോത്രങ്ങൾക്ക് എങ്ങനെയാണ് ഒരു രാജാവിനെ ലഭിച്ചതെന്നാണു 1സാമു 8-15 വിവരിക്കുന്നത്. ഇതുവരെയുള്ള നാട്ടിലെ സാഹചര്യം ന്യായാധിപന്മാരുടെ ഗ്രന്ഥത്തിൽ വി. ഗ്രന്ഥകാരൻ ആവർത്തിച്ചു വ്യക്തമാക്കിയതാണ്: “അക്കാലത്ത് ഇസ്രായേലിൽ രാജാവില്ലായിരുന്നു. ഓരോരുത്തനും തനിക്കു യുക്തമെന്നു തോന്നിയതു ചെയ്തിരുന്നു” (ന്യായാ 21:25). പൊതുഭരണാധികാരിയില്ലാതിരുന്ന അക്കാലത്ത് ഓരോരുത്തരും സ്വാർത്ഥതയോടെ തനിക്കിഷ്ടമുള്ളതു ചെയ്തുവന്നു. ഇനിയെങ്കിലും ഒരു പൊതുഭരണാധികാരിയുടെ കീഴിൽ ഒരുമിച്ചു ചേർന്നില്ലെങ്കിൽ തങ്ങൾക്കു തുടർന്നു നിലനില്ക്കാൻപോലും സാധ്യമല്ലെന്നു ഗോത്ര

ങ്ങൾക്കു ബോധ്യമായിത്തുടങ്ങി. കൂടാതെ, ഫിലിസ്ത്യർ ഇരുമ്പായുധങ്ങളുമായി വന്നപ്പോൾ അവരോടു യുദ്ധം ചെയ്യാൻ ഇസ്രായേലിൽ പിച്ചള ആയുധങ്ങൾ മാത്രമാണുണ്ടായിരുന്നത് (1സാമു 13:19-22). മറ്റു ജനതകൾക്കെന്നപോലെ തങ്ങൾക്കും ഒരു രാജാവിനെ നല്കണമെന്നു ജനം സാമുവലിനോടാവശ്യപ്പെട്ടതിന്റെ (1സാമു 8:5) പശ്ചാത്തലം ഇതായിരുന്നു. ഒരു രാജാവിനെ വാഴിച്ചു വളരെയധികം അധികാരം അയാൾക്കു നല്കിയാൽ ഉണ്ടാകാവുന്ന ഭവിഷ്യത്തുകളെക്കുറിച്ചു സാമുവൽ ജനത്തെ പ്രബോധിപ്പിച്ചെങ്കിലും രാജാവിനെ വേണമെന്ന ആവശ്യത്തിൽ ജനം ഉറച്ചുനിന്നു.

അപ്പോൾ അവർക്ക് ഒരു രാജാവിനെ കൊടുക്കാൻ ദൈവം സാമുവലിനോടു പറഞ്ഞു: "നാളെ ഈ സമയത്തു ബഞ്ചമിൻെറ നാട്ടിൽനിന്ന് ഒരുവനെ ഞാൻ നിന്റെയടുക്കൽ അയയ്ക്കും. അവനെ നീ എൻെറ ജനത്തിൻെറ രാജാവായി അഭിഷേകം ചെയ്യണം. ഫിലിസ്ത്യരുടെ കരങ്ങളിൽനിന്ന് അവരെ അവൻ രക്ഷിക്കും. എൻെറ ജനത്തിൻെറ കഷ്ടത ഞാൻ കാണുകയും അവരുടെ നിലവിളി ഞാൻ ശ്രവിക്കുകയും ചെയ്തിരിക്കുന്നു" (1സാമു 9:16). തുടർന്ന് ദൈവിക നിർദ്ദേശപ്രകാരം സാവൂൾ അഭിഷേകം ചെയ്യപ്പെട്ടു. എന്നാൽ വിവരണത്തിന്റെ ഒരു അധ്യായം കഴിയുമ്പോൾ "എല്ലാ ദുരിതങ്ങളിലും അത്യാഹിത ങ്ങളിലുംനിന്നു നിങ്ങളെ സംരക്ഷിക്കുന്ന ദൈവത്തെ ഇന്നു നിങ്ങൾ ഉപേക്ഷിച്ചിരിക്കുന്നു. ഞങ്ങൾക്കൊരു രാജാവിനെ വാഴിച്ചുതരുക എന്നു നിങ്ങൾ ആവശ്യപ്പെട്ടു..." (1സാമു 10:19) എന്നു സാമുവൽ ജനത്തെ കുറ്റപ്പെടുത്തുന്നതു കാണാം. അതായത്, പ്രാരംഭകാല നിയമാവർത്തന പാരമ്പര്യങ്ങൾപോലും ഇസ്രായേലിന് ഒരു രാജാവിനെ വേണമോ വേണ്ടയോ എന്ന കാര്യത്തിൽ അഭിപ്രായ ഐക്യം ഉള്ളവയായിരുന്നില്ല.

## ആദ്യരാജാവ്: സാവൂൾ

മറ്റു രാജ്യങ്ങളിലെന്നപോലെ തങ്ങൾക്കും ഒരു രാജാവിനെ വേണം എന്നു ജനം ആഗ്രഹിച്ചിരുന്ന കാലത്ത് (1സാമു 10:17-24; 12:1-5) സാവൂൾ എങ്ങനെയാണ് അവരുടെ രാജാവായി അഭിഷേകം ചെയ്യപ്പെട്ടത് എന്നതിനെക്കുറിച്ചു മൂന്നു വ്യത്യസ്ത വിവരണങ്ങൾ ഗ്രന്ഥം നല്കുന്നുണ്ട്:

(1) ഒരിക്കൽ സാവൂളിന്റെ പിതാവായ കിഷിന്റെ കഴുതകളെ കാണാതെ പോയപ്പോൾ അതിനെ അന്വേഷിക്കാൻ അയാൾ സാവൂളിനെ ഒരു ദൂതനോടൊപ്പമയച്ചു. ഗിബെയായിലെ ഭവനംവിട്ട് അവർ കഴുതയെ അന്വേഷിച്ചു സൂഫ് പ്രദേശത്തെത്തി. ഇനി അന്വേഷണം അവസാനിപ്പിക്കാമെന്നു സാവൂൾ നിശ്ചയിച്ചപ്പോൾ അവിടെ അടുത്തു





റാമായിൽ ദർശന ശക്തിയുള്ള ഒരു മനുഷ്യനുണ്ടെന്നും (സാമുവൽ) അയാളെ കണ്ടാൽ അയാൾ മൃഗങ്ങളെ കണ്ടെത്താൻ സഹായിക്കുമെന്നും ദാസൻ സാവൂളിനോടുപറഞ്ഞു. തനിക്കു മുൻകൂട്ടി ലഭിച്ചിരുന്ന ഒരു ദർശനമനുസരിച്ച്, തന്നെ തേടിവന്ന സാവൂളിനെ അവിടെ വച്ച് സാമുവൽ ഇസ്രായേൽ രാജാവായി അഭിഷേകം ചെയ്തു.

(2) സാമുവൽ ജനത്തെ മുഴുവൻ മിസ്പായിൽ വിളിച്ചുകൂട്ടിയശേഷം അവിടെവച്ചു സാവൂളിനെ പരസ്യമായി അഭിഷേകം ചെയ്തു.

(3) നഹഷിന്റെ നേതൃത്വത്തിൽ അമ്മോന്യർ യാബേഷ് ഗിലയാദ് ഉപരോധിക്കുകയും യാബേഷ് ഗിലയാദുകാർ അവർക്കു കീഴ്പ്പെടുകയും ചെയ്തു (1സാമു11:1-11,15). യുദ്ധഉടമ്പടിയനുസരിച്ചു നഹഷിനു പട്ടണത്തിലെ ജനം മുഴുവനും അടിമകളാവുകയും അവരുടെ അടിമത്തത്തിന്റെ അടയാളമായി ഓരോരുത്തരുടെയും വലതു കണ്ണു ചൂഴ്ന്നെടുക്കപ്പെടുകയും ചെയ്യുമായിരുന്നു. ഈ പശ്ചാത്തലത്തിൽ യാബേഷ് ഗിലയാദുകാർ ജോർദാനു പടിഞ്ഞാറുള്ള ഗോത്രങ്ങൾക്കു സഹായത്തിനു സന്ദേശമയച്ചു. ഈ ഗോത്രങ്ങൾ അപ്പോൾ സാവൂളിന്റെ നേതൃത്വത്തിൽ ഒരുമിച്ചുചേർന്ന് അമ്മോന്യർക്കെതിരേ യുദ്ധം ചെയ്തു ജനത്തെ മോചിപ്പിച്ചു. ഇതിനു നന്ദിയായും അയാളുടെ കഴിവിലുള്ള അംഗീകാരമായും ജനം ഗിൽഗാലിൽ സമ്മേളിച്ചു സാവൂളിനെ തങ്ങളുടെ രാജാവായി പ്രഖ്യാപിച്ചു.

കുറച്ചു നാളുകൾക്കുശേഷം കർത്താവു സാവൂളിനെ പരിത്യജിച്ചു. ഒരു പാരമ്പര്യമനുസരിച്ച് സാവൂൾ യുദ്ധത്തിനൊരുങ്ങുന്ന സമയത്തു യുദ്ധനിർദേശങ്ങൾ നല്കുന്നതിനു തന്നെ കാത്തുനില്ക്കാൻ സാമുവൽ സാവൂളിനോടു കല്പിച്ചു (1സാമു 10:8). സാവൂൾ ഏഴു ദിവസം കാത്തുനിന്നു കഴിഞ്ഞപ്പോഴേക്കും ജനം അസ്വസ്ഥരായി (13:8). അപ്പോൾ സാവൂൾ യുദ്ധത്തിനു പ്രാരംഭമായുള്ള ബലിയർപ്പിച്ചു. ബലി പൂർത്തിയായപ്പോഴേക്കും സാമുവൽ എത്തിച്ചേരുകയും ദൈവകല്പന അനുസരിക്കാതിരുന്നതിനാൽ അവിടുന്ന് അവനെ രാജസ്ഥാനത്തുനിന്നു തിരസ്കരിച്ചിരിക്കുന്നു എന്നു പ്രഖ്യാപിക്കുകയും ചെയ്തു (1സാമു 13:14).

മറ്റൊരു പാരമ്പര്യമനുസരിച്ച്, ഫിലിസ്ത്യരുമായുള്ള യുദ്ധം കഴിഞ്ഞപ്പോൾ അമലേക്യരെയെല്ലാം കൊന്നുകളയാൻ ദൈവം സാവൂളിനോടു കല്പിച്ചു. അമലേക്യരുടെ ഇടയിൽ പാർക്കുന്ന കേന്യർക്ക് മാറിനില്ക്കാൻ മുന്നറിയിപ്പുകൊടുത്തശേഷം സാവൂൾ അമലേക്യരെ പരാജയപ്പെടുത്തുകയും അവിടെയുള്ള കുഞ്ഞുങ്ങളെയും സ്ത്രീകളെയും പുരുഷന്മാരെയും ശേഷിയില്ലാത്ത മൃഗങ്ങളെയും കൊല്ലുകയും

ചെയ്തു. എന്നാൽ അമലേക്യരാജാവായ അഗാഗിനെയും ആരോഗ്യമുള്ള മൃഗങ്ങളെയും കൊല്ലാതെ കൊള്ളമുതലായി കണക്കാക്കി. ദൈവകല്പനയനുസരിച്ചു ചെയ്ത യുദ്ധത്തിൽനിന്നു ലാഭമുണ്ടാക്കാനാഗ്രഹിച്ച സാവൂളിന്റെ ഈ പ്രവൃത്തി സാമുവലിനിഷ്ടമായില്ല. "അനുസരണമാണ് ബലിയേക്കാൾ ശ്രേഷ്ഠം" (1സാമു 15:22). താൻ വാഴിച്ച രാജാവിന് അനുസരണമില്ലാതായതിൽ ദൈവം ഖേദിക്കുന്നുവെന്നു സാമുവൽ സാവൂളിനോടു പറഞ്ഞു (1സാമു 15:10). കോപത്തോടുകൂടി തന്റെ പക്കൽനിന്നു പോകാനാഗ്രഹിച്ച സാമുവലിനെ വസ്ത്രത്തിൽ പിടിച്ചുനിർത്താൻ സാവൂൾ പരിശ്രമിച്ചപ്പോൾ അതിൽനിന്ന് ഒരു ചെറിയ ഭാഗം കീറിപ്പോന്നു. ഇത് സാവൂളിൽനിന്നു രാജ്യം എങ്ങനെ വിഛേദിക്കപ്പെടുമെന്നതിനെക്കുറിച്ചുള്ള പ്രവചനമാണെന്നു സാമുവൽ വിശദീകരിച്ചു. അതിനുശേഷം സാമുവൽതന്നെ അമലേക്യരാജാവായ അഗാഗിനെ വധിച്ചശേഷം സാവൂളിനെ വിട്ടുപോയി.

യാബേഷ് ഗിലയാദുകാരെ അമ്മോന്യരിൽനിന്നു രക്ഷിച്ചതുപോലെ സാവൂൾ ഇസ്രായേലിനെ പലയുദ്ധങ്ങളിലും വിജയത്തിലേക്കു നയിച്ചു. എന്നാൽ ആദ്യ രാജാവായിരുന്നതിനാലായിരിക്കാം ഗോത്രങ്ങളെ മുഴുവൻ പൂർണ ഐക്യത്തിലേക്കു നയിക്കാൻ അയാൾക്കു കഴിഞ്ഞില്ല. അയാളുടെ ശാന്തതയില്ലായ്മയും സംഘാടകശേഷിയില്ലായ്മയും അവിവേകവും അയാളെ പരാജയത്തിലേക്കു നയിച്ചു. എളിമക്കുറവ് അയാളെ സാമുവലിന്റെ ശത്രുവാക്കി. അവിവേകമായി നേർന്ന ഒരു നേർച്ച നിമിത്തം അയാൾ തന്റെതന്നെ പുത്രനെ വധിക്കേണ്ടിവരുമായിരുന്നു (1സാമു 14). തന്നിലുള്ള അശാന്തി നിമിത്തം പിൻഗാമിയായി വരാനിരുന്ന ദാവീദിനെ യുക്തിഹീനമായി പീഡിപ്പിച്ചതു വലിയ പരാജയമായിരുന്നു. ആദ്യം ദാവീദ് സാവൂളിന്റെ ആയുധവാഹകനും സഹായിയും ഗായകനുമായിരുന്നു. കാലക്രമേണ താൻ വലിയ യോദ്ധാവും നേതാവുമാണെന്നു ദാവീദു തെളിയിച്ചു. ഗോലിയാത്തുമായുള്ള ദ്വന്ദയുദ്ധം ദാവീദിനെ ദേശത്ത് പ്രശസ്തനാക്കുകയും അതു സാവൂളിൽ അസൂയ ജനിപ്പിക്കുകയും ചെയ്തു. കാരണം: "സാവൂൾ ആയിരങ്ങളെ കൊന്നു, ദാവീദ് പതിനായിരങ്ങളെയും" (1 സാമു 18:7) എന്നു നാട്ടിലെ സ്ത്രീകൾ ആർത്തുപാടി. തുടർന്ന് ദാവീദിനെതിരേ യുക്തിഹീനമായ രീതിയിൽ സാവൂൾ വർത്തിച്ചു തുടങ്ങി.

ഗ്രന്ഥത്തിന്റെ രണ്ടാം ഭാഗത്ത് (1സാമു 16-31) സാവൂളിന്റെ പതനവും ദാവീദിന്റെ പടിപടിയായ ഉയർച്ചയുമാണു ചർച്ചാവിഷയം. സാമുവൽ സാവൂളിനു പകരം ദാവീദിനെ രാജാവായി അഭിഷേകം ചെയ്തതിന്റെ ഫലമായി ദാവീദിനു സാവൂളിൽനിന്ന് ഒളിച്ചോടേണ്ടി വന്നു. ദാവീദാകട്ടെ ഗാത്തിലെ ഫിലിസ്ത്യരാജാവിന്റെ കൊള്ളസംഘത്തിന്റെ





നേതാവായും മറ്റു വിധത്തിലും ഇസ്രായേലിന്റെ തെക്കുഭാഗത്തുള്ള യൂദാ മരുഭൂമിയിൽ തന്റെ ആധിപത്യം അടിക്കടി ഉറപ്പിച്ചുകൊണ്ടിരുന്നു. ദാവീദ് തന്റെ വിശ്വസ്തനാണെന്ന ധാരണ ഫിലിസ്ത്യരാജാവിനു നല്കിക്കൊണ്ടുതന്നെ ദാവീദ് ഇസ്രായേലിലെ തെക്കൻ ഗോത്രങ്ങളെ ഫിലിസ്ത്യരുടെ കൊള്ള സംഘങ്ങളിൽനിന്നു രക്ഷിച്ചുകൊണ്ടിരുന്നു. ദാവീദ് ഇങ്ങനെ തന്റെ അധികാരം സ്ഥാപിച്ചുകൊണ്ടിരുന്നപ്പോൾ ദാവീദിനെ വധിക്കാനുള്ള പാഴ്ശ്രമങ്ങളുമായി സാവൂൾ കാലം കഴിച്ചു. തുടർന്ന് ഫിലിസ്ത്യർ ഒന്നുചേർന്നു ദേശമധ്യത്തിലുള്ള ഗിൽബോവ മലനിരകളിൽവച്ച് ഇസ്രായേലിനെ ആക്രമിക്കുകയും ഈ യുദ്ധത്തിൽ സാവൂളും മകൻ ജോനാത്താനും വധിക്കപ്പെടുകയും ചെയ്തു. ഇസ്രായേൽ സൈന്യം ചിതറിക്കപ്പെട്ടു. അങ്ങനെ സാവൂളിന്റെ കാലം അവസാനിക്കുകയും ദാവീദിന്റേത് ആരംഭിക്കുകയും ചെയ്തു.

## മന്ത്രവാദം: സാവൂളിന്റെ ഏറ്റവും വലിയ പാപം

സാമുവലിന്റെ മരണശേഷം ഫിലിസ്ത്യരുമായി യുദ്ധമുണ്ടായപ്പോൾ താനെന്തു ചെയ്യണമെന്നു സാവൂൾ കർത്താവിനോടാരാഞ്ഞെങ്കിലും ഫലമുണ്ടായില്ല. അപ്പോൾ സാവൂൾ ഏൻദോറിലെ ഒരു മന്ത്രവാദിനിയുടെ അടുത്ത് പോയി മരിച്ചുപോയ സാമുവലിനെ തനിക്കായി വരുത്തിത്തരാൻ ആവശ്യപ്പെട്ടു. മന്ത്രവാദിനി അതനുസരിച്ചു. അപ്പോൾ ഒരു വൃദ്ധൻ പ്രത്യക്ഷപ്പെട്ടുവെന്നാണു വിവരണം. അയാളെക്കുറിച്ചു മന്ത്രവാദിനി വിവരിച്ചപ്പോൾ അതു സാമുവലാണെന്നു സാവൂളിനു മന:സ്സിലായി എന്നാണു വിവരിച്ചിരിക്കുന്നത്.

പണ്ടുകാലംമുതൽ ലോകമെമ്പാടും മനുഷ്യർ മൃതസന്ദേശവിദ്യ അഭ്യസിച്ചിരുന്നു. പുരാതന ഈജിപ്ത്, ബാബിലോൺ, ഗ്രീസ്, പേർഷ്യ, റോമ എന്നിവിടങ്ങളിലെല്ലാം ഭാവിയെക്കുറിച്ചറിയാൻ മരിച്ചവരുമായി സമ്പർക്കത്തിലേർപ്പെടുന്ന രീതിയുണ്ടായിരുന്നു. ഉദാ., ഹോമറുടെ വിശ്വവിഖ്യാതമായ ഒഡീസിയിൽ മൃതസന്ദേശവിദ്യയെക്കുറിച്ചു പരാമർശമുണ്ട്. എല്ലാക്കാലത്തുമുണ്ടായിരുന്ന ഒരു തെറ്റായ കർമ്മരീതിയായതിനാൽ ആ തിന്മയെക്കുറിച്ച് സംസാരിക്കാതിരിക്കാൻ നിയമാവർത്തകനു കഴിയുകയില്ല.

മൃതസന്ദേശവിദ്യ യാഥാർത്ഥ്യമാണോ? സാമുവൽ ശരിക്കും ഉയിർത്തുവന്നുവോ? എന്നൊക്കെയാണു പലർക്കും അറിയേണ്ടത്. ഇതു തെറ്റായ ചോദ്യമാണ്. നിയമാവർത്തകൻ ആ ചോദ്യത്തിനുള്ള ഉത്തരമല്ല ഇവിടെ നല്കുന്നത്. മൃതസന്ദേശ വിദ്യ ചെയ്യുന്നതു ദൈവജനത്തിന് അനുവദനീയമാണോ? (അതുപാടുണ്ടോ?) എന്ന കാര്യങ്ങളാണ്

അദ്ദേഹം ചർച്ചാവിഷയമാക്കുന്നത്. വചനം വ്യക്തമായി പാപമായി നിർവ ചിക്കുന്നതും തെറ്റുകാർക്കു കഠിന ശിക്ഷ വിധിക്കുന്നതുമായ പാപ മാണു മരിച്ചവരുമായി സമ്പർക്കത്തിലേർപ്പെടുന്നത്. അങ്ങനെയുള്ള വരെ വധിക്കണമെന്നാണു നിയമാവർത്തന നിയമം (നിയ 18:11, 9-14 കാണുക). മന്ത്രവാദം കഠിനമായ തിന്മയാണെന്നു ലേവ്യരുടെ ഗ്രന്ഥവും പഠിപ്പിക്കുന്നുണ്ട് (ലേവ്യ 20:5-6, 27; 19:31). ജീവിതത്തിൽ വിശ്വാസി ഉപ ദേശം സ്വീകരിക്കേണ്ടതും ഭാവിയെക്കുറിച്ച് ആരായേണ്ടതും ഭാവി സമർപ്പിക്കേണ്ടതും ആശ്രയിക്കേണ്ടതും ദൈവത്തെ മാത്രമാണ്. അവി ടുന്നല്ലാതെ മറ്റൊരുപദേശകനുണ്ടായാൽ അതു ദൈവം സ്വീകരിക്കുക യില്ല. അതുവിഗ്രഹാരാധനപോലെയുള്ള പാപമാണ് (1സാമു 15:23). അവിശ്വസ്തത കാണിച്ചുകൊണ്ട് കർത്താവിന്റെ ഹിതം അന്വേഷിക്കാ തിരിക്കുകയും. ആഭിചാരകരുടെ ഉപദേശംതേടുകയും ചെയ്തതിനാ ലാണ് സാവൂൾ ശിക്ഷിക്കപ്പെട്ടത് (1ദിന 10:13-14). തന്റെ പ്രതിസന്ധി യിൽ ദൈവത്തോടുചേർന്നു നില്കാതിരുന്ന അയാൾ നിരാശയിൽപ്പെടു കയും അങ്ങനെ ശാപഗ്രസ്തനാവുകയും ചെയ്തു.

## നമുക്കു മരിച്ചവരുമായി സംവദിക്കാൻ കഴിയുമോ?

മനുഷ്യനു ശരീരം, ആത്മാവ് എന്നീ രണ്ടു ഭാഗങ്ങളുണ്ടന്നു പറ യാം. മരണത്തോടെ ആത്മാവ് ശരീരത്തിൽനിന്നു വേർപ്പെടുത്തപ്പെ ടുന്നു. ശരീരം മണ്ണിനോടു ചേരുകയും ചെയ്യുന്നു (സഭാ 12:7). ശരീരം ഭൗതിക ലോകത്തിന്റെ ഭാഗമാണ്; ആത്മാവാകട്ടെ, ആത്മീയ ലോക ത്തിന്റെയും. ഈ രണ്ടു ലോകവും സത്യമാണ്. നമ്മോടു സംസാരി ക്കാൻ കഴിവുള്ള പ്രഥമ ആത്മാവു പരിശുദ്ധാത്മാവാണ്. അവിടുന്ന് നമുക്കും ദൈവത്തിനുമിടയിൽ മധ്യവർത്തിയാണ്. പരിശുദ്ധാത്മാവി നെപ്പോലെതന്നെ മനുഷ്യനുമായി സംസാരിക്കാൻ കഴിവുള്ള ഒരു കൂട്ടം ദുഷ്ടാത്മാക്കളുമുണ്ട്. അവർ ചതിയന്മാരും വഞ്ചകരും നല്ലവരാണെന്നു മനുഷ്യനെ ധരിപ്പിക്കാൻ കഴിവുള്ളവരുമാണ്.

മനുഷ്യനിലുള്ള ആത്മാവ് മരണത്തോടെ അതിന്റെ ദാതാവായ ദൈവത്തിലേക്കു മടങ്ങുന്നു. അതിന് ഇനിയൊരിക്കലും തിരിച്ചുവ രുക സാധ്യമല്ല. കാരണം, മനുഷ്യാത്മാവിനെ ഉയിർപ്പിക്കാൻ ദൈവ ത്തിനു മാത്രമേ കഴിയുകയുള്ളൂ. ഒന്നുകിൽ ആത്മാവു നിത്യഭാഗ്യ ത്തിൽ എത്തിച്ചേരുന്നു; അല്ലെങ്കിൽ അതു നിത്യനാശത്തിൽ എത്തുന്നു (നരകം). സഭാ പ്രബോധനമനുസരിച്ച് അതു ശുദ്ധീകരിക്കപ്പെടാനായി ശുദ്ധീകരണ സ്ഥലത്തെത്തിയെന്നും വരാം. ഈ സ്ഥലങ്ങ ളിൽനിന്നൊന്നും ആരും തിരിച്ചുവരുകയില്ല. അതിനാൽത്തന്നെ മര ണശേഷം ഒരാത്മാവും തിരിച്ചുവന്നു സംസാരിക്കുക സാധ്യമല്ല





(സഭാ 9:5-6; സങ്കീ 146:4). മരണം നമുക്കും ജീവിക്കുന്നവർക്കുമിട യിൽ അതിലംഘിക്കാനാവാത്ത വിടവു സൃഷ്ടിക്കുന്നു (ലൂക്ക 16:26).

എന്താണു മൃതസന്ദേശവിദ്യയിൽ നടക്കാൻ സാധ്യതയെന്നു ഇനി നോക്കാം. അവിടെ മന്ത്രവാദവും കർമ്മങ്ങളുമുപയോഗിച്ചു മന്ത്രവാദി ദുഷ്ടരായ ആത്മാക്കളോടു ബന്ധപ്പെടുക മാത്രമാണു ചെയ്യുന്നത്. വി. പൗലോസ് ഈ ആത്മാക്കളെ ചതിന്മാരായ ആത്മാക്കൾ എന്നു വിളിക്കുന്നു (1തിമോ 4:1). മനുഷ്യർക്കറിയാവുന്നതുപോലെ മരിച്ചവ രുടെ ചില സ്വഭാവ പ്രത്യേകതകൾ ദുഷ്ടാത്മാക്കൾക്കുമറിയാം. അതു കൊണ്ടാണ് അവരുടെ സ്വരത്തിലും അവരുടെ കാര്യങ്ങളും ഈ ആത്മാക്കൾ സംസാരിക്കുന്നത്. എന്നാൽ നമുക്കറിയാവുന്നതിൽ കൂടിയ ഭാവിപ്രവചനങ്ങളൊന്നും നടത്താൻ അവർക്കും സാധ്യമല്ല. കാരണം, ഭാവി നിശ്ചയിക്കുന്നതു ദൈവമാണ്. ധനവാന്റെയും ലാസ റിന്റെയും ഉപമയിൽ ലാസറിനെ ഭൂമിയിലേക്കയക്കണം എന്നു പറ ഞ്ഞപ്പോൾ അവർക്കു നിയമവും പ്രവാചകന്മാരുമുണ്ട് അവർ അവരെ കേൾക്കട്ടെ എന്നു മാത്രമാണ് അബ്രാഹം പറഞ്ഞത്. സാവൂളിന്റെ അഭ്യർത്ഥനയനുസരിച്ച് മന്ത്രവാദിനി മരിച്ചയാളുമായി സമ്പർക്കത്തി ലേർപ്പെട്ടപ്പോൾ അവൾ ഭയന്നു വിറച്ചുപോയി എന്നു വചനം പറയു ന്നു. അവൾ പറഞ്ഞ വിശദീകരണങ്ങൾ വിലയിരുത്തി സാമുവലാണ് അതെന്നു സാവൂളാണു നിശ്ചയിച്ചത്; അല്ലാതെ, സാവൂൾ സാമുവ ലിനെ കണ്ടതല്ല. മന്ത്രവാദിനി സംസാരിച്ചത് ഏതെങ്കിലും ദുഷ്ടാ ത്മാവിനോടായിരിക്കണം.

തങ്ങളുടെ പ്രിയപ്പെട്ടവരെ കാണാറുണ്ടെന്നും അവരുമായി സംസാ രിക്കാറുണ്ടെന്നും ചിലർ അവകാശവാദമുന്നയിച്ചേക്കാം. വേർപാട് നമ്മെ കഠിന ദു:ഖത്തിലേക്കാഴ്ത്താറുണ്ട്. അതു നമ്മെ ഭാവനാലോ കത്ത് എത്തിക്കാറുമുണ്ട്. അതു പാപമല്ല; മറിച്ച്, പ്രിയപ്പെട്ടവരുടെ വേർപാടിലുള്ള വേദനയാണ്. മലയിൽവച്ച് കർത്താവ് മോശയും ഏലി യായുമായി സംസാരിച്ചില്ലേ എന്നു ചോദിക്കാം. കർത്താവു ദൈവമാ യതിനാൽ സ്വർഗ്ഗവാസികളോടു സംസാരിക്കുക അവിടുത്തേയ്ക്കു സാധ്യമാണല്ലോ. കൂടാതെ സുവിശേഷകന്മാരുടെ ഈ വിവരണത്തെ ചരിത്രപരമായി വ്യാഖ്യാനിക്കേണ്ടതാണെന്നു തോന്നുന്നില്ല. സുവി ശേഷങ്ങളിൽ മോശ നിയമത്തിന്റെയും ഏലിയ പ്രവാചകന്മാരുടെയും പ്രതിനിധിയാണ്. പഴയനിയമ പ്രവചനങ്ങളനുസരിച്ചുതന്നെ കർത്താവു കുരിശിൽ മരിക്കാൻ ഒരുങ്ങുകയായിരുന്നു എന്നാണു സുവി ശേഷകന്മാർ അർത്ഥമാക്കുന്നത്.

## 5. 2 സാമുവൽ: ദാവീദിന്റെ ഭരണകാലം

ഈ ഗ്രന്ഥം ദാവീദിന്റെ ഭരണകാലത്തെക്കുറിച്ചാണു വിവരിക്കുന്നത്. ദാവീദ് അധികാരം തന്റെ കരങ്ങളിലുറപ്പിച്ചതെങ്ങനെയെന്നും വലിയ ഒരു സാമ്രാജ്യം സ്ഥാപിച്ചതെങ്ങനെയെന്നുമാണ് 2സാമു 1-8 വിശദീകരിക്കുന്നത്. കുടുംബത്തിൽ പ്രശ്നങ്ങൾ ആരംഭിച്ചതോടെ അദ്ദേഹത്തിന്റെ ഭരണം എങ്ങനെ ബലഹീനമായി എന്നും (2സാമു 9 -20) തുടർന്നു മക്കൾ അധികാരത്തിനുവേണ്ടി നടത്തുന്ന വടംവലിയും വിവരിക്കുന്നു. ഈ പ്രശ്നങ്ങളുടെയെല്ലാം അടിസ്ഥാന കാരണം ദാവീദിന്റെ തന്നെ പാപമായിരുന്നു.

രാഷ്ട്രീയപരമായും സൈനികമായും വലിയ ഒരു തന്ത്രജ്ഞനായിരുന്നു ദാവീദെന്ന് അദ്ദേഹത്തിന്റെ ത്വരിതഗതിയിലുള്ള വളർച്ച വെളിപ്പെടുത്തി. ഫിലിസ്ത്യരെ പരാജയപ്പെടുത്തിക്കൊണ്ട് അദ്ദേഹം രാജ്യത്തിന്റെ അതിർത്തി സിറിയായിലെയും ജോർദാനു മറുകരെയുമുള്ള എല്ലാ കൊച്ചു രാജ്യങ്ങളും ഉൾപ്പെടുന്നതാക്കിത്തീർത്തു. ഈജിപ്തു നദിമുതൽ യൂഫ്രട്ടീസുവരെ നീണ്ടുകിടന്നതായിരുന്നു അദ്ദേഹത്തിന്റെ രാജ്യമെന്നു പറയാൻ കഴിയും (ഉൽപ 15:18; ജോഷ്വാ 1:4). അങ്ങനെ ഇസ്രായേലിന്റെ സ്വപ്നങ്ങളെല്ലാം ദാവീദിന്റെ കാലത്തു നിറവേറി.

മറ്റുള്ളവരെ തന്റെ ഭാഗത്തേക്കു ചേർക്കാൻ ദാവീദിനു വലിയ കഴിവുണ്ടായിരുന്നു. സാവൂളിൽനിന്ന് ഒളിച്ചുനടന്ന കാലമത്രയും തെക്കൻ ഗോത്രങ്ങളെ പരിരക്ഷിച്ചുകൊണ്ട് അദ്ദേഹം അവരുടെ ഹൃദയങ്ങളിൽ സ്ഥാനംപിടിക്കുകയും സാവൂൾ മരിച്ച ഉടനെ അവർ ഹെബ്രോണിൽ വച്ച് അദ്ദേഹത്തെ രാജാവാക്കാനുള്ള കരുനീക്കങ്ങൾ നടത്തുകയും ചെയ്തു. അതിനുശേഷം സാവൂളിന്റെ പുത്രനായ ഈഷ്ബാലിന്റെ (ഈഷ്ബോഷെത്ത്) ഭരണം തകരുന്നതുവരെ കാത്തിരുന്നു. ഇക്കാലത്തെക്കുറിച്ച് “സാവൂളിൻെറ ഭവനവും ദാവീദിൻെറ ഭവനവും തമ്മിൽ നീണ്ടയുദ്ധം നടന്നു. ദാവീദ് മേൽക്കുമേൽ ശക്തി പ്രാപിച്ചു; സാവൂളിൻെറ കുടുംബമോ അടിക്കടി ക്ഷയിച്ചുവന്നു” (2സാമു 3:1) എന്നാണു പറയുന്നത്. അവസാനം ഈഷ്ബാലിന്റെ സൈന്യാധിപനായ അബ്നേർ കൂറുമാറുകയും ഈഷ്ബാൽ വധിക്കപ്പെടുകയും ചെയ്തു. അപ്പോൾ വടക്കൻ ഗോത്രങ്ങൾ ഹെബ്രോണിൽവന്നു ദാവീദിനോടു തങ്ങളുടെയും രാജാവാകണമെന്ന് അഭ്യർത്ഥിച്ചു. തെക്കൻ ഗോത്രങ്ങളെപ്പോലെതന്നെ വടക്കുള്ള ഗോത്രങ്ങൾ സ്വതന്ത്രമായാണു ദാവീദിനെ തങ്ങളുടെ രാജാവാക്കിയതെന്നു പറയുക പിന്നീടുള്ള ഭരണത്തിന്റെ നല്ല ഭാവിക്ക് അനിവാര്യമായിരുന്നു. എന്നാൽ സോളമനുശേഷം ഈ ഗോത്രങ്ങൾ പിരിഞ്ഞുപോവുകയും സ്വതന്ത്രമായ മറ്റൊരു രാജ്യം സ്ഥാപിക്കുകയും ചെയ്തു.





ഇസ്രായേൽ ഗോത്രങ്ങളുടെയെല്ലാംമേൽ രാജാവായതിനുശേഷം ദാവീദു വളരെ പ്രധാനമായ മറ്റൊരു കാര്യം ചെയ്തു. യൂദായുടെയും വടക്കൻ ഗോത്രങ്ങളുടെയും പൊതു അതിർത്തിയിലുണ്ടായിരുന്നതും എന്നാൽ രണ്ടിന്റെയും ഭാഗമല്ലാതിരുന്നതുമായ ജബൂസ് എന്ന ജറുസലെം കാനാൻകാരുടെ കൈയിൽനിന്നു പിടിച്ചെടുക്കുകയും അതു തന്റെ തലസ്ഥാനമാക്കി മാറ്റുകയും ചെയ്തു. അന്നുമുതൽ ദാവീദിന്റെ നഗരം എന്നു ജെബൂസ് അറിയപ്പെട്ടു തുടങ്ങി. തുടർന്ന് അദ്ദേഹം വാഗ്ദാനപേടകം അവിടേക്കു കൊണ്ടുവരികയും അവിടെ ഒരു കൂടാരത്തിൽ അതു സ്ഥാപിക്കുകയും ചെയ്തു. അങ്ങനെ ദാവീദാണു ജറുസലെം സ്ഥാപിച്ച് അതിനെ ഇസ്രായേലിന്റെ ആരാധനാകേന്ദ്രമാക്കി മാറ്റിയത്. മാറ്റാൻ പാടില്ലാത്ത ആരാധനാലയമായി ജറുസലെം മാറിയതിന് അനേക വർഷങ്ങൾക്കു ശേഷം വന്ന നിയമാവർത്തനഗ്രന്ഥം അതിനെ ദൈവം തെരഞ്ഞെടുത്ത സ്ഥലമായി വ്യാഖ്യാനിച്ചു (നിയ 12).

തന്റെ ദൈവമായ യാഹ്വെയ്ക്കായി ഒരാലയം പണിയാൻ ദാവീദ് ആഗ്രഹിച്ചെങ്കിലും യാഹ്വെയുടെ പ്രവാചകനായ നാത്താൻ അതിനനുവദിച്ചില്ല. എന്നാൽ, ദാവീദിന്റെ സന്മനസ്സിനു പ്രതിഫലമായി ദൈവം നിത്യമായ ഒരു രാജ്യം അദ്ദേഹത്തിനു വാഗ്ദാനം ചെയ്തു: “... ദിനങ്ങൾ തികഞ്ഞു നീ പൂർവികരോടു ചേരുമ്പോൾ നിൻെറ ഔരസപുത്രനെ ഞാൻ ഉയർത്തി അവൻെറ രാജ്യം സുസ്ഥിരമാക്കും. ... ഞാൻ അവനു പിതാവും അവൻ എനിക്കു പുത്രനും ആയിരിക്കും. അവൻ തെറ്റുചെയ്യുമ്പോൾ മാനുഷികമായ ദൺഡും ചമ്മട്ടിയുമുപയോഗിച്ച് ഞാൻ അവനെ ശിക്ഷിക്കും. എങ്കിലും നിൻെറ മുൻപിൽനിന്നു ഞാൻ തള്ളിക്കളഞ്ഞ സാവൂളിൽ നിന്നെന്നപോലെ അവനിൽനിന്ന് എൻെറ സ്ഥിരസ്നേഹം ഞാൻ പിൻവലിക്കുകയില്ല. നിൻെറ കുടുംബവും രാജത്വവും എൻെറ മുൻപിൽ സ്ഥിരമായിരിക്കും. നിൻെറ സിംഹാസനം എന്നേക്കും നിലനിൽക്കും” (2 സാമു. 7:12-16). ഇതാണ് ദാവീദിന്റെ കുടുംബത്തിൽനിന്നു മിശിഹാ ജനിക്കുമെന്ന വാഗ്ദാനമായി മാറിയത്.

ഗ്രന്ഥത്തിന്റെ ഏറ്റവും പ്രധാന ഭാഗം ദൈവം ദാവീദിനു നല്കുന്ന ഈ വാഗ്ദാനമാണ്. അതുകൊണ്ടുതന്നെ ദൈവത്തിന്റെ ഈ വചനം തുടർന്ന് ഇസ്രായേലിന്റെ സങ്കീർത്തനങ്ങളിലും മറ്റ് ആരാധനയിലും അനുസ്മരിക്കപ്പെടുകയും ദാവീദും ദൈവവും തമ്മിലുള്ള ബന്ധം ആഘോഷിക്കപ്പെടുകയും ചെയ്തുവന്നു. പിന്നീടുവന്ന ചരിത്രത്തിലെ പല പ്രതിസന്ധിഘട്ടങ്ങളിലും പിടിച്ചുനില്ക്കാൻ ദൈവത്തിന്റെ ഈ വാഗ്ദാനം അവരെ സഹായിച്ചു (ഏശ 37:33-35). ഇസ്രായേലിന്റെ ചരിത്രത്തിലുണ്ടായ വ്രണങ്ങൾ സുഖപ്പെടുത്തുന്നതിനും എല്ലാവരെയും ഐക്യപ്പെടുത്തുന്നതിനുമായി ദാവീദ് സാവൂളിന്റെ കുടുംബ

ത്തിൽ ബാക്കിയായ അദ്ദേഹത്തിന്റെ പുത്രൻ മെഫിബോഷെത്തിന്റെ കാര്യങ്ങളിൽ ശ്രദ്ധിക്കുകയും (2സാമു 9) ഷീലോയിലെ പുരോഹിതനായ ഏലിയുടെ മക്കളെ അംഗീകരിക്കുകയും ചെയ്തു (1സാമു 14:3).

*ദാവീദിന്റെ തിന്മകൾ*

ഇസ്രായേലിന്റെ ചരിത്രത്തിലെ ഏറ്റവും വലിയവനായ രാജാവായി ദാവീദിനെ വി. ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നുണ്ടെങ്കിലും അദ്ദേഹത്തിന്റെ ചിത്രം മഹത്തരമല്ല. ദാവീദ് വളരെ സൂത്രശാലിയായിരുന്നുവെന്നാണു പല പണ്ഡിതരും വിലയിരുത്തുന്നത്. മാത്രമല്ല, രാജത്വത്തിലേയ്ക്കുള്ള അദ്ദേഹത്തിന്റെ പ്രയാണം എപ്പോഴും നീതികരിക്കാവുന്നതുമായിരുന്നില്ല. ദാവീദ് സാവൂളിനെതിരേ കരുക്കൾ നീക്കുകയും അദ്ദേഹത്തിനെതിരേ തെക്കൻ ഗോത്രങ്ങളെ തിരിച്ചുവിടുകയും ചെയ്തിട്ടുണ്ടായിരിക്കാം. അതുപോലെതന്നെ ആത്മാർത്ഥതയില്ലാതെ സാവൂളിന്റെയും ജോനാത്താന്റെയും മരണം തന്റെ ജനസമ്മതിക്കായി അദ്ദേഹം രൂപാന്തരപ്പെടുത്തിയെന്നാണവർ കരുതുന്നത്. അബ്നേർ വഴി ഈഷ്ബാലിനെ വധിച്ചത് ദാവീദിന്റെ സൂത്രമായിരുന്നുവോ എന്നും അവർ സംശയിക്കുന്നു. ഇപ്പറഞ്ഞ കാര്യങ്ങളെല്ലാം വിവരണത്തിന്റെ വരികൾക്കിടയിലൂടെ പണ്ഡിതർ വായിച്ചെടുക്കുന്നതാണ്. എന്നാൽ, സുന്ദരിയായ ബാത്ഷെബായെ സ്വന്തമാക്കാനായി അവളുടെ ഭർത്താവിനെ ദാവീദു വധിച്ചുവെന്നതും (2സാമു 11) വിലാപത്തിനുപോലും അവസരം നല്കാതെ അവളെ വിവാഹം ചെയ്തുവെന്നും ദാവീദിന്റെ മകൻ വിപ്ലവമാരംഭിച്ചപ്പോഴും ഷേബാ മറുതലിച്ചപ്പോഴും (2സാമു 20) അതിനു ജനസമ്മതിയുണ്ടായിരുന്നു എന്നതും (2സാമു 15–18) അദ്ദേഹത്തിന്റെ ഏകാധിപത്യത്തെയും ഭരണത്തെയും ജനം വെറുത്തിരുന്നു എന്നതിന്റെ അടയാളങ്ങളാണ്. അദ്ദേഹം ജനത്തെക്കൊണ്ട് അടിമവേല ചെയ്യിപ്പിച്ചതും പട്ടാളത്തിനായി ജനസംഖ്യയെടുത്തതും ഇസ്രായേൽ എക്കാലവും വെറുത്തു (2സാമു 24).

ദാവീദിന്റെ ജീവിതത്തിലെ തിന്മനിറഞ്ഞ ഈ വശത്തെക്കുറിച്ചു വിവരിക്കുന്നതു "ദാവീദിന്റെ കൊട്ടാരചരിത്രം" അല്ലെങ്കിൽ "പിൻതുടർച്ചാ ചരിത്രം" എന്നറിയപ്പെടുന്ന രണ്ടാം ഭാഗത്താണ് (2സാമു 9–1രാജാ 2). പിന്നീട് ഇതിനോടു കൂട്ടിച്ചേർക്കപ്പെട്ട ചില ഭാഗങ്ങളുമുണ്ട് (2സാമു 21–24ൽ). വലിയ രാജാവായ ദാവീദ് എത്ര വിജയകരമായി പുറത്തുള്ള വലിയ ശത്രുക്കളെയെല്ലാം കീഴ്പ്പെടുത്തിയെന്നും രാജ്യത്തിന്റെ പഴയ മുറിവുകൾ ഉണക്കിയെന്നും എന്നാൽ സ്വന്തം കുടുംബത്തെയും വികാരങ്ങളെയും നിയന്ത്രിക്കുന്നതിൽ അദ്ദേഹം എങ്ങനെ പരാജയപ്പെട്ടെന്നും വി. ഗ്രന്ഥകാരൻ വിവരിക്കുകയാണിവിടെ.

ഈ തിന്മകളെല്ലാം അരംഭിക്കുന്നത് ദാവീദിന്റെ ബാത്ഷെബായുമായുള്ള പാപത്തോടെയും തുടർന്നുള്ള കൊലപാതകത്തോടെയുമാ





ണ്. അതിനുശേഷം നാത്താന്റെ വചനം കേട്ടപ്പോൾ ദാവീദ് അനുതപിക്കുകയും പരിഹാരമനുഷ്ഠിക്കുകയും ചെയ്തു (2സാമു 12). എന്നാൽ പ്രവാചകനിലൂടെയുള്ള കർത്താവിന്റെ വിധി നീങ്ങിപ്പോവുകയില്ല: "എന്നെ നിരസിച്ചു ഹിത്യനായ ഊറിയായുടെ ഭാര്യയെ നീ സ്വന്തമാക്കി യതുകൊണ്ടു നിന്റെ ഭവനത്തിൽനിന്നു വാൾ ഒഴിയുകയില്ല. കർത്താവ് അരുളിച്ചെയ്യുന്നു: നിന്റെ സ്വന്തം ഭവനത്തിൽ നിന്നുതന്നെ നിനക്കു ഞാൻ ഉപദ്രവമുണ്ടാക്കും. നിന്റെ കൺമുൻപിൽ വച്ച് ഞാൻ നിന്റെ ഭാര്യമാരെ അന്യനു കൊടുക്കും. പട്ടാപ്പകൽ അവൻ അവരോടൊത്തു ശയിക്കും. നീ ഇതു രഹസ്യമായി ചെയ്തു. ഞാനിത് ഇസ്രായേലിന്റെ മുഴുവൻമുൻപിൽ വച്ചു പട്ടാപ്പകൽ ചെയ്യിക്കും" (2സാമു 12:10–12).

ദൈവം ദാവീദിനോടുകൂടെ നില്ക്കുമെങ്കിലും തന്റെതന്നെ തിന്മയുടെ ഫലങ്ങളിൽനിന്നു ദാവീദിനു മോചനം ലഭിക്കുകയില്ല. ദാവീദ് ബാത്ഷെബായെ ബലാൽക്കാരമായി പ്രാപിച്ചതുപോലെതന്നെ പുത്രൻ അംനോൻ പുത്രിയായ താമാറിനെ ബലാൽക്കാരം ചെയ്യും; പ്രതികാരമായി അബ്സലോം ദാവീദിനെപ്പോലെതന്നെ അംനോനെ ചതിയിൽ വധിക്കും; തുടർന്നു ജീവിക്കാൻ അബ്സലോമിനെ ദാവീദ് അനുവദിക്കുമെങ്കിലും അതു അയാൾ ദാവീദിനെതിരേ വിപ്ലവം സൃഷ്ടിക്കാനായിരിക്കും. ബാത്ത്ഷെബായ്ക്കു കരയാൻ അവസരം നല്കാതിരുന്ന ദാവീദിനു തന്റെ പുത്രൻ മരിച്ചപ്പോൾ കരയാൻ അവസരം ലഭിച്ചില്ല. ദാവീദിന്റെ അപ്പോഴത്തെ ദയനീയമായ കരച്ചിൽ പഴയ നിയമത്തിലെതന്നെ ഹൃദയഭേദകമായ വാക്കുകളാണ്: "രാജാവു വികാരാധീനനായി പടിപ്പുരമുകളിൽ കയറി വിലപിച്ചു. പോയവഴി അവൻ പറഞ്ഞു: എന്റെ മകനേ, അബ്സലോമേ, എന്റെ മകനേ, എന്റെ മകനേ, അബ്സലോമേ, നിനക്കുപകരം ഞാൻ മരിച്ചിരുന്നെങ്കിൽ! എന്റെ മകനേ, അബ്സലോമേ, എന്റെ മകനേ!" (2സാമു 18:33; 19:1–8). ദാവീദിനു പ്രായമായപ്പോൾ മറ്റൊരു പുത്രനായ അദോണിയായും അധികാരം പിടിച്ചെടുക്കാൻ ഒരു ശ്രമം നടത്തി. പ്രവാചകനായ നാത്താന്റെയും പുരോഹിതനായ സാദോക്കിന്റെയു സഹായത്തോടെ മാത്രമാണ് അന്നു ദാവീദിനു സോളമനെ അധികാരമേൽപിക്കാൻ കഴിഞ്ഞത്.

ദാവീദിന്റെ ജീവിതത്തിലെ ഇരുണ്ട വശങ്ങളെക്കുറിച്ചു വിവരിക്കുന്ന ഈ കൊട്ടാരചരിത്രം ദൈവം അദ്ദേഹത്തിനു നല്കിയ നിരന്തരമായ സംരക്ഷണവും തുറന്നു കാണിക്കുന്നുണ്ട്. ദാവീദു പൂർണനായിരുന്നില്ല, എന്നാൽ ദൈവത്തിന്റെ വിശ്വസ്തതയും വാഗ്ദാനവും അചഞ്ചലമായിത്തന്നെ നിലനിന്നു.

### *ദാവീദിന്റെ മഹത്വം*

ദൈവത്തിന് ഇസ്രായേലിനോടുള്ള സ്നേഹത്തിന്റെ അടയാളമായി പലപ്പോഴും സങ്കീർത്തനങ്ങൾ ദാവീദിനെ അവതരിപ്പിക്കാറുണ്ട്. ഉദാ:- കർത്താവു ദാവീദിനോടും ഭവനത്തോടും ചെയ്ത വാഗ്ദാനത്തെ പ്രകീർത്തിക്കുന്നതാണ് 89-ാം സങ്കീർത്തനം:

"എൻെറ കരുണ എപ്പോഴും അവൻെറമേൽ ഉണ്ടായിരിക്കും;
അവനോടുള്ള എൻെറ ഉടമ്പടി അചഞ്ചലമായി നിലനിൽക്കും.

ഞാൻ അവൻെറ വംശത്തെ ശാശ്വതമാക്കും; അവൻെറ
സിംഹാസനം ആകാശമുള്ളിടത്തോളം കാലം നിലനിൽക്കും"
(89:28-30).

സമാനമായ ചിന്തകൾ 20, 21, 78, 132 എന്നീ സങ്കീർത്തനങ്ങളിലും കാണാം. ദൈവം നിത്യമായ ഒരു രാജ്യം ദാവീദിനു വാഗ്ദാനം ചെയ്തുവെന്നു മിശിഹായെക്കുറിച്ചുള്ള സങ്കീർത്തനങ്ങളിൽ കാണാം;

"കർത്താവിൻെറ കൽപന ഞാൻ വിളംബരംചെയ്യും;
അവിടുന്ന് എന്നോട് അരുളിച്ചെയ്തു: നീ എൻെറ പുത്രനാണ്;
ഇന്നു ഞാൻ നിനക്കു ജൻമം നൽകി" (2:7).

"കർത്താവ് എൻെറ കർത്താവിനോട് അരുളിച്ചെയ്തു:

ഞാൻ നിൻെറ ശത്രുക്കളെ നിൻെറ പാദപീഠമാക്കുവോളം

നീ എൻെറ വലത്തുഭാഗത്തിരിക്കുക.

കർത്താവു സീയോനിൽനിന്നു നിൻെറ അധികാരത്തിൻെറ
ചെങ്കോൽ അയയ്ക്കും;

ശത്രുക്കളുടെ മധ്യത്തിൽ നീ വാഴുക" (110:1-2).

വളരെയധികം കുറവുകളുള്ള മനുഷ്യനായിരുന്നിട്ടും എന്തുകൊണ്ടാണു ദീവീദിനു പഴയനിയമത്തിൽ ഇത്രയധികം പ്രാധാന്യം ലഭിച്ചത് എന്ന് ആരെങ്കിലും ചോദിച്ചേക്കാം. ബൈബിളിന്റെ കാഴ്ചപ്പാടനുസരിച്ച് അതിനു കാരണം ദൈവം ദാവീദിനു നല്കിയ അനുഗ്രഹവും അതിനു മറുപടിയായി ദാവീദു ദൈവത്തോടു കാണിച്ച വിശ്വസ്തതയുമാണ്. ദാവീദു കർത്താവിനോടു വിശ്വസ്തനായിരുന്നുവെന്നു രാജാക്കന്മാരുടെ ഗ്രന്ഥം ആവർത്തിച്ചുപറയുന്നുണ്ട്: സോളമൻ തന്റെ പിതാവായ ദാവീദിന്റെ അനുശാസനങ്ങൾ അനുസരിച്ചു കർത്താവിനെ സ്നേഹിച്ചു (1രാജാ 3:3); പിതാവായ ദാവീദു കർത്താവിന്റെ നിയമങ്ങളും കല്പനകളും പാലിച്ചു (1രാജാ 3:14); ദേവാലയം പണിയുന്നതിൽനിന്നു വിലക്കപ്പെട്ടിരുന്നെങ്കിലും അതിന്റെ യഥാർത്ഥ സ്ഥാപകൻ ദാവീദുതന്നെയായിരുന്നു (1രാജാ 5:3; ഹെബ്രാ. 5:17). ദേവാലയം പണിയാൻ അദ്ദേഹം ആഗ്രഹിച്ചു എന്നതു സ്തുത്യർഹമായിരുന്നു (1രാജാ 8:17); ദാവീദു ഹൃദയനൈർമ്മല്യത്തോടും പരമാർത്ഥതയോടും കൂടി കർത്താവിനു മുമ്പിൽ വ്യാപരിച്ചു (1രാജാ 9:4); അവന്റെ ഹൃദയം കർത്താവിനോടു പരിപൂർണ വിശ്വസ്തത കാണിച്ചു (1രാജാ 11:4, 6). ദാവീദു കർത്താവിന്റെ മാർഗത്തിലൂടെ ചരിക്കുകയും നീതി പ്രവർത്തിക്കുകയും കർത്താവിന്റെ കല്പനകളും നിയമങ്ങളും അനുസരിക്കുകയും ചെയ്തു (1രാജാ 11:33, 38); ദാവീദു കല്പനകൾ അനുസരിക്കുകയും ദൈവത്തിന്റെ ദൃഷ്ടിയിൽ നന്മ മാത്രം ചെയ്യുകയും പൂർണ ഹൃദയത്തോടെ കർത്താവിനെ അനുസരിക്കുകയും ചെയ്തു (1രാജാ 14:8; കാണുക 1രാജാ 15:3; 15:5; 15:11; 2രാജാ 14:3; 16:2; 18:3; 22:2).

പല മാരകമായ പാപങ്ങളും ചെയ്തെങ്കിലും അടിസ്ഥാനപരമായി ദൈവത്തോടുണ്ടായിരുന്ന വിശ്വസ്തത ദാവീദു കാത്തുപാലിച്ചു. തന്ത്രശാലിയായ ഒരു ധീരയോദ്ധാവെന്ന നിലയിൽ അയാൾ ഇസ്രായേലിന്റെ ദൈവമായ കർത്താവിന്റെ രാജ്യത്തിന്റെ വ്യാപ്തിയും കർത്താവിന്റെ ഭരണവും ചുറ്റുമുള്ള രാജ്യങ്ങളിലേക്കും വ്യാപിപ്പിച്ചു. രാജാവെന്ന നിലയിൽ പിന്നീടു യൂദാരാജ്യത്തിന്റെ അന്ത്യം സംഭവിച്ച ബി.സി. 587 വരെ നീണ്ടുനിന്ന ദൈവിക സംരക്ഷണം കർത്താവിൽനിന്നു തന്റെ സിംഹാസനത്തിനു വാഗ്ദാനമായി അദ്ദേഹം സ്വീകരിച്ചു. ജറുസലെമിനെ കർത്താവിന്റെ ആലയമായി സ്ഥാപിക്കുകയും അനേക സങ്കീർത്തനങ്ങളും പ്രാർത്ഥനകളും എഴുതുകയും ചെയ്ത വ്യക്തിയാണു ദാവീദ്. തങ്ങളിൽ രാജ്യം സുസ്ഥാപിതമാകാനും തുടർന്നു പോകാനും സഹായിച്ച ദൈവിക വാഗ്ദാനം സ്വീകരിച്ച വ്യക്തി എന്ന നിലയിലാണ് ഇസ്രായേൽ അദ്ദേഹത്തെ അനുസ്മരിച്ചിരുന്നത്.

കുടുംബചരിത്രത്തിൽ വിവരിക്കപ്പെടുന്ന ദാവീദിന്റെ ബലഹീനതകൾ മറ്റൊരു യാഥാർത്ഥ്യത്തിലേക്കാണു വിരൽ ചൂണ്ടുന്നത്. വാസ്തവത്തിൽ ബലഹീനനും പാപിയുമായ ഒരു മനുഷ്യനെ ദൈവം തന്റെ മഹത്തരമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി ഉപകരണമാക്കുകയായിരുന്നു. നിയമാവർത്തകന്റെ ഈ ദൈവശാസ്ത്ര ദർശനം ഉൽപത്തി പുസ്തകത്തിലെ പിതാക്കന്മാരുടെ വിവരണത്തിലും ദൃശ്യമാണ്. ഇസ്മായേലിനെ മാറ്റി ഇസഹാക്കിനെയും ഏസാവിനെ മാറ്റി യാക്കോബിനെയും പത്തു പേരെ മാറ്റി ജോസഫിനെയും തെരഞ്ഞെടുക്കുന്ന ദൈവത്തിന്റെ പ്രത്യേകമായ പ്രവർത്തന രീതിയാണിത്. വാസ്തവത്തിൽ ദൈവം നോഹയോടും അബ്രാഹത്തോടും (ഉൽപ 15:18) യാക്കോബിനോടും ദേശത്തെക്കുറിച്ചു ചെയ്ത വാഗ്ദാനങ്ങൾ ദാവീദിന്റെയും സോളമന്റെയും കാലത്തു മാത്രമാണു നിറവേറിയത്.

## 6. 1–2 രാജാക്കന്മാർ

സാമുവലിന്റെ ഗ്രന്ഥങ്ങളും രാജാക്കന്മാരുടെ ഗ്രന്ഥങ്ങളും രണ്ടു വീതം തിരിക്കുന്നതിലും അവയ്ക്കു സാമുവൽ, രാജക്കന്മാർ എന്നു രണ്ടു പേരു നല്കുന്നതിലും വലിയ കാര്യമില്ല. കാരണം സാമുവലിന്റെ ഒന്നാം ഗ്രന്ഥത്തിൽ തുടങ്ങുന്ന വിവരണം തുടർച്ചയായി മുന്നോട്ടുപോയി രാജാക്കന്മാരുടെ രണ്ടാം ഗ്രന്ഥത്തിൽ അവസാനിക്കുകയാണു ചെയ്യുന്നത്. അതുകൊണ്ടുതന്നെ സപ്തതി ഈ നാലു ഗ്രന്ഥങ്ങൾക്കും ഒരേ പേരുതന്നെയാണു നല്കുന്നത്: രാജ്യങ്ങൾ; അതായത് 1 രാജ്യങ്ങൾ, 2 രാജ്യങ്ങൾ, 3 രാജ്യങ്ങൾ, 4 രാജ്യങ്ങൾ (1-4 Kingdoms).

**ഘടന**

1. 1രാജാ 1:1–11:43 സോളമന്റെ ഭരണം.
2. 1രാജാ 12:1–2രാജ 17:41. വടക്കൻ രാജ്യത്തിന്റെ അന്ത്യംവരെയുള്ള വിഭക്ത രാജ്യത്തിന്റെ ചരിത്രം.
3. 2രാജാ 18:1–25:30 – ഹെസക്കിയ മുതൽ ബാബിലോൺ പ്രവാസം വരെയുള്ള യൂദായുടെ ചരിത്രം.

രണ്ടു ഗ്രന്ഥങ്ങൾക്കും കൂടി താഴെക്കാണുംവിധം കേന്ദ്രീകൃതമായ (concentric) ഒരു രൂപമുണ്ടെന്നാണു പല പണ്ഡിതന്മാരും അഭിപ്രായപ്പെടുന്നത്.

A. 1രാജാ 1:1–11:25 : സോളമൻ – അവിഭക്ത രാജ്യം.

B. 1രാജാ 11:26– 14:31 : ജറോബോവാം/റെഹോബോവാം; രാജ്യവിഭജനം.

C. 1രാജാ 15:1– 16:22: ഇസ്രായേലിലെയും യൂദായിലെയും രാജാക്കന്മാർ.

D. 1രാജാ 16:23 – 2രാജാ 12: ഓമ്രിയുടെ രാജവംശം; ഇസ്രായേലിലും യൂദായിലും ബാൽ ആരാധന വളരുന്നതും തകരുന്നതും.

C. 2രാജാ 13 – 16 : ഇസ്രായേലിലെയും യൂദായിലെയും രാജാക്കന്മാർ.

B. 2രാജാ 17 : വടക്കൻ രാജ്യത്തിന്റെ പതനം.

A. 2രാജാ 18 – 25 : യൂദാ രാജ്യം.

AA ഭാഗങ്ങൾ ദാവീദു രാജവംശത്തിന്റെ ഉയർച്ചയും തകർച്ചയുമാണു വിവരിക്കുന്നത്: സോളമന്റെ മഹത്തരമായ സിംഹാസനാരോഹണവും (1രാജാ 3-10) യഹോയാക്കിന്റെയു സെദെക്കിയായുടെയും





ദാരുണമായ പതനവുമാണ് (2രാജാ 24-25) ആദി-അന്ത്യങ്ങളിൽക്കാണുന്നത്. അതുപോലെതന്നെ ജറുസലെം ദേവാലയത്തിന്റെ ഉയർച്ചയും (1രാജാ 6-8) മനാസ്സെവഴിയുള്ള അതിന്റെ പതനവും (2രാജാ 21) ജോസിയാ നവീകരിച്ചെങ്കിലും (2രാജാ 22-23) ബാബിലോൺ അതു പൂർണമായും നശിപ്പിച്ചു കളഞ്ഞതും ഇവിടെ വിവരിക്കുന്നു (2രാജാ 25).

BB ഭാഗത്ത് രാജ്യവിഭജനമാണു വിഷയം: സോളമന്റെ സാമ്രാജ്യം രണ്ടു രാജ്യങ്ങളായി വിഭജിക്കപ്പെട്ടു. പ്രവാചകന്റെ നിർദ്ദേശമനുസരിച്ചു വാഗ്ദാനങ്ങളോടെ ആരംഭിച്ചതാണെങ്കിലും വിഗ്രഹാരാധനയെന്ന തിന്മയിലൂടെ വടക്കൻ രാജ്യം തകർക്കപ്പെട്ടു. അതിന്റെ കാരണം കാളക്കുട്ടികളെയുണ്ടാക്കിയ ജെറോബോവാമിന്റെ പാപമായിരുന്നു (2രാജാ 17:21-23).

CC ഭാഗത്ത് ഇസ്രായേലിന്റെയും യൂദായുടെയും പരസ്പര മത്സരത്തിന്റെയും വഴക്കുകളുടെയും ചരിത്രമാണു വിവരിക്കുന്നത്.

D ഭാഗമാണു ഗ്രന്ഥങ്ങളുടെ പ്രധാന ഭാഗം, ഏതാണ്ട് 40 വർഷത്തെ ചരിത്രം വിവരിക്കുന്ന ഇതിന് 1-2രാജാക്കന്മാരുടെ ഗ്രന്ഥങ്ങളുടെ മൂന്നിലൊന്നു ദൈർഘ്യമുണ്ട്. രാജാക്കന്മാർ ഇസ്രായേലിലും യൂദായിലും ബാൽ ആരാധന പ്രോത്സാഹിപ്പിക്കുന്നതും പ്രവാചകന്മാരും പുരോഹിതന്മാരും അതിനെ കഠിനമായി എതിർക്കുന്നതുമാണിവിടുത്തെ പ്രധാന പ്രമേയം. ഇതാണു നിയമാവർത്തന ഗ്രന്ഥകാരന്മാരുടെ പ്രധാന പ്രമേയമെന്നു നാം കണ്ടു കഴിഞ്ഞു.

ജറോബോവാമിന്റെ പാപംപോലെ തന്നെ ഫിനിഷ്യൻ രാജ്ഞിയായിരുന്ന ജെസെബെലിന്റെ സ്വാധീനത്തിൽപ്പെട്ട ആഹാബ് ഇസ്രായേലിൽ ബാൽ ആരാധന പ്രോത്സാഹിപ്പിച്ചു. എന്നാൽ പ്രവാചകനായ ഏലീഷായുടെ പ്രചോദനത്തിൽ ഈ ആരാധന വിപ്ലവകരമായി തുടച്ചു നീക്കപ്പെട്ടു (2രാജാ 9-10). അതുപോലെതന്നെ പുരോഹിതനായ യഹോയാദായുടെ നേതൃത്വത്തിൽ യൂദായിൽനിന്നും വിഗ്രഹാരാധന നിർമ്മാർജ്ജനം ചെയ്യപ്പെട്ടു (2രാജാ 11). തുടർന്നു വരുന്ന ഏലിയ ഏലീഷ വിവരണങ്ങൾ (1രാജാ 17:1-2രാജാ 8:29) പ്രവാചകന്മാർ എങ്ങനെയാണ് ഇസ്രായേലിലെ വിഗ്രഹാരാധന ഇല്ലായ്മചെയ്തത് എന്നു വിവരിക്കുന്നു. യുദ്ധത്തിൽ രാജാക്കന്മാരെ വിജയത്തിലേക്കു നയിക്കാനും അവരുടെ തെറ്റുകൾ ചൂണ്ടിക്കാണിക്കാനും ദൈവത്തിന്റെ മനുഷ്യരായ പ്രവാചകന്മാർ മേലധികാരികളെപ്പോലെ അന്നു പ്രവർത്തിച്ചിരുന്നു. കാരണം ഇസ്രായേൽ രാജ്യത്തിന്റെ യഥാർത്ഥ രാജാവു ദൈവമായിരുന്നു. ദൈവത്തിന്റെ കീഴിലെ ഭരണാധികാരിയായിരുന്നു രാജാവ്. ദൈവത്തിൽനിന്നുള്ള നിർദേശങ്ങൾ രാജാക്കന്മാർക്കു നല്കിയിരുന്ന ദൈവത്തിന്റെ സന്ദേശവാഹകരായിരുന്നു (മേലധികാരിയുടെ സന്ദേശവാഹകർ) പ്രവാചകന്മാർ.

## സോളമനും മഹത്തായ ഇസ്രായേൽ രാജ്യവും

സോളമന്റെ ഭരണകാലം എങ്ങനെയായിരുന്നു എന്നു കാണിക്കുന്ന ഒരു സംഗ്രഹ വചനവുമായാണു സോളമന്റെ കഥയാരംഭിക്കുന്നത്: "പിതാവായ ദാവീദിൻെറ സിംഹാസനത്തിൽ സോളമൻ ആരൂഢനായി. അവൻെറ രാജ്യം സുപ്രതിഷ്ഠിതമായി" (1രാജാ 2:12). നിശ്ചയദാർഢ്യമുള്ളവനായിരുന്നു സോളമൻ. തന്റെ പിതാവിന്റെ കാലത്തുണ്ടായിരുന്ന എല്ലാ എതിരാളികളെയും അദ്ദേഹം ഓരോരോ കാരണങ്ങൾ കണ്ടെത്തി വധിച്ചു: രാജാവാകാൻ ശ്രമിച്ച തന്റെ സഹോദരനായ അദോണിയ, ദാവീദിന്റെ വിജയങ്ങൾക്കു മുഴുവനും ചുക്കാൻ പിടിച്ച സൈന്യാധിപൻ യോവാബ്, പഴയ എതിരാളി ഷിമെയി എന്നിവരെ വധിച്ചെന്നു മാത്രമല്ല അദോണിയായെ രാജാവാക്കാൻ കൂടെനിന്ന പുരോഹിതനായ അബിയാത്തറിനെ വീട്ടിലേക്കു തിരിച്ചയക്കുകയും ചെയ്തു. തുടർന്ന്, സോളമൻ അയൽരാജ്യങ്ങളുമായുള്ള ബന്ധം ദൃഢപ്പെടുത്തി. ടയിർ രാജാവായ ഹീറാമുമായി ഉടമ്പടിചെയ്യുകയും ഈജിപ്തിലെ ഫറവോയുടെ മകളെ സ്വപത്നിയായി സ്വീകരിക്കുകയും ചെയ്തു. ഈജിപ്തുമായി നല്ല ബന്ധം സ്ഥാപിക്കുക മാത്രമല്ല ഈജിപ്തിലെ ഭരണരീതിയനുസരിച്ച് ഇസ്രായേലിലെ ഭരണരീതിയും അദ്ദേഹം പുനഃക്രമീകരിച്ചു (1രാജാ 4). ദാവീദുതന്നെയും ഈജിപ്തിനെ അനുകരിച്ചു പല ഭരണ പരിഷ്കാരങ്ങളും നാട്ടിൽ നടത്തിയിരുന്നു (1സാമു 8:16-20; 20:23-26). സോളമൻ ഒരു പ്രധാന ഭരണാധികാരിയെക്കൂടി ഇതിനോടു കൂട്ടിച്ചേർത്തു (ജോസഫിന്റെതുപോലെ).

ഇത് ഭരണക്രമം മാത്രമല്ല മറ്റു പല ജീവിതരീതികളും അയൽരാജ്യങ്ങളിൽ നിന്നും സ്വീകരിക്കുന്നതിനും അവരെ അനുകരിക്കുന്നതിനുമുള്ള ആരംഭമായിത്തീർന്നു. കാലക്രമത്തിൽ വിജാതീയ ആചാരങ്ങൾക്കെതിരേ ഇസ്രായേലിൽത്തന്നെ ആഭ്യന്തര വിപ്ലവത്തിന് ഇതു വഴിതെളിച്ചു. സോളമനെക്കുറിച്ചുള്ള രാജാക്കന്മാരുടെ അവസാന അഭിപ്രായം അദ്ദേഹമാണ് ഇസ്രായേലിനെ കർത്താവിനോടുള്ള വിശ്വസ്തതയിൽനിന്നു വഴിപിഴപ്പിച്ചത് എന്നാണ് (1രാജാ 11).

സോളമന്റെ നേട്ടങ്ങളായി അറിയപ്പെടുന്നതു രണ്ടു കാര്യങ്ങളാണ് : (1) അദ്ദേഹത്തിന്റെ ജ്ഞാനം അത്ഭുതകരമായിരുന്നു. (2) അദ്ദേഹമാണ് കർത്താവിനുവേണ്ടി ആദ്യ ദേവാലയം നിർമ്മിച്ചത്. ഗിബെയോണിലുണ്ടായ ഒരു ദൈവദർശനത്തിലൂടെ ലഭിച്ചു എന്നു പറയപ്പെടുന്ന വലിയ ജ്ഞാനം സോളമന്റെ ഭരണത്തിന്റെ ആരംഭം മുതൽക്കേ അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്നു (1രാജാ 3). ദർശനമുണ്ടായ ഉടനെതന്നെ ഒരു ശിശുവിന്റെ യഥാർത്ഥ അമ്മയെ തിരിച്ചറിഞ്ഞുകൊണ്ട് തന്റെ ജ്ഞാനം അദ്ദേഹം പരസ്യമാക്കുകയും ചെയ്തു (1രാജാ 3). സോളമൻ മൂവായിരം





സുഭാഷിതങ്ങളും ആയിരത്തഞ്ചു ഗീതങ്ങളും രചിച്ചുവെന്നും ലെബനോനിലെ ദേവദാരു മുതൽ ചുമരിൽ മുളക്കുന്ന പായൽവരെ എല്ലാ സസ്യങ്ങളെയും കുറിച്ചു പ്രതിപാദിച്ചുവെന്നും പറയുമ്പോൾ ഈ ജ്ഞാനം തന്നെയാണു പ്രതിപാദനവിഷയം (1രാജാ 4:29-33).

സോളമൻ അനേക സൗധങ്ങളും കോട്ടകൊത്തളങ്ങളും നിർമ്മിച്ചു. ജറുസലെമിനു ചുറ്റുമതിലും മെഗിദ്ദോ, ഹത്സോർ, ഗേസെർ മുതലായ പ്രധാന നഗരങ്ങളിൽ കോട്ടകളും പട്ടാളകേന്ദ്രങ്ങളും സിയോനിൽ ബൃഹത്തായ ഒരു കൊട്ടാരസമുച്ചയവും ദേവാലയവും അദ്ദേഹം പണികഴിപ്പിച്ചു. രാജ്യത്തെ അടിമകളോടൊപ്പം ടയറിലെയും സീദോനിലെയും വിദഗ്ദ വേലക്കാർ 20 വർഷക്കാലം ഇതിനായി ചിലവഴിച്ചു. ഈ പണിയുമായി ബന്ധപ്പെട്ടാണു സോളമന്റെ കഥ ഗ്രന്ഥകാരൻ വിവരിച്ചിരിക്കുന്നത്. 1രാജാ 6-7 പണികളെക്കുറിച്ചു വിശദമായ വിവരണവും 1രാജ 8-ൽ ദേവാലയ പ്രതിഷ്ഠയുടെ സമയത്തു സോളമൻ നടത്തിയെന്നു പറയപ്പെടുന്ന നീളമേറിയ ഒരു പ്രാർഥനയും ഗ്രന്ഥകാരൻ നല്കിയിരിക്കുന്നു. നിയമാവർത്തകന്റെ ദൈവശാസ്ത്ര പ്രഘോഷണത്തിന്റെ ഏറ്റം മനോഹരമായ ഈ വചനഭാഗത്ത് (പ്രാർഥന) ഈ ആലയത്തിൽ അർപ്പിക്കപ്പെടുന്ന ബലികൾ ദൈവം കനിഞ്ഞു സ്വീകരിക്കണമെന്നും ആലയം പൂർത്തിയായതിലൂടെ ദൈവം നല്കിയ എല്ലാ വാഗ്ദാനങ്ങളും പൂർത്തീകരിക്കപ്പെട്ടെന്നും ഇനി ഐശ്വര്യമുണ്ടാകാൻ ദൈവത്തിന്റെ പ്രമാണം അനുസരിക്കുക മാത്രമാണു വേണ്ടതെന്നും സോളമൻ പ്രഖ്യാപിക്കുന്നുണ്ട് (1രാജാ 8:56-61).

അയൽരാജ്യങ്ങളുമായി സോളമൻ വലിയ വ്യാപാരബന്ധങ്ങൾ സ്ഥാപിച്ചു. അറേബ്യയിൽനിന്നും കിഴക്കൻ ആഫ്രിക്കയിൽ നിന്നുമുള്ള സമ്പത്ത് രാജ്യത്തെത്തിക്കാൻ അദ്ദേഹം ചെങ്കടലിൽ കപ്പലുകൾ ഏർപ്പെടുത്തി. രാജ്യത്തുകൂടെ കടന്നുപോകുന്ന കച്ചവടസംഘങ്ങളിൽനിന്നു ചുങ്കം പിരിക്കുകയും മെഡിറ്ററേനിയനിലൂടെയുള്ള കച്ചവടങ്ങളുടെ ലാഭവിഹിതത്തിനായി ടയിർ രാജാവായ ഹീറാമുമായി ഉടമ്പടിയുണ്ടാക്കുകയും ചെയ്തു. തുർക്കിയിലെ സിലിസിയായ്ക്കും ഈജിപ്തിനുമിടയിലുള്ള കുതിരകളുടെയും രഥങ്ങളുടെയും കച്ചവടത്തിൽ അദ്ദേഹം പങ്കുപറ്റി (1രാജാ 10). സോളമന്റെ മഹത്വത്തിന്റെ അടയാളമായിരുന്നു വിദൂരത്തുനിന്നുള്ള ഷേബാരാജ്ഞിയുടെ സന്ദർശനം. സോളമന്റെ കാലത്ത് വലിയ യുദ്ധങ്ങൾ ഇല്ലായിരുന്നതിനാൽ ദേശത്തു നീണ്ടകാലത്തേയ്ക്കു സമാധാനം നിലനിന്നിരുന്നു.

### *സോളമന്റെ തിന്മകൾ*

1രാജാ 3-10 വായിച്ചാൽ എല്ലാവിധത്തിലും ബുദ്ധിമാനും മഹാനും കർത്താവിനോടു ഭക്തിയുള്ളവനും തന്റെ ജനത്തിന്റെ കാര്യത്തിൽ

അതീവ തത്പരനുമായ ഒരു രാജാവായാണു സോളമനെ കാണാൻ കഴിയുക. ഐശ്വര്യം ദൈവത്തോടുള്ള അനുസരണത്തിന്റെ ഫലമായിരിക്കുമെന്ന നിയമാവർത്തന ദൈവശാസ്ത്രജ്ഞന്മാരുടെ ചില വചനങ്ങൾ ഇടയ്ക്കിടെ പ്രത്യക്ഷപ്പെടുന്നുണ്ടെങ്കിലും (1രാജാ 3:14; 9:4–9) സോളമനെ മഹാനായിത്തന്നെയാണ് ഈ അദ്ധ്യായങ്ങൾ ചിത്രീകരിച്ചിരിക്കുന്നത്. ഇസ്രായേലിന്റെ ചരിത്രത്തിൽ ആദ്യമായി ഒരു ദേവാലയം പണിത രാജാവ് എന്ന സൽപേരാണ് ഈ മഹത്വത്തിന് അടിസ്ഥാന കാരണം. ജനത്തിന്റെ പ്രധാന ആരാധനാകേന്ദ്രവും ദൈവദർശന സ്ഥലവുമായിരുന്നു ദേവാലയം. ദേവാലയനിർമ്മാണത്തിനു ദൈവം സോളമനെ ഉപകരണമാക്കിയെന്നതു വലിയ കാര്യമായിരുന്നു.

എന്നാൽ 1രാജാ 11-ൽ ചിത്രം വളരെ വ്യത്യസ്തമാണ്. ഇസ്രായേലിന്റെ ചരിത്രം എന്നും വെറുത്തിരുന്ന ചില കാര്യങ്ങളാണ് ഇവിടെ ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നത്. 700 ഭാര്യമാരും 300 ഉപനാരിമാരുമായി വലിയ ആർഭാടപൂർണമായ അദ്ദേഹത്തിന്റെ ജീവിതം വിജാതീയ ഭരണാധികാരികളെപ്പോലും അതിശയിപ്പിക്കുന്നതായിരുന്നു. മിശ്രവിവാഹമരുത് എന്ന മോശയുടെ അതിപ്രധാനമായ നിയമമാണ് ഇവിടെ ലംഘിക്കപ്പെട്ടു എന്നു പറയുന്നത്. അതിനെക്കാൾ കഠിനമായിരുന്നു അദ്ദേഹത്തിന്റെ വിഗ്രഹാരാധന. നിയമാവർത്തന ദൈവശാസ്ത്രമനുസരിച്ച് ഏകദൈവമായ യാഹ്‌വെയെ ഉപേക്ഷിച്ചു ദൈവമല്ലാത്ത വിഗ്രഹങ്ങളെ ആരാധിക്കുന്നതാണ് ഏറ്റവും വലിയ പാപം. സോളമൻ തന്റെ എല്ലാ വിജാതീയ ഭാര്യമാർക്കും അവർ ആഗ്രഹിച്ച വിധത്തിൽ അമ്പലങ്ങൾ പണിതു കൊടുത്തു. എന്നുമാത്രമല്ല ആ ദേവന്മാരെ ആരാധിക്കുകയും ചെയ്തു (1രാജാ 11:5). അതുപോലെതന്നെ അയൽരാജ്യങ്ങളിലെ ഭരണരീതികൾ സ്വന്തമാക്കിയതിനാൽ ഭരണകാര്യങ്ങൾ നിർവഹിക്കുന്നതിനായി വലിയ ഒരു കൂട്ടം ആളുകളും സോളമനോടൊത്തുണ്ടായിരുന്നു. അവരെയെല്ലാം നിലനിർത്തുന്നതിനായി ജനത്തിൽ നിന്നു വലിയ നികുതി അദ്ദേഹം പിരിച്ചെടുത്തു (1രാജാ 4:22). കൂടാതെ നിർമ്മാണപ്രവർത്തനങ്ങൾക്കായി ഇസ്രായേൽക്കാരെക്കൊണ്ടുതന്നെ അദ്ദേഹം അടിമവേല ചെയ്യിച്ചിരുന്നു എന്നു കരുതപ്പെടുന്നു (1രാജാ 5:13–14).

ഓരോ ഗോത്രങ്ങളെയും അവരുടെ അവകാശങ്ങളെയും കുറിച്ച് ദാവീദു ബോധവാനായിരുന്നു. എന്നാൽ സോളമൻ ഗോത്രങ്ങൾക്കുണ്ടായിരുന്ന പല അവകാശങ്ങളും രാജകരങ്ങളിലേക്കു നീക്കി. എല്ലാവരെയും കൂടെനിർത്തുക എന്ന ചിന്തയാണു ദാവീദിനുണ്ടായിരുന്നതെങ്കിൽ സോളമൻ മറിച്ചായിരുന്നു. അദ്ദേഹം അയൽരാജ്യങ്ങളെ അനുകരിച്ചു രാജ്യത്തെ പല പ്രവിശ്യകളായി തിരിച്ചു. അപ്പോൾ ഗോത്രങ്ങളുടെ അതിർത്തികൾ പരിഗണിച്ചില്ല. കർത്താവ് ഏകദൈവമാണെന്ന സത്യം അവഗണിച്ചുകൊണ്ട് അന്യരാജ്യങ്ങളിലെ അസ്വീകാര്യമായ പല അലങ്കാരപ്പണികളും അദ്ദേഹംദേവാലയത്തിൽത്തന്നെ നടത്തി. ഇതെല്ലാം തങ്ങൾ ഉടമ്പടിയുടെ സമൂഹമാണെന്ന സാധാരണ ജനത്തിന്റെ വിശ്വാസത്തെ വ്രണപ്പെടുത്തി.





സോളമന്റെ അവസാനകാലത്തു രാജ്യമാകെ പ്രശ്നകലുഷിതമായി. ദാവീദിന്റെ കാലം മുതൽ സാമന്തരായിരുന്ന എദോമും സിറിയായും സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. അടിമവേല നിമിത്തം ഇസ്രായേൽജനംതന്നെ പൊറുതിമുട്ടിയിരുന്നു. അതിന്റെ വിസ്ഫോടനമാണ് അടിമവേലയുടെ മേൽനോട്ടക്കാരനായ ജെറോബോവാമിന്റെ നേതൃത്വത്തിൽ നടന്നത്. ജറോബോവാമിന്റെ ഈ വിപ്ലവത്തെ പ്രചോദിപ്പിച്ചതു കർത്താവിന്റെ പ്രവാചകനായ (ഷീലോയിലെ) അഹിയായായിരുന്നുവെന്നതു ശ്രദ്ധേയമാണ്.

പ്രശ്നങ്ങൾ രൂക്ഷമായ സാഹചര്യത്തിൽ സോളമൻ മരിച്ചു. വലിയ മഹത്വത്തോടും പ്രതീക്ഷകളോടുംകൂടി ഭരണമാരംഭിച്ച സോളമൻ ജനത്താൽ വെറുക്കപ്പെട്ടു മരിച്ചു. മുമ്പു സാമുവൽ മുന്നറിയിപ്പു നല്കിയിരുന്നതുപോലെ അദ്ദേഹം മോശമായ എല്ലാ അർത്ഥത്തിലും വിജാതീയ ഭരണാധികാരികളെപ്പോലെ അവരുടെ നാഥൻ ആയിക്കഴിഞ്ഞിരുന്നു (1 സാമു 8:10–18). മറ്റു രാജ്യങ്ങൾക്കുള്ളതുപോലെ ഞങ്ങൾക്കും ഒരു രാജാവിനെ വേണമെന്ന ഇസ്രായേലിന്റെ ആഗ്രഹം പരിഹാസ്യമായ വിധത്തിൽ നിറവേറിയെന്നുപറയാം. അന്യരാജ്യങ്ങൾക്കുമേൽ വിജയം വരിക്കാൻ ഒരു രാജാവിന്റെ സാന്നിധ്യം ഉപകാരപ്പെട്ടെങ്കിലും അവരുടെ പരമ്പരാഗത വിശ്വാസം അപകടത്തിലായി.

സോളമന്റെ ജീവതവും പ്രവർത്തനങ്ങളും സോളമന്റെ പ്രവർത്തനങ്ങൾ എന്ന പേരിലുള്ള ഒരു ഗ്രന്ഥത്തിൽ എഴുതപ്പെട്ടിട്ടുണ്ടായിരുന്നു (1രാജാ 11:4). അവിടെ നിന്നാണു രാജാക്കന്മാരുടെ ഗ്രന്ഥത്തിലേക്ക് അതു ചേർക്കപ്പെട്ടത്. രാജാക്കന്മാരുടെ ഓരോ വർഷത്തെയും പ്രവർത്തനങ്ങൾ തീയതിചേർത്തു (ഭരണവർഷങ്ങൾ എണ്ണി) ഗ്രന്ഥത്തിലെഴുതി രാജാവിന്റെ ദേവന്റെ ക്ഷേത്രത്തിൽ സൂക്ഷിക്കുന്ന പതിവു മധ്യപൂർവദേശത്തെ രാജാക്കന്മാർക്കുണ്ടായിരുന്നു. സോളമന്റെതായ പ്രവർത്തനങ്ങൾ ആ ഗ്രന്ഥത്തിൽ നിന്നെടുത്തു നമുക്കായി വ്യാഖ്യാനിച്ചുകൊണ്ട് ദൈവം എത്ര മാത്രം സോളമനെ അനുഗ്രഹിച്ചുവെന്നും എന്നാൽ ജീവിതവിജയങ്ങൾ സോളമനെ എങ്ങനെ അന്ധനും വിഗ്രഹാരാധകനുമാക്കിയെന്നും വിവരിക്കുകയാണു നിയമാവർത്തന ചരിത്രകാരൻ. വിജയങ്ങൾ കൊയ്ത ഇസ്രായേൽ രാജാക്കന്മാരിൽ ഏറ്റവും ഉന്നതനായിരുന്നു സോളമൻ എന്നുപറയാം; എന്നാൽ, ഏറ്റവും വലിയ പാപിയായി അയാൾ അധ:പതിച്ചു.

# 7. വിഭക്തരാജ്യത്തിന്റെ ചരിത്രം

സോളമനുശേഷം റഹോബോവാം രാജാവായി. അപ്പോൾ വടക്കു നിന്നുള്ള 10 ഗോത്രങ്ങൾ രാജാവിനു സമീപം വന്ന് അദ്ദേഹത്തോടു രാജനികുതി കുറയ്ക്കണമെന്നാവശ്യപ്പെട്ടു. റെഹോബോവാം അതു സമ്മതിച്ചില്ല. അപ്പോൾ അവർ ദാവീദുഭവനം ഉപേക്ഷിച്ചു പോവുകയും ജെറോബോവാമിനെ തങ്ങളുടെ രാജാവായി തിരഞ്ഞെടുക്കുകയും ചെയ്തു (1രാജാ 12:1-24). അങ്ങനെ ഒന്നായിരുന്ന രാജ്യം രണ്ടായിത്തീർന്നു: വടക്കൻ രാജ്യമായ ഇസ്രായേലും തെക്കൻ രാജ്യമായ യൂദായും. ജറുസലെം യൂദായുടെ തലസ്ഥാനമായി തുടർന്നു. തുടർന്നുള്ള ചരിത്രത്തിൽ ഈ രണ്ടു രാജ്യങ്ങളും സ്വതന്ത്രമായി വളർന്നുവന്നു.

## വടക്കൻരാജ്യം: ഇസ്രായേൽ

വടക്കൻ രാജ്യത്തിന്റെ ചരിത്രം നാലു ഭാഗങ്ങളായിത്തിരിക്കാം: (1) ജറോബോവാമിന്റെ വിപ്ലവംമുതൽ ഓമ്രി രാജവംശത്തിന്റെ ആരംഭംവരെ. (2) ഓമ്രിമുതൽ യേഹുവിന്റെ കലാപംവരെ. (3) യേഹുമുതൽ മെനഹെംവരെ (4) 722-ലെ അസ്സീറിയയിലേക്കുള്ള നാടുകടത്തൽവരെയുള്ള അവസാനകാലം.

*ജറോബോവാംമുതൽ ഓമ്രിവരെ*

ഇസ്രായേൽ ഗോത്രങ്ങൾ മുഴുവൻ ഒരു സാമ്രാജ്യമായി ഏകീകരിക്കപ്പെട്ടിരുന്നു എന്നു ബൈബിൾ പറയുന്നുണ്ടങ്കിലും ജറുസലെമിനു ചുറ്റുമുള്ള യൂദായിലെ സ്ഥലങ്ങളൊഴികെ മറ്റു സ്ഥലങ്ങളിൽ വലിയ നിയന്ത്രണം സോളമന്റെ കാലത്തുണ്ടായിരുന്നു എന്നു കരുതാൻ പ്രയാസമാണ്. ദേശത്തുനിന്നു മുഴുവൻ അവർ നികുതി പിരിക്കുകയും അടിമവേലയ്ക്ക് ആളെ വിളിക്കുകയും ചെയ്തിരുന്നിരിക്കണം. ശക്തമായ പട്ടാളമുള്ളപ്പോൾ അതു സാധ്യമാവുകയും ചെയ്യും. ദാവീദിന്റെ ഭവനത്തോടു വടക്കൻ ഗോത്രങ്ങൾ മുമ്പ് എതിർപ്പു പ്രകടിപ്പിച്ചിരുന്നില്ല. എന്നാൽ സോളമന്റെ പുത്രനായ റെഹോബോവാമിന്റെ കാലത്ത് അവർ രാജാവിനെതിരേ ഒന്നു ചേരുകയും തുടർന്നു ബേത്തേലിലും ദാനിലും രണ്ട് ആരാധനാ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും ചെയ്തു (1രാജാ 12:25-33). ദേശീയ ഐക്യത്തിനും തീർത്ഥാടന സൗകര്യത്തിനുംവേണ്ടി ജെറോബോവാം ചെയ്ത ഈ പ്രവൃത്തി ജറുസലെമിലെ പുരോഹിതരുടെ കഠിനമായ എതിർപ്പിനു കാരണമായി (1രാജാ 13). നിയമാവർത്തന ഗ്രന്ഥകാരന്മാർ ഏറ്റവും വലിയ പാപമായി അനുസ്മരിക്കുന്നത് ജെറോബോവാം രണ്ടു കാളക്കുട്ടികളെ നിർമ്മിച്ചു ബേത്തേലിലും ദാനിലും പ്രതിഷ്ഠിച്ചതാണ്.





പ്രാദേശിക പ്രശ്നങ്ങളുണ്ടായിരുന്നതിനാലും സ്ഥിരമായ പട്ടാളമില്ലാതിരുന്നതിനാലും ഇസ്രായേലിന്റെ ആദ്യകാലം വിഷമമേറിയതായിരുന്നു. ഷെക്കെമായിരുന്നു ഇക്കാലത്ത് അവരുടെ തലസ്ഥാനം. ജറോബോവാമിന്റെ ഗോത്രമായ എഫ്രായിമിന്റെ ഭരണത്തിന്റെ ജനസമ്മിതി സാവധാനം ഇല്ലാതായി. ജറോബോവാമിന്റെ പുത്രനായ നാദാബ്, ഇസാക്കാറുകാരനായ ബാഷായാൽ വധിക്കപ്പെട്ടു (1രാജാ 15:25-32; ബി.സി. 911). ഈ അനിശ്ചിതത്വസമയത്ത് വടക്കൻ ഗോത്രങ്ങളെ ഡമാസ്കസിലെ അറമായക്കാർ പലപ്പോഴും ആക്രമിക്കുകയും ചെയ്തു.

അധികാരം പിടിച്ചെടുത്തശേഷം ബാഷാ തന്റെ തലസ്ഥാനം ഷെക്കെമിൽനിന്നു തിർസായിലേക്കുമാറ്റി. അദ്ദേഹം അയൽരാജ്യമായ സിറിയായുമായി (ഡമാസ്കസ്) ഒരു സമാധാന ഉടമ്പടിയും സ്ഥാപിച്ചു. ഇങ്ങനെ കൈവന്ന സമാധാനത്തിനു പുറമേ വിസ്തൃതമായ രാജ്യവും അതുപോലെതന്നെ കൂടിയ ജനസംഖ്യയും വേഗത്തിൽ വളർച്ച പ്രാപിക്കാനും കൊച്ചുരാജ്യമായ യൂദായെക്കാൾ കരുത്താർജിക്കാനും ഇസ്രായേലിനെ സഹായിച്ചു. എന്നാൽ പിന്നീടു യൂദായിലെ രാജാവായ ആസാ സിറിയാക്കാരെ സ്വാധീനിക്കുകയും ഇസ്രായേലുമായുള്ള അവരുടെ ഉടമ്പടി തകർന്നുപോകാൻ ഇടയാക്കുകയും ചെയ്തപ്പോൾ ഗലീലിക്കടലിനു വടക്കുള്ള ഫലപുഷ്ടമായ പ്രദേശങ്ങളും തെക്കുഭാഗത്തുള്ള തന്ത്രപ്രധാനമായ ഉയർന്നസ്ഥലങ്ങളും ഇസ്രായേലിനു നഷ്ടമായി (1രാജാ 15:16-22). ബാഷായ്ക്കുശേഷം ഭരണത്തിൽവന്ന അവന്റെ പുത്രനെ അവന്റെ തേർപടയുടെ പകുതിയുടെ നായകനായ സിമ്രി ഗൂഢാലോചനയിലൂടെ വധിച്ച് അധികാരത്തിലേറി (1രാജാ 16:8-9). എന്നാൽ അധിക ദിനങ്ങൾ അധികാരത്തിലിരിക്കാൻ അയാൾക്കുകഴിഞ്ഞില്ല. കാരണം ജനം അന്നു സേനാനായകനായിരുന്ന ഓമ്രിയെ രാജാവാക്കാനാഗ്രഹിക്കുകയും ചില തർക്കങ്ങൾക്കുശേഷം ഓമ്രി രാജാവാകുകയും ചെയ്തു (1രാജാ 16:16-22).

*ഓമ്രിമുതൽ യേഹുവരെ*

ഓമ്രി ശക്തമായ ഒരു രാജ്യം സ്ഥാപിക്കുകയും ഇസ്രായേലിനെ ഒരു പ്രാദേശിക ശക്തിയായി ഉയർത്തുകയും ചെയ്തു. പാലസ്തീനായുടെ മധ്യേയുള്ള സമറിയ അദ്ദേഹം തന്റെ തലസ്ഥാനമാക്കി പണിതുയർത്തി (1രാജാ 16:23-24). ഇതു കരമാർഗമുള്ള കച്ചവടവും മെഡിറ്ററേനിയൻ സമുദ്രത്തിലേക്കുള്ള ബന്ധവും ദേശത്തിന്റെ സുരക്ഷാനിയന്ത്രണവും എളുപ്പമാക്കി. അദ്ദേഹം യൂദായുമായുള്ള ശത്രുത അവസാനിപ്പിക്കുകയും ഫിനീഷ്യൻ രാജ്യമായ ടയറുമായി ഉടമ്പടി ചെയ്യുകയും ചെയ്തു. ശക്തമായ രാഷ്ട്രമായി മാറിയതിനാൽ ഓമ്രിയുടെ ഇസ്രായേലിനു വടക്കു സിറിയായെയും തെക്കു മൊവാബ്യരെയും എതിർത്തു നില്ക്കാൻ കഴിഞ്ഞു.

ഓമ്രിക്കുശേഷം പുത്രനായ ആഹാബ് (ബി.സി. 875) സാമ്പത്തികമായും രാഷ്ട്രീയമായും ഇസ്രായേലിനെ കൂടുതൽ വളർച്ചയിലേക്കു നയിച്ചു. ആദ്യം ഡമാസ്കസിനെ എതിർത്തുനിന്ന ആഹാബ് പിന്നീട് ഉയർന്നുവന്നുകൊണ്ടിരുന്ന അസ്സീറിയായ്ക്കെതിരേ യൂദായും സിറിയായുമായിച്ചേർന്ന് സഖ്യമുണ്ടാക്കി. യൂദായുമായി ആഹാബ് സമാധാനത്തിലായിരുന്നെങ്കിലും ഫിനീഷ്യൻ രാജ്ഞിയായ ജെസെബെലിനെ വിവാഹം ചെയ്തതും (1രാജാ 16:31) അതിലൂടെ ബാൽ ആരാധന ദേശത്തു ശക്തി പ്രാപിക്കാൻ ഇടവരുത്തിയതും പ്രവാചകന്മാരായ ഏലിയായുടെയും ഏലീഷായുടെയും നേതൃത്വത്തിൽ ആഹാബിനെതിരേ ജനരോഷമിരമ്പുന്നതിനും ആത്യന്തികമായി അയാളുടെ തകർച്ചക്കും ഇടവരുത്തി (1രാജാ 17-19). പിന്നീട് ദമാസ്കസുമായുണ്ടായ യുദ്ധത്തിൽ റാമോത്ത് ഗിലയാദിൽവച്ച് ആഹാബ് മരിച്ചു (1രാജാ 22:29-40).

ആഹാബിനുശേഷം പുത്രൻ അഹസിയ ഭരണമേറ്റെങ്കിലും താമസിയാതെ മട്ടുപ്പാവിൽനിന്നു വീണു രോഗിയായി മരിച്ചു. അയാൾക്കു മക്കളില്ലാതിരുന്നതിനാൽ സഹോദരൻ യോറാം രാജാവായി (ബി.സി. 853). അദ്ദേഹം ദമാസ്കസിനെതിരേ ശക്തമായി പോരാടിക്കൊണ്ടിരുന്നെങ്കിലും അദ്ദേഹത്തിന്റെ വിഗ്രഹാരാധനയെ ഏലീഷായുടെ നേതൃത്വത്തിലുള്ള മതനേതൃത്വം എതിർത്തതിന്റെ ഫലമായി ജനസമ്മതി നഷ്ടമായി. വിഗ്രഹാരാധനയോടുള്ള ഈ എതിർപ്പു നിമിത്തം ഏലീഷാ സിറിയായിലെ നേതാവായ ഹസായേലിനെ ദമാസ്കസിലെ രാജാവായി അഭിഷേകം ചെയ്യുകയും ഇസ്രായേലിലെ പട്ടാള നേതാവായ യേഹുവിന്റെ നേതൃത്വത്തിൽ യോറാമിന്റെ ഭരണം അട്ടിമറിക്കുകയും ചെയ്തു. താമസിയാതെ യോറാമും അവന്റെ അമ്മയായ ജെസെബെലും അവരുടെ കുടുംബം മുഴുവനും മാത്രമല്ല ദേശത്തെ ബാൽ പുരോഹിതരും വധിക്കപ്പെട്ടു. തുടർന്ന് യേഹു യോറാമിന്റെ സുഹൃത്തായ യൂദാരാജാവ് അഹസിയായെയും വധിച്ചു; എന്നാൽ ഇതു ജസെബെലിന്റെ പുത്രിയും അഹസിയായുടെ അമ്മയുമായ അത്താലിയ യൂദാ സിംഹാസനത്തിൽ അധികാരത്തിലേറാൻ ഇടവരുത്തി.

### *യേഹുമുതൽ മെനഹെംവരെ*

അധികാരത്തിലേറിയ ഉടനെ യേഹുവിന് ഏറ്റവും വലിയ പ്രശ്നമായി മാറിയത് ഏലീഷാ പ്രവാചകൻ ദമാസ്കസിനായി അഭിഷേകം ചെയ്ത ഹസായേലായിരുന്നു. അതുകൊണ്ട് യേഹു അസ്സീറിയൻ ചക്രവർത്തിയായ സാൽമനാസ്സർ മൂന്നാമനോടു സഹായമഭ്യർത്ഥിച്ചു. ഇക്കാര്യം രേഖപ്പെടുത്തിയ ഒരു കറുത്ത കൽത്തൂണ് ഭൂഗർഭ ഗവേഷകർ ഇറാഖിൽനിന്നു കണ്ടെടുത്തിട്ടുണ്ട് (Black obelisk). എന്നാൽ





അസ്സീറിയ ദമാസ്കസിലേക്കുള്ള വരവു കുറച്ചപ്പോൾ ഹസായേൽ വീണ്ടും ശക്തനായി ഇസ്രായേലും യൂദായും ആക്രമിച്ചു. യേഹുവിന്റെ പുത്രനായ യെഹോവാഹാബിന്റെ കാലത്ത് ഇസ്രായേൽ ദമാസ്കസിന്റെ ഒരു സാമന്തരാജ്യമായി മാറി. ഹസായേൽ മരിച്ചപ്പോൾ അസ്സീറിയ വീണ്ടും ദമാസ്കസിനെതിരേ വന്നു തുടങ്ങി. ഇതു ദമാസ്കസിലെ പുതിയ രാജാവായ ബെൻഹദാദ് മൂന്നാമനെ പരാജയപ്പെടുത്താനും നഷ്ടപ്പെട്ട ഭൂമി തിരിച്ചുപിടിക്കാനും യഹോവാഹാബിന്റെ പുത്രൻ യോവാഷിനെ ശക്തനാക്കി. യോവാഷ് യൂദായ്ക്കെതിരേയും ശക്തി പ്രാപിച്ചു; അയാൾ യൂദായെ പരാജയപ്പെടുത്തുകയും ജറുസലെം ദേവാലയം കൊള്ളയടിക്കുകയും ചെയ്തു (2രാജാ 14).

ഇസ്രായേൽ രാജ്യം ഏറ്റവും ശക്തിപ്രാപിച്ചതു യോവാഷിന്റെ പുത്രനായ ജെറോബോവാം രണ്ടാമന്റെ കാലത്താണ് (ബി.സി. 783). ദമാസ്കസിന്റെ പലഭാഗങ്ങളും ജോർദാനക്കരെയുള്ള ഭൂപ്രദേശങ്ങളും പിടിച്ചടക്കിക്കൊണ്ട് ഓമ്രി കുടുംബത്തിന്റെ ഭരണകാലത്തേക്കാൾ വലിയ പ്രാദേശിക ശക്തിയായി ജറോബോവാം ഇസ്രായേലിനെ മാറ്റി. എന്നാൽ ഈ ഭൗതിക മഹത്വം അധികനാൾ നീണ്ടുനിന്നില്ല. സുഭിക്ഷത ധാർമ്മിക അധ:പതനത്തിലേക്കു നയിച്ചു. ഈ അധ:പതനത്തിനെതിരേയാണു പ്രവാചകന്മാരായ ആമോസും ഹോസിയായും സംസാരിച്ചത്. ജറോബോവാമിനുശേഷം പുത്രൻ സക്കറിയ രാജാവായെങ്കിലും ആറുമാസം കഴിഞ്ഞപ്പോൾ ഷല്ലൂം അവനെതിരേ ഗൂഢാലോചന നടത്തി അവനെ വധിക്കുകയും രാജാവാകുകയും ചെയ്തു. അതോടുകൂടി രാജ്യത്ത് അനിശ്ചിതത്വവും തകർച്ചയും ആരംഭിച്ചു. താമസിയാതെ (ഒരുമാസം) മെനഹെം ഷല്ലൂമിനെ വധിക്കുകയും രാജാവായിത്തീരുകയും ചെയ്തു.

### *മെനഹെംമുതൽ ഹോസിയാവരെ*

അസ്സീറിയാക്കാരുടെ ആക്രമണത്തെ തടഞ്ഞുനിർത്താൻ ഇപ്പോൾ ഇസ്രായേലിനു കഴിയുമായിരുന്നില്ല. അതുകൊണ്ടു ചക്രവർത്തിയായ തിഗ്ലത്ത് പിലേസറിന് 1000 താലന്തു വെള്ളി കപ്പം കൊടുത്തുകൊണ്ടു മെനഹെം തൽക്കാലം അപകടം ഒഴിവാക്കി. മെനഹെമിനുശേഷം പുത്രനായ പെക്കാഹിയ ഭരണമേറ്റെങ്കിലും ഭരണമേറ്റു രണ്ടുവർഷം കഴിഞ്ഞപ്പോൾ പടനായകനായ പെക്കാ അവനെ വധിച്ചു രാജാവായി (ബി.സി. 735). എന്നാൽ അസ്സീറിയാക്കാർ വീണ്ടും വന്നു. അസ്സീറിയായ്ക്കും യൂദായ്ക്കുമെതിരേ പെക്കാ ദമാസ്കസുമായി സഖ്യം ചേർന്നു. യൂദായ്ക്കെതിരേ ചില വിജയങ്ങൾ സാധ്യമായെങ്കിലും ഗലീലി പ്രദേശം അസ്സീറിയക്കാർ പിടിച്ചെടുത്തു സാമ്രാജ്യത്തിന്റെ ഭാഗമാക്കിയശേഷം അവിടെയുള്ള ജനത്തെ തടവുകാരായി കൊണ്ടു

പോയി (2രാജാ 15:29). ഇസ്രായേൽ രാജ്യമെന്നത് ഇപ്പോൾ സമറിയായ്ക്കു ചുറ്റുമുള്ള ചെറിയ ഒരു പ്രദേശം മാത്രമായി അവശേഷിച്ചു. പിന്നീട് ഏലായുടെ പുത്രനായ ഹോസിയാ പെക്കായെ വധിച്ചു തൽസ്ഥാനത്തു രാജാവായി (ബി.സി. 732).

ഇസ്രായേൽ രാജ്യത്തിന്റെ ചരിത്രത്തിലെ അവസാന രാജാവായിരുന്ന ഹോസിയാ ബി.സി. 724 വരെ അസ്സീറിയയുടെ സാമന്തനായിക്കഴിഞ്ഞു. അക്കാലത്തെ ഈജിപ്തിന്റെ ഉയർച്ചയും അവരുമായുള്ള സഖ്യവും അസ്സീറിയൻ ആധിപത്യത്തിൽനിന്നു തന്നെ മോചിപ്പിക്കും എന്നു കരുതിയ ഹോസിയ അസ്സീറിയായ്ക്കുള്ള കപ്പം നിർത്തലാക്കി. അപ്പോൾ അസ്സീറിയ പ്രതികരിച്ചു. അങ്ങനെ ബി.സി 722-ൽ അസ്സീറിയ വന്ന് ഇസ്രായേലിനെ നശിപ്പിക്കുകയും 27000 ആളുകളെ സാമ്രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലേക്കു നാടുകടത്തുകയും ചെയ്തു (2 രാജാ 17:57). തുടർന്ന് സമറിയ അസ്സീറിയൻ സാമ്രാജ്യത്തിന്റെ ഒരു ഭാഗമായി മാറി. നാടുകടത്തപ്പെട്ടു ചിതറിപ്പോയ 10 ഗോത്രങ്ങൾ ഇന്ന് ഇസ്രായേലിലെ നഷ്ടപ്പെട്ട ഗോത്രങ്ങൾ എന്നാണറിയപ്പെടുന്നത്. താൻ കീഴടക്കിയ അന്യദേശങ്ങളിലെ വിവിധതരം ജനതകളെ ചക്രവർത്തി ഇസ്രായേലിൽ കൊണ്ടുവന്നു താമസിപ്പിക്കുകയും ചെയ്തു (2രാജാ 17:24-28). ഇവരിൽ നിന്നാണു സമറിയാക്കാർ ജന്മമെടുത്തതെന്നാണു നിയമാവർത്തനഭാഷ്യം.

## തെക്കൻ രാജ്യം: യൂദാ

സോളമന്റെ കാലത്ത് അടിമകളുടെ മേൽനോട്ടക്കാരനായിരുന്ന ജെറോബോവാം, സോളമന്റെ പുത്രനായ റെഹോബോവാമിന്റെ കാലത്ത് രാജാവിനെതിരേ ഉയർന്നുവരികയും വടക്കുള്ള പത്തുഗോത്രങ്ങളെ വേർപെടുത്തി ഇസ്രായേൽ രാജ്യം സ്ഥാപിക്കുകയും ചെയ്തെന്നു നാം കണ്ടു.

യൂദായും ഇസ്രായേലും വേർപിരിഞ്ഞ ഉടനെ ഈജിപ്തിലെ ഫറവോയായ ഷിഷാക്ക് യൂദായെ ആക്രമിച്ചു കീഴ്പ്പെടുത്തി. അദ്ദേഹം ജറുസലെം പട്ടണവും ദേവാലയവും കൊള്ളയടിച്ചു. അടുത്ത അറുപതു വർഷക്കാലം പിരിഞ്ഞുപോയ വടക്കൻ ഗോത്രങ്ങളെ വീണ്ടും അധികാരത്തിൻകീഴിൽ കൊണ്ടുവരാനുള്ള ഒരു പരിശ്രമം യൂദാ നടത്തി. റെഹോബോവാമിന്റെ പുത്രനായ അബിയാമിന്റെ കാലത്തു ചെറിയ വിജയങ്ങൾ ഇസ്രായേലിനുമേൽ നേടാൻ യൂദായ്ക്കു കഴിഞ്ഞു. എന്നാൽ പിന്നീടുവന്ന രാജാവായ ആസായുടെ കാലത്തു യൂദായ്ക്ക് ഇസ്രായേൽ രാജാവായ ബാഷായിൽനിന്നു വലിയ എതിർപ്പുകൾ നേരിടേണ്ടിവന്നു. അപ്പോൾ ആസാ ദമാസ്കസുമായി സഖ്യമുണ്ടാക്കി. പിന്നീട് തന്റെ മരണത്തിനു മുമ്പായി (ബി.സി. 873/870) ഇസ്രായേലിൽ അധികാരത്തിൽവന്ന ശക്തമായ ഓമ്രി രാജകുടുംബവുമായി നീണ്ടുനിന്ന ഒരു സഖ്യം സ്ഥാപിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. എന്നാൽ കർത്താവിന്റെ ആരാധകരായ ഒരു കൂട്ടം പ്രവാചകന്മാർ ഈ സഖ്യത്തിനെതിരായിരുന്നു. കാരണം ഈ സഖ്യം യൂദായുടെ വിശ്വാസ- സന്മാർഗ പാരമ്പര്യങ്ങളിലേക്കു വിജാതീയ ക്രമങ്ങൾ കടന്നുവരാൻ ഇടവരുത്തുമായിരുന്നു. ഇസ്രായേൽ രാജ്യം തകരുന്നതുവരെ അതിനെക്കാൾ താഴ്ന്ന ഒരു സ്ഥാനമാണു ചരിത്രത്തിൽ യൂദായ്ക്കുണ്ടായിരുന്നത്.

ഇക്കാലഘട്ടത്തിൽ തങ്ങളുടെ പൊതു ശത്രുവായ ദമാസ്കസിനെതിരേ അവർ പലപ്രാവശ്യം ഒന്നുചേർന്നിട്ടുണ്ട്. ആസായുടെ പുത്രനായ ജോസഫാത്തു രാജാവ് (ബി.സി. 873/870-) ഇസ്രായേൽ രാജാവായ ആഹാബിനോടൊപ്പം റാമോത്ത് ഗിലയാദിൽ യുദ്ധത്തിനു പോകുന്നതു കാണാം (2രാജാ 22). യാഹ്‌വെയുടെ ആരാധകനായി ബൈബിൾ സ്തുതിക്കുന്നുണ്ടെങ്കിലും (1രാജാ 22:41-44) ജോസഫാത്ത് തന്റെ മകനായ യെഹോറാമിനെ ആഹാബിന്റെയും ഫിനീഷ്യൻ രാജ്ഞിയായ ജെസെബെലിന്റെയും പുത്രിയായ അത്താലിയായെക്കൊണ്ടു വിവാഹം കഴിപ്പിച്ച് ഇസ്രായേലുമായുള്ള സൗഹൃദം ഉറപ്പിച്ചു. പിന്നീടു കപ്പൽ നിർമാണത്തിലും കച്ചവടങ്ങളിലും ഇസ്രായേലുമായി അയാൾ സഹകരിച്ചു.

യഹോഷഫാത്തിന്റെ പുത്രനായ യെഹോറാം സിംഹാസനമുറപ്പിക്കുന്നതിനുവേണ്ടി തന്റെ ആറു സഹോദരന്മാരെ വധിച്ചുകൊണ്ടു രാജാവായി. അദ്ദേഹത്തിന്റെ പുത്രനായ അഹസിയാ ഇസ്രായേലുമായി നല്ല ബന്ധത്തിലായിരുന്നു. എന്നാൽ തുടർന്ന് ഇസ്രായേലിൽ രാജാധികാരം പിടിച്ചെടുത്ത സേനാനായകനായ യേഹു അഹസിയായെ വധിച്ചു. അപ്പോൾ അഹസിയായുടെ അമ്മയും ജെസെബെലിന്റെ മകളുമായ അത്താലിയാ രാജകുടുംബത്തെ മുഴുവൻ വധിച്ചുകൊണ്ട് അധികാരത്തിലേറി. അവളാണ് യൂദാ സിംഹാസനത്തിൽ ഭരിച്ച ഏക രാജ്ഞി. അത്താലിയ ബാൽ ആരാധിക ആയിരുന്നതിനാൽ ജറുസലെമിലെ പുരോഹിതന്മാർ അവൾക്കെതിരേ ഗൂഢാലോചന നടത്തുകയും അവളുടെ കൈയ്യിൽനിന്നു രക്ഷപ്പെട്ടിരുന്ന അഹസിയായുടെ പുത്രനായ യഹോവാഷിനെ രാജാവാക്കിയശേഷം (ബി.സി. 842/835) അവളെ വധിക്കുകയും ചെയ്തു. യഹോവാഷിന്റെ ഭരണത്തിന്റെ ആദ്യനാളുകളിൽ ദമാസ്കസിലെ ഹസായേൽ ജറുസലെം നഗരമടക്കം യൂദാ മുഴുവനും കൊള്ളയടിച്ചു.

പിന്നീട് ദമാസ്കസ് തകരുകയും പ്രദേശത്തെ നേതൃനിരയിലുള്ള രാജ്യമായി യൂദാ വളർച്ച പ്രാപിക്കുകയും ചെയ്തു. യഹോറാമിന്റെ

കാലഘട്ടത്തിൽ നഷ്ടമായ ഏദോം യഹോവാഷിന്റെ പുത്രനായ അമാസിയാ തിരിച്ചു പിടിച്ചു. അങ്ങനെ ആക്കബാ ഉൾക്കടൽവഴി ചെങ്കടലിലൂടെയും അറേബ്യയുമായുള്ള കച്ചവടവഴികൾ യൂദായ്ക്കു തുറന്നുകിട്ടി. യൂദായുടെ വളർച്ച തനിക്കു പ്രശ്നമാകുമെന്നു കണ്ട ഇസ്രായേൽ രാജാവായ യോവാഷ് അപ്പോൾ യൂദായ്ക്കെതിരേ യുദ്ധം ചെയ്യുകയും ജറുസലെമിനെ കീഴ്പ്പെടുത്തുകയും ദേവാലയം കൊള്ളയടിക്കുകയും ചെയ്തു.

പിന്നീട് ഉസിയാ ഭരണമേറ്റു കഴിഞ്ഞപ്പോൾ (ബി.സി. 788/767) യൂദായുടെ ഐശ്വര്യം തിരിച്ചു വന്നു. ഉസിയ ഫിലിസ്ത്യ രാജ്യത്തിന്റെ പലഭാഗങ്ങളും പിടിച്ചെടുക്കുകയും മൊവാബിനെ പരാജയപ്പെടുത്തുകയും ചെയ്തു. അദ്ദേഹം യൂദായുടെ നഗരങ്ങൾ കോട്ടകെട്ടി ബലിഷ്ഠമാക്കുകയും പട്ടാളം ശക്തിപ്പെടുത്തുകയും ദേശത്തെ പ്രകൃതിവിഭവങ്ങൾ നന്നായി പ്രയോജനപ്പെടുത്തുകയും ചെയ്തു. പുത്രനായ യോത്താം പിതാവിന്റെയും വലിയ അസ്സീറിയൻ സാമ്രാജ്യത്തിന്റെയും മാതൃക അനുകരിക്കുന്നവനായിരുന്നു.

### *അസ്സീറിയായും യൂദായും*

യോത്താമിന്റെ പുത്രനായ ആഹാസിന്റെ കാലത്തു ചെറുരാജ്യങ്ങൾക്ക് ഒരു പേടി സ്വപ്നമായി അസ്സീറിയ ഉയർന്നുവന്നു. അപ്പോൾ ഇസ്രായേൽ രാജാവായ പെക്കാ ദമാസ്കസ് രാജാവായ റെസിനുമായി സഖ്യം ചെയ്തു. ഈ സഖ്യത്തോടു ചേരാൻ ആഹാസ് വിസമ്മതിച്ചു. തനിക്കെതിരേ യുദ്ധമുണ്ടാകുമെന്നുറപ്പായ ആഹാസ് അസ്സീറിയായുടെ സഹായമഭ്യർത്ഥിച്ചു. അങ്ങനെ അസ്സീറിയ വന്നു ദമാസ്കസ് നശിപ്പിക്കുകയും ഇസ്രായേലിന്റെ വടക്കുഭാഗങ്ങൾ കൈവശപ്പെടുത്തുകയും ചെയ്തു. തത്ക്കാലം യൂദാ രക്ഷപ്പെട്ടെങ്കിലും അസ്സീറിയയുടെ സാമന്തരായി വലിയ കപ്പം കൊടുക്കേണ്ടിവന്നു.

നിയമാവർത്തന ചരിത്രകാരൻ ഏകദൈവവിശ്വാസിയെന്ന നിലയിൽ ഏറ്റവുമധികം സ്തുതി നല്കുന്ന ആളാണ് ആഹാസിന്റെ പുത്രനായ ഹെസക്കിയ രാജാവ്. കാരണം അദ്ദേഹമാണ് ഇസ്രായേൽ ചരിത്രത്തിൽ ആദ്യമായി ഏക ദൈവവിശ്വാസത്തിലധിഷ്ഠിതമായ ഒരു മതനവീകരണം നടപ്പാക്കിയത് (2രാജാ 18:1-6). എന്നാൽ അദ്ദേഹം ബി.സി. 700-ൽ അവിവേകമായി അസ്സീറിയായ്ക്കെതിരേ പക്ഷംചേർന്നു. അസ്സീറിയൻ ചക്രവർത്തിയായ സെന്നാക്കെറീബ് യൂദായിൽ വരുകയും ജറുസലെമൊഴികെ യൂദായിലെ എല്ലാ സുരക്ഷിത നഗരങ്ങളും പട്ടണങ്ങളും തകർക്കുകയും ചെയ്തു. അനേകം യൂദാ





നിവാസികൾ നാടുകടത്തപ്പെട്ടു. അസ്സീറിയൻ പാളയത്തിൽ ഒരു പകർച്ചവ്യാധി പടർന്നതിനാൽ മാത്രമാണു ജറുസലെം രക്ഷപ്പെട്ടത്.

ഹെസക്കിയ മരിച്ചു കഴിഞ്ഞപ്പോൾ (ബി.സി. 697/687) പുത്രനായ മനാസ്സെ ഭരണമേറ്റു. മനാസ്സെ അസ്സീറിയായുടെ മേൽക്കോയ്മ പൂർണമായി അംഗീകരിക്കുകയും പിതാവു നടപ്പാക്കിയ മതനവീകരണത്തിൽനിന്നു പിന്നോട്ടുപോവുകയും ചെയ്തു. പിതാവ് വിഗ്രഹങ്ങളിൽ നിന്നു ശുദ്ധി ചെയ്ത ജറുസലേം ദേവാലയംപോലും മനാസ്സെ വിഗ്രഹങ്ങൾകൊണ്ടു നിറച്ചു. മനാസ്സെയ്ക്കുശേഷം അധികാരത്തിൽ വന്ന പുത്രനായ അമ്മോന്റെ കാലത്തും സ്ഥിതിക്കു മാറ്റം വന്നില്ല.

### *ജോസിയായുടെ ഉയർച്ചയും അന്ത്യവും*

ഹോസിയാ പ്രവാചകന്റെ കാലത്തോടെ ആരംഭിച്ച അതിപ്രധാനമായ ഒരു ദൈവശാസ്ത്ര ദർശനമായിരുന്നു ഇസ്രായേലിലെ ഏകദൈവവിശ്വാസം. അതായത്, ലോകത്ത് ഒരു ദൈവം മാത്രമേ ഉള്ളൂ എന്ന കാഴ്ച്ചപ്പാട്. നിയ 12-26 ഇക്കാലഘട്ടത്തിൽ എഴുതപ്പെട്ടതായിരിക്കാനാണു സാധ്യത. ഈ ദൈവശാസ്ത്ര ദർശനം സ്വീകരിച്ച ആളുകൾ അന്നു ന്യൂനപക്ഷമായിരുന്നു. അവരിലൊരാളായിരുന്നു ഹെസക്കിയ. അദ്ദേഹം ഏകദൈവവിശ്വാസത്തിൽ അധിഷ്ഠിതമായി ഒരു മതനവീകരണം നടത്തിയെങ്കിലും പിന്നീട് അതെല്ലാം നിരാകരിക്കപ്പെട്ടു എന്നു നാം കണ്ടു. പിന്നീട് ഈ ദർശനമുള്ള മറ്റൊരു രാജാവ് അധികാരത്തിലേറിയതു ജോസിയായാണ് (ബി.സി. 641/640). ഈ രണ്ടു രാജാക്കന്മാരെ മാത്രമേ നല്ലവരായി നിയമാവർത്തന ചരിത്രകാരന്മാർ കണക്കാക്കിയിരുന്നുള്ളു.

ജോസിയായുടെ കാലത്ത് ദേവാലയത്തിന്റെ അറപ്പുരയിൽനിന്ന് ഒരു ഗ്രന്ഥം കണ്ടുകിട്ടുകയുണ്ടായി. അതു കണ്ട പുരോഹിതനോ രാജാവിനോ അതെന്താണെന്നു മനസ്സിലാക്കാൻ കഴിഞ്ഞില്ല എന്നതിൽനിന്ന് അവരെ സംബന്ധിച്ചിടത്തോളം പുതിയ ഒരു ഗ്രന്ഥമായിരുന്നു അതെന്നു മന:സ്സിലാക്കാൻ കഴിയും. ഗ്രന്ഥം വായിച്ചു കേട്ട ജോസിയ അതിനനുസൃതമായി രാജ്യത്തു വലിയ ഒരു മതനവീകരണം നടത്തുകയും ജറുസലെം ദേവാലയത്തിലെയും യൂദാരാജ്യത്തെയും എല്ലാ വിഗ്രഹങ്ങളും തച്ചുടക്കുകയും ജറുസലെമൊഴികെയുള്ള എല്ലാ ബലിപീഠങ്ങളും പൊളിച്ചു നീക്കുകയും ചെയ്തു (2രാജാ 22-23). ജറുസലെം ദേവാലയത്തിലൊഴികെ മറ്റൊരിടത്തും ആരാധന നടത്തരുതെന്നു രാജാവു കല്പിച്ചു. കാനാൻകാരോടു കൂടിക്കലർന്ന് അശുദ്ധമായിത്തീർന്ന മതത്തെ താൻ ശുദ്ധി ചെയ്യുകയാണെന്നതായിരുന്നു ജോസിയായുടെ ചിന്ത.

മെസൊപ്പൊട്ടേമിയായിൽ അസ്സീറിയായ്ക്കെതിരേ ബാബിലോൺ ഉയർന്നുവന്നുകൊണ്ടിരുന്ന കാലമായിരുന്നു അത്. ഫറവോ നേക്കോ ബാബിലോണിനെതിരേ അസ്സീറിയായെ സഹായിക്കാൻ അങ്ങോട്ടു പുറപ്പെട്ടു. എന്നാൽ ഫറവോയുടെ യാത്രയുടെ ദിനങ്ങൾ വർദ്ധിപ്പിച്ച് ബാബിലോണിനെ സഹായിക്കാനായി പാലസ്തീനായിലെ മെഗിദ്ദോയിൽ ജോസിയ ഫറവോയെ തടഞ്ഞു. എന്നാൽ ഈ യുദ്ധത്തിൽ ജോസിയ വധിക്കപ്പെട്ടു.

### *അന്ത്യദിനങ്ങൾ*

ജോസിയ മരിച്ച അവസരത്തിൽ മൂത്തമകനല്ലെങ്കിലും യഹോവാഹാസിനെയാണ് അദ്ദേഹം പിൻഗാമിയായി നിയമിച്ചത് (ബി.സി. 609). അവനെ ആയിരുന്നിരിക്കണം രാജാവിന്റെ ഹിതത്തിനൊത്തും അദ്ദേഹം നടത്തിയ മതനവീകരണത്തിനനുസരിച്ചും ഭരിക്കാൻ മെച്ചമായി ജോസിയ കണ്ടത് (2രാജ 23). എന്നാൽ ജോസിയായെ തോൽപ്പിച്ച ഫറവോ യഹോവാഹാസിനെ അധികാരത്തിൽനിന്നു നീക്കം ചെയ്യുകയും അവന്റെ മൂത്തസഹോദരനായ ഏലിയാക്കിമിനെ (25 വയസ്സ്) യൂദാരാജാവായി അവരോധിക്കുകയും അവന്റെ പേര് യഹോയാക്കിംഎന്നാക്കി മാറ്റുകയും ചെയ്തു. യഹോയാക്കിം പിതാവിന്റെ മതനവീകരണത്തിനു വിരുദ്ധമായി പ്രവർത്തിക്കുകയും ഈജിപ്തിനു കീഴ്‌വഴങ്ങി ജീവിക്കുകയും ചെയ്തു.

ബാബിലോണിയാക്കാർ കർക്കെമിഷിൽവച്ച് ഈജിപ്തിനെ പരാജയപ്പെടുത്തുകയും അതിനെ ദുർബ്ബലമാക്കുകയും ചെയ്തപ്പോൾ (ബി. സി. 605) യഹോയാക്കിം കൂറുമാറുകയും ബാബിലോണിനോടു സന്ധി ചെയ്യുകയും ചെയ്തു. എന്നാൽ, അതു പൂർണ്ണമനസ്സോടെയുള്ള ഒരു നയതന്ത്രബന്ധമായിരുന്നില്ല. കാരണം, അധികം താമസിയാതെ അദ്ദേഹം ആ ബന്ധം (ബി.സി. 599) ഉപേക്ഷിക്കുകയും ബാബിലോണിനു കൊടുത്തിരുന്ന കപ്പം നിർത്തലാക്കുകയും ചെയ്തു. തൽഫലമായി അടുത്ത വസന്തകാലത്തു ബാബിലോണിയൻ സൈന്യം യൂദായിലേക്കു വരികയും കുറഞ്ഞ സമയത്തെ ഒരു ഉപരോധത്തിനുശേഷം ജറൂസലെം കീഴടക്കുകയും ദേവാലയത്തിലെ സമ്പത്തെല്ലാം കൊള്ളയടിക്കുകയും ചെയ്തു (ബി.സി. 598). യൂദായിലെ പ്രധാനികളെയും നൈപുണ്യമുള്ള പണിക്കാരെയും ബാബിലോണിലേക്കു ചക്രവർത്തി നാടുകടത്തി (2രാജ 24:10-16).

ബാബിലോണിന്റെ ഈ ഉപരോധകാലത്തു യഹോയാക്കിം മരിച്ചു. തന്റെ മകനും 18 വയസ്സുള്ള യുവാവുമായ യഹോയാച്ചിനെ രാജാവാക്കിയ ശേഷമാണ് അദ്ദേഹം മരിച്ചത്. നെബുക്കദ്നേസർ രാജാവു





ഭരണമേറ്റു 3 മാസവും 10 ദിവസവും കഴിഞ്ഞപ്പോൾ (2ദിന 36:9) അദ്ദേഹം ആ യുവാവിനെ ബാബിലോണിലേക്കു കൊണ്ടുപോവുകയും ജോസിയായുടെ മറ്റൊരു മകനും യഹോയാക്കിമിന്റെ സഹോദരനുമായ 21 വയസ്സുകാരൻ മത്താനിയായെ സെദെക്കിയ എന്നപേരിൽ രാജാവായി വാഴിക്കുകയും ചെയ്തു. ഈ സംഭവം ബൈബിളെന്നപോലെ ബാബിലോണിയൻ ചരിത്രവും വിവരിക്കുന്നുണ്ട്.

ബാബിലോൺ ആദ്യം ജറൂസലെം കീഴടക്കിയ വർഷംമുതൽ (ബി. സി.598) ജറൂസലെമിന്റെ വലിയ പതനംവരെയുള്ള (ബി.സി. 587) കാലഘട്ടം പ്രശ്നകലുഷിതമായിരുന്നു. താമസിയാതെതന്നെ രാജ്യം ബാബിലോണിൽനിന്നു പൂർണ്ണമായും സ്വതന്ത്രമാകുമെന്നും പ്രവാസികളെല്ലാം തിരിച്ചുവരുമെന്നും പല പ്രവാചകന്മാരും പഠിപ്പിക്കുകയും (ജറെ 27) ജനങ്ങളിൽ പലരും അതു വിശ്വസിക്കുകയും ചെയ്തിരുന്നു.

സെദെക്കിയ വളരെ ബലഹീനനായ ഒരു രാജാവായിരുന്നു. ബി. സി. 589 ൽ പുതിയ ഫറവോയായ ഹോഫ്രയുടെ സ്വാധീനത്തിൽപ്പെട്ട് സെദെക്കിയ ബാബിലോണുമായുള്ള നയതന്ത്രബന്ധം വേർപെടുത്തി. ഈ ചെറുത്തുനില്പിനെ എതിരിടാൻ നെബുക്കദ്നേസർ രാജാവ് ഉടൻ പുറപ്പെട്ടു. കാരണം ഈജിപ്ത് പലസ്തീനായിൽ ആധിപത്യം സ്ഥാപിക്കുന്നത് അദ്ദേഹത്തിന് അംഗീകരിക്കാൻ സാധിക്കുമായിരുന്നില്ല. അദ്ദേഹം യൂദായിലെത്തി നഗരങ്ങൾ കീഴ്പ്പെടുത്തുകയും 18 മാസം നീണ്ടുനിന്ന ഒരുപരോധം ജറുസലെമിനെതിരേ ഏർപ്പെടുത്തുകയും ചെയ്തു. അങ്ങനെ അദ്ദേഹം വിശുദ്ധനഗരത്തെ പട്ടിണിയിൽ കുടുക്കി. എല്ലാം നഷ്ടമായി എന്നുറപ്പായപ്പോൾ സെദെക്കിയ ജറുസലെം വിട്ട് ഒളിച്ചോടി. എന്നാൽ ബാബിലോൺ പട്ടാളം അദ്ദേഹത്തെ പിൻതുടർന്നു പിടിക്കുകയും അദ്ദേഹത്തിന്റെ മക്കളെ അദ്ദേഹത്തിന്റെ മുമ്പിൽവച്ചുതന്നെ വധിച്ചതിനുശേഷം സെദെക്കിയായെ അന്ധനാക്കി ബാബിലോണിലേക്കു കൊണ്ടുപോവുകയും ചെയ്തു. അന്ധനും ബന്ധിതനുമായി ബാബിലോണിലെ ജയിലിൽ കിടന്നു സെദെക്കിയ മരിച്ചു.

പ്രധാനപ്പെട്ട എല്ലാ യൂദാനിവാസികളെയും നെബുക്കദ്നേസർ ബാബിലോണിലേക്കു നാടുകടത്തി. വളരെ പാവപ്പെട്ട കുറേ ആളുകളെ മാത്രം ദേശം കൃഷിചെയ്തു ജീവിക്കാനായി അവിടെ ഉപേക്ഷിച്ചു. സോളമൻ നിർമ്മിച്ച ദേവാലയം നെബുക്കദ്നേസർ നശിപ്പിക്കുകയും വിശുദ്ധനഗരം നാശക്കൂമ്പാരമാക്കുകയും ചെയ്തു. എന്നാൽ മറ്റു സ്ഥലങ്ങളിലെന്നതുപോലെ അന്യദേശക്കാരെ ജറുസലെമിൽ കൊണ്ടുവന്നു പാർപ്പിച്ചില്ല.

## 8. നിയമാവർത്തന ചരിത്രത്തിലെ പ്രധാന ദൈവ ശാസ്ത്ര ദർശനങ്ങൾ സംഗ്രഹം (ജോഷ്വാ-2രാജാ)

### 1. ശരിയായ ആരാധനയും തെറ്റായ ആരാധനയും

ഗ്രന്ഥത്തിലെ പ്രധാന പ്രസംഗങ്ങളും പ്രാർഥനകളും സംഭവങ്ങളും അവതരിപ്പിക്കുന്നത് ഏകദൈവവിശ്വാസത്തിലധിഷ്ഠിതമായ ആരാധനയും അതിനു വിരുദ്ധമായ നിലപാടുകളുമാണ്. സോളമന്റെ ദേവാലയപ്രതിഷ്ഠാപ്രാർഥന (1രാജാ 8:23-60), ജറോബോവാമിനെതിരേയുള്ള പ്രവചനം (1രാജാ 13:1-10), ഏലിയായും ബാലിന്റെ പ്രവാചകന്മാരും തമ്മിലുള്ള മത്സരം (1രാജാ 18:20-40), വടക്കൻ രാജ്യത്തിന്റെ പതനം (2രാജാ 17:7-18), റബ്ഷക്കെയുടെ പ്രസംഗം (2രാജാ 18:19-25, 27-35) മുതലായവ കാണുക. ദാവീദിനുശേഷം ഏറ്റവും മാതൃകാപരമായ രാജാവായി അവതരിപ്പിക്കുന്നത് നിയമഗ്രന്ഥം വായിച്ചശേഷം വിഗ്രഹങ്ങളും ബലിപീഠങ്ങളും തകർത്ത ജോസിയായെയാണ് (2രാജാ 23:1-25). അദ്ദേഹം ജറുസലെം ദേവാലയം ശുദ്ധിചെയ്യുകയും അന്നുവരെ ഇല്ലാതിരുന്ന (അവഗണിക്കപ്പെട്ടിരുന്ന) പെസഹാ ആചരിക്കുകയും ചെയ്തു (2രാജാ 23:21-25). ദേവാലയത്തിൽ വിഗ്രഹങ്ങൾ സ്ഥാപിച്ച മനാസ്സെയാണു യൂദായിലെ ഏറ്റവും ഹീനനായ രാജാവ് (2രാജാ 21:11-12). ഇസ്രായേൽ ചരിത്രത്തിലെ ഏറ്റവും ഹീനനായ രാജാവായി വിലയിരുത്തപ്പെടുന്നത് ജറുസലെമിനെതിരേ രണ്ട് ആരാധനാലയങ്ങൾ സ്ഥാപിച്ച (ബേത്തേലിലും ദാനിലും) ജെറോബോവാമാണ്. വിഗ്രഹാരാധന തുടച്ചു നീക്കാൻ ശ്രമിച്ച ഹെസക്കിയ, ജോസിയ എന്നീ രാജാക്കന്മാരൊഴികെ ബാക്കി എല്ലാവരെ സംബന്ധിച്ചും "അവൻ കർത്താവിന്റെ ദൃഷ്ടിയിൽ ആ തിന്മ ചെയ്തു" (ഹറാ) എന്നാണു നിയമാവർത്തന ഗ്രന്ഥകാരൻ വിലയിരുത്തുന്നത് (2 രാജാ 15:26; 2രാജാ 15:34; 2രാജാ 16:2526; 2രാജാ 22:53; 2രാജാ 13:2).

സോളമൻ നിർമ്മിച്ച ജറുസലെം ദേവാലയത്തിൽ ആരാധിക്കപ്പെടുന്ന ദൈവം മാത്രമാണ് ഏക ദൈവം. മറ്റു ദേവന്മാർ മിഥ്യയാണ്. ഏലിയ ബാലിന്റെ പ്രവാചകന്മാരെ കർമ്മല മലയിൽവച്ചു വെല്ലുവിളിക്കുന്നതും (1രാജാ 18:19-40) ഹെസക്കിയായുടെ പ്രാർഥനയും (2രാജാ 19:14-19) ഈ ദൈവശാസ്ത്ര ദർശനത്തിനുദാഹരണങ്ങളാണ്. യാഹ്വെ എല്ലാ രാജ്യങ്ങളിലും ദൈവമാണെന്ന ആശയം അസ്സീറിയൻ സേനാധിപനായ റബ്ഷക്കെയുടെ വാക്കുകളിൽപോലും കാണാം (2രാജാ 18:25). കർത്താവിന്റെ കാരുണ്യവും ക്ഷമയും വിപ്രവാസദേശത്തുപോലും ലഭ്യമാണ് (1രാജാ 8:46-53). ഏറ്റവും ഹീനമായ പാപം ധാർമ്മികമല്ല (കൊലപാതകം, മോഷണം, ചതി) ആരാധനാപരമാ





ണ്. അതായത്, യാഹ്വെയെ അല്ലാതെ മറ്റു ദേവന്മാരെ ആരാധിക്കുകയോ, ആ ആരാധന അനുവദിക്കുകയോ ചെയ്യുന്നത്. ഈ ചരിത്രവിവരണമനുസരിച്ച് ഇസ്രായേലിന്റെ ഏകദൈവവിശ്വാസം മോശയുടെ കാലത്തോളം പഴക്കമുള്ളതാണ്. പിന്നീടു രാജാക്കന്മാരുടെ കാലമായപ്പോഴേക്കും പലരും ഈ വിശ്വാസം അവഗണിച്ചതാണെന്നു നിയമാവർത്തന ഗ്രന്ഥകാരൻ പറയാൻ ഉദ്ദേശിക്കുന്നത്.

### 2. ജറുസലെം ദേവാലയം

ആരാധന യാഹ്വേയ്ക്ക്/ കർത്താവിനു മാത്രമുള്ളതാണ്. ജറുസലെമാണ് അവിടുന്ന് ആരാധിക്കപ്പെടേണ്ട ഏക സ്ഥലം (1രാജാ 8:48). സോളമനെക്കുറിച്ചുള്ള വിവരണത്തിന്റെ സിംഹഭാഗവും ദേവാലയ നിർമ്മാണത്തെയും അതിനുള്ള ഒരുക്കത്തെയും സംബന്ധിച്ചുള്ളതാണ് (1രാജാ 5:1-9:9). അതിന്റെ പൂർത്തീകരണം സോളമനു കർത്താവിനോടുള്ള അനുസരണത്തിന്റെയും കർത്താവു ദാവീദിനു നല്കിയ വാഗ്ദാനങ്ങളുടെ പൂർത്തീകരണത്തിന്റെയും അടയാളമായിരുന്നു. വാഗ്ദാന പേടകം ഉൾക്കൊണ്ടിരുന്ന ദേവാലയം ദൈവവും ദാവീദും തമ്മിലുള്ള ഉടമ്പടിയുടെ അടയാളമായിരുന്നു. കർത്താവിനെ മാത്രം ആരാധിക്കുന്നതിനു പ്രതിഫലമായി ദൈവം ദാവീദിന്റെ സിംഹാസനം എന്നേക്കും നിലനിർത്തും എന്നതാണു കാഴ്ചപ്പാട്. മനാസ്സെ ആ ആലയത്തിൽ അന്യദേവന്മാരെ പ്രതിഷ്ഠിച്ചതാണ് ബാബിലോണിയക്കാർ അതു നശിപ്പിച്ചു കളയാൻ കാരണമായിത്തീർന്നത് (2രാജാ 21:10-15; 23:26-27).

### 3. പ്രവചനവും പൂർത്തീകരണവും

പ്രവാചക ഗ്രന്ഥങ്ങളിൽ കാണുന്നതിൽനിന്നു വ്യത്യസ്തമായി നിയമാവർത്തന ചരിത്രത്തിലെ ഓരോ പ്രവചനവും പൂർത്തീകരിക്കപ്പെടുന്നതായാണു ഗ്രന്ഥകാരൻ വിവരിക്കുന്നത്. രാഷ്ട്രീയമായ പിരിമുറുക്കങ്ങൾക്കെല്ലാമിടയിലും പൂർത്തീകരിക്കപ്പെടുന്ന കർത്താവിന്റെ വചനത്തെക്കുറിച്ചുള്ള കാഴ്ച്ചപ്പാട് ഗ്രന്ഥകാരന്റെ അടിസ്ഥാനദർശനങ്ങളിലൊന്നാണ്. നാലു പ്രവചനങ്ങൾ ഈ ചരിത്രവിവരണത്തിൽ വളരെ പ്രധാനപ്പെട്ടവയാണ്: (1) അവന്റെ പുത്രൻ രാജാവാകുകയും ദേവാലയം പണിയുകയും ചെയ്യുമെന്നു ദൈവം നാത്താനിലൂടെ ദാവീദിനു നല്കിയ വാഗ്ദാനം (2സാമു 7:12-16); (2) സോളമന്റെ വിഗ്രഹാരാധന നിമിത്തം രാജ്യം രണ്ടായി പിളർക്കപ്പെടുമെന്ന അഹിയായുടെ പ്രവചനം (1രാജാ 11:29-39); (3) ജറോബോവാമിന്റെ വിഗ്രഹാരാധനയുടെ ഫലമായി ഇസ്രായേൽ തകരുമെന്നും ജനം നാടുകടത്തപ്പെടു

മെന്നുമുള്ള അഹിയായുടെ പ്രവചനം (1രാജാ 14:15-16); (4) പ്രവാച കനായ ഏശയ്യായും (2രാജാ 20:17-18) പ്രവാചികയായ ഹുൽഡയും (2രാജാ 22:16-17) പ്രവചിച്ച യൂദായുടെ തകർച്ചയും വിപ്രവാസവും. ഏകദേശം 300 വർഷങ്ങൾക്കുശേഷം ജോസിയാ നടത്താനിരിക്കുന്ന മതനവീകരണത്തെക്കുറിച്ചു ബേത്തേലിൽ ഒരു പ്രവാചകൻ പ്രവചി ക്കുന്നതു കാണാം (1രാജാ 13:1-10; 2രാജാ 23:16-18).

### 4. രാജത്വവാഗ്ദാനം

ദാവീദിനു നിത്യമായ ഒരു രാജ്യം നല്കുമെന്ന ദൈവത്തിന്റെ വാഗ്ദാനം (2സാമു 7:12-16) രാജാക്കന്മാരുടെ ഗ്രന്ഥത്തിൽ പരിമിത പ്പെടുത്തുന്നതു കാണാം. രാജ്യത്തിന്റെ നിലനില്പ്പു രാജാവിനു ദൈവ ത്തോടുള്ള വിശ്വസ്തതയെ ആശ്രയിച്ചിരിക്കും: "നിൻെറ പിതാവിനെപ്പോലെ നീയും ഹൃദയനൈർമല്യത്തോടും പര മാർഥത യോടുംകൂടെ എൻെറ മുൻപിൽ വ്യാപരിക്കുകയും ഞാൻ കൽപിച്ച തെല്ലാം നിർവഹിക്കുകയും എൻെറ ചട്ടങ്ങളും നിയമങ്ങളും അനുസരിക്കുകയും *ചെയ്താൽ*... ഇസ്രായേലിൽ നിൻെറ സിംഹാസനം ഞാൻ എന്നേക്കും നിലനിർത്തും. നീയോ നിൻെറ മക്കളോ എന്നെ ഉപേക്ഷിച്ച് എൻെറ കൽപനകളും നിയമങ്ങളും പാലിക്കാതെ, അന്യദേവൻമാരെ സേവിക്കുകയും ആരാധിക്കുകയും ചെയ്താൽ, ഞാൻ നൽകിയിരിക്കുന്ന ദേശത്തു നിന്ന് ഇസ്രായേലിനെ ഞാൻ വിച്ഛേദിക്കും..." (1രാജാ 9:4-7). ദൈവത്തിന്റെ ഈ വാഗ്ദാന മായിരുന്നു വലിയ പ്രശ്നങ്ങളിലൂടെ കടന്നുപോയപ്പോഴും നശിച്ചു പോകാതെ രാജ്യത്തെ പരിരക്ഷിച്ചത്. നിബന്ധനകളില്ലാത്ത ആദ്യ വാഗ്ദാനം പരിമിതപ്പെടുത്തി അവതരിപ്പിച്ചതിലൂടെ യൂദായ്ക്കുണ്ടായ നാശം വായനക്കാർക്ക് ഒരു പാഠമായി അവതരിപ്പിക്കുകയാണു ഗ്രന്ഥ കാരൻ (2രാജാ 21:10-15). ദാവീദിനു കർത്താവിനോടുണ്ടായിരുന്ന വിശ്വ സ്തതയാണ് മറ്റു രാജാക്കന്മാരുടെ ജീവിതത്തെ വിലയിരുത്താനുള്ള മാനദണ്ഡമായി ഉപയോഗിച്ചിരിക്കുന്നത്: "അവൻ കർത്താവിൻെറ മുൻപിൽ നീതിപൂർവം വർത്തിച്ചു. പിതാവായ ദാവീദിൻെറ മാർഗങ്ങളിൽനിന്ന് ഇടംവലം വ്യതിചലിച്ചില്ല" (1രാജാ 22:2).

## നിയമാവർത്തന ചരിത്രത്തിലെ ചരിത്രവിവരണരീതി

ഇതു ദൈവശാസ്ത്രപരമായ ഒരു ചരിത്രവിവരണമാണെന്നല്ലാതെ ചരിത്രസംഭവങ്ങളുടെ പച്ചയായ വിവരണമല്ല. എഴുതപ്പെട്ട കാലത്തെ ശ്രോതാക്കൾക്കും വായനക്കാർക്കും ഉപദേശം നല്കുന്നതിനുവേണ്ടി ചരിത്രത്തിലെ രാജാക്കന്മാരുടെ അനുഭവങ്ങളെ മാധ്യമമായി ഉപയോ





ഗിച്ചിരിക്കുകയാണു ഗ്രന്ഥകാരൻ. വൈകാരികമായി സംഭവങ്ങളെ വില യിരുത്താൻ മുതിരാതെ സംഭവിച്ച കാര്യങ്ങൾ ആയിരിക്കുന്ന വിധ ത്തിൽ വിശദാംശങ്ങൾ വിലയിരുത്തി വിവരിക്കുന്നതിനെയാണു ചരി ത്രമെന്നു ശാസ്ത്രീയമായി പറയാൻ കഴിയുക. ആധുനിക ചരിത്രകാ രന്മാർ ചരിത്രസംഭവങ്ങളുടെ ഗതിവിഗതികൾക്ക് അതിസ്വാഭാവിക മായ അർഥം കല്പിക്കാറില്ല. തലക്കെട്ടുകൾ സൂചിപ്പിക്കുന്നതുപോലെ നിയമാവർത്തന ചരിത്രഗ്രന്ഥങ്ങൾ ചരിത്രസംഭവങ്ങൾ വിവരിക്കുന്നു ണ്ട്. രാജാക്കന്മാരുടെ പേരുകളും സംഭവങ്ങളും ക്രമത്തിൽത്തന്നെ യാണു വിവരിക്കുന്നത്. അതോടൊപ്പം പ്രധാനപ്പെട്ടതെന്നു തോന്നുന്ന അന്തർദേശീയ സംഭവങ്ങളും ഗ്രന്ഥം വിവരിക്കുന്നുണ്ട്.

പഴയകാലത്തുണ്ടായിരുന്ന മറ്റു ചരിത്രപരമായ ഗ്രന്ഥങ്ങളെപ്പോ ലെതന്നെ നിയമാവർത്തനചരിത്രത്തിലും സ്വകാര്യ സംഭാഷണങ്ങളും (ആഹാബും ജെസെബെലും: 1രാജ 21:5-7) പ്രാർഥനകളും (ഹെസ ക്കിയ: 2രാജാ 19:14-19) ചരിത്രപരമായി സൂക്ഷിക്കപ്പെടാൻ സാധ്യത യില്ലാത്ത ചെയ്തികളും, അത്ഭുതങ്ങളും (ഏലീഷ സിറിയാക്കാരെ അന്ധരാക്കി കീഴ്പ്പെടുത്തുന്നത്: 2രാജാ 6:11-23) ചരിത്രസംഭവങ്ങളെ അത്ഭുതങ്ങളായി അവതരിപ്പിക്കുന്നതുമെല്ലാം (ജറുസലെമിൽ നിന്നുള്ള അസ്സീറിയയുടെ പിന്മാറ്റം: 2രാജാ 19:35-36) ഈ ചരിത്രവിവരണ രീതി യുടെ സവിശേഷതകളാണ്.

രാജകൊട്ടാരവും ദേവാലയവുമൊഴികെ ജനത്തിന്റെ സാമൂഹ്യ സാമ്പത്തിക നിലവാരം, രാഷ്ട്രീയസ്ഥിതി, പട്ടാളക്കരുത്ത്, അന്തർദേ ശീയ ബന്ധങ്ങൾ, കൊടുത്തിരുന്ന അല്ലെങ്കിൽ വാങ്ങിയിരുന്ന കപ്പ ത്തെക്കുറിച്ച്, കലാ-സാംസ്കാരിക മേഖലയിലെ മുന്നേറ്റങ്ങൾ, ആളു കളുടെ സാധാരണ ജീവിതരീതി, ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നി വയെക്കുറിച്ചൊന്നും ഗ്രന്ഥകാരന്മാർ യാതൊന്നും പറയുന്നില്ല. രാജാവും ദേവാലയവുമായുള്ള ബന്ധമല്ലാതെ ദേവാലയത്തിലെ പുരോ ഹിതരെക്കുറിച്ചോ മറ്റു ജോലിക്കാരെക്കുറിച്ചോ ഓരോ പ്രത്യേക യുദ്ധ ങ്ങൾക്കും കാരണമായ പ്രവാചക വചനങ്ങളെക്കുറിച്ചോ രാജ്യത്തെ നികുതി വ്യവസ്ഥയെക്കുറിച്ചോ ദേവാലയ നികുതിയെക്കുറിച്ചോ ഒന്നും ഗ്രന്ഥം വിവരിക്കുന്നില്ല.

നിയമാവർത്തനചരിത്രമെന്നതു ചരിത്രത്തെ പ്രവാചകൻ എങ്ങനെ കാണുന്നു എന്നതിനെ ആശ്രയിച്ചാണിരിക്കുന്നത്. മനുഷ്യനു തിര സ്കരിക്കാൻ കഴിയാത്ത ദൈവഹിതമാണു പ്രവാചകന്മാരും (2രാജാ 17:13; 21:10-15) നിയമാവർത്തന നിയമവും (2രാജാ 22:16) അറിയിക്കു

ന്നത്. അതേസമയംതന്നെ സാധാരണ യുക്തിക്കു നിരക്കാത്ത വിവരണങ്ങളും ഗ്രന്ഥത്തിൽ പലയിടത്തും പ്രത്യക്ഷപ്പെടാറുണ്ട്. ഉദാ:- ദൈവം പ്രവാചകന്മാരിലൂടെ നുണ പറയുന്നു (2രാജാ 22:19-23), നിരുപാധികം നല്കിയ ദൈവിക വാഗ്ദാനം ഉപാധികളോടെ പരിമിതപ്പെടുത്തുന്നു (1രാജാ 9:4-9), ദൈവഹിതം പൂർണ ഹൃദയത്തോടും പൂർണ ആത്മാവോടും സർവ്വശക്തിയോടുംകൂടി നടപ്പാക്കിയ ജോസിയ വിജാതീയനായ ഫറവോയുടെ ശക്തിയുടെ മുമ്പിൽ തകർന്നുവീഴുന്നു (2 രാജാ 22:23) മുതലായവ. അതായത് ദൈവജനചരിത്രം വിവരിക്കുമ്പോൾ ആ വിവരണത്തിനു താൻതന്നെ നിശ്ചയിച്ചിരിക്കുന്ന ദൈവശാസ്ത്ര അതിർവരമ്പുകളെ ഗ്രന്ഥകാരൻതന്നെ അതിലംഘിക്കാറുണ്ട്.

### *യുദ്ധങ്ങളും വിജയങ്ങളും*

അൽപ്പമൊക്കെ അധികമായി മഹത്വീകരിച്ചു പറഞ്ഞിട്ടുണ്ടെങ്കിലും നിയമാവർത്തന ചരിത്രത്തിലെ ദേശീയ ജയ-പരാജയ ചരിത്രം യാഥാർഥ്യത്തോടു ചേർന്നാണു നില്ക്കുന്നത്. മധ്യപൂർവ്വദേശത്തെ പ്രധാന രാഷ്ട്രീയ ശക്തികളായ ഈജിപ്ത്, ഹിത്യർ, അസ്സീറിയ എന്നീ സാമ്രാജ്യങ്ങളെല്ലാം ബലഹീനമായിരുന്ന ഒരു സാഹചര്യത്തിലാണ് ദാവീദിന്റെ രാജ്യം വികാസം പ്രാപിച്ചത്. ഈ രാജ്യം വിഭജിക്കപ്പെട്ടത് അവരെ ബലഹീനമാക്കുകയും അയൽരാജ്യങ്ങളായ ഫിലിസ്ത്യ, ഫിനീഷ്യ, സിറിയ, അമ്മോൻ, മൊവാബ്, ഏദോം എന്നിവരുമായി മാറിമാറിയുള്ള സഖ്യങ്ങളിൽ പ്രവേശിക്കേണ്ടത് അവരെ സംബന്ധിച്ച് അനിവാര്യമാക്കിത്തീർക്കുകയും ചെയ്തു. നിലനില്പിനുവേണ്ടി ഇപ്രകാരം ചെയ്യുക സാധാരണ രീതിയായിരുന്നു. മെസോപ്പൊട്ടേമിയൻ സാമ്രാജ്യശക്തികളായ അസ്സീറിയായുടെയും ബാബിലോണിന്റെയും വളർച്ച സാവധാനം ഇസ്രായേലിനെയും തുടർന്നു യൂദായെയും തകർക്കുകയും ജനത്തെ നാടുകടത്തുകയും ചെയ്തു.

ഫറവോ ഷിഷാക്ക് ജറുസലെം ആക്രമിക്കുകയും ദേവാലയവും കൊട്ടാരവും കൊള്ളയടിക്കുകയും ചെയ്തുവെന്നു ഗ്രന്ഥകാരൻ വിവരിക്കുന്നുണ്ട് (1രാജ 14:25-26). ഇതിനു കാരണമായി ഗ്രന്ഥകാരൻ കണക്കാക്കുന്നത് സോളമന്റെ പിൻഗാമിയായ റെഹോബോവാമിന്റെ രാഷ്ട്രീയ ബലഹീനതയാണ്. എന്നാൽ ഈ യുദ്ധത്തെക്കുറിച്ചുള്ള ഈജിപ്തിലെ രേഖകളിൽ ഫറവോ ഇസ്രായേലിന്റെയും സിറിയായുടെയും പല പ്രദേശങ്ങളും കൊള്ളയടിച്ചുവെന്നു കാണുന്നുണ്ടെങ്കിലും ജറുസലെം കൊള്ളചെയ്തതായി കാണുന്നില്ല. ഫറവോയുടെ ഈ ആക്രമണത്തെ ഇസ്രായേലിൽ സംഭവിച്ച ഒരു വിനാശമെന്നതി





നെക്കാൾ റെഹോബോവാമിന്റെ മഹത്വത്തിനു വന്ന ക്ഷതമായി ചിത്രീകരിക്കുകയാണു നിയമാവർത്തന ഗ്രന്ഥകാരൻ.

### *രാജത്വം ഇസ്രായേലിന്റെ അയൽരാജ്യങ്ങളിൽ*

ഇസ്രായേലിന്റെ അയൽരാജ്യങ്ങളിൽ രാജത്വത്തെക്കുറിച്ചു വ്യതിരിക്തങ്ങളായ കാഴ്ചപ്പാടുകളാണുണ്ടായിരുന്നത്. അസ്സീറിയ, ബാബിലോൺ, ഈജിപ്ത്, ഹിത്യർ എന്നീ സാമ്രാജ്യങ്ങളിലെ രാജാക്കന്മാർ വലിയ പ്രകൃതിശക്തികളായ കാറ്റ് സൂര്യൻ എന്നിവയെ സ്വന്തം ദേവന്മാരായി കരുതി. ഉദാ:-കൊടുങ്കാറ്റിന്റെ ദേവനായ മർദൂക്ക് (ബാബിലോൺ), സൂര്യദേവനായ അമൂൺ റേ (ഈജിപ്ത്). ചെറിയ രാജ്യങ്ങളും അവയുടെ രാജാക്കന്മാരും തങ്ങളുടെ കാര്യങ്ങൾ മാത്രം ശ്രദ്ധിച്ചിരുന്ന പ്രാദേശിക ദേവന്മാരുടെ ദാസന്മാരായി സ്വയം കണക്കാക്കിയിരുന്നു. ഇവിടുത്തെ രാജാക്കന്മാരിൽ പലരും നാട്ടുകാരുടെമേൽ അധികാരം സ്ഥാപിച്ചു കടന്നുവന്ന യോദ്ധാക്കളായിരുന്നു. അവർ ആരാധിച്ചിരുന്ന ദേവന്മാരാകട്ടെ അവരുടെ ജനങ്ങളാരാധിച്ചിരുന്ന ദേവന്മാരാകണമെന്നു നിർബന്ധമില്ല, മറിച്ച് കുടുംബദേവന്മാരോ സ്വന്തം നാട്ടിലെ ദേവന്മാരോ ആയിരുന്നു.

ഗോത്രജീവിതവുമായി ബന്ധപ്പെട്ട മൂന്നാമതൊരുതരം രാജാക്കന്മാരും മധ്യപൂർവ്വ ദേശത്തുണ്ടായിരുന്നു. അവർ രാജാക്കന്മാരായി ഗോത്രക്കാരാൽ തിരഞ്ഞെടുക്കപ്പെടുകയോ ഗോത്രത്തിന്റെ പരമ്പരാഗത രീതിയനുസരിച്ചു ചിലർക്കു രാജത്വം ലഭിക്കുകയോ ചെയ്തവരായിരുന്നു. ഈ രാജാക്കന്മാരുടെ തിരഞ്ഞെടുപ്പിൽ ജനഹിതത്തിനും ഭാഗികമായ പങ്കുണ്ടായിരുന്നു. ഇസ്രായേലിലും മൊവാബിലും അമ്മോന്യരുടെ ഇടയിലും ഏദോമിലും ഈ രീതിയിലുള്ള രാജത്വമാണു നിലനിന്നിരുന്നത്.

മധ്യപൂർവ്വദേശത്തെ രാജാക്കന്മാർ സാധാരണയായി ദേശത്തെ പ്രധാന പട്ടാളമേധാവിയും പ്രധാന ന്യായാധിപനും പ്രധാന തിരുനാളുകളിലെ മുഖ്യപുരോഹിതനുമായിരുന്നു. സാമ്പത്തികവും നിർമ്മാണപരവുമായ പ്രധാന തീരുമാനങ്ങളെല്ലാം അവരാണു രാജ്യത്തിനുവേണ്ടി കൈക്കൊണ്ടിരുന്നത്. രാജത്വം ഒരു ഭൗതിക ദൗത്യം മാത്രമായിരുന്നില്ല, മതപരവും കൂടിയായിരുന്നു. രാജാവിന്റെ ജനത്തിനിടയിലെ സാന്നിധ്യം ദൈവിക സാന്നിധ്യം ഉറപ്പുവരുത്തിയെന്നു മാത്രമല്ല ദൈവത്തിന്റെ വക്താവായി അദ്ദേഹം ജനത്തിനിടയിൽ വർത്തിച്ചു. ഈജിപ്തിലെ ഫറവോയെ ദൈവമായാണ് അവർ കരുതിയിരുന്നത്. അതുകൊണ്ടു ദേശത്തു മുഴുവനുമുള്ള മനുഷ്യന്റെയും അവിടെയുള്ള നിയ

മങ്ങളുടെയുംമേൽ അദ്ദേഹത്തിന് അധികാരമുണ്ടായിരുന്നു.

മെസോപ്പൊട്ടേമിയായിലും കാനാനിലും രാജാക്കന്മാർ ദേവന്മാരായിരുന്നില്ല, അവരുടെ പ്രതിനിധികളായിരുന്നു. മെസോപ്പൊട്ടേമിയായിലെ രാജാക്കന്മാർ അവരെക്കുറിച്ചുതന്നെ ദേവന്മാർ എന്നു പറയുന്നുണ്ടെങ്കിലും അവർ അവരുടെ ദൈവത്തിന്റെ ദാസന്മാരും ദൈവത്തിനുവേണ്ടി ദേശത്തു നിയമം നടപ്പാക്കുന്നവരും ദൈവത്തിന്റെ ദത്തുപുത്രന്മാരും മാത്രമായിരുന്നു. ദൈവത്തിന്റെ കൈപിടിച്ചവൻ, ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവൻ, ദേവതയുടെ മുലപ്പാൽ കുടിച്ചവൻ, ദൈവത്തിൽനിന്നു ജനിച്ചവൻ എന്നൊക്കെ ചിലപ്പോൾ ഈ രാജാക്കന്മാരെ വിശേഷിപ്പിക്കാറുണ്ടായിരുന്നു.

ഒരു ദേശത്തെ രാജാവിന്റെ പ്രധാന ദൗത്യം ദൈവികമായ ക്രമം ദേശത്തു നിലനിർത്തുക എന്നതായിരുന്നു. ഓരോ വർഷവും നടക്കുന്ന പുതുവത്സര ആഘോഷങ്ങളിൽ രാജാവു സംബന്ധിക്കുക എന്നതു ദേശത്തിന്റെയും ജനത്തിന്റെയും അഭിവൃദ്ധിക്കും ഫലപുഷ്ടിക്കും അനിവാര്യമായിരുന്നു. പഴയകാല തിന്മകൾ തുടച്ചുനീക്കപ്പെടുന്നതും പ്രകൃതിയുടെ ക്രമം ഒരാഴ്ചത്തേക്കു നിർത്തിവച്ചു പുതിയ വർഷത്തിലേക്കു പ്രവേശിക്കുന്നതും പ്രപഞ്ചത്തിലെ തന്റെ നിയന്ത്രണം നിലനിർത്താനായി ദൈവം നടത്തുന്ന പ്രപഞ്ചയുദ്ധത്തിന്റെ ആവിഷ്കാരം നടക്കുന്നതുമെല്ലാം ഈ പുതുവത്സര ആഘോഷവേളയിലായിരുന്നു. ഈ ആഘോഷത്തിലെ മറ്റൊരു പ്രധാന ഘടകമായിരുന്നു ദേവന്മാർ പ്രപഞ്ചസൃഷ്ടി നടത്തുന്നതിനെ സംബന്ധിച്ച പുരാണ വായന. ഈ പുരാണത്തിലാണ് ദേവന്മാർ ആദിയിൽ ക്രമരാഹിത്യത്തിന്റെ ഉറവിടമായ ആദിസമുദ്രത്തോടു യുദ്ധം ചെയ്തു പ്രപഞ്ചവും കാലങ്ങളും സൃഷ്ടിക്കുന്നതും ദേവന്മാർക്ക് അവരുടെ ജോലികൾ നിശ്ചയിച്ചു നല്കുന്നതും മനുഷ്യരെ ദേവന്മാരുടെ ദാസന്മാരായി നിയമിക്കുന്നതുമായ കാര്യങ്ങൾ പ്രഘോഷിച്ചിരുന്നത്.

വരാനിരിക്കുന്ന വർഷത്തിൽ ദൈവത്തിൽ നിന്ന് അനുഗ്രഹം പ്രാപിക്കുന്നതിനായി പ്രാർഥനകളും പ്രദക്ഷിണങ്ങളും മറ്റുപല കർമ്മങ്ങളും അവർ ആചരിച്ചുപോന്നു. ഒരു പ്രത്യേക കർമ്മത്തിൽ (ദൈവാനുഗ്രഹത്തിനായി) രാജാവിനെ സിംഹാസനത്തിൽ നിന്നിറക്കുകയും അവഹേളിക്കുകയും ചെയ്തതിനുശേഷം വീണ്ടും ഒരുവർഷത്തേയ്ക്കു സിംഹാസനത്തിൽ അവരോധിച്ചിരുന്നു. മറ്റൊരു കർമ്മത്തിൽ ദേശത്തും മൃഗങ്ങൾക്കും ജനത്തിനും പുതുവർഷത്തിൽ ഫലപുഷ്ഠി ലഭിക്കുന്നതിനായി പ്രധാനപുരോഹിതയുമായി രാജാവു ലൈംഗിക





ബന്ധത്തിലേർപ്പെടുമായിരുന്നു. ഇങ്ങനെ പലവിധ കർമ്മങ്ങളിലൂടെയാണു രാജാക്കന്മാർ വരുംവർഷത്തെ ദേശത്തിന്റെ സമൃദ്ധി ഉറപ്പുവരുത്തിയിരുന്നത്. ഈ കർമ്മങ്ങൾക്കെല്ലാം രാജാവിന്റെ സാന്നിധ്യം അനിവാര്യമായിരുന്നു.

### *രാജത്വം ഇസ്രായേലിൽ*

ഇസ്രായേലിന്റെ ചരിത്രത്തിന്റെ ആരംഭകാലത്തു ദൈവം തന്നെയായിരുന്നു അവരുടെ രാജാവ് എന്ന വിധത്തിലാണു പുറപ്പാടുപോലെയുള്ള പല ഗ്രന്ഥങ്ങളും സംസാരിക്കുന്നത് (സങ്കീ 18). നിയമാവർത്തന ഉടമ്പടിയിലും ഇതു വ്യക്തമാണ്. അവിടെ ദൈവത്തെ വലിയ ചക്രവർത്തിയായും ഇസ്രായേലിനെ ആ ചക്രവർത്തിയുടെ സാമന്തനുമായാണു ചിത്രീകരിച്ചിരിക്കുന്നത്. സങ്കീ 93, 95, 96, 97, 98 – മുതലായ വചനഭാഗങ്ങൾ ദൈവത്തെ ഇസ്രായേലിന്റെ രാജാവായി ചിത്രീകരിക്കുന്നു. ബൈബിളിൽ തെളിവില്ലെങ്കിലും ഇസ്രായേലിലും അതിന്റെ അയൽക്കാർക്കു സമാനമായി പുതുവത്സരാഘോഷങ്ങൾ നടത്തിയിരിക്കാൻ സാധ്യതയുണ്ടെന്നു ചില പണ്ഡിതന്മാർ കരുതുന്നു (കൂടാരത്തിരുന്നാൾ ?).

കർത്താവിന്റെ രാജത്വത്തെ പ്രകീർത്തിക്കുന്ന സങ്കീർത്തനങ്ങൾ ബൈബിളിലുണ്ട് (സങ്കീ 47, 93, 95, 98, 99). കർത്താവും പൂർവ്വസമുദ്രവുമായുള്ള യുദ്ധം (സങ്കീ 74:13–14), ശത്രുവിന്റെ മുമ്പിലുള്ള രാജാവിന്റെ ഗാനം (സങ്കീ 30:6–12; 89:38–45), കർത്താവിന്റെ പേടകം വിജയമാഘോഷിച്ചുകൊണ്ടു ദേവാലയത്തിലേക്കു പോകുന്ന പ്രദക്ഷിണം (സങ്കീ 68, 15, 24, 132) എന്നിവയും ബൈബിളിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. പല സങ്കീർത്തനങ്ങളും രാജാവിനെ ദൈവത്തിന്റെ പുത്രനായും കർത്താവിന്റെ സ്നേഹപാത്രമായും അവതരിപ്പിക്കുന്നുണ്ട് (സങ്കീ 2, 18, 20, 21, 89, 110 ലരേ.). രാജാവ് ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവനായതുകൊണ്ടു ദൈവം അയാളുടെ സഹായത്തിനെത്തുമെന്നതാണു പൊതുകാഴ്ചപ്പാട്.

ദാവീദിന്റെ സാമ്രാജ്യം നിലനിന്നിരുന്ന നാളുകളിൽ വിജാതീയ രാജാക്കന്മാരുപയോഗിച്ചിരുന്ന പല സ്ഥാനപ്പേരുകളും യൂദായിലും ഉപയോഗത്തിലിരുന്നു. അവയെല്ലാം അവരുടെ ദേവന്മാരുമായി ബന്ധപ്പെട്ട പേരുകളുമായിരുന്നു. ദൈവത്തിന്റെ അഭിഷിക്തനായി കരുതപ്പെട്ടിരുന്ന രാജാവ് ദേശത്തിന് ഒരനുഗ്രഹമായിരുന്നു (സങ്കീ 2, 110); അയാൾ രാജ്യത്തെ ഏകോപിപ്പിച്ചു നിലനിർത്തിയിരുന്നതിനാൽ എല്ലാവരും അയാൾക്കുവേണ്ടി പ്രാർഥിക്കേണ്ടിയിരുന്നു (സങ്കീ 20:1–5;

72:15); അയാൾ ദൈവത്തിന്റെ ദത്തുപുത്രനായിരുന്നു (സങ്കീ 2:7); തന്റെ ജനത്തിന്റെ സംരക്ഷകനും (സങ്കീ 89:18), ദേശത്തു ഫലപുഷ്ടി ഉറപ്പു വരുത്തുന്നവനും (സങ്കീ 72:3, 16), എല്ലാവർക്കും നീതി നടത്തിക്കൊടുക്കുന്നവനുമായിരുന്നു രാജാവ് (72:1-4).

ദേവാലയ ആരാധനക്രമത്തിലും രാജാവു പ്രധാനസ്ഥാനം വഹിച്ചു. അദ്ദേഹം ബലികൾ അർപ്പിച്ചിരുന്നു (1സാമു 13:10, 14:35; 2സാമു 6:13; 24:25; 1രാജാ 3:4; 8, 62; 9:25; 12:32; 13:1; 2രാജാ 16:10-18). ചില അവസരങ്ങളിൽ രാജാവിന്റെ മക്കൾ പുരോഹിതരായി (2സാമു 8:18); പ്രധാന അവസരങ്ങളിൽ രാജാവു ജനത്തിനുവേണ്ടി പ്രാർഥിച്ചിരുന്നു (1രാജ 8; 2സാമു 6:18). പ്രവാചകന്മാരും പുരോഹിതരും രാജാവിനു കീഴിൽ ജോലിക്കാരെപ്പോലെ കരുതപ്പെട്ടു (നാത്താൻ, ഗാദ്, സാദോക്ക്, അബിയാത്തർ). ആരാധനക്രമം നവീകരിക്കുന്ന കാര്യത്തിലും രാജാക്കന്മാർ മുൻകൈയെടുത്തിരുന്നു (ആസാ: 1രാജാ 15:12-15; ഹെസക്കിയ: 2രാജാ 18:1-7; ജോസിയ: 2രാജാ 22:23).

## ഏലിയ സ്വർഗ്ഗത്തിലേക്കോ?

മരിച്ചവർക്കുള്ള ജീവന്റെ സദ്വാർത്തയുമായി വന്നത് ഈശോയാണ് (2തിമോ 1:10). ക്രിസ്തുവാണു സ്വർഗ്ഗീയമായ നമ്മുടെ അവകാശത്തിലേക്കു നമ്മെ വീണ്ടും ജനിപ്പിച്ചത് (1പത്രോ 1:3, 4). മരിച്ചവരിൽനിന്നുള്ള ആദ്യജാതൻ ക്രിസ്തുവാണ് (വെളി 1:5). പാപം ചെയ്ത് അധഃപതിച്ച മനുഷ്യനുവേണ്ടി സ്വർഗ്ഗം തുറക്കപ്പെട്ടതു കർത്താവിന്റെ സ്നാനാവസരത്തിലാണ്. അതുപോലെ ബലിയർപ്പിച്ചു സ്വർഗ്ഗത്തിലേക്കു പ്രവേശിച്ച ആദ്യമനുഷ്യനും അവിടുന്നുതന്നെ (ഹെബ്രാ 6:19-20). കർത്താവിന്റെ പിളർക്കപ്പെട്ട ശരീരത്തിലൂടെയാണു നമുക്കു സ്വർഗ്ഗത്തിലേക്കുള്ള വഴി തുറക്കപ്പെട്ടത് (ഹെബ്രാ 10:20). ക്രിസ്തുവാണു മരിച്ചുയർത്തുകൊണ്ടു നമുക്കായി സ്വർഗ്ഗത്തിലേക്കു വഴി തുറന്നത് (1 പത്രോ 3:18). നാം ഉയിർക്കുമെന്നതിന്റെ ഉറപ്പും അവിടുത്തെ ഉയർപ്പു തന്നെയാണ് (അപ്പ 17:31; 24:15).

അപ്പോൾ ഏലിയ, ഹെനോക്ക് എന്നിവരെക്കുറിച്ചുള്ള വചനഭാഗങ്ങളെക്കുറിച്ച് എന്തു പറയാൻ കഴിയും? "അവർ സംസാരിച്ചുകൊണ്ടു പോകുമ്പോൾ അതാ ഒരു ആഗ്നേയരഥവും ആഗ്നേയാശ്വങ്ങളും അവരെ വേർപെടുത്തി. ഏലിയാ ഒരു ചുഴലിക്കാറ്റിൽ സ്വർഗത്തിലേക്ക് ഉയർന്നു. എലീഷാ അതു കണ്ട് നിലവിളിച്ചു. എൻെറ പിതാവേ, എൻെറ പിതാവേ! ഇസ്രായേലിൻെറ രഥങ്ങളും സാരഥികളും! പിന്നെ അവൻ ഏലിയായെ കണ്ടില്ല. അവൻ വസ്ത്രം കീറി" (2രാജാ 2:11-12). ഏലിയ സ്വർഗ്ഗത്തിലേക്കു പോയോ? ഇതിനുത്തരം യോഹന്നാന്റെ വചനങ്ങളാണ്: "സ്വർഗത്തിൽ നിന്നിറങ്ങിവന്ന മനുഷ്യപുത്രനല്ലാതെ മറ്റാരും ഇതുവരെ സ്വർഗത്തിൽ കയറിയിട്ടില്ല" (യോഹ 3:13). സ്നാപകയോഹന്നാനെക്കുറിച്ചു പറയുമ്പോഴും കർത്താവ് ഇതുതന്നെ പറഞ്ഞു. "സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: സ്ത്രീകളിൽനിന്നു ജനിച്ചവരിൽ സ്നാപക യോഹന്നാനെക്കാൾ വലിയവൻ ഇല്ല. എങ്കിലും സ്വർഗരാജ്യത്തിലെ ഏറ്റവും ചെറിയവൻ അവനെക്കാൾ വലിയവനാണ്" (മത്താ 11:11). ഏലിയ യോഹന്നാനെക്കാൾ വലിയവനല്ല.

സ്വർഗ്ഗം എന്ന വാക്കു വ്യതിരിക്തമായി ഉപയോഗിക്കുന്നതു മലയാളത്തിൽ മാത്രമാണുള്ളത്. മറ്റു ഭാഷകളിൽ പൊതുവെ സ്വർഗ്ഗത്തെയും ആകാശത്തെയും സൂചിപ്പിക്കാൻ ഒരു വാക്കു മാത്രമേയുള്ളൂ. ആകാശവിതാനത്തെയും (ഉൽപ 1:20) സൂര്യന്റെയും ചന്ദ്രന്റെയും നക്ഷത്രങ്ങളുടെയും സ്ഥാനത്തെയും (നിയ 4:19) ഭൂമിക്കു മുകളിലുള്ള ഭാഗത്തെയുമെല്ലാം (ഉൽപ 7:19) വചനം വിളിക്കുന്നതു സ്വർഗ്ഗമെന്നാണ്. ഏലിയ ആകാശത്തിലേക്കെടുക്കപ്പെട്ടതാകാം (ഉൽപ 1:6-8). കൂടാതെ സ്വർഗ്ഗത്തിൽ ചുഴലിക്കാറ്റുണ്ടാവുകയില്ലല്ലോ. മാത്രമല്ല ഏലിയ ഏടുക്കപ്പെടുന്നതു കണ്ടപ്പോൾ ഏലീഷ വിളിച്ചു പറയുന്നത് "എൻെറ പിതാവേ, എൻെറ പിതാവേ! ഇസ്രായേലിൻെറ രഥങ്ങളും സാരഥികളും" എന്നാണ് (2രാജാ 2:12). ഏലീഷാ കണ്ടത് ഇസ്രായേലിന്റെ (രാജാവിന്റെ) രഥങ്ങളും സാരഥികളെയുമാണ്.

കൂടാതെ ഏലിയ അന്നു മരിച്ചില്ലെന്നും പിന്നീട് 5 വർഷം കൂടിയെങ്കിലും ജീവിച്ചിരുന്നുവെന്നും യൂദായിൽ പ്രവർത്തിച്ചിരുന്നുവെന്നും യഹൂദപാരമ്പര്യമുണ്ട്. അതുകൊണ്ടാണു പിന്നീടു യൂദായിൽ രാജാവായി വന്ന യഹോറാമിന് അവനെ വിഗ്രഹാരാധനയുടെ പേരിൽ ദൈവം ശിക്ഷിക്കുന്നുവെന്നു പറഞ്ഞുകൊണ്ട് ഏലിയ ഒരു കത്തെഴുതി എന്നുപറയുന്നത് (2ദിന 21:12-15). മാത്രമല്ല ഗുരു വേർപെട്ടശേഷം ഏലിഷാ അവന്റെ മരണത്തെക്കുറിച്ചു സാധാരണരീതിയിലുള്ള വിലാപം ആചരിച്ചില്ല (2സാമു 19:1; 1ദിന 7:22; 2ദിന 35:24). മനുഷ്യൻ ഒരു പ്രാവശ്യം മരിക്കണമെന്നതു ദൈവിക നിയമമാണ് (ഹെബ്രാ 9:27).

ഹെനോക്കിനെക്കുറിച്ച് എന്തുപറയാൻ കഴിയും? "ഹെനോക്ക് ദൈവത്തിനു പ്രിയങ്കരനായി ജീവിച്ചു. പിന്നെ അവനെ കണ്ടിട്ടില്ല; ദൈവം അവനെ എടുത്തു" (ഉൽപ 5:24). ദുഷ്ടരെ ദൈവം ശിക്ഷിക്കു

മെന്നു പ്രവചിച്ച വ്യക്തിയാണദ്ദേഹം (യൂദാ 14-15). അദ്ദേഹം പീഡിപ്പിക്കപ്പെട്ടിരിക്കാം. എന്നാൽ അദ്ദേഹത്തെ വധിക്കാൻ ദൈവം ശത്രുക്കളെ അനുവദിച്ചില്ല. 365 വർഷം തന്നോടൊത്തു നടന്ന അദ്ദേഹത്തെ ദൈവം തന്നിലേക്കെടുത്തു എന്നു കരുതിയാൽ മതി. കൂടാതെ ഹെനോക്ക് മരിച്ചുവെന്നും ബൈബിൾ പറഞ്ഞിട്ടില്ല. മോശയുടെ ശരീരം കാണാതിരുന്നതുപോലെ തന്നെയായിരിക്കാം (ഹെബ്രാ 11:5; നിയ 34:5, 6; യൂദാ 9) ഹെനോക്കിന്റെതും.

യോഹ 3:13ന്റെ വെളിച്ചത്തിൽ ഹെനോക്ക് എടുക്കപ്പെട്ടതു സ്വർഗ്ഗത്തിലേക്കല്ല. ഹെബ്രാ 11:13 വിവരിക്കുന്നതനുസരിച്ച് ക്രിസ്തുവിനുമുമ്പു മരിച്ചവർ സ്വർഗ്ഗത്തിലെത്തിയില്ല. മറിച്ച് ദൂരെനിന്ന് അതു കണ്ട് അഭിവാദനം ചെയ്യുകയാണു ചെയ്തത്. ദാവീദു സ്വർഗ്ഗത്തിലേക്കു കയറിയില്ല എന്നാണു പത്രോസു പറഞ്ഞത് (അപ്പ 2:34-35).



# ഭാഗം – II

# വിപ്രവാസവും ദിനവൃത്താന്തചരിത്രവും

# 02

## ദിനവൃത്താന്തചരിത്രം

**ബി.** സി. 587-ൽ ബാബിലോണിലേക്കു നെബുക്കദ്നേസർ നാടുകടത്തിയ യൂദാജനം അവിടെനിന്നു സ്വതന്ത്രരായതു പേർഷ്യക്കാർ ബാബിലോൺ കീഴടക്കിയപ്പോഴാണ്. അങ്ങനെ ബി.സി. 539-ൽ അവർ യൂദായിലേക്കു തിരിച്ചുവന്നു. ഇക്കാലഘട്ടത്തിലെ ചരിത്രം നമുക്കു നല്കുന്നത് 1-2ദിനവൃത്താന്തം, എസ്രാ-നെഹമിയ എന്നീ ഗ്രന്ഥങ്ങളാണ്. തിരിച്ചുവന്നശേഷം രാജാവും സ്വതന്ത്രരാജ്യവുമില്ലാതിരുന്ന യൂദാ, ജീവിതം നയിക്കുന്നതിനുവേണ്ടി പുതിയ സാഹചര്യവുമായി എങ്ങനെ ഇണങ്ങിച്ചേർന്നുവെന്നാണ് ഈ ഗ്രന്ഥങ്ങൾ വിവരിക്കുന്നത്. അന്ന് ആരംഭിച്ച മതനവീകരണമാണ് (ആധുനിക) യഹൂദ മതത്തിന്റെ ആരംഭമായിത്തീർന്നത്.

വിപ്രവാസത്തിൽനിന്നു തിരിച്ചുവന്നവർ ദേവാലയത്തിന്റെ പുനർനിർമാണം ആരംഭിച്ചെങ്കിലും പണി മുന്നോട്ടുപോയില്ല. തുടർന്നു പ്രവാചകന്മാരായ ഹഗ്ഗായിയും സക്കറിയായും പേർഷ്യക്കാർ നിയമിച്ച ഗവർണറായ സെറുബാബേലും ജനവും ചേർന്നു ദേവാലയം പൂർത്തിയാക്കി ബി.സി. 516-ൽ അതു പുന:പ്രതിഷ്ഠിച്ചു. എന്നിട്ടും അടുത്ത 60 വർഷത്തേയ്ക്കു സമൂഹത്തിനു വലിയ വളർച്ചയൊന്നുമു

ണ്ടായില്ല. മാത്രമല്ല അയൽപ്രദേശങ്ങളിലെ ഗവർണർമാരുടെയും മറ്റും എതിർപ്പുകൾ നിമിത്തം ജറുസലെമിന്റെ മതിലുകൾ പൂർത്തീകരിക്കാൻ അവർക്കു കഴിഞ്ഞില്ല. തങ്ങൾ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട് ഉടമ്പടി ചെയ്ത ജനമാണെന്ന ചിന്തപോലും പലരിൽനിന്നും അപ്രത്യക്ഷമായി. അതുകൊണ്ടുതന്നെ മിശ്രവിവാഹങ്ങളുടെ എണ്ണം വർദ്ധിച്ചു. ഈ പശ്ചാത്തലത്തിൽ സമൂഹത്തെ നവീകരിക്കാൻ നേതാക്കൾക്കു കഠിനമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടിവന്നു. ഇസ്രായേലിന്റെ ചരിത്രം നവീകരിച്ചെഴുതുക, എസ്രാ-നെഹെമിയ എന്നീ പുതിയ ഗവർണർമാരെ ദേശത്തു ഭരണാധികാരികളാക്കുക എന്നിവ അതിൽ പ്രധാനപ്പെട്ടവയായിരുന്നു.

## വിപ്രവാസശേഷമുള്ള ചരിത്രം

ബി.സി.

587: വിപ്രവാസം

539: സൈറസ് ബാബിലോൺ കീഴടക്കുന്നു

539: വിപ്രവാസികൾ സ്വതന്ത്രർ

516: ദേവാലയം പൂർത്തീകരിച്ചു

458: എസ്രായുടെ വരവ്

445: നെഹമിയയുടെ വരവ്

333: മഹാനായ അലക്സാണ്ടർ

198: സെലവുസിസ് നിയന്ത്രണം

168: മക്കബേയൻ വിപ്ലവം

167: മക്കബേയൻ രാജ്യം

63: റോമൻ ഭരണം

40: ഹേറോദ്

## ദിനവൃത്താന്തവും ദിനവൃത്താന്തചരിത്രവും

പ്രവാസത്തിൽനിന്നു തിരിച്ചെത്തിയശേഷം മാറിയ സാഹചര്യങ്ങൾക്കനുരൂപമായി തങ്ങളുടെ ചരിത്രം നവീകരിച്ചെഴുതണമെന്ന് അന്നത്തെ പുരോഹിതനേതൃത്വത്തിനു തോന്നി. ഇതിനു രണ്ടു കാരണങ്ങളാണുണ്ടായിരുന്നത്: (1) നിയമാവർത്തന ചരിത്രകാലത്തു രാജാക്കന്മാരുണ്ടായിരുന്നു. അവർക്കു സമൂഹത്തിൽ പ്രത്യേക ദൗത്യങ്ങളുമുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ രാജാവില്ല. അതു തിന്മയുമല്ല എന്നു വിശദീകരിക്കണം. (2) പുതിയ സമൂഹത്തിൽ നേതൃസ്ഥാനത്തു ദേവാലയവും പുരോഹിതരും മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ടു ചരിത്രം ദേവാലയ കേന്ദ്രീകൃതമായി നവീകരിക്കണം. എങ്കിലേ ദേവാലയകേന്ദ്രീകൃതമായ പുതിയ സമൂഹത്തെ വളർത്തിയെടുക്കാൻ കഴിയുകയുള്ളൂ. തൽഫലമായി ആദം മുതൽ പേർഷ്യൻ രാജാവായ സൈറസ് ബാബിലോൺ പ്രവാസികളെ സ്വതന്ത്രരാക്കിക്കൊണ്ടു നല്കിയ കല്പനവരെയുള്ള ഇസ്രായേലിന്റെ ചരിത്രം പുനരാഖ്യാനം ചെയ്തെഴുതിയതാണു ദിനവൃത്താന്തഗ്രന്ഥങ്ങൾ. കാലാകാലങ്ങളിലെ സമൂഹരൂപീകരണത്തിനായി വിശ്വാസചരിത്രം വ്യാഖ്യാനിക്കുക എന്നതു പഴയനിയമത്തിലുടനീളവും പുതിയനിയമത്തിലും കാണുന്ന വചനപാരമ്പര്യമാണ് (ഉദാ. സ്തേഫാനോസിന്റെ പ്രസംഗം; അപ്പ 7).





ആധുനിക ബൈബിൾ തർജ്ജമകളിൽ രാജാക്കന്മാരുടെ ഗ്രന്ഥത്തിനും എസ്രാ നെഹെമിയായുടെ ഗ്രന്ഥങ്ങൾക്കും മധ്യേയാണു ദിനവൃത്താന്തഗ്രന്ഥങ്ങൾ കാണപ്പെടുന്നത്. ഇതു സപ്തതി നല്കിയ ക്രമമാണ്. ഹീബ്രു ബൈബിളിൽ ദിനവൃത്താന്ത ഗ്രന്ഥങ്ങൾ ഏറ്റവും അവസാനത്തെ ഗ്രന്ഥങ്ങളാണ്. സപ്തതിയിൽ ഈ ഗ്രന്ഥത്തിന്റെ പേരു പരലെയ്പോമെനാ - അതായത് “വിട്ടുപോയകാര്യങ്ങൾ” എന്നാണ്. ഇതിനെ ആധാരമാക്കി സഭാപിതാവായ തിയൊഡൊറെറ്റ് 1-2 രാജാക്കന്മാരിൽ വിട്ടുപോയ കാര്യങ്ങൾ ദിനവൃത്താന്തഗ്രന്ഥകാരൻ സ്വരൂപിച്ചെടുത്തു എന്നു പറഞ്ഞു. രാജാക്കന്മാരിൽ വിട്ടുപോയ കാര്യങ്ങൾ ദിനവൃത്താന്തഗ്രന്ഥകാരൻ കൂട്ടിച്ചേർത്തതാണെന്നു പൊതുവെ കരുതിയിരുന്നതുകൊണ്ട് കഴിഞ്ഞ ആണ്ടിന്റെ ആദ്യകാലംവരെ ഇസ്രായേൽചരിത്രമെഴുതിയിരുന്നവർ രാജാക്കന്മാരുടെ ഗ്രന്ഥവും ദിനവൃത്താന്തവും ഇടകലർത്തി വായിച്ചു ചരിത്രം വിശദീകരിക്കുക സാധാരണമായിരുന്നു.

എന്നാൽ ദിനവൃത്താന്തഗ്രന്ഥകാരൻ കാര്യങ്ങൾ കൂട്ടിച്ചേർത്തതുപോലെതന്നെ പല കാര്യങ്ങളും വിട്ടുകളഞ്ഞിട്ടുമുണ്ട് എന്ന കണ്ടെത്തലാണു ദിനവൃത്താന്തം നിശ്ചിതമായ ദൈവശാസ്ത്ര ലക്ഷ്യങ്ങളോടുകൂടി എഴുതപ്പെട്ട മറ്റൊരു ഗ്രന്ഥമാണെന്ന ദർശനത്തിലേക്കു പണ്ഡിതന്മാരെ നയിച്ചത്. അതിനാൽത്തന്നെ നിയമാവർത്തനചരിത്രവും ദിനവൃത്താന്തചരിത്രവും ഇടകലർത്തി വായിക്കേണ്ടവയല്ല.

ദിനവൃത്താന്തത്തെ രണ്ടു ഗ്രന്ഥങ്ങളായി ആദ്യം അവതരിപ്പിച്ചതു സപ്തതിയാണ്. അതിനുശേഷം ആ വിഭജനം ഹെബ്രായ ബൈബിൾ സ്വീകരിക്കുകയായിരുന്നു. ദിനവൃത്താന്തം ഒരു ഡയറിയല്ല. ഈ ചരിത്രവിവരണത്തിൽ ഗ്രന്ഥകാരൻ തന്റെ കൈയ്യിലുള്ള പാരമ്പര്യങ്ങളെ പുതുക്കിപ്പറയുകയും രൂപാന്തരപ്പെടുത്തിപ്പറയുകയും പുതിയ വിശദീകരണങ്ങൾ കൂട്ടിച്ചേർത്തുപറയുകയും ചെയ്യുന്നുണ്ട്.

ഈ ഗ്രന്ഥത്തിൽക്കാണുന്ന കാര്യങ്ങൾ മറ്റു ഭാഗങ്ങളിലും കാണപ്പെടുന്നതിനാലായിരിക്കാം ചരിത്രത്തിൽ ഇതിനെ കാനോനികമായി സ്വീകരിക്കുന്നതിനെക്കുറിച്ചു വലിയ ചർച്ചകളൊന്നും ഉണ്ടായില്ല. ആധുനിക പണ്ഡിതന്മാർ ദിനവൃത്താന്തവും എസ്രാ നെഹെമിയായും തുടർച്ചയായ ഒരു ചരിത്രവിവരണമായാണു കണക്കാക്കുന്നത്. അതാണു ദിനവൃത്താന്തചരിത്രം.

## ദിനവൃത്താന്തചരിത്രത്തിന്റെ ഘടനയും ദൈവശാസ്ത്രവും

| | | |
|---|---|---|
| 1ദിന | 1-9 | ആദം മുതൽ വിപ്രവാസയൂദാവരെയുള്ള വംശാവലികൾ |
| 1ദിന | 10-29 | ദാവീദിന്റെ ഭരണം |
| 2ദിന | 1-9 | സോളമന്റെ ഭരണകാലം |
| 2ദിന | 10-36 | വിപ്രവാസം വരെയുള്ള യൂദായിലെ രാജാക്കന്മാർ |
| എസ്രാ | 1-6 | യൂദായിലേക്കു തിരിച്ചുവന്ന ആദ്യഗണം പ്രവാസികൾ |
| എസ്രാ | 7-10 | എസ്രായുടെ വരവും മതനവീകരണവും |
| നെഹ | 1-7 | നെഹമിയായും മതിലിന്റെ നിർമ്മാണവും |
| നെഹ | 8-10 | എസ്രായുടെ ഉടമ്പടി നവീകരണം |
| നെഹ | 11-13 | നെഹമിയായുടെ ദൗത്യം തുടർച്ച. |

എസ്രായുടെ ഗ്രന്ഥത്തിലെ ആദ്യവാക്യങ്ങൾ (1:1-3) 2 ദിനവൃത്താന്തത്തിന്റെ അന്ത്യത്തിൽ (2ദിന 36:22-23) കാണുന്നതിനാലും ഒന്നാം എസ്ദ്രാസ് എന്ന ഗ്രന്ഥത്തിൽ 2ദിന 35-36; എസ്രാ 1-10; നെഹ 8 എന്നീ ഭാഗങ്ങൾ പ്രത്യക്ഷപ്പെടുന്നതിനാലും ഈ ഗ്രന്ഥങ്ങൾ തമ്മിൽ ഭാഷാപരമായ താരതമ്യങ്ങൾ ഉള്ളതിനാലും ഒരേ രീതിയിൽ ചരിത്രത്തെ വ്യാഖ്യാനിക്കുന്നതിനാലുമാണ് ഈ ഗ്രന്ഥങ്ങളെ ഒരു ചരിത്രവിവരണമായി കണക്കാക്കുന്നത്.

പലപ്പോഴും ദിനവൃത്താന്തചരിത്രകാരൻ നിയമാവർത്തനചരിത്രം അതേപടി പകർത്തിയെഴുതുന്നുണ്ട്. അതുതന്നെ പലപ്പോഴും നിയമാവർത്തകന്റെ അതേ വാക്യങ്ങൾ ഉപയോഗിച്ചുതന്നെയാണു ചെയ്യുന്നത്. എന്നാൽ അദ്ദേഹത്തിന്റെ പ്രത്യേക താത്പര്യങ്ങളെക്കുറിച്ചു നമുക്കു മനസ്സിലാകുന്നത് അദ്ദേഹം ഉപേക്ഷിക്കുകയോ കൂട്ടുതലായി ചേർക്കുകയോ ചെയ്യുന്ന കാര്യങ്ങളിലേക്കു ശ്രദ്ധപതിക്കുമ്പോഴാണ്.





അടിസ്ഥാനപരമായി അദ്ദേഹം യൂദായുടെ ചരിത്രം മാത്രമേ വിവരിക്കുന്നുള്ളു. ദാവീദിനെക്കുറിച്ചു പറയുമ്പോൾ അദ്ദേഹത്തിന്റെ ബാത്ത്ഷേബായുമായുള്ള പാപം പൂർണമായും അവഗണിച്ചിരിക്കുകയാണ്. അതുപോലെതന്നെ പുത്രനായ അബ്സലോമിന്റെ പിതാവിനെതിരേയുള്ള വിപ്ലവവും ശത്രുക്കളെയെല്ലാം നിഗ്രഹിക്കാൻ ദാവീദു മരണക്കിടക്കയിൽവച്ചു സോളമനു നല്കുന്ന നിർദ്ദേശങ്ങളും ഉപേക്ഷിച്ചിട്ടുണ്ട്. നിയമാവർത്തന ചരിത്രം, ദാവീദ് ഒരു കണക്കെടുപ്പു നടത്തി പാപം ചെയ്തു എന്നുപറയുമ്പോൾ കണക്കെടുപ്പു നടത്താൻ സാത്താൻ ദാവീദിനെ പ്രലോഭിപ്പിച്ചു എന്നുപറഞ്ഞു ദിനവൃത്താന്തം ദാവീദിന്റെ പാപത്തിന്റെ കാഠിന്യം കുറയ്ക്കും. ദിനവൃത്താന്തഗ്രന്ഥകാരനെ സംബന്ധിച്ചിടത്തോളം വിശുദ്ധനും കർത്താവിനോടു പൂർണവിശ്വസ്തനുമായിരുന്നു ദാവീദ്. അദ്ദേഹത്തിന്റെ കുറവുകളെല്ലാം ഗ്രന്ഥകാരൻ മൂടിവയ്ക്കും.

അതേസമയം നിയമാവർത്തകനെക്കാൾ ഉത്സാഹത്തോടെ ദിനവൃത്താന്തകാരൻ ദാവീദിനെ സ്തുതിക്കുന്നുണ്ട്. ദാവീദാണു സങ്കീർത്തനങ്ങൾ എഴുതിയതെന്നും ജറുസലെം ദേവാലയത്തിൽ ഗാനങ്ങളാലപിക്കാൻ ലേവ്യരുടെ ഗണങ്ങളെ നിയോഗിച്ചതെന്നും അദ്ദേഹം പറയും (1ദിന 16:7; 29:9-20). ദാവീദു ദേവാലയം നിർമ്മിച്ചില്ലങ്കിൽത്തന്നെ അതു നിർമ്മിക്കാൻ ആവശ്യമായ സാധനസാമഗ്രികളും ദേവാലയത്തിന്റെ മാതൃകയുമെല്ലാം പൂർണമായും തയ്യാറാക്കിയിരുന്നു (1ദിന 29). അതനുസരിച്ചു സോളമൻ അതുപണിയുക മാത്രമാണു ചെയ്തത് എന്നദ്ദേഹം പറയും. വാസ്തവത്തിൽ നിയമാവർത്തന ഗ്രന്ഥത്തിൽപ്പറഞ്ഞതിന് എതിരാണ് ഈ വിവരണങ്ങൾ. കാരണം ദേവാലയം പണിയാൻ ദാവീദിന് അനുവാദമുണ്ടായിരുന്നില്ല (2സാമു 7). ദിനവൃത്താന്തകന്റെ വിവരണമനുസരിച്ചു വളരെ നേരം പ്രാർഥിച്ചിരുന്ന മനുഷ്യനാണു ദാവീദ്. ചുരുക്കിപ്പറഞ്ഞാൽ കർത്താവിനോടുള്ള തീക്ഷണതയാൽ എരിഞ്ഞിരുന്ന മനുഷ്യനാണദ്ദേഹം. അദ്ദേഹം മോശയ്ക്കു സമാനമായി പ്രത്യക്ഷപ്പെടുന്നു. ദേവാലയ കേന്ദ്രീകൃതമായ ഒരു സമൂഹത്തിന് അടിസ്ഥാനമിട്ട ആളാണു ദാവീദ്. ദിനവൃത്താന്ത വിവരണത്തിൽ ദാവീദിനുശേഷം വരുന്ന മറ്റുരാജാക്കന്മാരെ വിലയിരുത്തുന്നത് അവരെ ദാവീദുമായി താരതമ്യം ചെയ്തുകൊണ്ടാണ്.

തന്റെ ദൈവശാസ്ത്ര ലക്ഷ്യങ്ങൾ നേടുന്നതിനുവേണ്ടി ദിനവൃത്താന്തകൻ ചിലപ്പോൾ തന്റെ കൈവശമുള്ള ചരിത്രസംഭവങ്ങളെ ക്രമം മാറ്റി വിവരിക്കാറുണ്ട്. ഉദാഹരണമായി, ദാവീദിനെക്കുറിച്ചുള്ള വിവരണത്തിന്റെ അവസാനം ദാവീദിന്റെ ശക്തരായ യോദ്ധാക്കളുടെ ഒരു പട്ടിക നിയമാവർത്തകൻ നല്കിയിട്ടുണ്ട് (2സാമു 23:8-39). ദാവീ

ദിന്റെ ധീരകൃത്യങ്ങളെക്കുറിച്ച് അനുസ്മരിക്കാനാണ് അവിടെ അതു നല്കിയിരിക്കുന്നത്. എന്നാൽ ദിനവൃത്താന്തത്തിൽ ഈ പട്ടിക ഉപയോഗിച്ചിരിക്കുന്നതു ദാവീദിന്റെ ഭരണത്തിന്റെ ആരംഭകാലത്തുതന്നെ ഇസ്രായേലിൽ ദേശമെമ്പാടുംനിന്നു അദ്ദേഹത്തെ അനുകൂലിച്ചവരുടെ പട്ടികയായിട്ടാണ് (1ദിന 11:10-47). അതായത്, ആരംഭകാലം മുതൽതന്നെ ദാവീദിനു രാജ്യം മുഴുവന്റെയും പിൻതുണയുണ്ടായിരുന്നു എന്നു സാരം. ചില അവസരങ്ങളിൽ ദിനവൃത്താന്തകൻ പാരമ്പര്യങ്ങളെ വിശദീകരിക്കുകയോ കൂട്ടിയോജിപ്പിക്കുകയോ ചെയ്യാറുണ്ട്. ഉദാ:- ഗിബയോണിലെ പൂജാഗിരിയിൽ ദൈവം സോളമനു പ്രത്യക്ഷനായി എന്ന പഴയപാരമ്പര്യം (1രാജാ 3:4-15) വിവരിക്കുമ്പോൾ സാക്ഷ്യകൂടാരം അന്ന് അവിടെയുണ്ടായിരുന്നു എന്നു ഗ്രന്ഥകാരൻ കൂട്ടിച്ചേർക്കും (1ദിന 16:39; 2ദിന 1:3). നിയമാവർത്തന നവീകരണം പൂർത്തിയായി ദൈവം തന്റെ ദർശനം നല്കുന്നതു ജറുസലെമിൽ മാത്രമാണെന്നു ചിന്തിച്ചിരുന്ന ഒരു സമൂഹത്തോടു ദൈവം ഗിബയോണിൽ പ്രത്യക്ഷപ്പെട്ടു എന്നു പറയുന്നതു യുക്തിരഹിതമായിരുന്നതിനാലാകാം അദ്ദേഹം ഇങ്ങനെ കൂട്ടിച്ചേർത്തത്.

ചരിത്രം നവീകരിക്കുന്നതിനു ദിനവൃത്താന്തകനു മറ്റൊരു പ്രധാന ലക്ഷ്യം കൂടിയുണ്ടായിരുന്നു. ദേവാലയ ആരാധനക്രമത്തിൽ അന്നുവരെ വളരെ കുഴഞ്ഞുമറിഞ്ഞ ഒരു സ്ഥിതിവിശേഷമായിരുന്നു നിലവിലിരുന്നത്. പുരോഹിതരുടെയും ലേവ്യരുടെയും ദൗത്യങ്ങൾ എന്താണെന്നു വ്യക്തമായി നിർണയിക്കപ്പെട്ടിരുന്നില്ല. ദാൻപോലെയുള്ള പ്രധാന ആരാധനാകേന്ദ്രങ്ങളിൽ ലേവ്യർ പുരോഹിതരായി ശുശ്രൂഷ ചെയ്തിരുന്നു (ന്യായാ 18). ലേവ്യൻപോലുമല്ലാത്ത ഏലി ഷീലോയിൽ പുരോഹിതനായിരുന്നു (1സാമു 1-4). യൂദാ വംശജനായ ദാവീദുതന്നെ തന്റെ രണ്ടു മക്കളെ പുരോഹിതരായി അഭിഷേചിച്ചിരുന്നു. ദാവീദ് സാദോക്കിന്റെയും അബീയാത്തറിന്റെയും കുടുംബങ്ങളിൽനിന്നു പുരോഹിതരെ നിയമിച്ചിരുന്നു (2സാമു 8:17). പിന്നീട് സോളമനാണ് അബിയാത്തർ കുടുംബത്തെ പൗരോഹിത്യത്തിൽനിന്നു നീക്കം ചെയ്തത് (1രാജാ 2:26). പ്രധാനപുരോഹിതൻ സാദോക്കിന്റെ കുടുംബക്കാരനായിരിക്കണമെന്നു വിപ്രവാസ പ്രവാചകനായ എസക്കിയേൽ പറഞ്ഞിരുന്നു (എസെ 44:10, 15). നിയമാവർത്തന വിവരണമനുസരിച്ച് ജീവിക്കാനും ജോലിചെയ്യാനും സ്ഥലം ലഭിക്കാതിരുന്ന ലേവ്യപുരോഹിതന്മാർ പല പട്ടണങ്ങളിലും പ്രവർത്തിച്ചിരുന്നു (നിയ 12:18-19; 18:1; 26:12-13). എന്നാൽ സംഖ്യയുടെ ഗ്രന്ഥം അഹറോന്റെ കുടുംബത്തെ മാത്രമേ പുരോഹിത ശുശ്രൂഷയ്ക്ക് അനുവദിക്കുന്നുള്ളു; ലേവ്യർ അവരുടെ സഹായികൾ മാത്രമായിരിക്കണം (സംഖ്യ 3:18).





ദേവാലയ ശുശ്രൂഷയിലെ ഇത്തരത്തിലുള്ള അവ്യക്തത അവസാനിപ്പിക്കാനും പുരോഹിതരുടെയും ലേവ്യരുടെയും ദൗത്യങ്ങളെന്തെല്ലാമാണെന്നും അവർ തമ്മിലുള്ള ബന്ധമെന്തെല്ലാമെന്നും സ്ഥാപിക്കാനുമാണ് ഈ ദൗത്യങ്ങളെക്കുറിച്ചു ദിനവൃത്താന്തകൻ വിശദമായി വിവരിക്കുന്നത്. അദ്ദേഹം പൗരോഹിത്യം അഹറോന്റെ കുടുംബത്തിനു മാത്രമായി പരിമിതപ്പെടുത്തി; അതേ സമയം ലേവ്യരെ ദേവാലയത്തിലെ ഗായകരും സംഗീതോപകരണക്കാരും വാതിൽകാവൽക്കാരും ശുശ്രൂഷികളും ദേവാലയ കാവൽക്കാരുമായി നിശ്ചയിച്ചു. ഈ തീരുമാനങ്ങളെല്ലാം ദാവീദിനെക്കൊണ്ടു "നടപ്പാക്കിക്കുകയും" ചെയ്തു (1ദിന 23-26).

പഞ്ചഗ്രന്ഥത്തിലെ ആരാധനയുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ കർത്താവു ദിനവൃത്താന്തകനായിരിക്കുമെന്നു കരുതുന്നതിൽ തെറ്റില്ല. അതായത്, പഞ്ചഗ്രന്ഥത്തിലെ ഏകദൈവവിശ്വാസ (നിയമാവർത്തന) വിവരണങ്ങളോട് ആരാധനക്രമപരമായ കാര്യങ്ങൾ കൂട്ടിച്ചേർത്ത് അതിനെ വിപുലപ്പെടുത്തിയതു ദിനവൃത്താന്തകനായിരിക്കണം. വംശാവലിപട്ടികകളും അദ്ദേഹത്തിന്റെ തന്നെ സംഭാവനയായിരിക്കണം. കാരണം വിപ്രവാസത്തിൽ നിന്നു തിരിച്ചെത്തിയവരുടെ സമൂഹത്തെ നിശ്ചയിക്കുന്നതിനുവേണ്ടി വംശാവലി നോക്കുന്ന രീതി അവലംബിച്ചത് അദ്ദേഹം തന്നെയാണ് (1ദിന 1-9).

## 2. ദിനവൃത്താന്ത ചരിത്രത്തിന്റെ ദൈവശാസ്ത്രം

ദാവീദിനെയും സോളമനെയുംകുറിച്ചു വളരെയധികം കാര്യങ്ങൾ വിവരിക്കുന്നതോടൊപ്പം അവരെ തുല്യരായിട്ടാണു ദിനവൃത്താന്തകൻ അവതരിപ്പിക്കുന്നത്. തന്റെ ഭരണത്തിന്റെ ആരംഭത്തിൽത്തന്നെ ദാവീദിനെ ഇസ്രായേൽ മുഴുവനും അംഗീകരിച്ചിരുന്നു എന്ന വിധത്തിലാണു വിവരണം. സാവൂളിന്റെ ഭവനവുമായുള്ള പ്രാരംഭകാല വൈരവും (1സാമു 16-20) അക്കാലത്തു ഗോത്രങ്ങൾ രണ്ടു വിഭാഗമായിരുന്നതും (2സാമു 1:1-5:3) ദിനവൃത്താന്തം അവഗണിച്ചിരിക്കുന്നു. രാജാവായ ശേഷം ദാവീദ് ആദ്യമായി ചെയ്തതു ജബൂസ്യരിൽനിന്നു ദേവാലയത്തിന്റെ സ്ഥാനമാകേണ്ട ജറുസലെം പിടിച്ചെടുക്കുകയും കർത്താവിന്റെ പേടകം അവിടേക്കു കൊണ്ടുവരികയും ചെയ്തു എന്നതാണ് (1ദിന 11:4-9; 1ദിന 15:25-16:3). ദാവീദുതന്നെ പുരോഹിതരുടെയും ലേവ്യരുടെയും ശുശ്രൂഷകൾ ക്രമീകരിച്ചു. വാഗ്ദാനപേടകം ജനത്തിനുമുമ്പിൽ വഹിക്കുകയെന്ന കടമ ഇല്ലാതായതോടെയാണു ദാവീദു ലേവ്യർക്കു മറ്റു ദൗത്യങ്ങൾ നല്കിയത് (1ദിന 10:4-7, 37-42; 2ദിന 7:6; 1ദിന 23-27). ദൈവം തന്നെ അഗ്നിയയച്ചു തന്റെ ഹിതം ചൂണ്ടിക്കാണിച്ചു കഴിഞ്ഞ

പ്പോൾ (1ദിന 21:26-30) ദാവീദുതന്നെയാണു ദേവാലയത്തിന്റെ സ്ഥലം നിർണയിച്ചത് (1ദിന 22:1). തന്റെ മരണത്തിനു മുമ്പായി ദാവീദുതന്നെ ദേവാലയ നിർമാണത്തിനുവേണ്ട എല്ലാ ഒരുക്കങ്ങളും ചെയ്തു കഴിഞ്ഞിരുന്നു (1ദിന 22:2-5; 29:2-5; 28:12-18).

ദിനവൃത്താന്ത വിവരണമനുസരിച്ച് തന്റെ ഭരണത്തിന്റെ ആരംഭത്തിൽത്തന്നെ സോളമനു ദാവീദിന്റെ മറ്റു മക്കളുടെ പൂർണ അംഗീകാരം ലഭിച്ചിരുന്നു (1ദിന 29:23-25). തന്റെ പിതാവിനെപ്പോലെ സോളമനും ദേവാലയനിർമാണത്തിനു വലിയ ഒരുക്കങ്ങൾ നടത്തുകയും (2 ദിന 2:2-10) ദാവീദു നിശ്ചയിച്ച സ്ഥലത്ത് ആലയം നിർമ്മിക്കുകയും ചെയ്തു. തുടർന്ന്, വാഗ്ദാനപേടകം ആലയത്തിൽ സ്ഥാപിക്കുകയും (2ദിന 5:2-14) പുരോഹിതരെയും ലേവ്യരെയും അവരുടെ ദൗത്യങ്ങൾ ഭരമേൽപ്പിക്കുകയും ചെയ്തു (2ദിന 8:14-15). വളരെയധികം രക്തംചൊരിച്ചിൽ നടത്തിയതിനാൽ ദേവാലയ നിർമാണത്തിനു ദാവീദിന് അംഗീകാരം ലഭിച്ചില്ല, എന്നാൽ സോളമൻ ശാന്തിയുടെയും സമാധാനത്തിന്റെയും മനുഷ്യനായിരുന്നു (2ദിന 22:8-10). ദാവീദിനാലാണു നിയോഗിക്കപ്പെട്ടതെങ്കിലും തന്റെ ആലയം പണിയുന്നതിനുവേണ്ടി ദൈവംതന്നെ തിരഞ്ഞെടുത്ത വ്യക്തിയായിരുന്നു സോളമൻ (1ദിന 28:10; 29:1). ദാവീദിനുശേഷം ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട രാജാവായിരുന്നു സോളമൻ എന്നുപറയുന്ന ഏക വിശുദ്ധഗ്രന്ഥകാരനാണു ദിനവൃത്താന്തകൻ. നിയമാവർത്തന ചരിത്രത്തിൽ കാണുന്ന സോളമന്റെ വിഗ്രഹാരാധനയെക്കുറിച്ച് (1രാജാ 11) ദിനവൃത്താന്തകൻ ഒന്നും പറയുന്നില്ല. ചരിത്രത്തിൽ അതിപ്രധാനമായിരുന്ന ദാവീദിന്റെയും സോളമന്റെയും ഭരണകാലങ്ങളെ പരസ്പരം ബന്ധിപ്പിച്ചുകൊണ്ടാണ് 1ദിന 22, 28, 29 എന്നീ അധ്യായങ്ങളിലെ പ്രസംഗങ്ങൾ പുരോഗമിക്കുന്നത്.

ദാവീദിന്റെയും സോളമന്റെയും പ്രധാന ദൗത്യം ദേവാലയ നിർമ്മാണമായിരുന്നു. അതു ഭംഗിയായി പൂർത്തിയായി (2ദിന 8:16). ഈ രണ്ടു രാജാക്കന്മാരെ മാത്രമേ ഇസ്രായേൽ ഗോത്രങ്ങൾ മുഴുവൻ അംഗീകരിച്ചിരുന്നുള്ളു. അവർ മാത്രമേ ഇസ്രായേൽ മുഴുവൻ ഭരിച്ചിരുന്നുള്ളു. അവരിരുവരും ദേവാലയത്തെക്കുറിച്ചും വാഗ്ദാനപേടകത്തെക്കുറിച്ചും തീക്ഷ്ണമതികളായിരുന്നു. ജറുസലെംദേവാലയം മാത്രമാണു യഥാർത്ഥ ആരാധനസ്ഥലമെന്നത് അംഗീകരിക്കപ്പെട്ടത് അവരുടെ പ്രവർത്തനഫലമായാണ്. അബിയായുടെ പ്രസംഗമനുസരിച്ചു വടക്കൻ ഗോത്രങ്ങളുടെ പാപമെന്നത് അവർ ഈ ആലയത്തെ തിരസ്കരിച്ചു എന്നതാണ് (2ദിന 13:4-12). വടക്കൻ ഗോത്രങ്ങളോട് അനുതപിക്കണമെന്നു ഹെസക്കിയ പറഞ്ഞപ്പോൾ അവർ ദൈവം വിശുദ്ധീകരിച്ച നിത്യമായ ആലയത്തിലേക്കു തിരിച്ചുവരണമെന്നാണ് അദ്ദേഹം ആഗ്ര





ഹിച്ചത് (2ദിന 30:6-8).

ഹെസക്കിയായെ ഒരു രണ്ടാം സോളമനായാണു ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നത്. ഹെസക്കിയ നടത്തിയ പെസഹാ ആചരണം സോളമനുശേഷം നടന്ന ആദ്യ പെസഹായായിരുന്നുവെന്ന് അദ്ദേഹം പറയുന്നു (ഇങ്ങനെയൊരു വിവരണം നിയമാവർത്തന ചരിത്രത്തിലില്ല; 2ദിന 30:26). സോളമന്റെ ദേവാലയ പ്രതിഷ്ഠപോലെ (2ദിന 7:8-9) പെസഹാ ആചരണം 14 ദിവസം നീണ്ടുനിന്നു (2ദിന 30:23). വാസ്തവത്തിൽ ഈ വിവരണങ്ങളിലൂടെ സോളമന്റെ ദേവാലയത്തിന്റെ തുടർച്ചയായ രണ്ടാം ദേവാലയത്തിലേക്കു വടക്കൻ ഗോത്രങ്ങളിൽ നിന്നുള്ളവരുൾപ്പെടെ എല്ലാവരും വന്നുചേരണമെന്നു ദിനവൃത്താന്തകൻ ആഹ്വാനം ചെയ്യുകയായിരുന്നു. ദാവീദിനു നാത്താൻവഴി നല്കപ്പെട്ട വാഗ്ദാനത്തിന്റെ പൂർത്തീകരണമാണു പുനർനിർമ്മിക്കപ്പെട്ട ഈ ദേവാലയം (2ദിന 6:10-11; 1ദിന 17).

## *പ്രവൃത്തികൾക്കു തക്കപ്രതിഫലം*

രാജാക്കൻമാരുടെ പ്രവൃത്തികൾക്കു തക്കതായ പ്രതിഫലം ദൈവം അവരുടെ ജീവിതകാലത്തുതന്നെ നല്കുന്നു എന്ന ദൈവശാസ്ത്ര സത്യം വെളിവാക്കിക്കൊണ്ടാണു ദിനവൃത്താന്തകൻ സംസാരിക്കുന്നത്. ഉദാ:- റെഹോബോവാം കർത്താവിന്റെ കല്പന ലംഘിച്ചതുകൊണ്ടാണു (2ദിന 12:1) ഫറവോയായ ഷിഷാക്ക് അവനെ ആക്രമിച്ചത് (1 രാജ 14:25-26). ബാഷായുമായുള്ള യുദ്ധത്തിൽ കർത്താവിൽ ആശ്രയിക്കാതിരുന്നതിനാൽ (2ദിന 16:7-10) ആസാ തന്റെ വാർദ്ധക്യത്തിൽ കഠിന രോഗിയായിത്തീർന്നു (1രാജാ 15:23). കുഷ്ഠരോഗിയായിത്തീർന്നതിനാലാണ് ഉസിയായ്ക്കു ഭരണം അവസാനിപ്പിക്കേണ്ടിവന്നത് (2 രാജാ 15:5). എന്നാൽ അയാൾ രോഗിയായിത്തീർന്നതിന്റെ കാരണം അഹങ്കാരവും അനർഹമായ ബലിയർപ്പിക്കാനുള്ള ശ്രമവുമാണെന്നു വ്യാഖ്യാനിക്കുന്നതു ദിനവൃത്താന്തകനാണ് (2ദിന 26:16-21). ഇപ്പറഞ്ഞ ഓരോ സംഭവങ്ങളും നിയമാവർത്തകൻ വിവരിക്കുന്നുണ്ടെങ്കിലും അവയ്ക്കെല്ലാം ദൈവശാസ്ത്രപരമായ കാരണങ്ങൾ നിരത്തുന്നതു ദിനവൃത്താന്തകനാണ്. സാവൂളിന്റെ ജീവിതത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വിലയിരുത്തൽ ഇതുതന്നെയാണു വ്യക്തമാക്കുന്നത്: "അവിശ്വസ്തത യാണു സാവൂളിൻെറ മരണത്തിനു കാരണം. അവൻ കർത്താവിൻെറ കൽപന ലംഘിക്കുകയും ആഭിചാരകൻമാരുടെ ഉപദേശം തേടുകയും ചെയ്തു. സാവൂൾ കർത്താവിൻെറ ഹിതം അന്വേഷിച്ചില്ല. അവിടുന്ന് അവനെ വധിച്ചു; രാജ്യം ജസ്സെയുടെ മകൻ ദാവീദിനെ ഏൽപിച്ചു" (1ദിന 10:13-14).

എന്നാൽ പ്രവൃത്തികൾക്കു തക്കപ്രതിഫലമെന്നതു യാന്ത്രികമല്ല. അനുതപിക്കാൻ തയ്യാറായ റെഹോബോവാമിനെപ്പോലുള്ള രാജാക്കന്മാർ രക്ഷയുടെ അനുഭവം സ്വന്തമാക്കുന്നുണ്ടെന്നു (2ദിന 12:13; 7:14; 12:7) മാത്രമല്ല അവർ പൂർണമായി നശിപ്പിക്കപ്പെടുന്നുമില്ല (2ദിന 12:12). നീതിവിധി എത്തിച്ചേരുന്നതിനുമുമ്പു രാജാക്കന്മാരെ അനുതാപത്തിനു ക്ഷണിക്കാൻ പ്രവാചകന്മാർ അയയ്ക്കപ്പെടുന്നുണ്ട് (2ദിന 16:10–12). അഹിയായുടെയും (2ദിന 13) ഹെസക്കിയായുടെയും (2ദിന 30) പ്രസംഗങ്ങൾക്കിടയിൽ വരുന്ന പത്തു പ്രസംഗങ്ങളും പ്രവൃത്തികൾക്കു തക്ക പ്രതിഫലം ദൈവം നല്കും എന്ന ദൈവശാസ്ത്രം പ്രഘോഷിക്കുന്നതാണ്. ഇതു ദിനവൃത്താന്തകന്റെ കാലത്തുണ്ടായിരുന്ന അനുവാചകരോടുള്ള അദ്ദേഹത്തിന്റെ ആഹ്വാനമാണ്. അനുതാപം കഴിഞ്ഞ കാലത്തു രക്ഷയിലേക്കു നയിച്ചതുപോലെ ഇന്നും രക്ഷാകരമാണെന്നതാണു സന്ദേശം. ഈ ദൈവശാസ്ത്രദർശനത്തിന്റെ സംഗ്രഹം 2ദിന 20:20 ൽ കാണാം: "നിങ്ങളുടെ ദൈവമായ കർത്താവിൽ വിശ്വസിക്കുവിൻ. നിങ്ങൾ സുരക്ഷിതരായിരിക്കും; അവിടുത്തെ പ്രവാചകൻമാരെ വിശ്വസിക്കുവിൻ. നിങ്ങൾ വിജയം വരിക്കും."

### *വടക്കൻ രാജ്യമായ ഇസ്രായേലിനോടുള്ള മനോഭാവം*

വടക്കൻ രാജ്യം, തെക്കൻരാജ്യം എന്ന തിരിവു സമൂഹചരിത്രത്തിൽ സൃഷ്ടിച്ച മുറിവുകൾ ഉണക്കാൻ സഹായിക്കുന്ന രീതിയിലാണു ദിനവൃത്താന്തകൻ ചരിത്രം എഴുതുന്നത്. അദ്ദേഹത്തിന്റെ കാലത്തു വടക്കൻരാജ്യം ഉണ്ടായിരുന്നില്ല എന്നാൽ വടക്കുനിന്നുള്ള ജനത്തിന്റെ ഒരു ഭാഗം വിപ്രവാസശേഷമുള്ള യൂദായിൽ ഉണ്ടായിരുന്നിരിക്കണം. വടക്ക്, തെക്ക് എന്ന വിഭജനമുണ്ടായ ഉടനെ വടക്കുനിന്നുള്ള കുറെ പുരോഹിതരും ലേവ്യരും ഇസ്രായേലിൽനിന്നുള്ള ചില പ്രതിനിധികളും ജറുസലെമിൽ ബലിയർപ്പിക്കാൻ വന്നു എന്നദ്ദേഹം പറയുന്നു (2ദിന 11:13–17). അതായത്, വിഭജനകാലത്തിന്റെ ആരംഭത്തിൽത്തന്നെ ജറുസലെമിന്റെ സ്ഥാനം അംഗീകരിക്കുന്നവർ വടക്കൻ രാജ്യത്തുണ്ടായിരുന്നു എന്നു സാരം. അബിയ രാജാവ്, വടക്കൻ രാജ്യത്തെ വിഗ്രഹാരാധനയുടെ പേരിൽ കുറ്റപ്പെടുത്തുമ്പോഴും (2ദിന 13:4–12) അനുതാപം സാധ്യമാണെന്ന വിധമാണ് അദ്ദേഹം സംസാരിക്കുന്നത് (2ദിന 13:4, 8, 12). ആസായുടെ ഭരണകാലത്തു വടക്കുള്ള അനേകർ തെക്കൻ രാജ്യത്തോടൊപ്പം ചേർന്നു (2ദിന 15:9) കർത്താവിനെ അന്വേഷിക്കുമെന്ന് ഉടമ്പടി ചെയ്തു (2ദിന 15:9–15). വടക്കൻ രാജ്യത്ത് ഓദെദിനെപ്പോലുള്ള പ്രവാചകന്മാർ പ്രവർത്തന നിരതരായിരുന്നു എന്നു മാത്രമല്ല യൂദായുടെ തടവുകാരെ മോചിപ്പിക്കാൻ ആഹാസിനെ പ്രചോദിപ്പിക്കുകയും ചെയ്തു (2ദിന 28:8–15). വടക്കുനിന്നുള്ള കുറെ നേതാക്കൾ ഈ അവസരത്തിൽ തങ്ങളുടെ തെറ്റ് ഏറ്റുപറയുകയും ചെയ്തു (28:13).





വടക്കൻ രാജ്യത്തിന്റെ പതനത്തിനുശേഷം യൂദാ ഭരിച്ച ഹെസക്കിയ ഇസ്രായേലിന്റെ മുഴുവൻ രാജാവായിരുന്നു. സോളമനുശേഷം അദ്ദേഹമാണ് ഇസ്രായേൽ മുഴുവനെയും ഭരിച്ചത്. ഇസ്രായേലിനെ മുഴുവൻ പെസഹായാചരണത്തിനായി അദ്ദേഹം ക്ഷണിച്ചപ്പോൾ വടക്കുള്ള പലരും അതു നിരസിച്ചെങ്കിലും ആഷേർ, മനാസ്സെ, സെബുലൂൻ ഗോത്രങ്ങളിൽനിന്ന് ആളുകൾ ക്ഷണം സ്വീകരിച്ചു ജറുസലെമിലെത്തിയിരുന്നു (2ദിന 30:11). അനുതപിച്ചാൽ ദൈവം സ്വീകരിക്കുമെന്ന സന്ദേശം ദിനവൃത്താന്ത ചരിത്രത്തിലെവിടെയും കാണാം (2ദിന 30:9). സോളമനുശേഷം വടക്കും തെക്കും ഒരുമിച്ചു നടത്തിയ ആദ്യപെസഹായായിരുന്നു ഹെസക്കിയായുടെ കാലത്തേത് (2ദിന 30:26). അദ്ദേഹം നടത്തിയ നവീകരണം യൂദായിൽ മാത്രം ഒതുങ്ങി നിന്നില്ല. മറിച്ച്, എഫ്രായിമും മനാസ്സെയും ഉൾപ്പെട്ടിരുന്നു (2ദിന 31:1). യൂദായിലും എഫ്രായിമിലും മനാസ്സെയിലും നഫ്ത്താലിയിലും ജോസിയ നവീകരണം നടത്തുകയും (2ദിന 34:6) ഇസ്രായേൽ മുഴുവനും കർത്താവിനെ ആരാധിക്കാൻ ഇടയാക്കുകയും ചെയ്തു (2ദിന 34:33).

ജറുസലെമിൽനിന്നു പിരിഞ്ഞുപോയതു തെറ്റാണെങ്കിലും വടക്കൻ രാജ്യത്തുള്ളവർ അവഗണിക്കപ്പെടേണ്ടവരല്ലെന്നാണു ഗ്രന്ഥകാരൻ പറയാനുദ്ദേശിക്കുന്നത്. രാജ്യങ്ങൾ വേർപിരിഞ്ഞശേഷം ഷെമായാ പ്രവാചകൻ അവരെ സഹോദരന്മാരെന്നു വിളിക്കുകയും വിഭജനം ദൈവഹിതമായിരുന്നു എന്നു പറയുകയും ചെയ്യുന്നുണ്ട് (2ദിന 11:1–4). യൂദാ രാജാവിനെ അവഗണിക്കാൻ വടക്കൻ ഗോത്രങ്ങൾക്കു ന്യായമായ കാരണങ്ങളുണ്ടായിരുന്നു എന്നാണു ദിനവൃത്താന്തകൻ പറയുന്നത്. ഇങ്ങനെയെല്ലാം സംസാരിച്ചുകൊണ്ടു വിപ്രവാസശേഷം വടക്കൻ രാജ്യത്തുള്ളവരെയും യൂദായ്ക്കു പുറത്തുള്ളവരെയും ജറുസലെമിലെ ദേവാലയത്തെയും അവിടെയുള്ള ആരാധനക്രമത്തെയും അംഗീകരിക്കാൻ അദ്ദേഹം പ്രചോദിപ്പിക്കുകയായിരുന്നു.

ദിനവൃത്താന്തകന്റെ വിവരണത്തിൽ വെളിവാകുന്ന മറ്റു ചില ദൈവശാസ്ത്ര ദർശനങ്ങളുമുണ്ട്: (1) പ്രശ്നങ്ങൾ എത്ര സങ്കീർണമായാലും ദൈവം രക്ഷകനായി ഇടപെടാറുണ്ട് (2ദിന 13:14, 17, 25; 2ദിന 14:16). (2) വടക്കൻ രാജ്യമായ ഇസ്രായേലിനെക്കാൾ യൂദായാണു വിശുദ്ധരാജ്യവും ദൈവജനവും (1ദിന 26:6–9; 28:4–7; 2ദിന 7:3–10; 13:8–12; 24:8–11). (3) രാജാവിനുമേൽപോലും പ്രധാനപുരോഹിതന് അധികാരമുണ്ട് (2ദിന 19:8–11; 26:16–21); നിയമാവർത്തനമനുസരിച്ചു രാജാവിനു കീഴിലാണു പുരോഹിതൻ. (4) പ്രവാചകന്മാർ ആരാധന ക്രമപരമായ

ജീവിതത്തെ പ്രോത്സാഹിപ്പിക്കുന്നവരാണ്; മുമ്പെന്നപോലെ അതിനെ എതിർക്കുന്നവരല്ല (2ദിന 20:5-23). (5) നിയമം എന്നത് ആരാധനക്രമപരമായ നിർദ്ദേശങ്ങളടങ്ങിയ പഞ്ചഗ്രന്ഥമാണ്; അത് നിയമാവർത്തന നിയമസംഹിത മാത്രമല്ല (1ദിന 6:48-49; 2ദിന 34:6-14).

ചരിത്രത്തിന്റെ ഇരുളടഞ്ഞ നാളുകളിൽ യൂദായ്ക്കു പ്രത്യാശ നല്കുന്നതിനുവേണ്ടിയാണു ദിനവൃത്താന്തകൻ ചരിത്രം നവീകരിച്ചെഴുതിയത്. ഇസ്രായേൽ ചരിത്രത്തിലെ പ്രധാന കഥാപാത്രങ്ങളെ അണിനിരത്തിക്കൊണ്ട് അദ്ദേഹം ചരിത്രം വ്യാഖ്യാനിച്ചു. അങ്ങനെ പുരോഹിതരുടെയും ലേവ്യരുടെയും സമൂഹത്തിലെ സ്ഥാനം ചരിത്രപരമായി പരമ പ്രധാനമാണെന്നദ്ദേഹം സ്ഥാപിച്ചു. നിയമാവർത്തനചരിത്രം അടിസ്ഥാനമാക്കിയാണ് അദ്ദേഹം ചരിത്രമെഴുതിയത്. എന്നാൽ നിയമാവർത്തകൻ ദൈവവചനത്തിനും ഏകദൈവവിശ്വാസത്തിനും പ്രാധാന്യം നല്കിയപ്പോൾ ദിനവൃത്താന്തകൻ ആരാധനക്രമത്തിനും സമൂഹരൂപീകരണത്തിനുമാണു പ്രാധാന്യം നല്കിയത്.

## 3. എസ്ര

ജറുസലേം ദേവാലയത്തിന്റെയും നഗരത്തിന്റെയും അധ:പതനത്തെത്തുടർന്നു ബി.സി. 587-ൽ യഹൂദർ ബാബിലോണിന്റെ അടിമകളാക്കപ്പെട്ടു. ബി.സി. 539-ൽ ബാബിലോൺ സാമ്രാജ്യം പേർഷ്യക്കാർ കീഴടക്കി. പേർഷ്യൻരാജാവായിരുന്ന സൈറസ് അടിമകളെയെല്ലാം സ്വതന്ത്രരാക്കുകയും ജറുസലേം ദേവാലയത്തിന്റെ പുനരുദ്ധാരണത്തിന് അനുമതി നൽകി പ്രവാസികളെ ജറുസലേമിലേക്കയക്കുകയും ചെയ്തു. തിരിച്ചെത്തിയ പ്രവാസികൾക്കു ദേവാലയപുനരുദ്ധാരണത്തിനു പ്രതിസന്ധികൾ നേരിടേണ്ടിവന്നു, എങ്കിലും ബി.സി. 516 ൽ ദേവാലയം പുനഃപ്രതിഷ്ഠിക്കാൻ അവർക്കുകഴിഞ്ഞു. ഇതിനെയാണ് രണ്ടാം ദേവാലയം അഥവാ സെറൂബാബേലിന്റെ ദേവാലയം എന്നുവിളിക്കുന്നത്. ഏതാണ്ട് 60 വർഷങ്ങൾക്കുശേഷം നിയമപണ്ഡിതനായ എസ്രാ ബാബിലോണിൽനിന്നും (ബി.സി. 458) ജറുസലേമിലെത്തി. പ്രവാസികൾ യൂദായിലേക്കു തിരിച്ചുവരുന്നതും ദേവാലയം പുനർനിർമ്മിക്കുന്നതും അതിനുശേഷമുള്ള എസ്രായുടെ വരവും അദ്ദേഹത്തിന്റെ മതനവീകരണപ്രവർത്തനങ്ങളുമാണ് ഈ ഗ്രന്ഥം വിവരിക്കുന്നത്.

എസ്രാ എന്ന പേരിലാണു പുരാതനകാലംമുതൽ എസ്രാ-നെഹെമിയ ഗ്രന്ഥങ്ങൾ അറിയപ്പെട്ടിരുന്നത്. ദിനവൃത്താന്തചരിത്രത്തിന്റെ തുടർച്ചയായ വിവരണമാണ് ഈ ഗ്രന്ഥങ്ങൾ നല്കുന്നത്. എസ്രാ





ആരംഭിക്കുന്നതു ദിനവൃത്താന്തത്തിന്റെ സമാപനവാക്യങ്ങൾ ആവർത്തിച്ചുകൊണ്ടാണ് (2ദിന 36:22). ബാബിലോണിൽ അടിമകളായിരുന്ന ഇസ്രായേൽജനം ദേവാലയം പണി തീർക്കാനായി സൈറസ് രാജാവിന്റെ അനുമതിയോടെ ജറുസലേമിലേക്കു പോകുന്നു. നവീന ദേവാലയനിർമ്മിതിക്കു സഹായഹസ്തവുമായി ദേശവാസികളായ സമരിയാക്കാർ മുന്നോട്ടുവന്നു. യൂദാനിവാസികൾ, അവരുടെ സഹായം നിരസിച്ചു. പ്രതികാരബുദ്ധികളായ സമരിയക്കാർ ദേവാലയനിർമ്മാണം തടസപ്പെടുത്തുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. യൂദാനിവാസികൾക്കെതിരെ അറമായ ലിപിയിലെഴുതിയ ഒരു കുറ്റപത്രം പേർഷ്യൻ രാജാവിന് അവർ സമർപ്പിച്ചു. ഇപ്രകാരം (പേർഷ്യൻ രാജാവിന്റെ കൽപനപ്രകാരം) സമരിയക്കാർ ദേവാലയനിർമ്മാണം സ്തംഭിപ്പിച്ചതിനാൽ ദാരിയൂസ് രാജാവിന്റെ ഭരണവർഷംവരെ ദേവാലയ നിർമ്മാണം മുടങ്ങിക്കിടന്നു.

പേർഷ്യക്കാർ യൂദായുടെ ഭരണധികാരിയായി നിയമിച്ച ദാവീദുവംശജനായ സെറൂബാബേൽ ദേവാലയത്തിന്റെ പണി പുനരാരംഭിച്ചു. പ്രവാചകന്മാരായ ഹഗ്ഗായിയുടെയും സഖറിയായുടെയും പ്രധാനപുരോഹിതനായിരുന്ന ജോഷ്വായുടെയും ആഹ്വാനപ്രകാരം യഹൂദ ശ്രേഷ്ഠന്മാർ പണി ത്വരിതപ്പെടുത്തുകയും പൂർത്തിയാക്കുകയും ചെയ്തു. പുരോഹിതന്മാരും ലേവ്യരും മടങ്ങിയെത്തിയ മറ്റു പ്രവാസികളും ഉൾപ്പെട്ട യൂദാജനം ബി.സി. 516-ൽ ദേവാലയത്തിന്റെ പ്രതിഷ്ഠാകർമ്മം ആചരിക്കുകയും ജറുസലെമിൽ ദേവാലയ ശുശ്രൂഷ ചെയ്യുവാൻ മോശയുടെ ഗ്രന്ഥത്തിലെഴുതിയതനുസരിച്ചു പുരോഹിതന്മാരെ ഗണമനുസരിച്ചും ലേവ്യരെ തവണയനുസരിച്ചും നിയമിക്കുകയുംചെയ്തു. തിരിച്ചെത്തിയ പ്രവാസികൾ പുരോഹിതൻമാരോടും ലേവ്യരോടുമൊന്നിച്ചു തങ്ങളെത്തന്നെ ശുദ്ധീകരിച്ച് ഒന്നാംമാസം 14-ാം ദിവസം പെസഹാ ആചരിച്ചു. പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ അവർ 7 ദിവസം ആചരിച്ചു. എന്നാൽ കാലം കടന്നുപോയപ്പോൾ മതാനുഷ്ഠനങ്ങളുടെ തീവ്രത നഷ്ടമാവുകയും പലരും വിജാതീയ സ്ത്രീകളിലേക്കും ആരാധനാ രീതികളിലേക്കും ആകർഷിക്കപ്പെടുകയും ചെയ്തു.

പേർഷ്യൻ രാജാവായ അർത്താക്സെർക്സസിന്റെ ഭരണകാലത്തു സെറയായുടെ മകനായ ‘എസ്രാ’ ബാബിലോണിൽനിന്നും ജറുസലെമിലേക്കു യാത്രയായി (ബി.സി. 458). എസ്രായോടൊപ്പം ഇസ്രായേല്യരും പുരോഹിതന്മാരും ലേവ്യരും ഗായകരും വാതിൽ കാവൽക്കാരും ദേവാലയശുശ്രൂഷകരും ജറുസലെമിലേക്കു യാത്ര പുറപ്പെട്ടു. ആരാധനാകാര്യങ്ങളിൽ താൽപര്യം കുറഞ്ഞുപോയ ഇസ്രാ

യേൽക്കാരെ കർത്താവിന്റെ നിയമവും അനുഗ്രഹാശംസകളും പ്രമാണങ്ങളും പഠിപ്പിക്കാനാണ് എസ്രാ യാത്രയായത്. വിദേശസ്ത്രീകളിൽനിന്നും മാറി നിൽക്കേണ്ട ഇസ്രായേൽക്കാർ അവരുമായി വിവാഹബന്ധത്തിലേർപ്പെടുകയും ദൈവജനമെന്ന നിലമറന്നു പാപത്തിൽ മുഴുകുകയും ചെയ്തിരുന്നു.

എസ്രായുടെ ഗ്രന്ഥം രണ്ടു പ്രധാന ഭാഗങ്ങളായി തിരിക്കാം. അധ്യായം 1 – 6: 7 –10. ഷേഷ്ബസാറിന്റെയും സെറുബാബേലിന്റെയും നേതൃത്വത്തിൽ ബാബിലോണിൽനിന്ന് ആദ്യം വന്ന പ്രവാസികളെക്കുറിച്ചു ആദ്യഭാഗം വിവരിക്കുന്നു. ഈ ഭാഗം അവസാനിക്കുന്നതു പുനർനിർമ്മിച്ച ദേവാലയത്തിന്റെ പ്രതിഷ്ഠയോടെയാണ് (516–ൽ). ദൈവം പേർഷ്യക്കാരെ പ്രചോദിപ്പിച്ചതിനാലാണു തിരിച്ചുവരവും ദേവാലയനിർമ്മാണവും സാധ്യമായതെന്ന് ആദ്യഭാഗത്തിന്റെ ആരംഭത്തിലും അന്ത്യത്തിലും ഗ്രന്ഥകാരൻ ഏറ്റുപറയുന്നുണ്ട് (1:13; 6:22). സൈറസിന്റെ കല്പനയാലാണ് ദേവാലയം നിർമ്മിക്കപ്പെട്ടതും നേബുക്കദ്നേസർ കൊണ്ടുപോയ ദേവാലയഉപകരണങ്ങൾ തിരിച്ചുലഭിച്ചതും (6:5); പിന്നാലെ വന്ന ദാരിയൂസ് രാജാവ് അവരുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയും ദേവാലയ നിർമ്മാണത്തിനു തടസ്സം സൃഷ്ടിക്കുന്നവരെ ശപിക്കുകയും ചെയ്തു (6:5). പേർഷ്യക്കാർ ദേവാലയപുനരുദ്ധാരണം മാത്രമല്ല ജറുസലെമിന്റെ മതിൽ നിർമ്മാണവും പ്രോത്സാഹിപ്പിച്ചു (6:14). ദൈവഭവനമെന്നാൽ ഇതുരണ്ടും ചേർന്നതാണന്നു സാരം.

ഈ പുനരുദ്ധാരണം ജറെമിയ പ്രവാചകന്റെ പ്രവചനത്തിന്റെ പൂർത്തീകരണമായിരുന്നു (1:1). സമകാലിക പ്രവാചകന്മാരായ ഹഗ്ഗായിയും സക്കറിയായും പുനരുദ്ധാരണം പ്രോത്സാഹിപ്പിച്ചു (5:2; 6:14).

വിപ്രവാസത്തിൽനിന്നു തിരിച്ചെത്തിയവരായിരുന്നു യഥാർത്ഥ ഇസ്രയേലായി അന്നു കരുതപ്പെട്ടത് (2:1–7). വിപ്രവാസത്തിനു മുമ്പുള്ള ഇസ്രയേലിന്റെ തുടർച്ച തങ്ങളാണന്ന് ഉറപ്പിക്കാൻ നെബുക്കദ്നേസർ 587 – ൽ ദേവാലയത്തിൽനിന്നു ബാബിലോണിലേക്കു കൊണ്ടുപോയ മുഴുവൻ ദേവാലയഉപകരണങ്ങളും ഷേഷ്ബസാർവഴി തിരിച്ചെത്തിച്ചിരുന്നു (1:7–11; 5:14–15; 6:5). കൂടാതെ ദേവാലയവും (6:7) ബലിപീഠവും (3:3) പഴയ സ്ഥാനത്തുതന്നെ സ്ഥാപിക്കപ്പെട്ടു. വിപ്രവാസത്തിൽനിന്നുള്ള തിരിച്ചു വരവും (1:6) ദേവാലയനിർമ്മാണവും (3:7–13) ഇജിപ്തിൽനിന്നുള്ള പുറപ്പാടിനെയും ആദ്യ ദേവാലയ നിർമ്മാണത്തെയും അനുസ്മരിപ്പിച്ചു.

ദേവാലയനിർമ്മാണം മന്ദഗതിയിലായിരുന്നതിന്റെ കാരണം ജനത്തിന്റെ സ്വന്തതാത്പര്യങ്ങളായിരുന്നു എന്നതു മറച്ചുവച്ചുകൊണ്ടു





(ഹഗ്ഗ 1:4) ശത്രുക്കളുടെ പ്രവർത്തനഫലമാണന്നു ഗ്രന്ഥം കുറ്റപ്പെടുത്തുന്നുണ്ട് (3:3;4:124). ദേവാലയത്തിന് അടിസ്ഥാനമിട്ട ദിനം സന്തോഷത്തിന്റെയും എന്നാൽ ദു:ഖത്തിന്റെയും ദിനമായിരുന്നു. ദു:ഖമുണ്ടാകാൻ കാരണം ഈ ആലയം പഴയതുമായി താരതമ്യപ്പെടുത്തുമ്പോൾ എത്രയോ ചെറുതാണ് എന്നതായിരുന്നു. സന്തോഷ–ദു:ഖപൂരിതമായ ജനത്തിന്റെ സ്വരം (3:3) യൂദയുടെ ശത്രക്കൾ കേട്ടപ്പോൾ അവർ ചതിവിൽ ദേവാലയനിർമ്മാണത്തിനു സഹായിക്കാമെന്നു വാഗ്ദാനം ചെയ്തു. അവരുടെ എതിർപ്പ് സൈറസിന്റെ കാലം മുതൽ (3:1–6) ദാരിയൂസിന്റെ കാലം വരെ (3:7–13) ദേവാലയ നിർമ്മാണത്തെ തടസ്സപ്പെടുത്തിയിരുന്നു.

രണ്ടാം ഭാഗത്ത് (7–10) 58 വർഷത്തിനുശേഷം സംഭവിച്ച എസ്രായുടെ വരവും പ്രവർത്തനങ്ങളുമാണു വിവരിക്കുന്നത്. ഷേഷ്ബസാറിനെയും സെറുബാബേലിനെയുംപോലെ എസ്രായും ഒരുകൂട്ടം ആളുകളെ ബാബിലോണിൽനിന്നു യൂദായിലേക്കുകൊണ്ടുവന്നു (8:1–34). അദ്ദേഹം അഹറോന്റെ കുടുംബത്തിൽപ്പെട്ടവനും (7:15) നിയമത്തിന്റെ കാര്യത്തിൽ മോശയെപ്പോലെ തീഷ്ണമതിയുമായിരുന്നു (7:10). വിപ്രവാസികളെ കൂട്ടിക്കൊണ്ടു പോകാനും (7:13) പേർഷ്യൻ രാജാവിന്റെ അവിടെയുള്ള ജനത്തിന്റേതു മായ കാഴ്ചകൾ (ദേവാലയത്തിനുവേണ്ടിയുള്ള) കൊണ്ടുപോകാനും (7:15–18) യൂദായിലും ജറുസലെമിലും ജനം ദൈവികനിയമം അനുസരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും (7:14; 10:16–17) നിയമം പഠിപ്പിക്കുന്നതിനായി ന്യായധിപന്മാരെ ദേശത്തു നിയമിക്കാനും (7:25; നെഹ. 8) അർത്താക്സെക്സെസ് രാജാവ് എസ്രായോടു കല്പിച്ചു. ദേശത്തു നടക്കുന്ന മിശ്രവിവാഹമെന്ന തിന്മയെക്കുറിച്ചു ജനം എസ്രായെ അറിയിച്ചു (9:1–5). തുടർന്ന് എസ്രാ നടത്തിയ പ്രാർത്ഥന ജനത്തിന്റെ ഹീനമായ അവസ്ഥയെന്തെന്നു പ്രഖ്യാപിച്ചു (9:6–15). സമൂഹം ഇന്ന് പൂർണതയിലല്ലെന്നും എന്നാൽ ദൈവഹിതമനുസരിച്ചു പുനരുദ്ധരിക്കപ്പെടാനുള്ള അവസരം ദൈവം കനിഞ്ഞു നല്കിയിരിക്കുകയാണന്നും അദ്ദേഹം പറഞ്ഞു (9:8–9). വിജാതീയരുമായുള്ള മിശ്രവിവാഹം വലിയ തിന്മയായി ജനം ദർശിക്കത്തക്കവിധത്തിൽ എസ്രാ തന്റെ പ്രാർത്ഥന രൂപപ്പെടുത്തി (9:10–15). എല്ലാക്കാലത്തും ഇസ്രയേലിലുണ്ടായിരുന്ന തിന്മയായിരുന്നു മിശ്രവിവാഹം. എസ്രായുടെ പ്രാർത്ഥനയും പാപം ഏറ്റുപറയലും ഒരു പൊതു അനുതാപത്തിലേക്കും (10:1) ഉപവാസത്തിലേക്കും സമൂഹത്തെ നയിച്ചു (10:6).

മിശ്രവിവാഹമെന്ന തിന്മയെ തുടച്ചുനീക്കാമെന്നു ജനം നിശ്ചയിച്ചു (10:1–5). പ്രതികൂലമായ കാലവസ്ഥയിൽ യോഗം ചേർന്ന് അവർ

തങ്ങളുടെ മനഃസ്താപം ഏറ്റുപറയുകയും (10:6-12) സമൂഹത്തെ മിശ്രവിവാഹത്തിൽനിന്നു ശുദ്ധിചെയ്യുന്നതിനായി ഒരു കമ്മറ്റിക്കു രൂപം നല്കുകയും ചെയ്തു (10:13-17).

പൊതുയോഗതീരുമാനമനുസരിച്ച് വിജാതീയരായ ഭാര്യമാരെയും അവരുടെ മക്കളെയും പുറം തള്ളാൻ ഓരോ വിശ്വാസിയും തയ്യാറാകേണ്ടിയിരുന്നു. അല്ലാത്തവർ സമൂഹത്തിൽനിന്നു പുറത്താക്കപ്പെടു മായിരുന്നു. ഇതു വളരെ വിഷമകരമായ ഒരു കാര്യമാണന്നു പറയേണ്ടതില്ലല്ലോ. കാരണം പല വിവാഹങ്ങളും നാട്ടുനടപ്പനുസരിച്ചും ആത്മാർത്ഥമായും നടന്നതായിരുന്നെന്നു മാത്രമല്ല അവർക്കു കുഞ്ഞുങ്ങളുമുണ്ടായിരുന്നു. ചക്രവർത്തിയുടെ അധികാരമുള്ള നിയമം അതിന്റെ കാർക്കശ്യത്തോടെ നടപ്പാക്കപ്പെട്ടു. അങ്ങനെ എസ്രാ ബാബിലോണിൽനിന്നു പുറപ്പെട്ട് ഒരു വർഷത്തിനുള്ളിൽ (7:9; 10:17) ജറുസലെമിൽ ശുദ്ധീകരിക്കപ്പെട്ട (തിരിച്ചെത്തിയ വിപ്രാവാസികളും മിശ്രവിവാഹം ഒഴിവാക്കിയവരുടെ/ നടത്താത്ത വരുമായവരുടെ) ഒരു സമൂഹം സ്ഥാപിക്കപ്പെട്ടു. പുനരുദ്ധരിക്കപ്പെട്ട ദേവാലയവും അവരുടെതായിത്തീർന്നു. ഇതാണു യഹൂദമതത്തിന്റെ ആരംഭം.

ഏതൊരു സമൂഹവും വളർച്ച പ്രാപിക്കണമെങ്കിൽ വീട്ടിലും വിശ്വാസകേന്ദ്രത്തിലും ഒരേ മനോഭാവത്തോടെ വർത്തിക്കുന്ന കുടുംബങ്ങൾ ഉണ്ടായേ പറ്റൂ. അതുകൊണ്ടാണ് എസ്രാ ഇപ്രകാരം കടുത്ത നവീകരണത്തിന് ഇറങ്ങിത്തിരിച്ചത്. ഇസ്രായേൽ ദൈവത്താൽ പ്രത്യേകം തിരഞ്ഞെടുക്ക പ്പെട്ടവരാണെന്നും അവരുടെ ജീവിതം അന്യരിൽനിന്നു വ്യത്യസ്ത മായിരിക്കണമെന്നും എസ്രാ അവരെ പഠിപ്പിച്ചു. അവർ ദൈവത്തിനു സാക്ഷികളായിരിക്കണം. ഈ ലക്ഷ്യം നേടാൻ വിശ്വാസവും ജീവിതവും ചേർന്നുപോകണമെന്ന് എസ്രാ കരുതി.

ഇസ്രായേലിന്റെ പ്രത്യേക വിളിയും സാക്ഷ്യജീവിതവും യാഥാർത്ഥ്യമാകത്തക്കവിധത്തിൽ വിശ്വാസജീവിതത്തിൽ പ്രായോഗികമായ അനുഷ്ഠാനങ്ങൾ അവതരിപ്പിക്കുക എന്നതായിരുന്നു എസ്രായുടെ അടുത്ത നടപടി. അതിനായി അദ്ദേഹം മറ്റൊരു മഹാസമ്മേളനം വിളിച്ചുകൂട്ടുകയും അതിൽവച്ചു ദൈവത്തിന്റെ നിയമം പരസ്യമായി വായിക്കുകയും ചെയ്തു. അവിടെവച്ച് അവർ അനുതപിക്കുകയും ഉടമ്പടിയുടെ നിയമങ്ങൾ പാലിച്ചുകൊള്ളാമെന്നു ശപഥം ചെയ്യുകയും ചെയ്തു. എസ്രാ വായിച്ച നിയമഗ്രന്ഥത്തിൽ നിന്നുള്ള വചനം കേട്ടപ്പോൾ ജനം അനുതപിച്ചു കരഞ്ഞു. അതേസമയം വായിച്ചുകേട്ട വചനഭാഗങ്ങൾ മനസ്സിലാക്കാൻ ലേവ്യർ ജനത്തെ സഹായിച്ചു. എസ്രാതന്നെ പുരോഹിതർക്കു നിയമം ഗ്രഹിക്കാനായി അതു വ്യാഖ്യാനിച്ചു കൊടുത്തു. ഈ ആഘോഷ





ത്തിന്റെ അന്ത്യത്തിൽ അവർ ഏഴുദിവസം നീണ്ടുനിന്ന കൂടാരത്തിരുനാൾ ആഘോഷിച്ചു. ഇക്കാര്യങ്ങളെല്ലാം വിവരിക്കുന്നത് എസ്രായുടെ ഗ്രന്ഥമല്ല മറിച്ച് നെഹമിയ 8-9 ആണ്. ജറുസലെമിന്റെ മതിൽ പണിയുമായി ബന്ധപ്പെടുത്താനാണ് അതു നെഹമിയായിൽ വിവരിക്കുന്നത്. എസ്രാ അന്നു വായിച്ചതു പഞ്ചഗ്രന്ഥത്തിന്റെ ഒരു ആദ്യരൂപമായിരിക്കണം. നിയമാവർത്തന വിവരണഭാഗങ്ങളോടു എസ്രായുടെ പുരോഹിത നിയമങ്ങൾ കൂട്ടിച്ചേർത്ത ഒരു ഗ്രന്ഥമായിരുന്നിരിക്കണം അത്.

എസ്രായുടെ തീരുമാനങ്ങളും പ്രവർത്തികളും ഫലമുളവാക്കി. വിപ്രവാസശേഷം ഇതുവരെയുണ്ടായിരുന്ന സമൂഹത്തിനു പ്രത്യാശ നല്കാൻ പലർക്കും കഴിഞ്ഞിരുന്നില്ല. ജനത്തിനു പ്രത്യാശ കൊടുത്തു ശക്തിപ്പെടുത്താനും വിശുദ്ധ ജനമെന്ന അവബോധം അവരിൽ വളർത്താനും ദേവാലയ-ആരാധനാ കേന്ദ്രീകൃതമായ ഒരു സമൂഹത്തെ രൂപപ്പെടുത്താനും അദ്ദേഹത്തിനു കഴിഞ്ഞു. പുതിയ ഇസ്രായേലിനുള്ള പുതിയ നിയമം നല്കിയ ആളാണ് എസ്രാ. ഇസ്രായേലിന്റെ വിവിധങ്ങളായ പഴയകാല പാരമ്പര്യങ്ങളെ ക്രമീകരിച്ചു സമൂഹത്തിന്റെ മാർഗ്ഗരേഖയായി പഞ്ചഗ്രന്ഥത്തിൽ എഴുതിയത് എസ്രായാണെന്നാണു പല പണ്ഡിതന്മാരും കരുതുന്നത്. ദേവാലയത്തിലെ വചനവ്യാഖ്യാന പാരമ്പര്യവും വേദപഠനപാരമ്പര്യവും എസ്രായിൽ നിന്നു ജന്മമെടുത്തതായിരിക്കണം.

## 4. നെഹെമിയ

ബാബിലോൺ പ്രവാസികളുടെ തിരിച്ചുവരവും ദേവാലയനിർമ്മാണവും തുടർന്നു നടത്തിയ മതനവീകരണവും എസ്രാ ഗ്രന്ഥം പ്രതിപാദിക്കുമ്പോൾ എസ്രായുടെ മതനവീകരണത്തോടനുബന്ധിച്ചു നടന്ന ജറുസലേം മതിലിന്റെ പുനരുദ്ധാരണമാണു നെഹെമിയ ഗ്രന്ഥം വിവരിക്കുന്നത്. എസ്രായുടെ ആഗമനത്തോടെ മതനവീകരണം നടപ്പായി. ഇസ്രായേൽക്കാരുടെ വീഴ്ചയ്ക്കു കാരണമായ മിശ്രവിവാഹത്തെ നഖശിഖാന്തം എതിർത്തുകൊണ്ട് എസ്രാ ജനങ്ങൾക്കു മോശയുടെ നിയമഗ്രന്ഥം വ്യാഖ്യാനിച്ചുകൊടുത്തു. പേർഷ്യൻ രാജാവായ അർത്താക്സെർക്സസിന്റെ ഇരുപതാംഭരണവർഷം ഹക്കാലിയായുടെ പുത്രനായ നെഹെമിയായുടെ അടുത്തേക്ക് അവന്റെ സഹോദരരിൽ ഒരുവനായ ഹനാനി ഏതാനും ആളുകളോടുകൂടെ യൂദായിൽനിന്നു വന്നു. പ്രവാസത്തിൽനിന്നു മടങ്ങിയെത്തിയവരുടെ ദയനീയാവസ്ഥയും ജറുസലെം മതിലുകൾ തകർന്നുകിടക്കുന്ന കാര്യവും അവർ

നെഹെമിയായെ അറിയിച്ചു. ഇതേത്തുടർന്ന് അർത്തക്സെർക്സസിന്റെ പാനപാത്രവാഹകനായ നെഹെമിയ ജറുസലെമിലേക്കു വന്നു.

ദേവാലയം സ്ഥിതിചെയ്തിരുന്ന ജറുസലെംപട്ടണം വിജാതീയരിൽനിന്നും ശത്രുക്കളിൽനിന്നും സംരക്ഷിക്കുന്നതിനു വേണ്ടിയായിരുന്നു മതിൽ പണിയേണ്ടിയിരുന്നത്. വർഷംതോറും യുദ്ധങ്ങളും ബലഹീനർക്കെതിരെയുള്ള കടന്നുകയറ്റങ്ങളും ആക്രമണങ്ങളും സർവ്വസാധാരണമായിരുന്ന പഴയകാലത്ത്, നാട്ടിലെ ജനത്തിനും അവരുടെ വസ്തുവകകൾക്കും സുരക്ഷിതത്വം നല്കിയിരുന്നതു ശക്തരായ ഭരണാധികാരികളും ശക്തമായ മതിലുകളാൽ സംരക്ഷിക്കപ്പെട്ട പട്ടണങ്ങളുമായിരുന്നു. രാജാവും സൈന്യവും താമസിച്ചിരുന്ന പട്ടണത്തിൽ തങ്ങൾക്കു വിലപ്പെട്ട സമ്പത്തെല്ലാം സുരക്ഷിതമായി സൂക്ഷിക്കാനും യുദ്ധകാലത്ത് അഭയകേന്ദ്രമായി ഉപയോഗിക്കുവാനും മതിലുകളുള്ള ഈ പട്ടണങ്ങൾ ജനങ്ങൾക്കു സഹായകമായിരുന്നു. പട്ടണത്തിന്റെ സുരക്ഷിതത്വമില്ലാത്തവർ യുദ്ധകാലത്തു ചിതറിക്കപ്പെടുകയും അവരുടെ സമ്പത്തെല്ലാം കവർച്ച ചെയ്യപ്പെടുകയും ചെയ്യുക പതിവായിരുന്നു. അതിനാലാണു ജറുസലേമിനും ഒരു മതിൽ അത്യന്താപേക്ഷിതമായിരുന്നത്. മതിലില്ലാതെ ജനത്തിനു സുരക്ഷിതരായിക്കഴിയാനോ വളരുവാനോ കഴിയുമായിരുന്നില്ല.

ഷേഷ്ബസാറിനെയും സെറുബാബേലിനെയും എസ്രായെയും പോലെ നെഹെമിയായും ഒരുകൂട്ടം പ്രവാസികളെ യൂദായിലേക്കു നയിച്ചു. ഒരു രാഷ്ട്രതന്ത്രജ്ഞനായിരുന്നതിനാൽ താൻ പ്രവൃത്തിയാരംഭിക്കുമ്പോൾ ഉണ്ടാകാവുന്ന എതിർപ്പുകളെ മുൻകൂട്ടിക്കാണാൻ അദ്ദേഹത്തിനു കഴിഞ്ഞു. അതുകൊണ്ടുതന്നെ ദേശത്ത് എത്തിച്ചേർന്ന ഉടനെ സാഹചര്യം വിലയിരുത്തിയശേഷം മതിലിന്റെ പണികൾ അദ്ദേഹം ആരംഭിച്ചു.

നെഹെമിയായുടെ (മതിലിന്റെ) പുനരുദ്ധാരണപദ്ധതി പുറത്തായതോടെ സമരിയായുടെ ഗവർണറായ സാൻബല്ലാത്തും അമ്മോന്റെ ഗവർണറായ തോബിയായും ഏദോം ഗവർണറായ ഗേഷെമും അറബു ഗോത്രങ്ങളും പണി മുടക്കുന്നതിന് ആളുകളെ അയച്ചു. അപ്പോൾ തന്റെ പണിക്കാരെ ആയുധസജ്ജരാക്കിയശേഷം അമ്പത്തിരണ്ടു ദിവസംകൊണ്ടു നെഹെമിയ മതിൽപണി പൂർത്തിയാക്കി. ജനം ഈ പ്രവൃത്തിയോടു പൂർണ്ണമായി സഹകരിച്ചുവെന്നു പണിയുടെ വേഗത തെളിയിച്ചു. താൻ രാജാവാകാൻ ശ്രമിക്കുകയാണന്ന ശത്രുക്കളുടെ ആരോപണം മുൻകൂട്ടിക്കാണാൻ അദ്ദേഹത്തിനു കഴിഞ്ഞു (6:1–14). അദ്ദേഹം അവരിൽനിന്നു തന്നെ രക്ഷിക്കണമെന്നു ദൈവത്തോടു പ്രാർത്ഥിക്കുകയും അവരെ ശപിക്കുകയും ചെയ്തു





(4:4–5). പണി പൂർത്തിയായതു ദൈവസഹായത്താലാണെന്നു കണ്ടപ്പോൾ ശത്രുക്കൾക്കു ധൈര്യം നഷ്ടമായി (6:16). അങ്ങനെ അന്നത്തെ പേർഷ്യൻ അധികാരികൾ അദ്ദേഹത്തെ ഏല്പിച്ച ജോലി വിജയകരമായി പൂർത്തിയായി (2:6–8; എസ്രാ 1–6; 7–10).

മതിലിന്റെ പണി പൂർത്തിയായെങ്കിലും നാട്ടിൽ ദൈവികനിയമം പാലിക്കപ്പെടുന്നില്ല എന്നു നെഹെമിയ കണ്ടു. അതുകൊണ്ടു വിവാഹത്തെ സംബന്ധിച്ചും സാബത്താചരണത്തെക്കുറിച്ചുമുള്ള നിയമങ്ങൾ ജറുസലെമിൽ പാലിക്കപ്പെടുന്നതിന് ആവശ്യമായ കാര്യങ്ങൾ അദ്ദേഹം ചെയ്തു. ഈ നിയമങ്ങൾ ആവർത്തിച്ചു പഠിപ്പിക്കേണ്ടിവന്നു എന്നതിൽനിന്ന് ഇവ യഹൂദരുടെ ജീവിതനിയമമായിരുന്നില്ല എന്നാണു തെളിയുന്നത്. നെഹെമിയ പലവിധ നിയമങ്ങളാൽ സമൂഹത്തെ നവീകരിക്കുകയും പലിശയില്ലാതെ പണം കടംകൊടുക്കുന്ന ക്രമം നാട്ടിൽ ആവിഷ്കരിക്കുകയും ചെയ്തു (5:1–13). കൂടാതെ ഗവർണർക്ക് അനുവദനീയമായ നികുതിപോലും കൈപ്പറ്റാതെ അദ്ദേഹം തന്റെ മേശയിൽനിന്ന് അനേകർക്കു ഭക്ഷണം നല്കിവന്നു (5:14–19)

അതിനുശേഷം അദ്ദേഹം ജറുസലെമിലുള്ള ജനക്ഷാമം പരിഹരിക്കാൻ നിശ്ചയിച്ചു. ബാബിലോണിൽനിന്നു തിരിച്ചെത്തിയവരും വംശാവലിവഴി കുടുംബം തെളിയിച്ചവരെയുമാണ് ഇതിനായി തിരഞ്ഞെടുത്തത് (7:5, 6–73).അതായത് ബാബിലോണിൽനിന്നു തിരിച്ചെത്തിയവരാണു യഥാർത്ഥ ഇസ്രയേൽ എന്നു സാരം.

നെഹെമിയ ബി.സി. 445 മുതൽ 433 വരെയായിരുന്നു ഗവർണറായിരുന്നത്. പിന്നീട് അദ്ദേഹം പേർഷ്യൻ തലസ്ഥാനമായ സൂസായിലേക്കു തിരികെപ്പോയി. ഒരു വർഷം കഴിഞ്ഞു വീണ്ടും യൂദായുടെ ഗവർണറായി നിയമിക്കപ്പെട്ടപ്പോൾ പഴയതുപോലെതന്നെ നിയമം അവഗണിക്കപ്പെടുന്നതായി അദ്ദേഹം കണ്ടു. അപ്പോൾ അദ്ദേഹം ജനം നിയമം പാലിക്കേണ്ടതിനു കർശനമായ നിർദ്ദേശങ്ങൾ നല്കി. സാബത്തിൽ കച്ചവടം നടത്തുന്നതു കർശനമായി നിർത്തുകയും മിശ്രവിവാഹങ്ങൾ വേർപ്പെടുത്തുകയും ലേവ്യർക്കു സ്ഥിരവരുമാനം ഉറപ്പു വരുത്തുകയും അമ്മോൻ ഗവർണറായിരുന്ന തോബിയായ്ക്കു പ്രധാനപുരോഹിതൻ അനുവദിച്ചു നല്കിയിരുന്ന ദേവാലയത്തിലെ ഒരു മുറിയിൽനിന്ന് അദ്ദേഹത്തിന്റെ സാധനങ്ങൾ പുറത്തെറിയുകയും ചെയ്തു (13:4–9).

ജറുസലെമിൽ ജനക്ഷാമം പരിഹരിക്കുന്നതിനുമുമ്പു തങ്ങളെ നിയമം വായിച്ചു കേൾപ്പിക്കാൻ ജനം എസ്രായോട് ഏകകണ്ഠമായി

അപേക്ഷിച്ചു (നെഹ 8:1). ലേവ്യർ പഠിപ്പിച്ചതനുസരിച്ചും എസ്രാ യുടെയും നെഹമിയായുടെയും പ്രോത്സാഹനംവഴിയും ജനം സന്തോഷത്തോടെയും അനുതാപത്തോടെയും നിയമം വായിച്ചുകേട്ടു. ദൈവികനിയമം നല്കുന്ന ആനന്ദത്തെക്കുറിച്ച് എസ്രാ ജനത്തോടു സംസാരിച്ചു (നെഹെ 8:10).

എസ്രായെപ്പോലെതന്നെ ജനവും നിയമം പഠിക്കാൻ നിശ്ചയിച്ചു (നെഹെ 8:13). അതിനായി ജോഷ്വായുടെ കാലത്തിനുശേഷം നടന്നിട്ടില്ലാത്തവിധത്തിൽ അവർ കൂടാരത്തിരുനാൾ ആഘോഷിച്ചു (നെഹെ 8:17).

പിന്നീട് ജനം വിജാതീയരിൽനിന്നു തങ്ങളെത്തന്നെ വേർതിരിക്കുകയും തങ്ങളുടെയും തങ്ങളുടെ പിതാക്കന്മാരുടെയും പാപങ്ങൾ ഏറ്റുപറയുകയും ചെയ്തു (നെഹെ 9:2-3). പണ്ടു മരുഭൂമിയിൽവച്ചും (9:16-18) പിന്നീടു ദേശത്തു താമസമാക്കിയപ്പോഴും (9:26-30) അവരുടെ പിതാക്കന്മാരും അവരെത്തുടർന്ന് ഇന്നുവരെയുള്ള ജനവും (9:33) കർത്താവിനെതിരേ പാപം ചെയ്തുവെന്ന് ഒരു ലേവ്യപ്രസംഗം (9:6) അവരെ ഉദ്ബോധിപ്പിച്ചു. ആരംഭകാലത്ത് അബ്രാഹത്തിനും (9: 7-8) ഈജിപ്തിൽവച്ചും സീനായിൽവച്ചും പിതാക്കന്മാർക്കും (9: 9-14) നിയമം നല്കുകയും ഭക്ഷണവും ജലവും നല്കി അവരെ വഴിനടത്തുകയും (9:15; 19: 21) അവർക്കു ദേശം നല്കുകയും (9:22-25) പ്രവാചകന്മാർവഴി അവർക്കു മുന്നറിയിപ്പു നല്കുകയും ചെയ്തിട്ടും (9:27-30) അവർ കർത്താവിനെ പരിത്യജിച്ചു. എങ്കിലും അവിടുന്നു ജനത്തെ കൈവിട്ടില്ല. വിപ്രവാസകാലത്തെ പരാജയങ്ങൾപ്പോലും കർത്താവിന്റെ കരുണ അവസാനിപ്പിക്കാൻ കാരണമായില്ല (9:31). ഇന്നുള്ള സാഹചര്യം ദൈവജനത്തിനു പൂർണ്ണസ്വാതന്ത്ര്യം നല്കുന്നതല്ല എന്ന പ്രഖ്യാപനത്തോടെയാണ് ഈ ഏറ്റുപറച്ചിൽ അവസാനിക്കുന്നത് (9:36-37; എസ്രാ 9:8-9). ഇതു നിസ്സാരമായി കരുതരുതെന്നു ദൈവത്തെ അനുസ്മരിപ്പിക്കുകയും ചെയ്യുന്നു (9:32). ദൈവത്തിന്റെ എല്ലാ നിയമങ്ങളും അനുസരിച്ചു കൊള്ളാമെന്നു ജനം അന്ന് ഉടമ്പടി ചെയ്തു (നെഹെ 10; കാണുക 10: 28; എസ്രാ 7:10). മിശ്രവിവാഹങ്ങളുടെ കാര്യത്തിലും സാബത്താചരണ ത്തിലും ദേവാലയത്തിനുള്ള വിറകിന്റെ കാര്യത്തിലും ആദ്യഫലങ്ങളുടെ സമർപ്പണത്തിന്റെ കാര്യത്തിലും ലേവ്യർക്കുള്ള ദശാംശത്തിന്റെ കാര്യത്തിലും ദേവാലയത്തെ സംരക്ഷിക്കുന്ന കാര്യത്തിലും ശ്രദ്ധിച്ചുകൊള്ളാമെന്നു ജനം നിശ്ചയിച്ചു. അങ്ങനെ നെഹെ 8-10 ൽ കാണുന്നതു ദൈവികനിയമത്തിൽ അടിയുറച്ചതാകാൻ ആഗ്രഹിക്കുന്ന





ഒരു സമൂഹത്തിന്റെ ചിത്രമാണ്. അവർ നിയമം വായിച്ചു കേട്ടു, അനുതപിച്ചു, പാപങ്ങൾ ഏറ്റു പറഞ്ഞു, നിയമമനുസരിച്ചു ജീവിച്ചു കൊള്ളാമെന്ന് പ്രതിജ്ഞ ചെയ്യുകയും ചെയ്തു.

### *നെഹമിയായുടെ മറ്റു പ്രവർത്തനങ്ങൾ*

ജറുസലെമിലെ ജനക്ഷാമം പരിഹരിക്കുന്നതിനായി നവീകരിക്കപ്പെട്ട സമൂഹം തങ്ങളിൽ പത്തിൽ ഒരാൾവച്ചു ജറുസലെമിൽപോയി താമസിക്കാൻ നിശ്ചയിച്ചു. നെഹെമിയ മുമ്പ് ആരംഭിച്ച പദ്ധതിയായിരുന്നു ഇത് (നെഹെ 7:1-5). തുടർന്നു ജറുസലെമിലും (11:3-24) ഗ്രമങ്ങളിലും (11:25-36) താമസിക്കുന്നവരുടെ ഒരു പട്ടിക അവർ തയ്യാറാക്കി. അതുപോലെതന്നെ ലേവ്യരുടെയും പുരോഹിതരുടെയും നവീകരണകാലത്തെ പ്രധാന പുരോഹിതന്മാരുടെയും ഒരു പട്ടികയും (12:1-26).

ജറുസലെമിലെ ജനക്ഷാമം പരിഹരിച്ചതിനുശേഷം അവർ ജറുസലെംമതിലിന്റെ പ്രതിഷ്ഠ നടത്തി. എസ്രായും നെഹമിയായും നയിച്ച രണ്ടു പ്രദക്ഷിണങ്ങളോടുകൂടിയാണ് ഈ ചടങ്ങു നടന്നത്. മതിലിന്റെ പ്രതിഷ്ഠയുടെ സമയത്തെ സന്തോഷം (12:43) നിയമം കേട്ടപ്പോളുണ്ടായ സന്തോഷംപോലെയും ദേവാലയത്തിന്റെ പണിയാരംഭിച്ച അവസരത്തിലേതുപോലെയും (എസ്രാ 3:12-13) ദേവാലയപ്രതിഷ്ഠയുടെ സമയത്തേതുപോലെയും (എസ്രാ 6:16) ആയിരുന്നു. അവരുടെ ആഹ്ലാദം വിദൂരതയിൽ കേൾക്കാമായിരുന്നു (നെഹെ 12: 43; എസ്രാ 3:13).

ദാവീദിന്റെ മാതൃക പിൻതുടർന്നുകൊണ്ടു പുരോഹിതന്മാർക്കും ദേവാലയത്തിനുമുള്ള സംഭാവനകൾക്കു മേൽനോട്ടക്കാരെ നിയമിക്കുകയും (നെഹെ 12:44-47) ജനം വിജാതീയരിൽനിന്നു വേർപിരിയാനുള്ള തീരുമാനമെടുക്കുകയും (13:1-3) ചെയ്തതിനു ശേഷം മറ്റു ചില നവീകരണകർമ്മങ്ങളും നെഹെമിയ തന്റെ രണ്ടാമത്തെ ഭരണകാലത്തു നടപ്പാക്കി. ലേവ്യർക്കു ലഭിക്കേണ്ട ഓഹരി പുന:സ്ഥാപിച്ചു, സാബത്താചരണം കർശനമാക്കി (13:15-22), വിജാതീയരായ ഭാര്യമാരുള്ളവരെയും ഹെബ്രായഭാഷ സംസാരിക്കാൻ അറിവില്ലാത്ത മക്കളുണ്ടായിരുന്നവരെയും ശാസിച്ചു (നെഹെ 13:23-27). സമറിയായിലെ ഗവർണറായ സാൻബല്ലാത്തിന്റെ മകളെ വിവാഹം ചെയ്തിരുന്ന പ്രധാനപുരോഹിതന്റെ പുത്രനെ ദേവാലയത്തിൽനിന്നു പുറത്താക്കി (13:28-29). വിജാതീയ ആചാരങ്ങളിൽനിന്നു സമൂഹത്തെ മുക്തമാക്കി, പുരോഹിതൻമാരെയും ലേവ്യരെയും ജോലിയിൽ നിയമിച്ചു (13:30). ദേവാലയത്തിനാവശ്യമായ വിറകിനുള്ള

ക്രമീകരണങ്ങൾ ചെയ്തു (13:31). നെഹെമിയയോടൊപ്പം ഉടമ്പടിചെയ്ത ജനത്തിന്റെ (നെഹെ 10) മനസ്സനുസരിച്ചുള്ള നവീകരണങ്ങളായിരുന്നു ഇതെല്ലാം. ലക്ഷ്യങ്ങൾ എത്ര വലുതായിരുന്നാലും നേതൃത്വം എത്ര ശക്തമായിരുന്നാലും നവീകരണം സാധ്യമാകാൻ സമയമെടുക്കുമെന്ന സന്ദേശമാണ് എസ്രാ–നെഹെമിയ ഗ്രന്ഥങ്ങൾ നല്കുന്നത്.

## എസ്രായും പഴയനിയമ കാനനും

പഴയനിയമ കാനൻ ശരിപ്പെടുത്തിയത് എസ്രായാണെന്നാണു യഹൂദ പാരമ്പര്യം. അതുകൊണ്ട് എസ്രായ്ക്കുശേഷം എഴുതപ്പെട്ട ഏഴുഗ്രന്ഥങ്ങളെ അവർ കാനോനികമായി അംഗീകരിക്കുന്നില്ല എന്നാണു പറയാറുള്ളത്. എന്നാൽ യഹൂദരുടെതന്നെ മറ്റൊരു പാരമ്പര്യമനുസരിച്ച് എ.ഡി. 85–95 കാലഘട്ടത്തിലെ യാവ്നെയിലെ യഹൂദ കൗൺസിലാണു കാനൻ നിശ്ചയിച്ചത്. മറ്റു ചില യഹൂദ പാരമ്പര്യമനുസരിച്ച് ഉത്തമഗീതം, സഭാപ്രസംഗകൻ തുടങ്ങിയ ഗ്രന്ഥങ്ങളെക്കുറിച്ചുള്ള തീരുമാനം എ.ഡി. 2–3 നൂറ്റാണ്ടുകൾവരെ നീണ്ടുനിന്നിരുന്നു. ഇങ്ങനെ കാനനെക്കുറിച്ചു വ്യത്യസ്തങ്ങളായ പാരമ്പര്യങ്ങളാണു യഹൂദരുടെ ഇടയിൽ ഉള്ളത്. അതുകൊണ്ടുതന്നെ യാവ്നെയിൽവച്ച് യഹൂദർ തങ്ങളുടെ കാനൻ നിശ്ചയിച്ചു എന്ന വാദം അസ്വീകാര്യമാണ്.

എസ്രായുടെ കാലത്തു പഞ്ചഗ്രന്ഥത്തിന്റെ ഒരു ആദ്യ പതിപ്പ് ഉണ്ടായിരുന്നു എന്നു കരുതാം. അതു പൂർണമായിരുന്നില്ല. പ്രവാചകഗ്രന്ഥങ്ങളിൽ ചിലത് ഉണ്ടായിരുന്നിരിക്കണം. എസ്രായ്ക്കുശേഷം എഴുതപ്പെട്ട പ്രവാചകഗ്രന്ഥങ്ങളുമുണ്ട് (യോന, ജോയേൽ, സക്ക 9–14, ദാനിയേൽ). യഹൂദരുടെ പിതാവ് എന്നാണ് എസ്രാ അറിയപ്പെടുന്നത്. കാരണം ഇസ്രായേലിന്റെ വിശ്വാസവും മതജീവിതവും പുതിയ അടിസ്ഥാനമായ വചനത്തിലും ആരാധനക്രമത്തിലും ആചാരങ്ങളിലും അദ്ദേഹം കെട്ടിപ്പടുത്തു. ജനത്തിന് എന്നും മാർഗ്ഗദർശിയായി വചനത്തെ അദ്ദേഹം ക്രമീകരിച്ചു. എസ്രായോടുകൂടിയാണു വചനഗ്രന്ഥത്തിലടിസ്ഥാനമിട്ട ജനം രൂപംകൊണ്ടത്. എസ്രായുടെ സമയം മുതലാണ് ഇസ്രായേൽക്കാർ യഹൂദർ എന്നറിയപ്പെട്ടു തുടങ്ങിയത്. യൂദായുടെ മതമുള്ളവരാണു യഹൂദർ.

## സമറിയക്കാർ

ജറുസലെമിന്റെ മതിൽ പണിയുന്ന സമയത്തു നെഹെമിയായുടെ ഒരു പ്രധാന ശത്രു സമറിയായിലെ ഗവർണറായ സാൻബല്ലാത്ത് ആയിരുന്നു. പഴയ ഇസ്രായേലിന്റെ കേന്ദ്രമായിരുന്നല്ലോ സമറിയ (7:12–16). ദാവീദിന്റെ കാലംമുതൽ യൂദായിലെ രാജാക്കന്മാരുടെ ദൈവികമായ അവകാശവാദ ങ്ങളെക്കുറിച്ചു വടക്കൻ ഗോത്രങ്ങൾക്കു





സംശയ മുണ്ടായിരുന്നു എന്നുവേണം കരുതാൻ (1രാജാ 12:1–24). ദൈവം ദാവീദിനു നിത്യമായ രാജ്യം വാഗ്ദാനംചെയ്തു എന്നു പറയുന്ന പാരമ്പര്യം അവരിൽ സംശയങ്ങൾ ജനിപ്പിച്ചിരുന്നു (2സാമു 7:12–16).

ബി. സി. 722–721–ൽ സമറിയ തകർക്കപ്പെട്ടപ്പോൾ ചരിത്രത്തിലെ അതിപ്രധാനമായ ഒരു സമയം വന്നു. ജനത്തെ നാടുകടത്തിയ ചക്രവർത്തി ബാബിലോൺ, കൂത്താ, അവ്വ, ഹമാത്ത്, സേഫെർവൈയിം എന്നിവിട ങ്ങളിൽനിന്ന് ആളുകളെ കൊണ്ടുവന്നു സമറിയ പ്രദേശത്തു കുടിയിരുത്തി (2രാജാ 17:24). അവർ ദേശത്തിന്റെ ദേവനായ യാഹ്വെയെ ആരാധിക്കുന്നതിനോടൊപ്പം തങ്ങളുടെ വിഗ്രഹങ്ങളെയും ആരാധിച്ചുപോന്നു എന്നാണു ബൈബിളിലെ വിവരണം (2രാജാ 17:41). അവരാണത്രേ സമറിയക്കാർ. എന്നാൽ, ഇതിനുശേഷം ജോസിയ വടക്കുള്ള ഗോത്രങ്ങളെ തന്റെ അധീനതയിൽ കൊണ്ടുവന്നിരുന്നു എന്നും ബൈബിൾ വിവരിക്കുന്നുണ്ട്. വിപ്രവാസശേഷം യൂദായിൽ തിരിച്ചെത്തിയവർ മതനവീകരണം നടപ്പായപ്പോൾ യഥാർത്ഥ ഇസ്രയേലായി സ്വയം കരുതുകയും തങ്ങളുടെ കാഴ്ച്ചപ്പാടനുസരിച്ചു പുതിയ സമൂഹത്തെ ക്രമീകരിക്കുകയും ചെയ്തപ്പോൾ അവരിൽനിന്നു പുറത്താക്കപ്പെട്ടവരാണു സമറിയക്കാരായി ത്തീർന്നതെന്നു ന്യായമായും അനുമാനിക്കാം. അതുകൊണ്ടുതന്നെ തങ്ങളുടെ ഏറ്റവും വലിയ ശത്രുവായി ഇന്നത്തെ സമറിയക്കാർ കണക്കാക്കുന്നതു യഹൂദർ തങ്ങളുടെ പിതാവെന്നു കണക്കാക്കുന്ന എസ്രായെയാണ് (സമറിയാക്കാരുടെ വിശ്വാസ പ്രമാണത്തിൽ).

# 5. യവനകാലഘട്ടത്തിലെ പ്രബോധനരീതി

## യവനകാലഘട്ടത്തിന്റെ ചരിത്രം

പേർഷ്യക്കാരനായ സൈറസ് ബാബിലോൺ കീഴ്പ്പെടുത്തി പ്രവാസികളെ സ്വതന്ത്രരാക്കിയപ്പോൾ പേർഷ്യൻ കാലഘട്ടം ആരംഭിച്ചു. ഇക്കാലഘട്ടത്തിലാണു ദിനവൃത്താന്തചരിത്രത്തിലെ വിവരണങ്ങൾ എഴുതപ്പെട്ടത്. പേർഷ്യക്കാർ പിന്നീടു ഗ്രീസിനെ കീഴ്പ്പെടുത്താൻ രണ്ടു ശ്രമങ്ങൾ നടത്തി (ബി.സി. 490: ദാരിയൂസ്; ബി.സി. 480: സെർക്സെസ്) എന്നാൽ വിജയിച്ചില്ല. അതുകൊണ്ടു കൈക്കൂലികൊടുത്തു ഗ്രീക്കുപട്ടണങ്ങളെ പരസ്പരം കലഹിപ്പിച്ചു നിർത്തുകയാണു പേർഷ്യക്കാർ ചെയ്തത്. തുടർന്ന്, ഗ്രീക്കുനഗരങ്ങളായ ഏതെൻസും സ്പാർട്ടയും തമ്മിൽ കടുത്ത ആഭ്യന്തര യുദ്ധത്തിലായി. ബി.സി. 459 മുതൽ 404 വരെ നീണ്ടുനിന്ന ഈ വൈരം

രണ്ടുകൂട്ടരെയും തളർത്തി. എങ്കിലും ഗ്രീസിന്റെ സാംസ്കാരിക ജീവിതം ഇക്കാലത്ത് ഉയർന്നുതന്നെ നിന്നു.

ഗ്രീക്കുകാർ മികവുറ്റ യോദ്ധാക്കളായിരുന്നു. അതുകൊണ്ടുതന്നെ പേർഷ്യക്കാർക്കും മറ്റു വിദേശരാജ്യങ്ങൾക്കുംവേണ്ടി അവർ യുദ്ധവും കൊള്ളയും നടത്തുമായിരുന്നു. പല ഗ്രീക്കു നഗരങ്ങളുംചേർന്നു പലവിധ സംഘങ്ങൾ ഇക്കാലത്തു രൂപീകരിച്ചിരുന്നു. അങ്ങനെയിരിക്കെ ഗ്രീസിന്റെ വടക്കുഭാഗത്തുള്ള മാസിഡോണി യായുടെ രാജാവായ ഫിലിപ്പ് തന്റെ ആധിപത്യം വിപുലമാക്കി ത്തുടങ്ങി. തുടർന്ന് ദേശത്തെ പ്രധാന രാജാവായി ഗ്രീക്കുകാർ അദ്ദേഹത്തെ അംഗീകരിച്ചു. കാരണം ബി.സി. 338-ലെ യുദ്ധത്തിൽ അവരെ അദ്ദേഹം നിശ്ശേഷം പരാജയപ്പെടുത്തി. രണ്ടുവർഷത്തിനു ശേഷം അദ്ദേഹം വധിക്കപ്പെടുകയും അന്ന് ഇരുപതു വയസ്സുമാത്രം പ്രായമുണ്ടായിരുന്ന അയാളുടെ പുത്രൻ അലക്സാണ്ടർ രാജാവായി ത്തീരുകയും ചെയ്തു (ബി.സി. 356-323). ഗ്രീക്കു സംസ്കാരത്തിൽ പിതാവു വളർക്കൊണ്ടുവന്നവനായിരുന്നു അലക്സാണ്ടർ. വലിയ തത്വജ്ഞാനിയായ അരിസ്റ്റോട്ടിലായിരുന്നു അദ്ദേഹത്തിന്റെ ഗുരു. അതിനാൽ ഗ്രീക്കു സംസ്കാരത്തിലെ എല്ലാറ്റിനെയും അലക്സാണ്ടർ തീവ്രമായി സ്നേഹിച്ചിരുന്നു. ആ സംസ്കാരത്തിനു ലോകത്തെ ഉടച്ചുവാർക്കാനുള്ള കഴിവുണ്ടെന്ന് അദ്ദേഹം കരുതി.

ഗ്രീക്കു പട്ടണമായ തേബെസ് അലക്സാണ്ടറിനെതിരേ വിപ്ലവം സൃഷ്ടിച്ചപ്പോൾ അത് അദ്ദേഹം ക്രൂരമായി അമർച്ച ചെയ്തു. ഇതു മറ്റുപട്ടണങ്ങളെ ഭയപ്പെടുത്തുകയും അവർ അദ്ദേഹത്തെ നേതാവായി സ്വീകരിക്കുകയും ചെയ്തു. തുടർന്ന് ബി.സി. 334-ൽ അലക്സാണ്ടർ പേർഷ്യൻ സാമ്രജ്യത്തിനെതിരേ യുദ്ധം ആരംഭിച്ചു. മൂന്നു വർഷത്തെ മൂന്നു യുദ്ധങ്ങളിലൂടെ അദ്ദേഹം വലിയ പേർഷ്യൻ സാമ്രജ്യത്തെ പൂർണ്ണമായി പരാജയപ്പെടുത്തി. പിതാവായ ഫിലിപ്പ് വികസിപ്പിച്ച ഫലാങ്ക്സ് എന്ന യുദ്ധ വിദ്യാലയത്തിലൂടെയാണ് അദ്ദേഹം വിജയം കൊയ്തത്. ഒരു അസ്ത്രത്തിന്റെ മുനപോലെ ഒരുമിച്ചുചേർന്ന് അണിനിരന്ന അയാളുടെ പട്ടാളത്തെ ചിതറിക്കുക സാധ്യമായി രുന്നില്ലെന്നു മാത്രമല്ല നിമിഷനേരത്തിനുള്ളിൽ അവരുടെ നീക്ക ത്തിന്റെ ഗതി നിയന്ത്രിക്കാൻ അതിന്റെ നായകനു കഴിയുമായിരുന്നു. അതേസമയം പലരാജ്യങ്ങളിലും ഭാഷക്കാരിലും നിന്നുമായി എത്തിച്ചേർന്ന വലിയ പേർഷ്യൻ പട്ടാളത്തിന് ഒരുമിച്ചു പ്രവർത്തിക്കുക വിഷമകരമായിരുന്നു. അതുകൊണ്ടുതന്നെ അലക്സാണ്ടറുടെ മുന്നിൽ പേർഷ്യക്കാർ എല്ലായിടത്തും പരാജയപ്പെട്ടു. അവസാനം ദാരിയൂസ്





മൂന്നാമൻ ചക്രവർത്തി പലായനം ചെയ്തു. ഗ്രീക്കുകാർ അദ്ദേഹത്തെ പിൻതുടർന്നു. അലക്സാണ്ടറുമായി സമാധാനമുണ്ടാ ക്കാനായി ദേശവാസികൾ ദാരിയൂസ് മൂന്നാമനെ വധിച്ചു.

അങ്ങനെ അലക്സാണ്ടർ അഫ്ഗാനിസ്ഥാൻമുതൽ മാസിഡോ ൺവരെ നീണ്ടുകിടക്കുന്ന മഹാസാമ്രാജ്യത്തിന്റെ ചക്രവർത്തിയായി. തുടർന്ന് അദ്ദേഹം മെഡിറ്ററേനിയൻ ലോകത്തേക്കു പോയി പാലസ്തീനായും ഈജിപ്തും കീഴ്പ്പെടുത്തി. ഈജിപ്തിൽ തന്റെ പേരിൽ ഒരു നഗരവും - അലക്സാണ്ട്രിയ - അദ്ദേഹം സ്ഥാപിച്ചു. തുടർന്ന് അദ്ദേഹം ഇന്ത്യയിലേക്കു നീങ്ങി സിന്ധുനദീതടംവരെ എത്തി. എന്നാൽ അപ്പോഴേക്കും അദ്ദേഹത്തിന്റെ പട്ടാളം തളർന്നു കഴിഞ്ഞിരുന്നു. കാരണം പലവിധ ജനതകളെയും ദേശങ്ങളെയു മാണവർ കണ്ടത്. ആയുധധാരികളായ ആനകളെപ്പോലും അവർ കണ്ടു. ബി.സി. 326-ൽ തിരികെപ്പോകാൻ അലക്സാണ്ടർ നിർബന്ധിതനായി. യുദ്ധത്തിന്റെ മുറിവുകളുടെ ഫലമായും പനി ബാധിച്ചും മൂന്നു വർഷങ്ങൾക്കുശേഷം അലക്സാണ്ടർ മരിച്ചു (ബി.സി. 323).

മുപ്പത്തിമൂന്നു വർഷംമാത്രം ജീവിച്ച അലക്സാണ്ടർ ഒരു വീരപുരുഷനായി മാറിയെന്നുമാത്രമല്ല മധ്യപൂർവ്വദേശത്തെ രൂപാന്തര പ്പെടുത്താൻ കഴിവുള്ള ഒരു ചിന്താധാരക്കു തുടക്കം കുറിക്കാനും അദ്ദേഹത്തിനു കഴിഞ്ഞു: എല്ലാ ജനതകൾക്കും സമാധാനത്തിൽ ഒന്നുചേർന്നു ജീവിക്കാൻ സാധിക്കും എന്നദ്ദേഹം വിശ്വസിച്ചിരുന്നു. ഇതു സാധ്യമാകാൻ എല്ലാവരും ഏകസംസ്കാരത്തിൽ ജീവിച്ചു തുടങ്ങിയാൽ മതി. എല്ലാ ജനതകളുടെയും സംസ്കാരത്തെ അദ്ദേഹം അംഗീകരിച്ചു. ഈജിപ്തിൽ അദ്ദേഹം സ്വയം അവരുടെ ഫറവോയായി സ്ഥാനമേറ്റെടുത്തു. ബാബിലോണിൽ അദ്ദേഹം അവിടുത്തെ ചക്രവർത്തിയുടെ നാമം സ്വീകരിക്കുകയും ദേശത്തിന്റെ ദേവനായ മർദൂക്കിനെ ആരാധിക്കുകയും ചെയ്തു. പേർഷ്യയിൽ അദ്ദേഹം അവരുടെ ചക്രവർത്തിയുടെ പിൻഗാമിയായി സ്വയം പ്രഖ്യാപിച്ചു. പലദേശങ്ങളിൽ നിന്നായി അദ്ദേഹം പല സ്ത്രീകളെയും വിവാഹം ചെയ്തു. ഓരോ നാട്ടിലും അവിടുത്തെ വസ്ത്രം ധരിച്ച് അവരുടെ ഇടയിൽ ഒരുവനായി ജീവിച്ചു. ജനതകളെ ഏകീകരിക്കുന്നതിന്റെ ആദ്യപടിയായി തന്റെ സാമ്രാജ്യം മുഴുവനിലും ഗ്രീക്കുഭാഷ ആശയവിനിമയത്തിനുള്ള മാധ്യമമാക്കിത്തീർക്കാൻ അദ്ദേഹം പലകാര്യങ്ങളും ചെയ്തു. രാജ്യത്തെമ്പാടും ഗ്രീക്കുനഗരങ്ങളും തുറമുഖങ്ങളും സ്ഥാപിച്ചു. ദേശത്തു മുഴുവൻ തന്റെ പട്ടാളക്കാരെ താമസിപ്പിക്കുകയും അവരും പ്രദേശത്തുള്ള സ്ത്രീകളുമായുള്ള

വിവാഹം പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അങ്ങനെ പലവിധ ത്തിലും ഗ്രീക്കു സംസ്കാരത്തെ അദ്ദേഹം പ്രോത്സാഹിപ്പിച്ചു.

അലക്സാണ്ടറിന്റെ മരണശേഷം ആ സാമ്രാജ്യം അദ്ദേഹത്തിന്റെ നാലു പട്ടാളമേധാവികൾ പങ്കിട്ടെടുത്തു. ത്രേസ് ലഭിച്ചതു ലിസിമാക്കൂസിനായിരുന്നു, മാസിഡോണിയായും ഗ്രീസും കസാണ്ടറിനും സിറിയായും കിഴക്കൻ ഭാഗങ്ങളും ആദ്യം ആന്റിഗൊണൂസിനും തുടർന്നു സെലെവുക്കസിനും, ഈജിപ്തും പാലസ്തീനും ടോളമിക്കും ലഭിച്ചു. എന്നാൽ പാലസ്തീനായുടെമേൽ സെലെവുക്കുകളും ടോളമിയും അവകാശവാദം ഉന്നയിച്ചു കൊണ്ടിരുന്നു. ഏകദേശം ഒരു നൂറ്റാണ്ടിലേറെ അതു ടോളമിയുടെ കീഴിലായിരുന്നു. എന്നാൽ ബി.സി. 200/198 -ലെ പാനിയൻ യുദ്ധത്തിലൂടെ പാലസ്തീനാ സിറിയായിലെ അന്ത്യോക്കസ് മൂന്നാമന്റെ അധീനതയിൽ വന്നു.

## യവനസംസ്കാരം

ഗ്രീക്കുകാർ തങ്ങളെതന്നെ വിശേഷിപ്പിച്ചിരുന്നതു യവനരെന്നാണ് (ഹെല്ലെൻസ്). ഗ്രീക്കു സ്വാധീനത്തിനാണു യവനസ്വാധീനമെന്നു പറയുന്നത്. അലക്സാണ്ടറിന്റെ വരവോടെ ഗ്രീക്കു സംസ്കാരവും പ്രാദേശിക സംസ്കാരങ്ങളും ചേർന്ന് ഒരു സംയുക്തസംസ്കാരം മധ്യപൂർവ്വദേശംമുഴുവനിലും രൂപംകൊണ്ടു. അലക്സാണ്ടറിന്റെ കാലത്തിനുമുമ്പുതന്നെ ഗ്രീക്കു നാണയങ്ങളും പാത്രങ്ങളും സാമ്രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലെന്നപോലെ പാലസ്തീനായിലും എത്തിത്തുടങ്ങിയിരുന്നു. ഗ്രീക്കു ശൈലിയിലുള്ള ഫർണിച്ചറുകൾ ധനികരുടെ ഭവനങ്ങളിൽ സുലഭമായിരുന്നു.

അലക്സാണ്ടറിന്റെയും അദ്ദേഹത്തെ പിൻതുടർന്ന ടോളമിയുടെയും പ്രവർത്തനശൈലി യഹൂദരെ കൂടുതൽ യവനസ്വാധീനത്തിലേക്കു കൊണ്ടുവന്നു. ടോളമി ധാരാളം പുതിയ യവനനഗരങ്ങൾ പണിയുകയും ഗ്രീക്കുകാരെ അവിടെയെല്ലാം ഭരണാധികാരികളായി നിയമിക്കുകയും ചെയ്തു. ശക്തമായ രാജ്യം വിഭാവനം ചെയ്യുന്ന തരത്തിൽ നികുതി സംവിധാനം ക്രമീകരിക്കുകയും പ്രദേശവാസികളും ഗ്രീക്കുകാരുമായുള്ള കച്ചവടം പ്രോത്സാഹിപ്പിക്കുകയും ചെയ്തു. പുതിയ നഗരങ്ങളിൽ ഗ്രീക്ക് അമ്പലങ്ങളും വ്യായാമത്തിനു ജിംനേഷ്യങ്ങളും കുതിരയോട്ടത്തിനു സ്റ്റേഡിയങ്ങളും ആരോഗ്യപരിപാലനത്തിനും വിദ്യാഭ്യാസത്തിനും യുവജന കേന്ദ്രങ്ങളും അതോടൊപ്പം തിയേറ്ററുകളും അവർ സ്ഥാപിച്ചു. വിദൂരയാത്ര ചെയ്യുകയോ ഭരണതലത്തിൽ പ്രധാന ജോലികൾ





ആഗ്രഹിക്കുകയോ ചെയ്യുന്നവർ ഗ്രീക്കു ഭാഷ അറിഞ്ഞിരിക്കണമെന്നതു നിർബന്ധമായി. യവനഭാഷയും ശാസ്ത്രീയമായ പഠനരീതിയും തത്വശാസ്ത്ര വിദ്യാഭ്യാസവും അതു സ്വന്തമാക്കിയവരിൽ ഒരു ശ്രേഷ്ഠതാമനോഭാവം സൃഷ്ടിച്ചു. എന്നാൽ ഇവയൊക്കെ സാധ്യമായിരുന്നതു യൂദായിലെ സമ്പന്നർക്കു മാത്രമായിരുന്നു. ഇത്, യവനരുമായി ഒന്നുചേർന്നു നില്ക്കുന്നതിൽ തങ്ങളുടെ വലിയഭാവി കണ്ടെത്തിയ ധനികരുടെയും പരമ്പരാഗതമായ സംസ്കാരവും വിശ്വാസവും കാത്തുസൂക്ഷിച്ച സധാരണക്കാരുടെയും ഇടയിൽ ഒരു വലിയ വിടവു സൃഷ്ടിക്കുന്നതിനു കാരണമായി. പല യുവാക്കളും താത്പര്യത്തോടെ ഗ്രീക്കു സംസ്കാരം സ്വന്തമാക്കി. അതോടൊപ്പം ഭൗതികവസ്തുക്കളോടുള്ള ഒരു അഭിനിവേശവും അലസതയും ഇന്ദ്രിയസുഖങ്ങളോടുള്ള താത്പര്യവും യഹൂദമതത്തിനും പാരമ്പര്യത്തിനും അജ്ഞാതമായ മറ്റു കാര്യങ്ങളും ജീവിതത്തിലേക്കു കടന്നുവന്നു. അതോടൊപ്പംതന്നെ പേർഷ്യയിലെയും മറ്റു രാജ്യങ്ങളിലെയും ചിന്താരീതികളും ആശയങ്ങളും യഹൂദമതത്തിലേക്കു കടന്നുവന്നു കഴിഞ്ഞിരുന്നു. അപ്പോകാലിപ്റ്റിക് ഭാഷ, സ്വർഗ്ഗം, നരകം, മരണാനന്തരജീവിതം തുടങ്ങിയവയെക്കുറിച്ചുള്ള കാഴ്ചപ്പാട് എന്നിവയെല്ലാം ഇങ്ങനെ ബൈബിളിലേക്കു കടന്നുവന്ന കിഴക്കൻ ആശയങ്ങളാണ്. എല്ലായിടത്തും ആളുകൾ ഇങ്ങനെ പുതിയ രീതികളിൽ ചിന്തിച്ചുതുടങ്ങിയ കാലമായിരുന്നു അത്.

യഹൂദർക്ക് ഈ ആശയങ്ങളുടെ പ്രചരണത്തെ തടയിടാൻ കഴിഞ്ഞില്ല. ഈജിപ്തിലും ഫിലിസ്ത്യയിലും ഗലീലിയിലും ഫിനിഷ്യയിലും ജോർദാനക്കരയുമെല്ലാം യവന ആശയങ്ങൾക്കൊണ്ടു നിറഞ്ഞുകഴിഞ്ഞിരുന്നു. സമരിയതന്നെയും യവനപ്രദേശമായി മാറിക്കഴിഞ്ഞിരുന്നു. പുതിയനിയമത്തിൽ പറയുന്ന ഡെക്കാപോളിസ് - പത്തുനഗരങ്ങൾ - ക്രിസ്തുവിനു രണ്ടു നൂറ്റാണ്ടുമുൻപുതന്നെ ഗലീലിയിലും ജോർദ്ദാനക്കരയും വളർന്നുകഴിഞ്ഞിരുന്നു. യഹൂദജനതയുടെ വിശ്വാസജീവിതം വെല്ലുവിളികൾ നേരിട്ട ഇക്കാലഘട്ടത്തിൽ അതായതു പേർഷ്യൻ കാലഘട്ടത്തിന്റെ അവസാനത്തിലോ യവനകാലഘട്ടത്തിലോ യഹൂദജനതയെ തങ്ങളുടെ പരമ്പരാഗതവിശ്വാസത്തിൽ ഉറപ്പിക്കുന്നതിനുവേണ്ടി ചെറു നോവലുകളുടെ രൂപത്തിൽ വിരചിതമായ ഗ്രന്ഥങ്ങളാണ് എസ്തേർ, യൂദിത്ത്, റൂത്ത്, തോബിത് എന്നിവ.

# 6. തോബിത്ത്

ചരിത്രത്തിലെ ഏതോ സംഭവം ആസ്പദമാക്കി ബി.സി. 4-3 നൂറ്റാണ്ടുകളിൽ സ്വതന്ത്രമായി എഴുതപ്പെട്ട ഒരു പ്രബോധനകഥയാണു തോബിത്ത്. നഫ്ത്താലി ഗോത്രജനായ തോബിത്ത് ബി.സി. 721-ൽ വടക്കൻ രാജ്യമായ ഇസ്രായേലിൽനിന്ന് അസ്സീറിയയുടെ തലസ്ഥാനമായ നിനെവേയിലേയ്ക്കു നാടുകടത്തപ്പെട്ടവരിൽ (2രാജാ 17) ഒരുവനായിരുന്നു. ഉത്തമ മതാനുയായിരുന്ന അദ്ദേഹം ദൈവകല്പനകൾക്കനുസൃതം ജീവിതം നയിച്ചതിന്റെ കഥയാണ് ഈ ഗ്രന്ഥം വിവരിക്കുന്നത്. പേർഷ്യൻ ആധിപത്യത്തിൻകീഴിലോ യവനാധിപത്യത്തിൻകീഴിലോ ജീവിച്ചതിന്റെ ഫലമായി വിശ്വാസ-ധാർമ്മിക മൂല്യങ്ങൾ നഷ്ടപ്പെട്ട സമൂഹത്തെ മതാത്മകത പഠിപ്പിക്കാൻ എഴുതപ്പെട്ട കഥയാണിത്. ഗ്രീക്കുഭാഷയിലുള്ള പരിഭാഷയുടെ വിവർത്തനമാണ് ഇന്നത്തെ തോബിത്തിന്റെ പുസ്തകം. ഈ ഗ്രന്ഥത്തിന്റെ അറമായഭാഷയിലുള്ള മൂലകൃതി നഷ്ടപ്പെട്ടതിനെത്തുടർന്നു ഗ്രീക്കു ഭാഷയിലുള്ള തർജ്ജമ മാത്രമാണിന്നു മൂലകൃതിയായുള്ളത്. എന്നാൽ തോബിത്തിന്റെ പഴയ ഹെബ്രായ കൈയെഴുത്തുപ്രതികളുടെ ഭാഗങ്ങൾ കയ്റോയിലെ ഗനീസയിൽ നിന്നും മസാദയിൽനിന്നും കണ്ടുകിട്ടിയിട്ടുണ്ട്.

അന്യദേശത്തായിരുന്നിട്ടും പൂർണ്ണമായും ദൈവത്തിലാശ്രയിച്ച് ദൈവകല്പനകൾ പാലിക്കുന്നതിൽ വീഴ്ചവരുത്താതെ തികച്ചും സത്യസന്ധനും ഉദാരമതിയുമായി മാതൃകാപരമായി ജീവിച്ച തോബിത്തിനു തിക്തവും ക്ലേശപൂർണവുമായ അനുഭവങ്ങൾ നേരിടേണ്ടിവരുന്നു. പീഡകളുടെ മൂർദ്ധന്യത്തിൽ തോബിത്ത് അന്ധനാക്കപ്പെടുകയും ചെയ്തു. തോബിത്തിന്റെ ബന്ധുവായ റഗുവേലിനും തോബിത്തിനു സമാനമായ അനുഭവങ്ങളാണുണ്ടായിരുന്നത്. റഗുവേലിന്റെ മകൾ സാറാ ഏഴു പ്രാവശ്യം വിവാഹം കഴിച്ചെങ്കിലും അവളെ പ്രാപിക്കുന്നതിനുമുമ്പ് അവളുടെ ഭർത്താക്കന്മാർ ഓരോരുത്തരും അസ്മോദേവൂസ് എന്ന് ദുഷ്ടദൂതനാൽ വധിക്കപ്പെട്ടു. തത്ഫലമായി സാറാ വളരെയേറെ അധിക്ഷേപങ്ങൾ സഹിക്കേണ്ടിവന്നു.

തോബിത്തിന്റെയും സാറായുടെയും പ്രാർത്ഥന ശ്രവിച്ച ദൈവം തോബിത്തിന്റെ അന്ധത മാറ്റുവാനും സാറായെ തോബിത്തിന്റെ മകനായ തോബിയാസിനു വധുവായി നല്കുവാനും ദുഷ്ടപിശാചായ അസ്മോദേവൂസിനെ ബന്ധിക്കുവാനുമായി റഫായേൽ ദൂതനെ നിയോഗിച്ചു. അങ്ങനെ ദൈവം എല്ലാവിധ ദുഷ്ടശക്തികളിൽനിന്നും തോബിത്തിനെയും സാറായെയും രക്ഷിച്ചു.

ശ്രേഷ്ഠവും പരിശുദ്ധവുമായ വിവാഹബന്ധത്തിൽ വിശുദ്ധിയോടെ പ്രവേശിക്കേണ്ടതിന്റെ അനിവാര്യതയും ആവശ്യകതയും ഈ കഥയിൽ എടുത്തു പറയുന്നുണ്ട്. വിവാഹിതരാകുന്ന പെൺകുട്ടികൾ ഭർത്താവിന്റെ മാതാപിതാക്കളെ സ്വന്തമായി സ്വീകരിച്ചു ശുശ്രൂഷിക്കണമെന്നു ഗ്രന്ഥം പഠിപ്പിക്കുന്നു (10:12). വലിയ ശത്രുക്കളാലും ദുഷ്ടാരൂപികളാലും പീഡിപ്പിക്കപ്പെട്ടാലും ദൈവത്തോടു വിശ്വസ്തരായവർ ഭയപ്പെടേണ്ടതില്ലെന്നും ശക്തരായ മാലാഖമാരെ ദൈവം അവരുടെ സംരക്ഷണത്തിനായി അയക്കുമെന്നും ഗ്രന്ഥകാരൻ പറയുന്നു. ഏതുവിധത്തിലുള്ള കഷ്ടപ്പാടിലൂടെ കടന്നുപോയാലും ദൈവത്തിന്റെ സമയത്തിനുവേണ്ടി വിശ്വസ്തതയോടെ കാത്തിരിക്കുന്നവർ അത്ഭുതം കാണുമെന്നും തോബിത്തിന്റെ ജീവിതം കാണിച്ചുതരുന്നു.

ഈ ഗ്രന്ഥം ദൈവ-മനുഷ്യബന്ധത്തിന്റെ ലളിതമായ ചിത്രീകരണമായി മനസ്സിലാക്കാവുന്നതാണ്. തന്റെ സൃഷ്ടിയായ മനുഷ്യനിൽനിന്നു നന്മ ആഗ്രഹിക്കുന്ന ദൈവം തന്നോടു പൂർണ്ണവിശ്വസ്തത പുലർത്തിയ തോബിത്തിനെ അനുഗ്രഹിക്കുന്നു. ദൈവഭക്തിയും പ്രാർത്ഥനാജീവിതവും പരസ്നേഹപ്രവൃത്തികളും ദാനധർമ്മവും മരിച്ചവരോടു കാണിക്കുന്ന ബഹുമാനവും (തോബി 14) അന്യജനതകളിൽനിന്നു വിവാഹം കഴിക്കാതിരിക്കുന്നതുമെല്ലാം (4:12) ഒരു യഥാർത്ഥ വിശ്വാസിയിൽനിന്നു ദൈവം ആഗ്രഹിക്കുന്നുണ്ടെന്നു ഗ്രന്ഥം പഠിപ്പിക്കുന്നു.

ദൈവത്തിനു മനുഷ്യനെക്കുറിച്ചുള്ള പദ്ധതി എന്നും അവന്റെ നന്മക്കായി മാത്രമുള്ളതാണ്. നമ്മുടെ ജീവിതത്തിലുണ്ടാകുന്ന ക്ലേശങ്ങളും സഹനങ്ങളും ക്ഷമയോടെ സ്വീകരിച്ച് അവിടുന്നു നമുക്കായി ഒരുക്കിയിരിക്കുന്ന സമ്മാനത്തിനായി നാം കാത്തിരിക്കണം. മാതാപിതാക്കളെ അനുസരിക്കുവാനും വിവാഹബന്ധത്തിൽ വിശ്വസ്തതയും സ്നേഹവും പുലർത്തി ഉത്തമ ക്രിസ്തീയകുടുംബം രൂപപ്പെടുത്തുവാനും ഈ ഗ്രന്ഥം പ്രചോദനം നൽകുന്നു. കൂടാതെ മറ്റുള്ളവരുടെ ദുഃഖത്തിൽ അവരോടു സഹതപിക്കുവാനും പാവപ്പെട്ടവരോടും മരിച്ചവരോടും രോഗികളോടും അനാഥരോടും കരുണ കാണിക്കാനും വിശ്വാസി പഠിക്കണം. ദൈവത്തിലാശ്രയിച്ചു ജീവിക്കുന്നവരെ ദൈവം ഒരിക്കലും വിസ്മരിക്കുകയില്ല; എല്ലാവിധ ബന്ധനങ്ങളിൽനിന്നും ദൈവം അവരെ സ്വതന്ത്രരാക്കും; ആപത്തുകളിൽ അവരെ സംരക്ഷിക്കുകയും ചെയ്യും. തോബിത്തിന്റെ സന്ദേശം താഴെ വരുന്ന വാക്കുകളിൽ സംഗ്രഹിക്കാം:

“മകനെ നമ്മൾ ദരിദ്രരായിത്തീർന്നതിൽ നിനക്ക് ആധിവേണ്ട നിനക്കു ദൈവത്തോടു ഭക്തി ഉണ്ടായിരിക്കുകയും നീ പാപത്തിൽനിന്ന് ഒഴിഞ്ഞു നിൽക്കുകയും അവിടുത്തേക്കു പ്രീതികരമായത് അനുഷ്ഠിക്കുകയും ചെയ്താൽ നിനക്കു വലിയ സമ്പത്തു കൈവരും” (തോബി 4:21).

## 7. യൂദിത്ത്

നിനെവേ തലസ്ഥാനമായി അസ്സീറിയ ഭരിച്ചിരുന്ന ചക്രവർത്തി വടക്കൻ രാജ്യമായ ഇസ്രായേലിനെ ബി.സി. 722-21 ൽ നാമാവശേഷമാക്കി (2രാജാ 17). പിന്നീടു ബാബിലോൺ ചക്രവർത്തിയായ നബുക്കദ്നേസർ തെക്കൻ രാജ്യമായ യൂദായെ ബി.സി. 587-ൽ നശിപ്പിക്കുകയും ജനത്തെ ബാബിലോണിലേയ്ക്കു നാടുകടത്തുകയും ചെയ്തു. ദൈവജനത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ ഈ രണ്ടു ശത്രുക്കളെയും കോർത്തിണക്കി (അസ്സീറിയായുടെ ചക്രവർത്തിയായ നബുക്കദ്നേസർ; 1:1) അവതരിപ്പിക്കുന്ന ഒരു കഥയാണിത്. ഭീകരനായ ഈ ശത്രുവിനോടു പോരാടുന്നതാകട്ടെ വിധവയായ യൂദിത്തും.

ഇസ്രായേലിനുള്ള പ്രത്യേക ദൈവപരിപാലനയെ ചിത്രീകരിക്കുന്ന ഗ്രന്ഥമാണിത്. 587-ൽ പ്രവാസത്തിലേയ്ക്കുപോയ യൂദാനിവാസികൾ 539-ൽ സ്വതന്ത്രരാക്കപ്പെടുകയും തിരിച്ചു നാട്ടിൽവന്ന് അവിടെ പേർഷ്യക്കാരുടെകീഴിൽ ജീവിക്കുകയും ചെയ്തു. 333-ൽ അലക്സാണ്ട റിന്റെ വരവോടെ യവനകാലഘട്ടമാരംഭിച്ചു. ഇക്കാലഘട്ടത്തിലെന്നോ നടന്ന ഏതോ ഒരു സംഭവത്തിന്റെ കഥാരൂപത്തിലുള്ള അവതരണ മാണു യൂദിത്ത്. ബി.സി. 4-ാം നൂറ്റാണ്ടിന്റെ അവസാനത്തിലോ മൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിലോ എഴുതപ്പെട്ടു എന്നു കരുതപ്പെടുന്ന ഈ പ്രബോധനകഥ ഒരു ചരിത്രഗ്രന്ഥമായി അംഗീകരിക്കപ്പെടുന്നില്ല.

മേദിയായ്ക്ക് എതിരേയുള്ള യുദ്ധത്തിൽ തന്റെ പക്ഷം ചേരാൻ സാമന്തരാജ്യങ്ങളോടു നബുക്കദ്നേസർ രാജാവ് ആവശ്യപ്പെട്ടു. പലരും ഈ കല്പന അനുസരിച്ചില്ല. തന്റെ അഭ്യർത്ഥന നിരസിച്ച സഖ്യ കക്ഷികളോടു യുദ്ധം ചെയ്യാൻ രാജാവു കൽപന പുറപ്പെടുവിപ്പിച്ചു. ഈ സാഹചര്യത്തിൽ നിരാശരായ ഇസ്രായേൽ ഒന്നടങ്കം രാജാവിനു കീഴടങ്ങാൻ തീരുമാനിച്ചപ്പോൾ ദൈവജനത്തെ രക്ഷിക്കാൻ വിശ്വാസത്തോടെ കടന്നുവന്നവളാണു യൂദിത്ത്. ദൈവം ശക്തനാ ണെന്നു വിശ്വസിച്ചിരുന്ന ജനങ്ങൾക്കു പ്രത്യാശയും ധൈര്യവും പകരാൻ തന്റെ ജനത്തിന്റെ രക്ഷയ്ക്കായി അവൾ സ്വജീവൻ കർത്താ വിന്റെ കരങ്ങളിൽ സമർപ്പിച്ചു ധീരതയോടും നിതാന്ത ജാഗ്രത യോടുംകൂടി പ്രവർത്തിച്ചു. പ്രാർത്ഥന, ഉപവാസം തുടങ്ങിയ ഭക്തകൃ ത്യങ്ങളാൽ ദൈവശക്തികൈവരിച്ച അവൾ ദൈവകൃപയാൽ 5 ദിവ സത്തിനകം നബുക്കദ്നേസർ രാജാവിന്റെ സർവ്വസൈന്യാധിപനായ ഹോളൊഫർണസിന്റെ ശിരസ്സുവെട്ടിയെടുക്കുകയും ഇസ്രായേലിനു കർത്താവിന്റെ വിജയം നേടിക്കൊടുക്കുകയും ചെയ്തു.





പഴയകാലസമൂഹത്തിലെ ഏറ്റവും ബലഹീന കഥാപാത്രമായിരുന്നു വിധവ. പാവപ്പെട്ടവരെയെന്നപോലെ വിധവകളെയും സംരക്ഷിക്കേണ്ട തിന്റെ ആവശ്യകതയെപ്പറ്റി ബൈബിൾ പലപ്പോഴും സംസാരിക്കു ന്നുണ്ട്. സമൂഹത്തിൽ വിധവയ്ക്കു യാതൊരു നിലയും വിലയും ഇല്ലാ യിരുന്ന ആ കാലഘട്ടത്തിൽ ദൈവത്തിലുള്ള അടിയുറച്ച വിശ്വാസവും ഉപവാസവും പ്രാർത്ഥനയും തീവ്രമായ മതനിയമാനുഷ്ഠാനങ്ങളുംവഴി കരുത്താർജ്ജിച്ച യൂദിത്ത് ദൈവജനം കണ്ടിട്ടുള്ളതിൽ ഏറ്റവും ശക്തനും ഭീതിതനുമായ ശത്രുവിനെ പരാജയപ്പെടുത്തിയെന്നാണു ഗ്രന്ഥം പറയുന്നത്. ദൈവത്തോടു ചേർന്നു നിൽക്കുന്നവരെ അവി ടുന്ന് ഉപേക്ഷിക്കുകയില്ലെന്നും അവിടുത്തെ പദ്ധതികൾ സാർവ്വത്രിക മാണെന്നും ഈ കഥയിലൂടെ വചനം നമ്മെ പഠിപ്പിക്കുന്നു. ഈ കഥ യിലെ നായിക യൂദിത്താണെങ്കിലും ഇസ്രായേലും ദൈവവുമായുള്ള ഉടമ്പടിബന്ധമാണ് ഇവിടെ അനാവരണം ചെയ്യപ്പെടുന്നത്.

പ്രാർത്ഥനയിലും നിയമാനുഷ്ഠാനങ്ങളിലും ദൈവപരിപാല നയിലും അടിയുറച്ചു വിശ്വസിച്ചിരുന്ന യൂദിത്തിൽ വിവേകം, പ്രാർത്ഥന, ദൃഢനിശ്ചയം, ധൈര്യം എന്നീ ഗുണങ്ങൾ വിളങ്ങി പ്രശോഭിക്കാൻ ഇടവന്നു. പ്രതിസന്ധികളിൽ ദൈവത്തിൽ ആശ്രയിക്കുവാനും തപസ്സും പ്രാർത്ഥനയും മതാനുഷ്ഠാനങ്ങളും വഴി ദൈവനിയമങ്ങളോടു പരി പൂർണ്ണ വിശ്വസ്തത പുലർത്തി ദൈവഹിതത്തോടു ചേർന്നുനിൽക്കു വാനും യൂദിത്തിന്റെ ജീവിതം ചൂണ്ടിക്കാട്ടി ഗ്രന്ഥകാരൻ നമ്മോടാവശ്യ പ്പെടുന്നു.

ഒരു ചരിത്രഗ്രന്ഥമല്ലാതിരുന്നിട്ടുപോലും യുദ്ധങ്ങളെക്കുറിച്ചും ക്രൂരതയെക്കുറിച്ചും പ്രതിപാദിക്കുന്ന ഈ ഗ്രന്ഥം സ്നേഹത്തിന്റെ സന്ദേശവും രക്ഷാകരചരിത്രവും വിവരിക്കുന്ന ബൈബിളിൽ കടന്നു വന്നതെങ്ങനെയെന്ന് അനുവാചകരിൽ സംശയം ഉണ്ടായേക്കാം. എന്നാൽ ഇസ്രായേൽക്കാർ ഏറ്റവും ഭീതിയോടെ ഓർക്കുന്ന നബു ക്കദ്നേസർ രാജാവിന്റെ ക്രൂരമായ കരങ്ങളിൽനിന്നും ഏറ്റവും ബല ഹീനപാത്രമായി കരുതപ്പെടുന്ന ഒരു വിധവ ഇസ്രായേലിനെ രക്ഷിക്കുന്ന ദൈവാനുഭവചരിത്രമാണു ഗ്രന്ഥം വിവരിക്കുന്നത്. തന്നോടു ചേർന്നുനിൽക്കുന്നവരെ എത്രവലിയ പ്രതിസന്ധിക ളിൽനിന്നും ശത്രുക്കളിൽനിന്നും രക്ഷിക്കാൻ ഇസ്രായേലിന്റെ ദൈവ മായ കർത്താവു ശക്തനാണെന്നും യഥാർത്ഥശക്തി നിലകൊള്ളു ന്നത് അവിടുന്നിലാണെന്നും ലൗകികശക്തികൾ ക്ഷണികവും മിഥ്യ യുമാണെന്നു പഠിപ്പിക്കാനും ഏകസത്യദൈവവിശ്വാസത്തിൽ ജനത്തെ ഉറപ്പിക്കാനുമാണ് ഈ ഗ്രന്ഥം എഴുതപ്പെട്ടത്. ഹോളോഫർണാ സിനോടു ചെയ്യുന്നക്രൂരതയെക്കാൾ ദൈവത്തിനുമുമ്പിലുള്ള

ഹോളോഫർണസിന്റെയും അവനെ അയച്ച നബുക്കദ്നേസറിന്റെയും പരാജയമാണു കഥയുടെ സന്ദേശം. ഏറ്റവും വലിയ ശത്രുവിനെ ദൈവത്തോടൊത്തു നിൽക്കുന്ന ഏറ്റവും ചെറിയ വ്യക്തി തോൽപിക്കുകയാണിവിടെ.

യൂദിത്ത് അവളുടെ ദൈവാശ്രയബോധംവഴി ആശയറ്റവർക്കു പ്രതീക്ഷയുടെ ഉറവിടമായിത്തീർന്നു. ദൈവത്തിൽ ആശ്രയിക്കുകയും അവിടുത്തെ പദ്ധതി ജീവിതത്തിൽ നടപ്പാക്കാൻ ശ്രമിക്കുകയും ചെയ്യുന്നവരെ അവരുടെ കഴിവും ബലഹീനതകളും പരിഗണിക്കാതെ ദൈവം കൈപിടിച്ചു നടത്തുമെന്നും പ്രതിസന്ധികൾ തരണം ചെയ്യാനും പരീക്ഷയിൽ വിജയം നേടാനും ശത്രുവിന്റെ കൈയ്യിൽനിന്നു രക്ഷ നേടാനും സഹായിക്കുമെന്നും യൂദിത്തിന്റെ അനുഭവം നമ്മെ പഠിപ്പിക്കുന്നു: "അവിടുത്തെ ശക്തി സംഖ്യാബലത്തെയോ, അവിടുത്തെ പ്രതാപം ശക്തൻമാരെയോ ആശ്രയിക്കുന്നില്ല. അവിടുന്ന് എളിയവരുടെ ദൈവവും മർദിതരുടെ സഹായകനുമാണ്; അവശരെ താങ്ങുന്നവനും നിരപരാധരെ പരിപാലിക്കുന്നവനും ആശയറ്റവരെ രക്ഷിക്കുന്നവനുമാണ്" (9:11).

## 8. എസ്തേർ

ബി.സി. 4-ാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി എഴുതപ്പെട്ടു എന്നു കരുതപ്പെടുന്ന ഈ ഗ്രന്ഥത്തിലെ പ്രത്യേക ശ്രദ്ധ ആകർഷിക്കുന്ന വിഷയം ആ കാലഘട്ടത്തിലെ ചരിത്രപശ്ചാത്തലമാണ്. അന്നു പേർഷ്യൻ രാജാവായിരുന്ന അഹസ്വേരൂസിൽനിന്നു യഹൂദർക്കു വംശനാശഭീഷണി നേരിട്ടതും ദൈവകൃപയാൽ അവർക്ക് അത്ഭുതകരമായി വിമോചനം ലഭിച്ചതുമാണു ഗ്രന്ഥത്തിന്റെ കേന്ദ്രപ്രമേയം. പേർഷ്യയിലും മറ്റും സഞ്ചരിച്ചതിന്റെ ഫലമായി പേർഷ്യൻ സംസ്കാരത്തെക്കുറിച്ചു നല്ല അവഗാഹമുള്ള ഒരു യഹൂദനായിരിക്കണം ഈ ഗ്രന്ഥമെഴുതിയത്.

ഒരു ചരിത്രസംഭവമായി അംഗീകരിക്കപ്പെടാത്ത എസ്തേർ ഗ്രന്ഥത്തിന്റെ രണ്ടു മൂലകൃതികൾ നിലവിലുണ്ട്: ഹീബ്രുഭാഷയിലുള്ള ഒരു ചെറിയ പതിപ്പും 108 വാക്യങ്ങൾ അധികമുള്ള ഒരു ഗ്രീക്കു വിവർത്തനവും. ഇന്നു നമുക്കുള്ള കാനോനിക ഗ്രന്ഥത്തിൽ ഗ്രീക്കു വിവർത്തനത്തിൽ അധികമുള്ള ഭാഗം ചേർത്തിട്ടുണ്ട്. ഒരു കഥയായി പറഞ്ഞുപോകുന്ന വിധത്തിൽ ഈ ഗ്രന്ഥം ക്രമപ്പെടുത്തിയിരിക്കുന്നതിനാൽ ഗ്രീക്കിൽ കൂടുതലുള്ള ഭാഗങ്ങൾ ഈ കഥയിലെ വ്യത്യസ്ത





ഭാഗങ്ങളിലാണു ചേർത്തിരിക്കുന്നത്. അതിനാൽ അധ്യായങ്ങൾ തുടർച്ചയായല്ല കാനോനിക ഗ്രന്ഥത്തിൽ കാണപ്പെടുന്നത്.

ബലഹീനയായ ഒരു സ്ത്രീയിലൂടെ തന്റെ ജനത്തിനു രക്ഷയും വിജയവും നേടിക്കൊടുത്തുകൊണ്ടു ദൈവം തന്റെ ജനത്തെ ശത്രുവിന്റെ കൈയിൽനിന്നും രക്ഷിക്കാൻ എത്രമാത്രം ശ്രദ്ധാലുവാണെന്നു ഗ്രന്ഥം വ്യക്തമാക്കുന്നു.

ശത്രുകരങ്ങളിൽനിന്നും യഹൂദരെ രക്ഷിക്കാൻ ദൈവത്താൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട എസ്തേർ ഈ കഥയുടെ പ്രധാനഭാഗത്തേക്കു കടന്നുവരുന്നത് അഹസ്വേരൂസ് രാജാവിനു തന്റെ ഭാര്യയായ വാഷ്തിയിൽ അപ്രീതി തോന്നുകയും പകരം എസ്തേറിനെ രാജ്ഞിയാക്കുകയും ചെയ്യുന്നതുവഴിയാണ്. രാജാവിന്റെ ഉന്നത സ്ഥാനപതിയായ ഹാമാന് യഹൂദനും രാജാവിന്റെ അന്തഃപ്പുരവിചാരിപ്പുകാരനും എസ്തേറിന്റെ ദത്തുപിതാവും പിതൃസഹോദരന്റെ മകനുമായ മൊർദോക്കായിൽ അസൂയ തോന്നി. തന്മൂലം സകലയഹൂദരെയും നശിപ്പിക്കാൻ അയാൾ തന്ത്രങ്ങൾ മെനയുകയും അതിനായി ദിവസം നിശ്ചയിച്ചു രാജാവിൽനിന്നു കല്പന നേടിയെടുക്കുകയും ചെയ്തു. മൊർദോക്കായുടെ നിർദ്ദേശമനുസരിച്ചു പ്രവർത്തിച്ചതിന്റെ ഫലമായി രാജാവിനെ വസ്തുതകൾ ധരിപ്പിക്കാൻ ദൈവകൃപയാൽ എസ്തേറിനു കഴിഞ്ഞു. തന്മൂലം മൊർദോക്കായെ വധിക്കാൻ ഹാമാൻ നിർമ്മിച്ച തൂക്കുമരത്തിൽ ഹാമാനെ തൂക്കിലേറ്റാൻ രാജാവു കല്പിച്ചു. യഹൂദരെ നിഗ്രഹിക്കാനുള്ള കൽപന രാജകൽപനയായതിനാൽ അസാധുവാക്കാൻ കഴിയില്ല. അതിനാൽ തങ്ങളെ ആക്രമിക്കുന്നവരെ കൊല്ലാനുള്ള പുതിയൊരു കൽപന എസ്തേർ യഹൂദർക്കായി നേടിയെടുത്തു. ശത്രുക്കളെ കീഴ്പ്പെടുത്തുവാൻ രാജാവു യഹൂദർക്ക് അധികാരവും സ്വാതന്ത്ര്യവും കൊടുത്തതു ദൈവജനത്തിന്റെ വിജയത്തിനു കാരണമായി.

ഈ വിജയത്തിന്റെ സ്മരണ എന്നും നിലനിർത്താനാണു പുരീം (കുറി, നറുക്കെടുപ്പ്) എന്ന യഹൂദരുടെ സുപ്രധാന തിരുനാൾ സ്ഥാപിതമായത്. ഈ ആഘോഷത്തിനു യഹൂദരുടെ നിലനില്പിന്റെ ചരിത്രവുമായി ഒഴിവാക്കാനാവാത്ത ബന്ധമുണ്ട്. കാരണം, യഹൂദരുടെ നാശത്തിനായി ഹാമാൻ ഇട്ട കുറി ദൈവകൃപയാൽ ഹാമാന്റെ മരണക്കുറിയും യഹൂദരുടെ ഭാഗ്യക്കുറിയുമായി. മാത്രമല്ല പേർഷ്യൻ ആധിപത്യത്തിൽ കഴിഞ്ഞിരുന്ന യഹൂദരുടെ ഇടയിൽ ദേശീയ ബോധത്തെ ഉജ്ജ്വലിപ്പിക്കാനും ഈ തിരുനാളിനു കഴിഞ്ഞു.

തന്റെ ജനത്തിനെതിരേ എത്ര വലിയ ശക്തികൾ ഉയർന്നാലും തന്നെ ആശ്രയിക്കുകയും തന്നോടു സമ്പൂർണ്ണ വിശ്വസ്തത പുലർത്തുകയും ചെയ്യുന്നവരെ അവരുടെ ആവശ്യങ്ങളറിഞ്ഞ് ദൈവം സംരക്ഷിക്കും എന്നതാണ് ഗ്രന്ഥത്തിന്റെ മുഖ്യസന്ദേശം. അവിടുന്നു സർവ്വശക്തനും എല്ലാ ഭൗതികശക്തികളെക്കാളും ഉന്നതനും മഹിമയേറിയവനുമാണെന്നും അതിനാൽ എത്രവലിയ ശത്രുവായിരുന്നാലും അവരിൽനിന്നു തന്റെ ജനത്തെ രക്ഷിച്ചു സുരക്ഷിതമായ പാതയിലൂടെ നടത്താൻ അവിടുന്നു സദാ തത്പരനാണെന്നുമുള്ള സന്ദേശം ഈ ഗ്രന്ഥം നൽകുന്നു. വിശ്വാസികൾക്ക് ഉണ്ടാകുന്ന കഷ്ടതകൾ അവരിൽ ദൈവാശ്രയബോധം സൃഷ്ടിക്കാനുള്ളതാണെന്നും ഗ്രന്ഥം പറഞ്ഞു വയ്ക്കുന്നു.

ദൈവമായ കർത്താവ് എളിയവരെ സദാ പരിപാലിക്കുകയും അഹങ്കാരികളെ ചിതറിക്കുകയും ചെയ്യുന്നു. സ്വന്തം കഴിവിൽ അഹങ്കരിക്കുകയും എളിയവരെ തകർക്കുകയും ചെയ്യുന്നവരെ താഴ്ത്തുന്നവനാണു ദൈവം.

## 9. റൂത്ത്

നാലധ്യായങ്ങൾ മാത്രമുള്ള ഒരു ചെറുഗ്രന്ഥമാണു റൂത്ത്. ബി.സി. 4-ാം നൂറ്റാണ്ടിലാണ് ഈ ഗ്രന്ഥം രചിക്കപ്പെട്ടത്. യഹൂദ പാരമ്പര്യമായ താൽമൂദ് അനുസരിച്ച് ദാവീദു രാജാവാണ് ഇതിന്റെ രചയിതാവ്. "ന്യായാധിപന്മാരുടെ ഭരണകാലത്തു നാട്ടിൽ ക്ഷാമമുണ്ടായി; അന്നു യൂദയായിലെ ഒരു ബെത്‌ലെഹേംകാരൻ തന്റെ ഭാര്യയും രണ്ട് പുത്രന്മാരുമൊത്തു മൊവാബു ദേശത്തു കുടിയേറിപ്പാർത്തു"(റൂത്ത് 1:1) എന്ന വിവരണത്തിന്റെ അടിസ്ഥാനത്തിൽ ന്യായാധിപന്മാരുടെ ഭരണകാലത്തു നടന്നിരിക്കുവാൻ സാധ്യതയുള്ള ഒരു സംഭവത്തിന്റെ നാടകീയ വിവരണമായി ഈ ഗ്രന്ഥത്തെ പരിഗണിക്കാവുന്നതാണ്.

ഇന്നത്തെ ബൈബിളിൽ ഈ ഗ്രന്ഥം ന്യായാധിപന്മാരുടെ കാലത്തെയും രാജാക്കന്മാരുടെ കാലത്തെയും ബന്ധിപ്പിക്കുന്ന ഒരു കണ്ണിയാണ്. കാരണം, ഗ്രന്ഥത്തിന്റെ അവസാനം (4:18-22) ദാവീദിന്റെ വംശാവലി ഇതിൽ ഉൾച്ചേർന്നിരിക്കുന്നു. അതുകൊണ്ടുതന്നെയാണു ദാവീദിന്റെ ചരിത്രം വിവരിക്കുന്ന സാമുവലിന്റെ പുസ്തകത്തിന്റെ മുമ്പിലായി ഈ ഗ്രന്ഥം ചേർത്തിരിക്കുന്നത്. വിജാതീയസ്ത്രീയായ റൂത്ത് ദൈവനിശ്ചയപ്രകാരം ദാവീദിന്റെ പിതാവായ ജെസ്സെയുടെ പിതാവായ ഓബദിന്റെ പിതാമഹിയായിത്തീരുകയും യേശുവിന്റെ വംശാവലിയിൽ ചേർക്കപ്പെടുകയും ചെയ്തു. ഇതു ദൈവത്തിന്റെ





രക്ഷാകരപദ്ധതിയുടെ സാർവത്രികമാനത്തിന്റെ പ്രകാശനമാണ്. ഇസ്രായേൽക്കാരനായ ബോവാസുമായുള്ള വിവാഹം മുഖേനയാണു വിജാതീയയായ റൂത്തിനു ഈശോയുടെ വംശാവലിയിൽ സ്ഥാനം കിട്ടുകയും വി. ഗ്രന്ഥത്തിൽ പ്രധാന്യം ലഭിക്കുകയും ചെയ്തത്.

സാമൂഹ്യപരിഷ്കർത്താക്കളായ എസ്രാ, നെഹെമിയാ എന്നിവരുടെ കാലത്ത്, മതത്തിന്റെ പാരമ്പര്യമുള്ളവർ മാത്രമേ രക്ഷപ്രാപിക്കുകയുള്ളുവെന്ന് ഒരു വിഭാഗം ആളുകൾ കരുതിയപ്പോൾ നന്മയും ദൈവസ്നേഹമുള്ളവരെല്ലാം ദൈവത്തിനു സ്വീകാര്യരാണെന്നു കാണിക്കാൻ എഴുതപ്പെട്ടതാണ് ഈ ഗ്രന്ഥം. ഗോത്രപിതാവായിരുന്ന യൂദായ്ക്കു താമാറിൽനിന്നു ജനിച്ച പേരെസ് മുതൽ ദാവീദുവരെയുള്ള വംശാവലി വിവരണം നല്കിക്കൊണ്ടു ഗ്രന്ഥം അവസാനിക്കുന്നു.

ദാമ്പത്യവിശ്വസ്തതയും കുടുംബബന്ധങ്ങളും എപ്രകാരം വിശുദ്ധമാക്കപ്പെടണമെന്നു പഠിപ്പിക്കുന്ന ഒരു ഗ്രന്ഥമാണിത്. ജീവിതത്തിൽ വിശ്വസ്തതയ്ക്കും ജീവിതമൂല്യങ്ങൾക്കും ധാർമ്മികതയ്ക്കും വളരെയധികം പ്രാധാന്യം നൽകുവാൻ റൂത്തിനെ സഹായിച്ചതു ദൈവത്തിലുള്ള അവളുടെ അഗാധമായ വിശ്വാസമാണ്. ദൈവപ്രമാണങ്ങൾ അനുസരിക്കുന്നവരുടെ ജീവിതത്തിൽ ദൈവം നന്മപൊഴിക്കും എന്ന സത്യം ഈ ഗ്രന്ഥം തുറന്നുകാണിക്കുന്നു.

വിശ്വസ്തതയ്ക്കും സ്നേഹത്തിനും വളരെ പ്രാധാന്യം നൽകുന്ന ഈ ഗ്രന്ഥത്തിലെ ഒരു പ്രധാന വാക്യമാണ് 1:16. "റൂത്ത് പറഞ്ഞു: അമ്മയെ ഉപേക്ഷിക്കാനോ കൂടെപ്പോരാതിരിക്കാനോ എന്നോടു പറയരുത്. അമ്മ പോകുന്നിടത്തു ഞാനും വരും; വസിക്കുന്നിടത്തു ഞാനും വസിക്കും; അമ്മയുടെ ചാർച്ചക്കാർ എന്റെ ചാർച്ചക്കാരും അമ്മയുടെ ദൈവം എന്റെ ദൈവവുമായിരിക്കും. അമ്മ മരിക്കുന്നിടത്തു ഞാനും മരിച്ചടക്കപ്പെടും. മരണംതന്നെ എന്നെ അമ്മയിൽനിന്നു വേർപെടുത്തിയാൽ, കർത്താവ് എന്തു ശിക്ഷയും എനിക്കു നല്കിക്കൊള്ളട്ടെ".

അമ്മായിയമ്മയും മരുമകളും തമ്മിൽ കാത്തുസൂക്ഷിക്കേണ്ട ആഴമായ ബന്ധമാണു ഗ്രന്ഥം വിവരിക്കുന്നത്. അമ്മായിയമ്മയെ സ്വന്തം അമ്മയായി കാണാനും മരുമകളെ സ്വന്തം മകളായി സ്വീകരിക്കുവാനുമുള്ള ദൈവികമായ പ്രചോദനം ഇവിടെ കാണാം. ദൈവപരിപാലനയിലുള്ള അഗാധമായ വിശ്വാസമാണ് അവരെ ഇതിനു പ്രാപ്തരാക്കിയത്. ഏദനിലെ അവിശ്വസ്തത കുടുംബബന്ധത്തെ തകർക്കാനിടയാക്കുകയും മനുഷ്യനെ ദൈവസാന്നിദ്ധ്യ ത്തിൽനിന്നു പുറത്താക്കുകയും ചെയ്തു; റൂത്തിന്റെ വിശ്വസ്തത കുടുംബബന്ധത്തെ ദൃഢപ്പെടുത്തുകയും ദൈവത്തിൽ നിന്ന് അകലെയായ വിജാതീയ സ്ത്രീയെ ദൈവികപദ്ധതിയുടെ ഭാഗമായിത്തീർക്കുകയും ചെയ്തു.

# 10. യഹൂദരുടെ സ്വാതന്ത്ര്യസമരചരിത്രം (175-160 ബി.സി.)

ടോളമിയുടെ ഭരണകാലത്തു പാലസ്തീനയിലെ ജീവിതം പൊതുവെ ശാന്തമായിരുന്നു. എന്നാൽ 200/198-ലെ പാനിയൻ യുദ്ധത്തിലൂടെ പാലസ്തീന അന്ത്യോക്കസ് മൂന്നാമൻ -സിറിയായുടെ കീഴിൽ കൊണ്ടുവന്നു. തുടർന്ന്, റോമക്കാരുമായുണ്ടായ ഒരു യുദ്ധത്തിൽ സിറിയായ്ക്കു രാജ്യത്തിന്റെ ഒരു ഭാഗം തുർക്കിയിൽ നഷ്ടമായി. തുടർന്ന് ബി.സി. 187 -ൽ അന്ത്യോക്കസ് മരിച്ചപ്പോൾ അദ്ദേഹത്തിന്റെ പിന്നുത്രൻ സെലെവുക്കസ് നാലാമൻ ഭരണമേറ്റു. പണത്തിനാവശ്യം വന്നപ്പോൾ അദ്ദേഹം ജറുസലെം ദേവാലയം കൊള്ളയിച്ചു.പിന്നീട് അദ്ദേഹത്തിന്റെ പ്രധാനമന്ത്രിതന്നെ അദ്ദേഹത്ത വധിച്ചു. അങ്ങനെ ബി. സി. 175-ൽ അദ്ദേഹത്തിന്റെ ഇളയസഹോദരൻ അന്ത്യോക്കസ് രാജാവാകുകയും അന്ത്യോക്കസ് നാലാമൻ എപ്പിഫാനസ് (ദൈവത്തിന്റെ ആവിഷ്കാരം) എന്ന പേരു സ്വീകരിക്കുകയും ചെയ്തു.

അദ്ദേഹത്തിനു രണ്ടു ലക്ഷ്യങ്ങളുണ്ടായിരുന്നു: ഒന്ന്, രാജ്യത്തിന്റെ സൈന്യത്തെ ശക്തിപ്പെടുത്തുക; രണ്ട്, യവനസംസ്കാരത്തിലൂടെ രാജ്യത്താകമാനം ഐക്യം സ്ഥാപിക്കുക. ഈ രണ്ടു കാര്യങ്ങളും യഹൂദരെ സാരമായി ബാധിച്ചു. പുരുഷന്മാർ നിർബന്ധിത സൈന്യസേവനം നടത്തുക, ചക്രവർത്തിക്കാവശ്യമായ പണം നല്കുക എന്നിവ ആവശ്യമായി വന്നു. ടോളമിക്കെതിരേയുള്ള തന്റെ യുദ്ധത്തിനാവശ്യമായ പണത്തിനായി ബി.സി. 169 ലും 168 ലും അദ്ദേഹം ജറുസലെം ദേവാലയത്തിന്റെ സമ്പത്ത് എടുത്തുകൊണ്ടു പോയി. അതുപോലെതന്നെ രാജ്യത്ത് ഐക്യമുണ്ടാകാൻ യഹൂദരുടെ ആചാരങ്ങളായ പരിഛേദനം, പന്നിമാംസവർജ്ജനം, ദേവാലയത്തിലെ ബലികൾ എന്നിവ അദ്ദേഹം നിരോധിച്ചു. കൂടാതെ ജറുസലെം ദേവാലയത്തിൽ ഗ്രീക്കുദേവനായി ഒരു ബലിപീഠവും അദ്ദേഹം സ്ഥാപിച്ചു. ഇതു യഹൂദർക്കു താങ്ങാവുന്നതിലും അധികമായിരുന്നു. ദേശത്തെ ധനികർ യവനസംസ്കാരത്തെ പുണർന്നിരുന്നതിനാൽ ത്തന്നെ പൊതുജനം കോപിഷ്ഠരായിരുന്നു. അങ്ങനെ ബി.സി. 167-ൽ യൂദായിലെ മോദിയിൻകാരനായ പുരോഹിതൻ മത്താത്തിയാസിന്റെ നേതൃത്വത്തിൽ സിറിയായ്ക്കെതിരേ ആരംഭിച്ച വിപ്ലവം പെട്ടെന്നു ദേശത്തുമുഴുവൻ പടർന്നുപിടിച്ചു. ഇതാണു മക്കബായവിപ്ലവം.

രണ്ടു ഗ്രന്ഥങ്ങളാണ് ഈ വിപ്ലവത്തിന്റെ ചരിത്രം വിവരിക്കുന്നത്. ഒന്ന്, ക്രിസ്തുവർഷം 100-ൽ എഴുതപ്പെട്ട ജോസെഫൂസിന്റെ





അന്റിക്യുറ്റീസ്; രണ്ട്, മക്കബായരുടെ ഗ്രന്ഥങ്ങൾ. ബി.സി. 168 മുതൽ 160 വരെയുള്ള യഹൂദരുടെ സ്വാതന്ത്യത്തിനുവേണ്ടിയുള്ള പോരാട്ടചരിത്രമാണു മക്കബായ ഗ്രന്ഥങ്ങൾ വിവരിക്കുന്നത്. തുടർന്ന്, മത്താത്തിയാസി ന്റെയും അദ്ദേഹത്തിന്റെ മൂന്നു മക്കളായ യൂദാസ്, ജോനാത്താൻ, ശിമയോൻ എന്നവരുടെയും 134 ബി.സി. വരെയുള്ള ഭരണകാലവും ഗ്രന്ഥം വിവരിക്കുന്നു. രണ്ടു ഗ്രന്ഥങ്ങളും രണ്ടു വ്യത്യസ്ത ശൈലിയിലാണു കാണപ്പെടുന്നത്. ഏകദേശം ബി.സി. 100-ൽ എഴുതപ്പെട്ട 1 മക്കബായർ ചരിത്രം എഴുതുന്ന രീതിയിലാണു കാര്യങ്ങൾ വിവരിക്കുന്നത്. അതിനാൽത്തന്നെ അതു ജോസെഫൂസിനെക്കാളും ആശ്രയിക്കാവുന്ന ചരിത്രവിവരണമാണ്. 2 മക്കബായർ അതിന്റെ തുടർച്ചയല്ല; മറിച്ച്, വീരകഥകളുടെ ഒരു സമാഹാരമാണ്. ആളുകളെ വിശ്വാസത്തിലുറപ്പിക്കാനായി എഴുതപ്പെട്ടതാണത്.

## 1 മക്കബായർ

മത്താത്തിയാസിന്റെയും പുത്രന്മാരുടെയും ദൃഷ്ടികളിലൂടെ അവരുടെ സ്വാതന്ത്ര്യസമരം അവതരിപ്പിക്കുകയാണ് ഈ ഗ്രന്ഥം. അതുകൊണ്ട് അതിനെ ഹസ്മൊണേയൻ കൊട്ടാരചരിത്രമെന്നു വിളിക്കാം. മക്കബായർ തങ്ങളെത്തന്നെ വിളിച്ചിരുന്ന പേരാണു ഹസ്മൊണേയൻസ്. വിപ്ലവം ആരംഭിച്ച് ഒരു വർഷം കഴിഞ്ഞപ്പോൾ മത്താത്തിയാസ് മരിച്ചു. തുടർന്നു നേതൃത്വമേറ്റെടുത്തതു മക്കബേയൂസ് (അതായത് ചുറ്റിക) എന്ന അപരനാമമുള്ള പുത്രനായ യൂദാസാണ്. അന്തിയോക്കസിനെ ഓരോ അവസരത്തിലും പരാജയപ്പെടുത്തക്കവിധം ഒളിയുദ്ധം നടത്താൻ കഴിവുള്ള നേതാവായിരുന്നു യൂദാസ്. അന്തിയോക്കസിന്റെ പട്ടാളത്തിന് ആക്രമണം അസാധ്യമായ ഇടവഴികളിൽ യൂദാസ് സിറിയൻ പട്ടാളത്തെ ആക്രമിച്ചു. മൂന്നുവർഷം അശുദ്ധമാക്കപ്പെട്ടു കിടന്നതിനുശേഷം ബി.സി. 164-ൽ ദേവാലയം തിരിച്ചുപിടിച്ച് അതു ശുദ്ധീകരിച്ചു കർത്താവിനു സമർപ്പിക്കാൻ യൂദാസിനു കഴിഞ്ഞു. ജറുസലെമിൽനിന്നു സിറിയക്കാരെ മുഴുവൻ ഓടിക്കാൻ കഴിഞ്ഞില്ലെങ്കിലും അവരെ അകത്തു പൂട്ടിയിടാൻ യൂദാസിനു സാധിച്ചു. അവരുടെ വിജയത്തിന്റെ ഉച്ചസ്ഥായിൽ ദേവാലയത്തിന്റെ പുനഃപ്രതിഷ്ഠ നടന്നു. അവർക്കു വിജയം നല്കിയ കർത്താവിനെ അവർ വാഴ്ത്തി. ഈ സംഭവങ്ങളെല്ലാം 1മക്കബായർ നാലാം അദ്ധ്യയത്തിൽ വിവരിക്കുന്നുണ്ട്. തുടർന്ന്, ഹനുക്ക എന്ന തിരുനാളായി അവർ ഈ വിജയം ആഘോഷിച്ചു (2മക്ക 1). ഇതു ക്രിസ്മസ്സിനോട് അടുത്ത ദിനങ്ങളിൽ യഹൂദരാഘോഷിക്കുന്ന വെളിച്ചത്തിന്റെ തിരുനാളാണ്.

ജനത്തിൽ ചെറുത്തുനില്പിനു താത്പര്യം ജനിപ്പിക്കുവാനും തെക്കു നെഗെവുവരെയും വടക്കു ഗലീലിവരെയും ദേശം സ്വതന്ത്രമാക്കാനും

യൂദാസിനു കഴിഞ്ഞു. എന്നാൽ ബി.സി. 160-ൽ സിറിയാക്കാരുമായുള്ള യുദ്ധത്തിൽ യൂദാസ് മരിച്ചു. അപ്പോൾ സഹോദരൻ ജോനാത്താൻ സ്ഥാനമേറ്റു. തുടർന്നുവന്ന പതിനേഴു വർഷക്കാലം യുദ്ധത്തിൽ സിറിയാക്കെതിരേ വിജയങ്ങൾ നേടിക്കൊണ്ടും ചിലപ്പോൾ സിറിയയിലെ മത്സരിക്കുന്ന കിരീടവകാശികളുമായി ബന്ധം സ്ഥാപിച്ചുകൊണ്ടും അദ്ദേഹം ഭരണം നടത്തി. ബി.സി. 143-ൽ അദ്ദേഹത്തെ സിറിയക്കാർ പിടിച്ചു ജയിലിലടച്ചു. അദ്ദേഹം അവിടെവച്ചു മരിച്ചപ്പോൾ സഹോദരനായ ശിമയോൻ അധികാരമേറ്റു. തുടർന്നുവന്ന ഒൻപതു വർഷക്കാലം (ബ.സി. 143-134) അദ്ദേഹം സിറിയാക്കാരുടെമേൽ വിജയം നേടി. പിന്നീട് അദ്ദേഹത്തിന്റെ മരുമകൻ അദ്ദേഹത്തെ വധിക്കുകയാണുണ്ടയത്.

ശിമയോന്റെ മകനായ ജോൺ ഹിർക്കാനൂസിന്റെ 134-ലെ കിരീടധാരണത്തോടെയാണ് 1 മക്കബായർ അവസാനിക്കുന്നത്. എന്നാൽ ഇതൊക്കെ എഴുതപ്പെട്ടത് 103-ലെ അദ്ദേഹത്തിന്റെ മരണത്തിനുശേഷമായിരിക്കണം. രണ്ടാം നൂറ്റാണ്ടിലെ ചരിത്രമറിയാൻ ഏറ്റവും നല്ല ഉറവിടം മക്കബായ ഗ്രന്ഥമാണ്. ഗ്രീക്കു ജീവിതം ആശ്ലേഷിക്കാൻ ആഗ്രഹിച്ച യഹൂദ ഭരണവർഗ്ഗവും പഴയ പാരമ്പര്യങ്ങൾ കാത്തുസൂക്ഷിക്കാനാഗ്രഹിച്ച ഭക്തരായ പുരോഹിത വർഗ്ഗവും തമ്മിലുള്ള തർക്കങ്ങൾ ഈ ഗ്രന്ഥത്തിൽനിന്നും വ്യക്തമായി മനസ്സിലാക്കാം. നിയമത്തോടുള്ള വിശ്വസ്തതയും ദൈവത്തിലുള്ള വിശ്വാസവും എപ്പോഴും വിജയിക്കുമെന്ന പാഠമാണ് ഗ്രന്ഥം പഠിപ്പിക്കുന്നത്.

## 2 മക്കബായർ

ഈ ഗ്രന്ഥം മക്കബായരുടെ ഒന്നാം ഗ്രന്ഥത്തിന്റെ തുടർച്ചയല്ല. ഒന്നാംപുസ്തകം എഴുതപ്പെട്ടതിനു ശേഷമായിരിക്കണം ഈ ഗ്രന്ഥം എഴുതപ്പെട്ടത്. സൈറീൻകാരൻ ജാസൻ എഴുതിയ അഞ്ചുവാല്യം ഗ്രന്ഥത്തിന്റെ സംഗ്രഹമാണിതെന്നാണു ഗ്രന്ഥത്തിൽ പറയുന്നത്. ജാസന്റെ കൃതി നമുക്കു ലഭ്യമല്ലാത്തതിനാൽ അതിനെക്കുറിച്ച് എന്തെങ്കിലും പറയുക സാധ്യമല്ല. ബി.സി. 170-160 കാലഘട്ടത്തിലെ സംഭവങ്ങളാണു ഗ്രന്ഥത്തിൽ വിവരിക്കുന്നത്. എന്നാൽ ചരിത്രമെന്നതിനെക്കാൾ കേൾവിക്കാരെ പ്രചോദിപ്പിക്കുക എന്ന ലക്ഷ്യത്തിലാണ് ഇതെഴുതിയിരിക്കുന്നത്.

ഗ്രന്ഥത്തെ മൂന്ന് ഭാഗങ്ങളായി തിരിക്കാം. കൂടാരത്തിരുനാളും ഹനുക്കാത്തിരുനാളും ആഘോഷിക്കേണ്ടതെങ്ങനെയെന്ന് ഈജിപ്തി ലെ യഹൂദർക്കർക്കു നല്കുന്ന നിർദ്ദേശങ്ങളടങ്ങുന്ന രണ്ട് എഴുത്തുകളാണ് ആദ്യഭാഗത്തുള്ളത് (2മക്ക 1:1-2:18). ബി.സി. 164-ൽ യൂദാസ് ദേവാലയം പുന:പ്രതിഷ്ഠിക്കുന്നതുവരെയുള്ള കാര്യങ്ങളെക്കുറിച്ചുള്ള ജാസന്റെ





വിവരണമാണു രണ്ടാം ഭാഗം (2മക്ക 2:19-10:9). ബി.സി. 160-ൽ സിറിയൻ ജനറലായ നിക്കാനോറിനുമേൽ കൈവരിച്ച വിജയംവരെയുള്ള യൂദാസിന്റെ ചരിത്രമാണു മൂന്നാം ഭാഗം (2മക്ക 10:10-15:39).

അന്ത്യോക്കസ് എപ്പിഫാനസിന്റെ കാലത്തു വീരചരമം പ്രാപിച്ച അനേകം യഹൂദ രക്തസാക്ഷികളെക്കുറിച്ചു വിവരിക്കുന്നതിനാൽ പീഡിതരായ ആദിമ ക്രിസ്താനികളുടെ ഇടയിൽ ഈ ഗ്രന്ഥം വളരെ പ്രശസ്തമായിരുന്നു. ശ്മോനിയുടെയും 7 മക്കളുടെയും രക്തസാക്ഷിത്വവിവരണം വളരെ ശ്രദ്ധേയമാണ്. തന്റെ ഏഴു മക്കളെയും വിശ്വാസത്തിനു വേണ്ടിയുള്ള രക്തസാക്ഷ്യത്തിലേക്കു നയിച്ച അമ്മയുടെ ധീരതയും എലിയാസറിന്റെ വിശ്വാസതീക്ഷ്ണതയും (2മക്ക 6:18-31) മതപീഡനകാലത്തെ ക്രിസ്ത്യാനികൾക്കു ചൈതന്യം പകർന്നു. ദൈവത്തിന് ഇല്ലായ്മയിൽനിന്നു ലോകത്തെ സൃഷ്ടിക്കാൻ കഴിയുമെന്നതാണു ദർശനം.

മരണാനന്തരജീവിതത്തെപ്പറ്റി വളരെ സ്പഷ്ടമായ ചിന്തകളവതരിപ്പിക്കുന്ന ഗ്രന്ഥമാണിത്: "ഈ ജീവിതത്തിൽനിന്നും നിങ്ങളെന്നെ പുറത്താക്കുന്നു; എന്നാൽ പ്രപഞ്ചത്തിന്റെ അധിപൻ ഞങ്ങളെ അനശ്വരമായ നവജീവനിൽ ഉയർപ്പിക്കും" (2മക്ക 7:9); "മരിച്ചവർ ഉയിർക്കുമെന്ന പ്രതീക്ഷയില്ലായിരുന്നുവെങ്കിൽ അവർക്കുവേണ്ടിയുള്ള പ്രാർത്ഥന നിഷ്പ്രയോജനവും ഭോഷത്തവുമാകുമായിരുന്നു" (2മക്ക 12:44).

യഹൂദപാരമ്പര്യം അതിനെ നശിപ്പിക്കാൻവന്ന ഗ്രീക്കു സംസ്കാരവുമായി ഏറ്റുമുട്ടിയപ്പോൾ അതിന്റെ ദൈവശാസ്ത്ര ദർശനങ്ങൾ എങ്ങനെ വികാസം പ്രാപിച്ചുവെന്നാണു ഗ്രന്ഥം തെളിയിക്കുന്നത്. ഉദാ. മരണാനന്തര ജീവിതത്തിലുള്ള വിശ്വാസം (2മക്ക 7:9; 12-44). 2 മക്കബായരിലെ പലവിവരണങ്ങളും 1 മക്കബായരിലെയും ജോസഫൂ സിന്റെയും വിവരണങ്ങളോടു ചേർന്നു പോകണമെന്നില്ല. കാരണം മതമർദ്ദനകാലത്ത് വ്യക്തിപരമായ വിശ്വാസചൈതന്യം പകരാൻ എഴുതപ്പെട്ട ഗ്രന്ഥമാണത്.

ബൈബിളിലെ ചരിത്രവിവരണങ്ങൾ

ബൈബിളിലെ ചരിത്രവിവരണങ്ങൾ